തെല്ലനാട് ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

ജനകീയആസൂത്രണപദ്ധതി
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ

1996 ഡിസംബർ 2, 3 തീയതികളിൽ കൂടിയ
പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചത്
തീരുമാനം നമ്പർ 1

നെല്ലനാട് ഗ്രാമപഞ്ചായത്ത്



സമർപ്പണം

ബഹുമാന്യരേ,

വികസന സംസ്ക്കാരത്തിന്റെ പുതിയ പാത നാം പടുത്തുയർത്തുകയാണ്. 1994 ഏപ്രിൽ 23-ാം തീയതി കേരള നിയമസഭയിൽ പാസാക്കിയ "പഞ്ചായത്തിരാജ്" സംവിധാന പ്രകാരം അധികാരം താഴേത്തട്ടിലേക്ക് കൈമാറിക്കൊണ്ട് പുതിയ വികസന സംസ്ക്കാരം വളർത്താനുള്ള നടപടികൾ ശ്ലാഘനീയമാംവണ്ണം മുന്നോട്ടുപോവുകയാണ്.

എട്ടു പഞ്ചവത്സരപദ്ധതികൾ രാജ്യത്ത് നടപ്പിലാക്കിയതിലൂടെ നാം അവിസ്മരണീയങ്ങളായ നിരവധി നേട്ടങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട്. ചില കോട്ടങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നതും വസ്മരിക്കുന്നില്ല. എന്നാൽ ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്ന ൻേപതാം പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് കേരള സർക്കാരിന്റെ "ജനകീയാസൂത്രണപ്രസ്ഥാനം" വഴി ഉദ്ദേശിക്കുന്നത്. പുതിയ വികസന കാഴ്ചപ്പാടിലൂടെ നാടിന്റെ സമസ്ത രംഗങ്ങളിലും നവചൈതന്യം പടർത്താനുതകുന്ന ഈ വികസന നയം നാം കൂടുതൽ വിജയകരമായി പരീക്ഷിക്കേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി സ്പെഷൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയും അവിടെ ഉയർന്നുകേട്ട വികസന നിർദ്ദേശങ്ങളും, ആവലാതികളും ഉൾക്കൊള്ളിച്ച് ജനപ്രതിനിധികളുടേയും ആസൂത്രണസമിതി പ്രവർത്തകരുടേയും സജീവ ചർച്ചകളിലൂടെയും, ലഭ്യമായ മുഴുവൻ വിവരങ്ങളിലൂടെയും പഴമക്കാരുമായി നടത്തിയ ചർച്ചകളിലൂടെയും തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.

വികസനം ഇതുകൊണ്ട് പൂർണ്ണമായി എന്നർത്ഥമില്ല. നാടിന്റെ സമൃദ്ധിയും ജനങ്ങളുടെ ക്ഷേമസൗകര്യങ്ങളും വർദ്ധിപ്പിച്ച് വികസനത്തിന് ശരിയായ അർത്ഥം പകരാൻ നാം ഓരോരുത്തരും സന്നദ്ധരാകേണ്ടിയിരിക്കുന്നു. പോരായ്മകൾ പരിഹരിച്ച് പുരോഗമനാത്മകവും മത്സരിപേക്ഷവുമായ നവഗ്രാമം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്ക് നിങ്ങളുടെ പിന്തുണയുണ്ടാകും എന്നു വിശ്വസിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിന് അതീതരായി കേരളസർക്കാർ മുന്നോട്ടുവച്ച വികസനനയം ഏറ്റെടുത്തുകൊണ്ട് ഈ ഗ്രാമപഞ്ചായത്തിന്റെ വികസനപ്രക്രിയയിൽ നാം ഒന്നായി പ്രവർത്തിക്കാൻ സന്നദ്ധരാകേണ്ടതുണ്ട്. ഗാന്ധിജി സ്വപ്നം കണ്ട "സ്വരാജ്" നമുക്ക് സാക്ഷാത്കരിക്കാം.....

ആദ്യപടിയെന്നോണം സജീവചർച്ചകളുടേയും, ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനും ആശീർവാദത്തിനുമായി സമർപ്പിക്കുന്നു.....

സ്നേഹാദരങ്ങളോടെ,

ഏ. സുബൈദക്കുറുപ്പ്

പ്രസിഡന്റ്

രമണി പി. നായർ

വൈസ് പ്രസിഡന്റ്

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ.....

ചരിത്രം, സംസ്ക്കാരം	എ. എം. റൈസ് കീഴായിക്കോണം സോമൻ എ. നസീർ
ഭൂപ്രകൃതി	എ. എം. റൈസ്, കെ. രാജേന്ദ്രൻ, കീഴായിക്കോണം അജയൻ
കൃഷി, ജലസേചനം	എ, നസീർ കീഴായിക്കോണം അജയൻ, എ. ശ്രീധരൻ, എസ്.അനിൽ കുമാർ
മൃഗസംരക്ഷണം, മത്സ്യമേഖല	ഡോ: അബ്ദുൽ സലാം, ശ്രീധരൻ നായർ ഡോ: ഷജിൽ, എം. ജയചന്ദ്രൻ
വിദ്യാഭ്യാസം, സംസ്ക്കാരം, കായികം	എ. എം. റൈസ്, പ്രവീൺ. പി. ആർ. എ. നസീർ
ആരോഗ്യം, കുടിവെള്ളം, ശുചിത്വം	എ. എം. റൈസ്, ഡോ: ജി.ശശികുമാരൻ നായർ, കീഴായിക്കോണം സോമൻ, ഡോ: എം.സുധ, എസ്. ശ്രീലാൽ.
വ്യവസായം	കെ.തുളസീധരൻപിള്ള, വി.എസ്.ബിജുകുമാർ, എ.നസീർ, എ. [illegible]ൻ.ഇക്ബാൽ
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	ജി.ജയകുമാർ, പ്രകാശ്കുറുപ്പ്, വി.എസ്.ബിജുകുമാർ, വി. ഹരി
സഹകരണം	ഡി. രവീന്ദ്രൻ നായർ, പി. എം. ഷാഫി
സാമൂഹ്യക്ഷേമം, ഭവനനിർമ്മാണം	വയ്യേറ്റ് സോമൻ, സുധീർ, സി. ശശിധരൻ, എസ്. സരസ്വതിഅമ്മ
വനിതാ ക്ഷേമം	പി. ബേബി ഗിരിജ, സി.ശാന്തമ്മ, കെ,തുളസീധരൻപിള്ള, പി.രാമന, സരോജം,ആർ.നായർ ഷീല.വി, പ്രൊ. സുശീല. വി. ശ്രീദേവി
പട്ടികജാതി-പട്ടികവർഗക്ഷേമം	വി.എസ്.ബിജുകുമാർ, സി. ആർ. ദിവാകരൻ, പ്രവീൺ. പി.ആർ
വിഭവസമാഹരണം	എ.നസീർ, കീഴായിക്കോണം സോമൻ, അജയൻ

ജനകീയാസൂത്രണപ്രസ്ഥാനം

നെല്ലനാട് ഗ്രാമപഞ്ചായത്ത്

ജില്ലാ റിസോഴ്സ് പെഴ്സൺമാർ

1, കീഴായിക്കോണം അജയൻ (D.R.P കൺവീനർ, ജനറൽ കൺവീനർ ജനകീയ ആസൂത്രണം)
2, ഡി. സനൽകുമാർ
3. എ. എം. റൈസ്

വിഷയസമിതി	ചെയർമാൻ	കൺവീനർ
കൃഷി, ജലസേചനം	എ. ശ്രീധരൻ	സി. ബാലൻ
ആരോഗ്യം, കുടിവെള്ളം, പരിസ്ഥിതി	കീഴായിക്കോണം സോമൻ	എ. എം. റൈസ്
മൃഗസംരക്ഷണം	പി.ചന്ദ്രശേഖരൻ നായർ	എസ്. ശ്രീധരൻ നായർ
വിദ്യാഭ്യാസം, സംസ്ക്കാരം	ആർ. നാരായണപിള്ള	ജി. പുഷ്പാംഗദൻ
സാമൂഹ്യക്ഷേമം, ഭവനനിർമ്മാണം	കീഴായിക്കോണം സോമൻ	കെ.സോമൻ
വനിത	പി.ഓമന	സരോജം.ആർ.നായർ
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	എൻ.എ. അസീസ്	ജി.ജയകുമാർ
വ്യവസായം	രമണി. പി. നായർ	കെ.തുളസീധരൻപിള്ള
പട്ടികജാതി–പട്ടികവർഗ ക്ഷേമം	ഷീലാ മോഹൻ	സി. ആർ. ദിവാകരൻ
സഹകരണം, വിഭവസമാഹരണം	ജമീലാ ബക്കർ	ഡി.രവീന്ദ്രൻ നായർ

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



M.K. സനകൻ
(1964–1979)

P. ചന്ദ്രശേഖരൻ നായർ
(1979–1983)

M. സുകുമാരക്കുറുപ്പ്
(1983–1986, 1995–1996)



E. ഷംസുദ്ദീൻ
(1988–1995)

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

രമണി.പി.നായർ
വൈസ് പ്രസിഡന്റ്



എം സുകുമാരക്കുറുപ്പ്
പ്രസിഡന്റ്

കീഴായിക്കോണം സോമൻ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ

പഞ്ചായത്ത് മെമ്പർമാർ

പി.ചന്ദ്രശേഖരൻ നായർ

എ.ശ്രീധരൻ

എൻ.എ.അസീസ്

ആർ.നാരായണപിള്ള

പി.ഓമന

ഷീലാമോഹൻ

ജമീലാ ബക്കർ

പഞ്ചായത്ത് ജീവനക്കാർ

ആർ. അപ്പുക്കുട്ടൻപിള്ള
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

വർത്തമാനകാല ദുരിതങ്ങളും
അസമത്വങ്ങളും ഇല്ലാതാകുന്നൊരു
പുതിയ കാലത്തിലേക്ക് നയിക്കാൻ
ശരികൾ തിരിച്ചറിഞ്ഞ
മാനവന്റെ കൂട്ടായ പരിശ്രമം
ജനകീയ ആസൂത്രണ പ്രസ്ഥാനം...
നാട്ടറിവുകൾ സമാഹരിച്ചും
നമ്മുടെ മണ്ണിന്റെ പ്രത്യേകതയും
മനുഷ്യന്റെ ദുരിതവും മനസ്സിലാക്കിയും
ഔദ്യോഗിക കണക്കുകൾ കൂട്ടിവായിച്ചും
ഗ്രാമസഭകളിൽ ഉയർന്നുകേട്ട
ജനകീയ ആവശ്യങ്ങളോട് നീതി പുലർത്തിയും
നമ്മുടെ പഞ്ചായത്തിന് "ഒരു വികസനരേഖ"
തയ്യാറായിരിക്കുന്നു.
ഇത് മതിയാകുമോ എന്നറിയാൻ
ജനങ്ങളുടെ അംഗീകാരത്തിനായി
വികസന സെമിനാറിൽ വിനയത്തോടെ
സമർപ്പിക്കുന്നു.

ജനകീയആസൂത്രണ പ്രവർത്തകർ.

വിഷയ വിവരം..

1. പൊതുവിവരണം.
2. ആമുഖം.
3. സാമൂഹ്യ സാംസ്കാരിക ചരിത്രം.
4. കൃഷിയും ജലസേചനവും.
5. മൃഗസംരക്ഷണം.
6. വ്യവസായം.
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.
8. പാർപ്പിടവും, സാമൂഹ്യക്ഷേമവും.
9. വിദ്യാഭ്യാസം.
10. സംസ്കാരം, കായികം, പരിസ്ഥിതി.
11. പൊതുജനാരോഗ്യം, കുടിവെള്ളം.
12. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം.
13. വനിത.
14. സഹകരണം.
15. വിഭവസമാഹരണം.

പൊതു വിവരണം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെട്ട വാമനപുരം പഞ്ചായത്ത് വിഭജിച്ച് രൂപംകൊണ്ടതാണ് നെല്ലനാട് പഞ്ചായത്ത്. നെല്ലനാട് വില്ലേജ് ഏരിയയാണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം.
1962-ൽ നെല്ലനാട് പഞ്ചായത്ത് നിലവിൽവന്നു.

അതിരുകൾ

വടക്ക് - വാമനപുരം പഞ്ചായത്ത്,PHC
തെക്ക് - മാണിയ്ക്കൽ പഞ്ചായത്ത്, തൈക്കാട്
പടിഞ്ഞാറ് - മുദാക്കൽ പഞ്ചായത്ത്, പാലം
കിഴക്ക് - പുല്ലംപാറ പഞ്ചായത്ത്, മേലെക്കുറ്റിമൂട് തെക്ക്കിഴക്ക് ചാവടിനടവരെയും.

പേര്	- നെല്ലനാട് ഗ്രാമപഞ്ചായത്ത്
വില്ലേജ്	- നെല്ലനാട് വില്ലേജ്
ബ്ലോക്ക്	- വാമനപുരം വികസനബ്ലോക്ക്
താലൂക്ക്	- നെടുമങ്ങാട്
ജില്ല	- തിരുവനന്തപുരം
വിസ്തീർണ്ണം	- 18.46 ചതുരശ്ര കിലോമീറ്റർ
വാർഡുകൾ	- പത്ത്
ജനസംഖ്യ	- 21765
ജനസാന്ദ്രത	- 1179
വീടുകൾ	- 8110
കോൺക്രീറ്റ് കെട്ടിടങ്ങൾ	- 1504
ഓടിട്ടത്	- 3555
ഓലമേഞ്ഞത്	- 1159
കുടിൽ	- 1795
പട്ടികജാതിജനസംഖ്യ	- 3425
ഭൂപ്രകൃതി	- ഇടനാട്

ഗ്രാമസഭാപങ്കാളിത്തം

വാർഡ്	1	2	3	4	5	6	7	8	9	10
പുരുഷൻമാർ	86	81	98	56	84	186	158	147	96	77
സ്ത്രീകൾ	71	72	139	32	18	132	106	62	84	41
ആകെ	157	153	237	88	102	312	264	209	180	118

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

1. വാമനപുരം പ്രാഥമിക ആരോഗ്യകേന്ദ്രം.
2. ആയുർവേദ ആശുപത്രി.
3 ഇലക്ട്രിസിറ്റി മേജർ ഡിവിഷൻ ഓഫീസ്.
4. ടെലിഫോൺ എക്സ്ചേഞ്ച്.
5. ടെലികോം സെന്റർ.
6. പോസ്റ്റ്ഓഫീസ്, വെഞ്ഞാറമൂട്.
7. പോസ്റ്റ്ഓഫീസ്, കോട്ടുകുന്നം.
8. പോസ്റ്റ്ഓഫീസ്, നെല്ലനാട്.
9. പോലീസ് സ്റ്റേഷൻ
10. സി.ഐ. ഓഫീസ്.
11. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്.
12. വില്ലേജ് ഓഫീസ്.
13. പഞ്ചായത്ത് ഓഫീസ്.
14. PWD ഓഫീസ് (റോഡ് ഡിവിഷൻ).
15. PWD ഓഫീസ് (N.H)
16. കൃഷിഭവൻ.
17. സോയിൽ കൺസർവേഷൻ ഓഫീസ്.
18. മൈനർ ഇറിഗേഷൻ ഓഫീസ്.
19. KSFE.
20. തയ്യൽപരിശീലനകേന്ദ്രം, കാവറ.
21. റബ്ബർബോർഡ് ഓഫീസ്.
22. സാമൂഹ്യ ക്ഷേമ പ്രോജക്ട് ഓഫീസ്(ICDS).
23. മാവേലി സ്റ്റോർ.
24. മൃഗാശുപത്രി.
25. വൺമാൻ ട്രഷറി.
26. ഗ്രി-മെട്രിക്ഹോസ്റ്റൽ.
27. വെഞ്ഞാറമൂട് ഹൈസ്കൂൾ.
28. UPS ആലന്തറ.
29. UPS നെല്ലനാട്.
30. LPS പൂവണത്തുംമൂട്.
31. LPS വെഞ്ഞാറമൂട്.

ആമുഖം

ഭൂപ്രകൃതിയും ജനപ്രകൃതിയും

18.46 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള നെല്ലനാട് പഞ്ചായത്ത് കുന്നിൻചെരുവുകളും സമതലങ്ങളും, പാടശേഖരങ്ങളും, താഴ്വരകളും ഉൾപ്പെട്ടതാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിന് 17.11.96ന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ നടത്തിയ പഠനപര്യടനത്തിലൂടെയും വില്ലേജ് രേഖകളിലൂടെയും നാട്ടറിവുകളിലൂടെയും ലഭിച്ച വിവരങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

വില്ലേജ്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
നെല്ലനാട്	3751 ഏക്കർ	545 ഏക്കർ	253.3 ഏക്കർ	12.33 ഏക്കർ	4562.6 ഏക്കർ

(അവലംബം; റവന്യൂ റിക്കാഡുകൾ)

കുത്തനെയുള്ള ഭാഗം	990 ഏക്കർ	22.8%
ചെറിയ ചരിവുകൾ	480 "	11.07%
താഴ്വരകൾ	1215 "	28%
സമതലം	1450 "	32%
പാടശേഖരങ്ങൾ	250 "	5.78%
വയൽ നികത്തിയയിടം	150 "	0.35%
ആകെ	4335 "	

(അവലംബം; പഠനപര്യടനം)

വില്ലേജ്	റോഡ്	തോട്	കുളം	പുഴ	റവന്യൂ	ഇടവഴി	ആകെ
നെല്ലനാട്	33.85 ഏക്കർ	84.65 ഏക്കർ	7.85 ഏക്കർ	20.72 ഏക്കർ	59.64 ഏക്കർ	60.44 ഏക്കർ	267.18 ഏക്കർ

(അവലംബം; റവന്യൂ റിക്കാഡുകൾ)

കാലാവസ്ഥ

പഞ്ചായത്തിലെ കാലാവസ്ഥയെ സംബന്ധിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ മഴ ലഭ്യത പ്രതിവർഷം ശരാശരി 1943 മി..മി. ആണ്. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള ഇടവപ്പാതി വർഷമാസങ്ങളിൽ 813 മി..മി. മഴയും സെപ്തമ്പർ മുതൽ നവമ്പർ വരെയുള്ള തുലാവർഷമാസങ്ങളിൽ 632 മി.മി. മഴയും ലഭിക്കുന്നു.

പ്രതിമാസ ശരാശരി മഴ ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തമ്പർ	ഒക്ടോബർ	നവമ്പർ	ഡിസമ്പർ
0	5.9	27.3	113.8	190.6	416.9	330.2	61.2	55.8	324	466.2	103.8

1993 വർഷത്തിലെ മഴയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കണക്കിലെ വിവരമാണ് മുകളിൽ കാണിച്ചിട്ടുള്ളത്. 1993 വർഷത്തിൽ ശരാശരി 2095.7 മി.മി. മഴ ലഭിച്ചു. ഈ പ്രദേശത്തെ ആർദ്രത 78.37 ശതമാനം ആണ്. ശരാശരി താപനില 32° സെൽഷിയസാണെന്ന് കണക്കാക്കിയിട്ടുണ്ട്. (കണക്കുകൾക്കവലംബം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് റിവ്യൂ 1987-93).

പഞ്ചായത്തിലെ ജനസംഖ്യാ കണക്കുകൾ

	ജനസംഖ്യ		ആകെ	ST	0-6 കുട്ടികൾ	ആകെ വീടുകൾ	SC			സാക്ഷരത	
	സ്ത്രീ	പു.					സ്ത്രീ	പു.	ആകെ	പു.	സ്ത്രീ
മാണിക്യമംഗലം	1457	1412	2869	-	356	628	175	141	316	1185	1163
കാവറ	1261	1351	2612	5	333	548	165	174	339	1132	1005
പരമേശ്വരം	1450	1326	2776	-	373	601	270	226	496	1099	1135
ആലന്തറ	1507	1366	2873	-	351	643	363	314	677	1147	1075
കോട്ടുകുന്നം	1171	1133	2306	4	286	487	151	129	280	939	924
നെല്ലനാട്	1049	988	2037	-	259	428	37	31	68	823	838
കീഴായിക്കോണം	1120	1029	2149	-	280	472	334	300	634	792	789
മൈലയ്ക്കൽ	1145	1043	2188	-	276	438	182	167	349	834	844
വെഞ്ഞാറമൂട്	995	963	1958	-	258	386	38	39	77	809	786
ആകെ	11157	10611	21768	9	2772	4631	1715	1521	3236	8760	8559

തൊഴിൽ മേഖല പൊതുവിവരങ്ങൾ

വാർഡ്	പ്രധാന തൊഴിലുകൾ			കർഷകർ			കർഷകതൊഴിലാളികൾ			പാര തൊഴിലാ ളികൾ	നിർമ്മാണ തൊഴിലാ ളികൾ	ഇതര തൊഴിലാ ളികൾ	നാമ മാത്ര തൊഴിലാ കാർ	തൊഴിൽരഹിതർ		
	സ്ത്രീ	പു.	ആകെ	സ്ത്രീ	പു.	ആകെ	സ്ത്രീ	പു.	ആകെ					പു.	സ്ത്രീ	ആകെ
1	185	787		3	100		84	308	392	25	16	65	23	615	1259	
2	133	694		6	68		53	198	251	100	44	451	114	637	1034	
3	257	699		33	181		134	237	371	100	40	456	33	610	1177	
4	300	777		66	189		199	371	570	80	25	231	2	587	1207	
5	199	671		53	152		75	308	383	520	19	251	127	462	847	
6	114	433		17	124		37	157	194	308	6	160	277	428	785	
7	193	525		5	73		128	272	400	317	9	165	70	465	896	
8	146	546		41	156		68	194	262	25	15	216	12	491	993	
9	76	385		9	68		1	11	12	-	10	362	59	538	900	
ആകെ	1603	5517	7120	203	1111	1314	779	2056	2835	1275	184	2357	717	4893	9098	

(1991 സെൻസർ റിപ്പോർട്ട് ക്രോഡീകരിച്ചതിൽ നിന്ന്)

1995 പഞ്ചായത്ത് തെരഞ്ഞെടുപ്പ് വോട്ടർമാർ

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	825	1036	1861
2	816	827	1643
3	798	948	1746
4	601	665	1266
5	752	831	1583
6	926	947	1873
7	686	781	1467
8	955	1063	2018
9	771	816	1587
10	638	623	1261
	7768	8537	16305

(വോട്ടർ പട്ടിക - 1995)

നെല്ലനാട് പഞ്ചായത്ത് വികസനം - ചെലവുകൾ ഒരു പഠനം

സ്ഥാപനം	ജീവനക്കാരുടെഎണ്ണം	ശമ്പളം (രൂ)	പ്രോഗ്രാം (രൂ)	ആകെ (രൂ)
1. വിദ്യാഭ്യാസം	147	77,47,248.00	2,07,290.00	79,54,538.00
2. സാമൂഹ്യക്ഷേമം	47	1,86,200.00	7,35,500.00	9,20,700.00
3. ആരോഗ്യം	19	6,36,032.00	3,25,000.00	9,61,032.00
4. വികസനം	2	52,000.00	29,09,200.00	29,61,200.00
5. കൃഷിഭവൻ	4	1,60,648.00	5,71,220.00	7,31,868.00
6. മൃഗസംരക്ഷണം	4	1,31,476.00	5,00,000.00	6,31,476.00
7. K.S.E.B	3	1,81,975.00	3,08,800.00	4,98,775.00
8. വാട്ടർ അതോറിട്ടി	1	32,460.00	61,00,000.00	61,32,460.00
9. വില്ലേജ് ഓഫീസ്	4	1,34,796.00	3,000.00	1,37,796.00
10. സിവിൽ സപ്ലൈസ്	3	56,376.00	-	56,376.00
11. PWD റോഡുകൾ	21	6,91,222.00	31,20,000.00	38,11,222.00
12. PWD കെട്ടിടങ്ങൾ	7	-	-	-
13. മൈനർ ഇറിഗേഷൻ	4	1,17,996.00	-	1,17,996.00
14. പോലീസ് സ്റ്റേഷൻ	31	10,54,188.00	-	10,54,188.00
15. റബ്ബർ ബോർഡ്	3	2,99,200.00	-	2,29.200.00
16. മണ്ണുസംരക്ഷണം	7	2,41,260.00	52,012	2,93,272.00
17. പോസ്റ്റ് ഓഫീസ്	13	2,10,908.00	-	2,10,908.00
18. വാർത്താവിതരണം	8	2,54,004.00	-	2,54,004.00
19. ധനകാര്യസ്ഥാപനം	58	22,49,858.00	-	22,49,858.00

താരതമ്യപഠനം

സ്ഥാപനം	ജീവനക്കാർ	ശമ്പളം (രൂ)	പ്രോഗ്രാം (രൂ)	ആകെ (രൂ)
പഞ്ചായത്ത്	17	6,92,100.00	23,04,851.00	29,96,951.00
ഇതര ഡിപ്പാർട്ടുമെന്റുകൾ വഴി	230	93,27,211.00	1,16,60,010.00	2,09,87,221.00

വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്ത് വഴി ചിലവഴിച്ചത് - 12.5% മാത്രം

ശ്രീ. എൻ. ജഗജീവൻ ശാസ്ത്രസാഹിത്യപരിഷത്തിനുവേണ്ടി നടത്തിയ പഠനത്തിൽ നിന്നും

നെല്ലനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

നെല്ലനാട് ഗ്രാമപഞ്ചായത്ത് ആസ്ഥാനം - വെഞ്ഞാറമൂട് ടൗൺ

സാമൂഹ്യ സാംസ്കാരിക ചരിത്രം



വെതിഹ്യങ്ങളിൽ മാത്രം കേട്ടു പരിചയിച്ച കള്ളവും ചതിയുമില്ലാത്ത മഹാബലി ചക്രവർത്തിയുടെ നല്ല നാളുകൾ അനുസ്മരിപ്പിക്കുന്ന നല്ലനാടിന്റെ ചരിത്രമാണ് നെല്ലനാടിനുള്ളത്. രാജാക്കൻമാരുടേയും, സായിപ്പൻമാരുടേയും വഴിയാത്രകൾക്കിടയിൽ വിശ്രമകേന്ദ്രമാകുവാൻ ഈ നാടിനു ഭാഗ്യമുണ്ടാവുകയും, അവരുടെ മൊഴികളിൽ നിന്ന് ഇതൊരു നല്ലനാടായിരുന്നു എന്ന് നാട്ടറിവുകൾ പറയുമ്പോൾ തന്നെ ചുറ്റുവട്ടത്തെ പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നു വ്യത്യസ്തമായി സമൃദ്ധമായ നീരൊഴുക്കും, കൃഷിപ്രദേശങ്ങളും കൊണ്ട് ധന്യമായ ഈ മണ്ണിൽ നൂറുമേനി കൊയ്യുന്ന നെൽപാടങ്ങളായിരുന്നു ഭൂരിപക്ഷമെന്നും നെല്ലിന്റെ നാടിനെ നെല്ലനാടാക്കി ജനം അംഗീകരിച്ചുവെന്നും പഴമൊഴികൾ പറയുന്നു. ചരിത്രസംഭവങ്ങൾ കൊണ്ട് ധന്യമായ ഇന്നലെകളാണ് നമുക്കുള്ളത്. 1114-ലെ കല്ലറ-പാങ്ങോട് സമരത്തിന് തുടക്കം ഈ മണ്ണിൽ നിന്നായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് കരുത്തു പകരാൻ മുന്നിട്ടിറങ്ങിയ മുൻഗാമിയുടെ ചരിത്രം വീരഗാഥയായി നമ്മുടെ മുന്നിലുണ്ട്. 1938-ൽ വെഞ്ഞാറമൂട്ടിൽ നടന്ന ടോൾസമരത്തിലൂടെ നികുതി നിഷേധ പ്രക്ഷോഭം നടത്തിയതാണ് കല്ലറ-പാങ്ങോട് സമരത്തിന് പ്രചോദനം നൽകിയത്. ഖാദി പ്രചരണാർത്ഥം തഗ്ളിയിൽ നൂൽനൂൽപ്പ് പഴമക്കാരുടെ മനസ്സിൽ ഇന്നും ഓർമ്മയിലുണ്ട്. 1108-ലെ വെള്ളപ്പൊക്കം വാമനപുരത്തെ മരപ്പാലത്തെ തകർക്കുകയും പുതിയ പാലം 1936-ൽ പൂർത്തിയാകുകയും പാലം കടന്നുപോകുന്നതിന് ബ്രിട്ടീഷുകാർ ടോൾ ഏർപ്പെടുത്തുകയും ചെയ്തു. ഉത്തരവാദിത്വപ്രക്ഷോഭത്തിന്റെ ഭാഗമായി ടി. ആർ. വേലായുധനുണ്ണിത്താൻ, മുക്കുന്നൂർ രാഘവൻ ഭാഗവതർ, ടോൾ ശങ്കു, പുരവൂർക്കട രാഘവൻ എന്നിവരുടെ നേതൃത്വത്തിൽ 400-ഓളം ആൾക്കാർ വെഞ്ഞാറമൂട്ടിൽ പ്രകടനമായി എത്തി ടോൾ നീക്കം ചെയ്തു. പരീതു ചട്ടമ്പി എന്നയാളാണ് ടോൾ പൊക്കിമാറ്റുന്നതിന് ആരംഭം നൽകിയത്. വെഞ്ഞാറമൂട്ടിലെ സവർണ്ണ ഹോട്ടലിൽ അവർണ്ണർക്ക് ചായ നിഷേധിച്ചിരുന്നതിനെതിരെ നാണുആശാൻ, ഗോപാലൻ, വലിയകട്ടയ്ക്കാൽ ഗോപാലൻ

എന്നിവരുടെ നേതൃത്വത്തിൽ നടന്ന ചായക്കട സമരവും പൊതുയോഗവും അയിത്തിനെതിരേയുള്ള പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടവയാണ്. 1945-46 കാലഘട്ടങ്ങളിൽ ആലന്തറ ആരംഭിച്ച സഹോദരസമാജം, 1946ൽ കാവറ ക്ഷേത്രമൈതാനത്ത്വച്ചു മഹാകവി വള്ളത്തോൾ ഉൽഘാടനംചെയ്ത, വള്ളത്തോൾ ലൈബ്രറി ദേശീയസ്വാതന്ത്ര്യസമരത്തിനായി രൂപംകൊണ്ട കോൺഗ്രസ് സംഘടന എന്നീ പ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്ക് നമ്മെ നയിച്ചവയാണ്. മഹാത്മാഗാന്ധി പിരപ്പൻകോട് കോട്ടപ്പുറത്ത് വന്നപ്പോൾ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ അണിചേരാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം കേൾക്കാൻ ഇവിടുത്തെ മുതിർന്ന തലമുറ ആവേശപൂർവ്വം പോയ അനുഭവങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ഭൂദാനപ്രസ്ഥാനത്തിന്റെ ഭാഗമായി ആചാര്യ വിനോബഭാവെയുടെ ആഹ്വാനപ്രകാരം വെഞ്ഞാറമൂട്ടിലെത്തിയ പദയാത്രയ്ക്കു നൽകിയ സ്വീകരണം, സാമൂഹ്യപരിഷ്കരണപ്രവത്തനങ്ങളുടെ ഭാഗമായി ശ്രീനാരായണഗുരു ഈ പഞ്ചായത്തിൽ ക്യാമ്പുചെയ്തുനടത്തിയ പ്രവർത്തനങ്ങൾ AKG യുടെ നേതൃത്വത്തിൽ 1960-ൽ വെഞ്ഞാറമൂട്ടിൽ എത്തിയ കർഷകജാഥയ്ക്ക് നൽകിയ സ്വീകരണം ഇവയെല്ലാം സാമൂഹ്യമുന്നേറ്റത്തിന് സഹായിച്ച ഘടകങ്ങൾ ആണ്.

സ്വാതന്ത്ര്യത്തിന്റെ അലയൊലികൾ കേട്ട്, സന്ദേശമേറ്റുവാങ്ങി ഒരു നവലോകം കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ഉൾവിളികൾ അൻപതുകളുടെ ആദ്യം പഞ്ചായത്തിൽ വ്യാപകമായി വായനശാലകളും ഗ്രന്ഥശാലകളും ആരംഭിക്കുവാൻ ഇടയാക്കി. 1952-ൽ വള്ളത്തോൾ ലൈബ്രറിയുടെ തുടർച്ച എന്ന നിലയിൽ വെഞ്ഞാറമൂട്ടിൽ ആരംഭിച്ച പ്രകാശ് ലൈബ്രറി ഒരു വ്യാഴവട്ടക്കാലം പഞ്ചായത്തിന്റെ സാംസ്കാരിക നവോദ്ഥാനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി, സുദർശന ടെക്സ്റ്റയിൽസിന്റെ മുകളിൽ ആയിരുന്നു Sports & Arts club പ്രവർത്തിച്ചിരുന്നത്. M.K. സനകൻ, A.H. ബാവ, R.P. നായർ, രാഘവൻപിള്ള, ശ്രീധരപിള്ള, കരുണാകരൻ BSc, ഗംഗാധരൻ വക്കീൽ, റഷീദ് എന്നിവരായിരുന്നു ആദ്യകാല സാരഥികൾ. വായനശാലാപ്രവർത്തനങ്ങൾ, പുസ്തകവിതരണം, വോളീബാൾ ഫുട്ബാൾ പരിശീലനം, രാഷ്ട്രീയ ചർച്ച, നാടകാവതരണം, നഴ്സറി സ്കൂൾ, കുട്ടികൾക്ക് സൗജന്യപാൽ വിതരണം, മത്സരങ്ങൾ എന്നീ പ്രവർത്തനങ്ങൾക്കൊപ്പം നാടിന്റെ പൊതുവികസനത്തിന് പ്രക്ഷോഭങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തിരിന്നു. അക്കാലത്ത് വിദ്യാഭ്യാസം ഉള്ള ഒരാളും ഗ്രന്ഥശാലയിൽ വന്ന് പുസ്തകം എടുക്കാതിരിക്കുമായിരുന്നില്ല. പഞ്ചായത്ത് തിരഞ്ഞെടുപ്പിനേക്കാൾ വാശിയോടെയായിരുന്നു ഗ്രന്ഥശാലാ തിരഞ്ഞെടുപ്പ് നടന്നിരുന്നതെന്ന് അക്കാലത്തുള്ളവർ സാക്ഷ്യപ്പെടുത്തുന്നു.

1951-ൽ പൂവണത്തുംമൂട് യുവജനസമാജം ഗ്രന്ഥശാല പത്മനാഭപിള്ള പ്രസിഡന്റും, ജി. നാരായണൻ സെക്രട്ടറിയുമായി ആരംഭിച്ചു. വാമനാപുരം D.B.H.S. ഹെഡ്മാസ്റ്റർ സി.ബി. ശിവശങ്കരൻ നായരാണ് ഗ്രന്ഥശാല ഉദ്ഘാടനം ചെയ്തത്. ഒരു പ്രദേശത്തിന്റെ ആകെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച യുവജനസമാജം ഗ്രന്ഥശാല വളർച്ചയും തളർച്ചയുമായി ഇന്നും പ്രവർത്തിക്കുന്നുണ്ട്. 1952-ൽ കോട്ടുകുന്നത്ത് ചന്തവിള രാഘവൻനാടാരുടെ നേതൃത്വത്തിൽ ആരംഭിച്ച കമലാലയ ഗ്രന്ഥശാല രണ്ടുപതിറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങൾക്ക് ശേഷം നിർജ്ജീവമാകുകയും 1983-ൽ K.S.S.P. യുടെ നേതൃത്വത്തിൽ പുനഃസംഘടിപ്പിച്ച് ഗ്രാമീണ ഗ്രന്ഥശാലയായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1958-1959ൽ കീഴായിക്കോണത്ത് ലളിതകലാസമിതി രൂപം കൊണ്ടു. ചർച്ചാക്ലാസുകൾ നാടകാവതരണം കലാമേളകൾ, ട്യൂഷൻ,

പത്രപാരായണം തുടങ്ങിയവയായിരുന്നു ആദ്യകാലപ്രവർത്തനങ്ങൾ. 1967-ൽ (ആഗ. 15) ലളിതകലാസമിതി ഗ്രന്ഥശാലയായി രജിസ്റ്റർ ചെയ്തു. ശ്രീ. പി.എൻ പണിക്കരുടെ സന്ദർശനവും പ്രോത്സാഹനവുമാണ് കലാലയ ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഒരുസെന്റ് സ്ഥലവും ഇരുനില കെട്ടിടവും 2500 രൂപ മുഖവിലക്ക് 1964-ൽ വാങ്ങി. എ.രാജപ്പൻനായർ പ്രസിഡന്റും എൻ.പൊന്നയ്യൻ സെക്രട്ടറിയും എം.എം. മുസ്തഫ, രാമകൃഷ്ണൻനാടാർ, വൈ.തങ്കയ്യൻ, യു.കരുണാകരൻ, ജി.നാരായണൻ, മുഹമ്മദ് ഇസ്മായിൽ, എം.എ. ഹമീദ്, ജി.സദാനന്ദൻ, ബി.ചെല്ലപ്പൻ തുടങ്ങിയവരുമായിരുന്നു ആദ്യകാലസാരഥികൾ. മൂന്നുപതിറ്റാണ്ട് പിന്നിട്ട് പഞ്ചായത്തിലെ ഏറ്റവും വലിയ ലൈബ്രറിയായി ഇത് പ്രവർത്തിക്കുന്നു. 1945-46 കാലഘട്ടങ്ങളിൽ കെ. ശങ്കരനാരായണകുറിപ്പിന്റെ നേതൃത്വത്തിൽ നെല്ലനാട് സരസ്വതിവിലാസം ഗ്രന്ഥശാല തുടങ്ങുകയും N.A.C. ഗ്രന്ഥശാല എന്നപേരിൽ 1974 വരെ ഇത് പ്രവർത്തിക്കുകയും ചെയ്തു. ഗ്രന്ഥശാലയ്ക്കുവേണ്ടി നെല്ലനാട് ജംഗ്ഷനിൽ ഒരു സെന്റ് വസ്തു ഇപ്പോഴും ഗ്രന്ഥശാലയെയും കാത്ത് കിടപ്പുണ്ട്. 1956-ൽ വയ്യേറ്റ് ആരംഭിച്ച ജനതാലൈബ്രറി 1979-ൽ കവിത Sports & Arts Club ആയിമാറുകയും ഒരു പ്രദേശത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായി പങ്കുവഹിച്ച് ഇന്നും പ്രവർത്തിക്കുന്നുണ്ട്.

കഥകളി, കാക്കാരുകളി, തേരുവിളക്ക്, തോറ്റംപാട്ട്, നാഗരൂട്ട്, തുയിൽഉണർത്തുപാട്ട്, കോൽകളി, കൊയ്ത്ത്പാട്ട്, കതിരുകാളകളി, നാവയ്പ്പ്, കരംകോരൽ, തുടങ്ങിയ കലാരൂപങ്ങളും അനുഷ്ടാനങ്ങളും വ്യാപകമായി ഉണ്ടായിരുന്നു. ഇന്നും കീഴായിക്കോണം മുത്താരമ്മൻ കോവിലിലെ കരംകോരൽ ഉത്സവത്തോട് അനുബന്ധിച്ച് ഒരു പ്രധാനചടങ്ങായി നടന്നുവരുന്നു. പ്രസിദ്ധ നാടകകൃത്തായ ആലന്തറ ജി.കൃഷ്ണപിള്ളയുടെ കുടുംബം കഥകളിക്കു വേരുകളുള്ള കുടുംബങ്ങളിൽ ഒന്നാണ്. പണ്ഡിതനും നിരവധി ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്ന ജ്ഞാനിയാശാനും, സാധുശീലൻ പരമേശ്വരൻപിള്ളയും പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്.

1954-ൽ രൂപംകൊണ്ട വില്ലേജ്-അപ്പ്-ലിഫ്റ്റ് കമ്മിറ്റി വെഞ്ഞാറമൂടിന്റെ വികസനത്തിന് മുർത്തമായ നിർദ്ദേശംവച്ചു പ്രവർത്തിച്ചിരുന്ന ഒരു സംഘടനയാണ്. അന്ന് അവർ ഉയർത്തിയ നിവേദനത്തിൽ

1. വെഞ്ഞാറമൂട് E.D. POST OFFICE അപ്ഗ്രേഡ് ചെയ്യുക.
2. നെല്ലനാട് പഞ്ചായത്ത് രൂപീകരിക്കുക.
3. വെഞ്ഞാറമൂട്ടിൽ അലോപ്പതി ആശുപത്രി സ്ഥാപിക്കുക.
4. ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.
5. പോലീസ് സ്റ്റേഷൻ സ്ഥാപിക്കുക.
6. K.S.R.T.C ഡിപ്പോ ആരംഭിക്കുക.
7. A.E.O Office ആരംഭിക്കുക.
8. വെഞ്ഞാറമൂട് സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.
9. ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് തുറക്കുക.
10. വാമനപുരം ബ്ലോക്ക് ഓഫീസ് ആസ്ഥാനം വെഞ്ഞാറമൂട് ആക്കുക.
11. വെഞ്ഞാറമൂട്ടിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുക.
12. അഞ്ച് ചിറകൾ വൃത്തിയാക്കുക.

തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. 1963 വരെ ഈ കമ്മിറ്റി പ്രവർത്തിച്ചു. 1944-ൽ മാനേജർ പരമേശ്വരപിള്ള ആളുകളെ ചേർത്തുണ്ടാക്കിയ പരസ്പരസഹായസഹകരണസംഘം H.M. ഇബ്രാഹിം വൈദ്യർ പരമേശ്വര പിള്ള, രാഘവൻ പിള്ള എന്നിവർ ചേർന്നാണ് രജിസ്റ്റർ ചെയ്തത്. കുറച്ചുനാളുകൾക്ക് ശേഷം ഈ സംഘം

നിർജ്ജീവമാകുകയും തുടർന്ന് വെഞ്ഞാറമൂട് സർവ്വീസ് സഹകരണസംഘമായി ഇത് മാറുകയും ചെയ്തു. N.കുട്ടൻപിള്ള, വാസുപിള്ള, P.വിജയദാസ്, കോശി, M.K.സനകൻ, P.കൃഷ്ണൻ പോറ്റി, വാസുഉണ്ണിത്താൻ എന്നിവർ ആയിരുന്നു ആദ്യത്തെ ബോർഡ് അംഗങ്ങൾ. N.കുട്ടൻപിള്ള പ്രസിഡൻറും P.വിജയദാസ് സെക്രട്ടറിയുമായിരുന്നു.

വിദ്യാഭ്യാസ ചരിത്രം

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള വിദ്യാഭ്യാസ ചരിത്രമാണ് നെല്ലനാട് പഞ്ചായത്തിനുള്ളത്. 1884 ൽ ഇന്നത്തെ തരംഗിണി തിയേറ്ററിന് സമീപം CSI മതപ്രചരണാർത്ഥം ആരംഭിച്ച പള്ളിക്കൂടമാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. പ്രസ്തുത സ്കൂളിന് രാജാവ് അംഗീകാരം നൽകാതെ വരികയും, 1893 ൽ വെഞ്ഞാറമൂട് കൂടിപ്പള്ളിക്കൂടം പ്രവർത്തിച്ചുതുടങ്ങിയപ്പോൾ CSI സ്കൂൾ നിലയ്ക്കുകയും ചെയ്തു. ഇന്നത്തെ ഹൈസ്കൂളിന്റെ ആദ്യരൂപമായ കൂടി പള്ളിക്കൂടത്തിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ആലന്തറ ചെവിളയിൽ വീട്ടിൽ നാരായണ പിള്ളയായിരുന്നു. 1923-ൽ ഈ സ്കൂൾ വെർണാക്കുലർ മിഡിൽ സ്കൂൾ ആയി ഉയർത്തുകയും 1949 വരെ മലയാളം മിഡിൽ സ്കൂൾ എന്ന് അറിയപ്പെടുകയും ചെയ്തു. 1950-ൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയും 1958-ൽ UPS ആയും 1968-70 ൽ ഹൈസ്കൂൾ ആയി പുരോഗമിക്കുകയും ചെയ്തു.

1948-ൽ (1123 ഇടവം 4) ആലിന്തറ മുളമൂട്ടിൽ ഈശ്വരക്കുറുപ്പ് സംഭാവന നൽകിയ സ്ഥലത്താണ് പൂവണത്തും മൂട് സ്കൂൾ വിഭജിച്ച് ആലിന്തറ LPS ആരംഭിച്ചത്. തുടക്കത്തിൽ 1 മുതൽ 4 വരെ ക്ളാസുകളിലായി 700 കുട്ടികൾ ഉണ്ടായിരുന്നു. അന്ന് ഇത്രയധികം കുട്ടികൾ പഠിക്കുന്ന LPS വിരളമായിരുന്നു. 1960 ഒക്ടോബർ 6 ന് സ്കൂൾ കെട്ടിടം ഇടിഞ്ഞുവീണ് രണ്ടു കുട്ടികൾ മരിക്കുകയും 60 കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തത് ഇന്നും ഞെട്ടിപ്പിക്കുന്ന സംഭവമായി അക്കാലത്ത് ഉണ്ടായിരുന്ന വിദ്യാർത്ഥികൾ അനുസ്മരിക്കുന്നു. 1982-ൽ ഈ സ്കൂൾ UPS ആയി ഉയർത്തി.

1930-ൽ വി. സരസ്വതി അമ്മയുടെ മാനേജ്മെൻറിൽ ആരംഭിച്ചതാണ് പൂവണത്തുംമൂട് LPS. 1948-ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. 1926 ൽ ശ്രീമാൻ കൃഷ്ണപിള്ളയാണ് നെല്ലനാട് സ്കൂൾ തുടങ്ങിയത്. 1982 ൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് UPS ആക്കി. 1973 ൽ വെഞ്ഞാറമൂട് സ്കൂൾ വിഭജിച്ചാണ് വെഞ്ഞാറമൂട് LPS ആരംഭിച്ചത്. 1966 ൽ മുഹമ്മദ് ഹനീഫയുടെ മാനേജ്മെൻറിൽ ആരംഭിച്ചതാണ് J.M. LPS. പരമേശ്വരം. 1979 ൽ സിസ്റ്റർ ആൻറണീറ്റ മാനേജർ ആയി, ശാലിനി ഭവൻ സ്കൂൾ ആരംഭിച്ചു.

ഹരിജൻ വിഭാഗത്തിലെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകുന്നതിനും, താമസിക്കുന്നതിനുമായി പട്ടികജാതി വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റൽ വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്നു.

ബ്രിട്ടീഷ്കാർക്ക് ഇടത്താവളത്തിനും, കുതിരലായത്തിനുമായി പണിതതാണ് വാമനപുരം ആശുപത്രി ഇന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടം. വെഞ്ഞാറമൂട്ടിൽ ഉണ്ടായിരുന്ന ഫോറസ്റ്റ് ഗാർഡ് സ്റ്റേഷനാണ് പഴമക്കാരുടെ മനസ്സിൽഉള്ള ആദ്യത്തെ പൊതുസ്ഥാപനങ്ങളിലൊന്ന്.

1952-ൽ വെഞ്ഞാറമൂട് പോസ്റ്റ് ആഫീസ് ആരംഭിക്കുകയും 1958- ൽ ടെലിഫോൺ

കണക്ഷൻ ലഭിക്കുകയും ചെയ്തു. കേരളകൗമുദിയുടെ ആഫീസിലേയ്ക്ക് വിളിച്ച് R.പ്രകാശം MLA ആണ് ഉത്ഘാടനം നിർവ്വഹിച്ചത്. 1953-ൽ ജി.ചന്ദ്രശേഖരൻപിള്ള മന്ത്രി ആയിരുന്ന കാലത്താണ് ഇലക്ട്രിസിറ്റി ആഫീസ് ആരംഭിച്ചത്. 1972-ൽ ഇലക്ട്രിസിറ്റി ആഫീസ് കന്യാകുളങ്ങരയ്ക്ക് മാറ്റി. തുടർന്ന് ഉണ്ടായ പ്രക്ഷോഭത്തിന്റെ ഫലമായി വെഞ്ഞാറമൂട്ടിൽ പുതിയ ആഫീസ് അനുവദിക്കുകയും വെഞ്ഞാറമൂട് ഇലകട്രിസിറ്റി മേജർ ഡിവിഷൻ ആഫീസ് ആയി പുരോഗമിക്കുകയും ചെയ്തു. 1954-ൽ ആണ് വാമനപുരം ബ്ലോക്ക് ആഫീസ് രൂപം കൊണ്ടത്. 1966-ൽ പ്രസ്തുത ആഫീസ് പിരപ്പൻകോട്ടേയ്ക്ക് മാറ്റുകയും വെഞ്ഞാറമൂട്ടിൽ അന്നുണ്ടായ പ്രക്ഷോഭത്തെ തുടർന്ന് ഇരുപത്തിനാലു മണിക്കൂറിനു ശേഷം ആഫീസ് വെഞ്ഞാറമൂട്ടിൽ പുന:സ്ഥാപിക്കുകയും ചെയ്തു. പൊതു പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിൽ വിവിധകേന്ദ്രങ്ങളിൽ മഹിളാസമാജങ്ങൾ രൂപം കൊണ്ടു. വനിതാ രംഗത്തെ പ്രവർത്തകരെ സംഭാവന ചെയ്യാൻ മഹിളാ സമാജങ്ങൾ പങ്കു വഹിച്ചിട്ടുണ്ട്.

പാരമ്പര്യ വൈദ്യവും ചികിത്സാരീതികളും ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. ശ്രീ. പുതുക്കുളങ്ങര ഇബ്രാഹീം വൈദ്യർ, കുറ്റിച്ചൽ രാമകൃഷ്ണ പിള്ള, മകൻ ബാഹുലേയൻ എന്നിവർ ഈ രംഗത്തെ പേരുകേട്ട വൈദ്യചികിത്സകരാണ്. പുതൂർകളിയിൽ വിളാകം മീരാൻസായു വിഷചികിത്സയിൽ പേരുകേട്ടയാളാണ്. മൃഗചികിത്സാ രംഗത്ത് ആലന്തറ ഇരട്ടകൾ പ്രശസ്തരാണ്. ഇരട്ടകളിൽ ഇന്ന് ജീവിച്ചിരിക്കുന്ന നീലകണ്ഠ കുറുപ്പ് ഇപ്പോഴും മൃഗചികിത്സ തുടരുന്നുണ്ട്. വാമനപുരം-വെഞ്ഞാറമൂട് റോഡ് 1940-കളിൽ ചെറുവഴിയായിരുന്നു. കീഴായ ക്കോണത്തെ എറിപാറ പൊട്ടിച്ചാണ് റോഡ് നിർമ്മാണത്തിന് ആവശ്യമായ പാറയെടുത്തിരുന്നത് ആ കാലത്ത്, തിരുവനന്തപുരത്തെ മിക്ക ആഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് ആവശ്യമായ പാറ കൊണ്ടു പോയതും ഇവിടെ നിന്നാണ് എന്ന് പഴയ ആളുകൾ അനുസ്മരിക്കുന്നു. ഇപ്പോൾ PWD ഉടമസ്ഥതയിലുള്ള എറിപാറയിൽ കഴിഞ്ഞ കൊല്ലമായി ഇരുനൂറ് പേർക്ക് ദിവസം പണികൊടുക്കാൻ കഴിയുന്നു.

എറിപാറയ്ക്ക് മുകളിലുള്ള കടലുകാണി പാറയിൽ നിന്നാൽ കടലും കപ്പലുകളും നന്നായി കാണാം. നെല്ലനാട് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് കോട്ടുകുന്നം മല. സമുദ്രനിരപ്പിൽ നിന്ന് 800 അടി ഉയരത്തിൽ ഉള്ള ഇവിടം കോട്ടപോലെ സംരക്ഷിക്കന്നതിനാലാണ് കോട്ടുകുന്നം മലയെന്ന് പേരുവന്നത്. അടുത്ത കാലംവരെ കുരങ്ങുകളുടെ ആവാസകേന്ദ്രമായിരുന്നു ഇവിടം. പഞ്ചായത്തിലെ വെളുത്ത പാറയും തേമ്പാറടിയും കുരങ്ങുകളുടെ ആവാസകേന്ദ്രങ്ങളിൽപ്പെട്ട പ്രദേശങ്ങളായിരുന്നു. വെളുത്തപാറയും എത്തിനോക്കാം പാറയും മനുഷ്യർക്ക് അമ്പരപ്പുണ്ടാക്കുന്ന പാറമേഖലയാണ്.

പ്ലാപ്പെട്ടിക്ക് സമീപമുള്ള ഭൂതമടക്കി എന്ന സ്ഥലം ഭൂതത്തെ അടക്കംചെയ്ത സ്ഥലമാണെന്നും ശ്രീനാരായണ ഗുരു ഇവിടം സന്ദർശിച്ചു താമസിച്ചിരുന്നുവെന്നും അവിടെ നിന്നും കണ്ടെടുത്ത താളിയോലഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു.

കിളിമാനൂർ കൊട്ടാരം വകയായിരുന്ന വലിയ കട്ടയ്ക്കാലുകൾ ഇന്നു വലിയ കട്ടയ്ക്കാൽ പ്രദേശമായി അറിയപ്പെടുന്നു. ഇന്നത്തെ വെഞ്ഞാറമൂട് മുതൽ വയ്യേറ്റ് വരെ വെഞ്ഞാറമൂ

നിറഞ്ഞ ഹരിതാഭമായ പ്രദേശമായിരുന്നു. വെഞ്ഞാറകളുടെ നാടായതിനാലാണ് വെഞ്ഞാറമൂട് എന്ന പേരു വന്നത്. വെള്ളക്കെട്ടും നീരൊഴുക്കുമുള്ള പ്രദേശമായിരുന്നു ആലന്തറ.ആലമെന്നാൽ വെള്ളക്കെട്ട് എന്ന അർത്ഥത്തിലാണ് ആലന്തറ എന്ന പേരുണ്ടായത്.

വഴിയാത്രക്കാരിയായ ഒരു ചാന്നാട്ടി അമ്പലംമുക്കിനു വരികയും നിത്യവും വിളക്ക്വച്ച് പ്രാർത്ഥിക്കുകയും ചെയ്തു എന്ന നിലയ്ക്കാണ് അമ്പലംമുക്ക് എന്ന പേരുണ്ടായത്. പൂവണം ധാരാളമുണ്ടായിരുന്നതിനാൽ പൂവണത്തും മൂട് എന്ന സ്ഥലനാമമുണ്ടായി.

നെല്ലനാട് പഞ്ചായത്തിലെ ഭഗവതിക്കോണം പ്രദേശത്തിന് പഴയകാല സംസ്കാരത്തിന്റെ പാരമ്പര്യമുണ്ട്. ആർട്ടിസ്റ്റ് കിളിമാനൂർ രാജാരവിവർമ്മ തമ്പുരാന്റെ അനന്തിരവൻ രവിവർമ്മ തമ്പുരാന്റെ പ്രദേശമാണ് ഭഗവതിക്കോണത്തെ 150 ഏക്കർ ഭൂമിയും നൂറുപറ നിലവും. കിളിമാനൂർ-തിരുവനന്തപുരം യാത്രയ്ക്കിടയിൽ രാജകുടുംബത്തിന് ഇടത്താവളമായി തങ്ങാൻ പണിതുയർത്തിയതാണ് ഭഗവതിക്കോണം കൊട്ടാരം. രണ്ട് ആയിര വല്ലികുന്നുകൾക്കിടയിലാണ് ഭഗവതികോണം. ഭഗവതിക്കോണം കോളനിക്കുവേണ്ടി 3.5 ഏക്കർ ഭൂമി 1956-ൽ സൗജന്യമായി നൽകി. കോളനികളുടെ ചരിത്രത്തിൽ ആദ്യത്തെ കോളനിയാണ് ഇതെന്ന് കരുതപ്പെടുന്നു. ഒരു ഭഗവതി ക്ഷേത്രവും ഒരമ്പലവും ഇവിടുണ്ടായിരുന്നതായിപറയപ്പെടുന്നു.3000 വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ജനതയുടെ ജീവിതാവശിഷ്ടം ഇവിടെ നിന്ന് കണ്ടെടുത്തിട്ടുണ്ട്. ഈ അടുത്തകാലത്ത് ലഭിച്ച പുരാവസ്തുക്കൾ ആർക്കിയോളജി വകുപ്പിൽ സൂക്ഷിക്കുന്നുണ്ട്. കൊടും കാടായിരുന്ന ഇവിടെ നിന്ന് ഒരു രാജവെമ്പാലയെ(കരിഞ്ചാത്തി) വെടിവെച്ചു കൊന്നതു കൊണ്ടാണ് കരിഞ്ചാത്തി എന്നസ്ഥലപ്പേരുണ്ടായത്. തിരുവല്ലയിൽ നിന്ന് ഭഗവതിക്കോണം പ്രദേശത്തിന്റെ കൃഷി കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാനായിവന്ന വട്ടപ്പറമ്പിൽ കോശി കോശിയാണ് പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ കുടുംബം. ബ്ലോക്ക് ആഫീസ് കെട്ടിടത്തിനും വാട്ടർ ടാങ്ക് നിർമ്മിക്കാനുമുള്ള ഭൂമിയും ഇവർ സൗജന്യമായി സർക്കാരിന് നൽകിയിട്ടുണ്ട്.

ഭഗവതിക്കോണത്തിന് സമീപമുള്ള പട്ടാഴി ബ്രാഹ്മണൻമാരുടെ താവളമായിരുന്നുവെന്നും ആഭ്യന്തരകലഹത്തിൽ ആഴി കൂട്ടി ഒന്നടങ്കം അവർ ജീവനൊടുക്കി എന്നും അങ്ങനെയാണ് പട്ടാഴിയെന്ന് പേരു വന്നു എന്നുമാണ് ഐതിഹ്യം.

നെല്ലനാട് പഞ്ചായത്ത് രൂപീകരണം

1952 കാലഘട്ടത്തിൽ കേരളത്തിലെ പഞ്ചായത്ത് രൂപീകരണവേളയിൽ നെല്ലനാട് വില്ലേജിനെ നെല്ലനാട് പഞ്ചായത്തായി അംഗീകരിച്ചില്ല. വാമനപുരം നെല്ലനാട് വില്ലേജുകൾ ചേർന്നുള്ള വാമനപുരം പഞ്ചായത്തിൽ, നെല്ലനാടു വില്ലേജിനെ മാണിക്കമംഗലം, മുദാക്കൽ , കോട്ടുകുന്നം, നെല്ലനാട് എന്നീ വാർഡുകളായി വിഭജിച്ചിരുന്നു.

അംഗങ്ങൾ: (i) ഷാഹുൽ ഹമീദ് (നെല്ലനാട്)

(ii) ഗോവിന്ദപിള്ള (മാണിക്കമംഗലം)

(iii) കുഞ്ഞുകൃഷ്ണൻ മുതലാളി (കോട്ടുകുന്നം)

(iv) കുട്ടൻപിള്ള (മുദാക്കൽ)

കുഞ്ഞുകൃഷ്ണൻ മുതലാളി മൂന്ന്

യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാതിരുന്നതിനാൽ അംഗത്വം നഷ്ടമാവുകയും M. ശ്രീധരപിള്ളയെ പകരം നോമിനേറ്റ് ചെയ്യുകയും ചെയ്തു. 1954-ൽ രൂപീകരിച്ച വില്ലേജ് അപ്‌ലിഫ്റ്റ് കമ്മിറ്റിയുടെ ശ്രമഫലമായി 1962-ൽ നെല്ലനാട് വില്ലേജ് ഏരിയയെ പഞ്ചായത്തായി അംഗീകരിക്കുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. 1964-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പോടെ നെല്ലനാട് പഞ്ചായത്തിൽ ജനകീയഭരണ സമിതി നിലവിൽ വന്നു.

<u>ആദ്യ ഭരണ സമിതി</u>

M.K. സനകൻ പ്രസിഡൻറ്

L.ഗംഗാധരൻ വൈസ് പ്രസിഡൻറ്

N.വാസുദേവൻ

R. രാഘവൻ നാടാർ

K. കൊച്ചപ്പി

N.R.C. കുറുപ്പ്

S.ഗംഗാധരൻപിള്ള

ഭരണസമിതിയിലേക്ക് വനിതാ പ്രതിനിധിയായി സി.ചെല്ലമ്മയെ നോമിനേറ്റ് ചെയ്തു.

16 കൊല്ലം (1979 വരെ) ഈ ഭരണസമിതി നിലനിന്നു.

1979 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന ഭരണസമിതി അധികാരത്തിൽവന്നു.

പി.ചന്ദ്രശേഖരൻനായർ (പ്രസിഡന്റ്. 79-83)

എം.സുകുമാരക്കുറുപ്പ് (□ 83-86)

കീഴായിക്കോണം സോമൻ

ആർ.അപ്പുക്കുട്ടൻ പിള്ള

കെ.മീരാൻ

സാവിത്രി

മക്കാംകോണം രവി

കെ.സോമൻ

എ. ശ്രീധരൻ

1988-ൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവരെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുത്തു.

ഇ.ഷംസുദിൻ (പ്രസിഡന്റ്)

എ.ശ്രീധരൻ (വൈസ്പ്രസിഡന്റ്)

കീഴായിക്കോണം സോമൻ

പി.ചന്ദ്രശേഖരൻ നായർ

രമണി.പി.നായർ

മക്കാംകോണം രവി

കെ.സോമൻ

ബേബിഗിരിജ

ഡി.സനൽകുമാർ

1995-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന ഭരണസമിതിയെ തെരഞ്ഞെടുത്തു.

എം. സുകുമാരക്കുറുപ്പ് (പ്രസിഡന്റ്)

രമണി.പി.നായർ (വൈസ്പ്രസിഡന്റ്)

കീഴായിക്കോണം സോമൻ (സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ)

പി.ഓമന

പി.ചന്ദ്രശേഖരൻ നായർ

എൻ.എ.അസീസ്

ജമീലാ ബക്കർ

ആർ.നാരായണപിള്ള

എ.ശ്രീധരൻ

ഷീലാ മോഹൻ

ബ്ലോക്ക് പഞ്ചായത്തു മെമ്പറായി ആർ.അപ്പുക്കുട്ടൻ പിള്ളയേയും, ജില്ലാ പഞ്ചായത്ത് മെമ്പറായി വെഞ്ഞാറമൂട് ശശിയേയും തെരഞ്ഞെടുത്തു. സുകുമാരക്കുറുപ്പിന്റെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുണ്ടായ കോടതിവിധിയെതുടർന്ന് പ്രസിഡന്റിന്റെ ചുമതല താല്ക്കാലികമായി വൈസ്പ്രസിഡന്റ് നിർവഹിക്കുകയുണ്ടായി. കീഴ്ക്കോടതി വിധിക്ക്

ഹൈക്കോടതി സ്റ്റേ നൽകിയിട്ടുള്ളതിനാൽ സുകുമാരക്കുറുപ്പ് വീണ്ടും പ്രസിഡന്റായി ചാർജ്ജെടുത്തു.

1964ൽ വാമനപുരം അസംബ്ലിമണ്ഡലം രൂപികരിക്കുകയും 1965 പൊതുതെരഞ്ഞെടുപ്പ് നടത്തുകയുംചെയ്തു. തുടർന്ന് ഈ മണ്ഡലത്തെപ്രതിനിധീകരിച്ച അംഗങ്ങൾ ഇവരാണ്.

1. 1965. എം. കുഞ്ഞുകൃഷ്ണപിള്ള (നിയമസഭ ചേർന്നില്ല)
2. 1967. കല്ലറ.എൻ.വാസുദേവൻപിള്ള
3. 1970. എം.കുഞ്ഞുകൃഷ്ണപിള്ള
4. 1977. കല്ലറ.എൻ.വാസുദേവൻപിള്ള
5. 1980 കോലിയക്കോട് എൻ.കൃഷ്ണൻ നായർ
6. 1982 "
7. 1987 "
8. 1991 "
9. 1996 പിരപ്പൻകോട് മുരളി

വാമനപുരം അസംബ്ലിമണ്ഡലം രൂപീകരിക്കുന്നതിനുമുമ്പ് വാമനപുരംപഞ്ചായത്ത് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന്റെ ഭാഗവും അതിനുമുമ്പ് നെടുമങ്ങാട് നിയോജകമണ്ഡലത്തിന്റെ ഭാഗവുമായിരുന്നു.

അന്നത്തെ ജനപ്രതിനിധികൾ

കെ.പി.നീലകണ്ഠപിള്ള (നോമിനേറ്റഡ്)

എൻ.എൻ.പണ്ടാരത്തിൽ (തിരുക്കൊച്ചി നിയമസഭ) (നെടുമങ്ങാട് മണ്ഡലം)

ആർ.പ്രകാശം 1957 (ആറ്റിങ്ങൽ)

എൻ.കുഞ്ഞുരാമൻ 1960 (ആറ്റിങ്ങൽ)

പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ നമ്മുടെ പ്രതിനിധികളായിരുന്നവരുടെ പേരുവിവരം

1952 - വി.പി. നായർ

1957 - എം.കെ. കുമാരൻ

1962 - എം.കെ. കുമാരൻ

1967 - കെ.അനിരുദ്ധൻ

1971 - വയലാർ രവി

1977 - വയലാർ രവി

1980 - എ.എ.റഹിം

1984 - തലേക്കുന്നിൽ ബഷീർ

1989 - തലേക്കുന്നിൽ ബഷീർ

1991 - സുശീലാ ഗോപാലൻ

1996 - എ.സമ്പത്ത്

നെല്ലനാട് പഞ്ചായത്തിൽ നിരവധി സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. യശ:ശരീരനായ പ്രേംനസീർ ഉദ്ഘാടനം ചെയ്ത വെഞ്ഞാറമൂട് നെഹ്റുയൂത്ത് സെന്റർ വളർച്ചയും തളർച്ചയുമായി ഇന്നും പ്രവർത്തിക്കുന്നുണ്ട്. നെഹ്റു യുത്ത്സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ദൃശ്യാ ഫൈൻ ആർട്സ് സൊസൈറ്റി വെഞ്ഞാറമൂട്ടിലെ പ്രമുഖ സാംസ്കാരിക സ്ഥാപനമാണ്.

മുദ്രാ ഫൈൻആർട്സ് സൊസൈറ്റി, പുരോഗമന കലാസാഹിത്യസംഘം, എ.കെ.ജി. കൾച്ചറൽ സെന്റർ, രംഗപ്രഭാത്, ശ്രീശാസ്താ സ്വിമ്മിംഗ് ക്ലബ്, വലിയകട്ടയ്ക്കാൽ, ഗാന്ധിനഗർ പൗരസമിതികൾ, പ്രിയദർശിനി കൾച്ചറൽ സെന്റർ, ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്, സംസ്കാര ആർട്സ് ക്ലബ് വയ്യേറ്റ്, തുടങ്ങിയ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ശാസ്ത്രത്തെ സാമൂഹ്യമാറ്റത്തിനുള്ള ആയുധമാക്കാൻ പരിശ്രമിക്കുന്ന കേരളശാസ്ത്ര സാഹിത്യ പരിഷത്തിന് വെഞ്ഞാറമൂട്, കോട്ടുകുന്നം പ്രദേശങ്ങളിൽ ശക്തമായ വേരുകൾ ഉണ്ട്. ഹാലി ധൂമകേതുവിന്റെ വരവോടനുബന്ധിച്ച് സടത്തിയ നക്ഷത്രസഹവാസ ക്യാമ്പ് ജ്യോതിശാസ്ത്രരംഗത്തെ പ്രധാനസംഭവങ്ങളിൽ ഒന്നായിരുന്നു. ശാസ്ത്രക്ലാസുകൾക്ക് കലാജാഥകൾ, ബാലവേദികൾ, പുസ്തകപ്രചരണം, വിജ്ഞാനോ

ത്സവങ്ങൾ, വനിതാ ക്യാമ്പുകൾ, അടുപ്പുവ്യാപനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ശക്തമായ അടിത്തറയുണ്ടാക്കാൻ പരിഷത് ശ്രമിക്കുന്നുണ്ട്. വലിയകട്ടയ്ക്കാൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന യുവരശ്മി മഹിളാസമാജം 1957ൽ പത്മശ്രി പ്രേംനസിർ ഉദ്ഘാടനം ചെയ്ത സംഘടനയാണ്. കക്കൂസുകളുടെ വ്യാപനം, റോഡ് നിർമാണം, എന്നിവ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. വനിതാരംഗത്തേക്ക് പുതിയ പ്രവർത്തകരെ പരിശീലിപ്പിക്കാനും മഹിളാസമാജത്തിന്റെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. അടുത്തകാലത്തായി വെഞ്ഞാറമൂട് ആസ്ഥാനമായി രൂപംകൊണ്ട സബർമതി ചാരിറ്റബിൾ ട്രസ്റ്റ് വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി സജീവമായി രംഗത്തുണ്ട്. യശ:ശരീനായ പ്രൊഫ: ജി.ശങ്കരപിള്ള നേതൃത്വംകൊടുത്ത് ആരംഭിച്ച കുട്ടികളുടെ നാടകവേദിയായ ആലന്തറ രംഗപ്രഭാത് അഖിലേന്ത്യാതലത്തിൽ പ്രശസ്തമാണ്.

കാർഷിക പഞ്ചായത്തായ നെല്ലനാട് പഞ്ചായത്തിൽനിന്നും സമൃദ്ധമായ വയലേലകൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. വയലേലകളിൽ 55% ഉം ഇന്ന് നികത്തിക്കഴിഞ്ഞു. റബ്ബറിന്റെ വരവും, കാർഷിക ബന്ധങ്ങളിൽ വന്ന മാറ്റവും സാമ്പത്തിക ക്രയവിക്രയങ്ങളിലെ പുതിയ ഘടനയും, കാർഷികമേഖലയിൽ ഭൂമിയുടെ വിസ്തൃതി കുറയാനിടയായി.

വൈഡൂര്യ ഖനനത്തിനും വിപണനത്തിനും പേരുകേട്ട പ്രദേശമാണ് വെഞ്ഞാറമൂട്. അരനൂറ്റാണ്ടു കാലമായി വൈഡൂര്യസംസ്കരണം ഇവിടെ നടന്നുവരുന്നു. കായൽ പട്ടണത്തുനിന്നും, മറ്റ് സ്ഥലങ്ങളിൽനിന്നും വ്യാപാരികൾ വൈഡൂര്യം വാങ്ങാനെത്തുന്നു. വെഞ്ഞാറമൂടിന്റെ സാമ്പത്തികവളർച്ചയ്ക്കും തൊഴിൽലഭ്യതക്കും ചിലരെ സമ്പന്നരാക്കുന്നതിനും ഈ മേഖല സഹായിച്ചിട്ടുണ്ട്.

ഗൾഫ് തൊഴിൽ തേടിപോയിത്തുടങ്ങിയ ആദ്യകാലത്തുതന്നെ ഗൾഫിലേക്ക് പോയവരുടെ സംഖ്യ ഇവിടെ കൂടുതലാണ്. ആയിരത്തോളം പേർ ഗൾഫ് നാടുകളിൽ പണിയെടുക്കുന്നുവെന്നാണ് മതിപ്പുകണക്കുകൾ. ഗൾഫ് പണം കുടുംബങ്ങളിൽ വരുത്തിയിട്ടുള്ള സാമ്പത്തിക ഭദ്രത കുറച്ചുകാണാവുന്നതല്ല.

1990-92 കാലഘട്ടത്തിൽ കേരളം സമ്പൂർണ്ണസാക്ഷരതായജ്ഞത്തിന്റെ ഭാഗമായി നെല്ലനാട് പഞ്ചായത്തിൽ നടന്ന സാമൂഹ്യചലനം എടുത്തു പറയേണ്ടതാണ്.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് രാഷ്ട്രീയതീവ്രത കൂടുതലുള്ള ഒരു പഞ്ചായത്താണിതെങ്കിലും, പൊതുകാര്യങ്ങളിൽ അവരവരുടെ രാഷ്ട്രീയം മുറുകെപ്പിടിച്ചുകൊണ്ട്തന്നെ യോജിപ്പിന്റെ മേഖലകൾ പരമാവധി വിപുലമാക്കിയവരാണ്. ഇവിടുത്തെ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ കോൺഗ്രസ്(ഐ) സി.പി.ഐ.(എം) എന്നീപാർട്ടികളാണ് പ്രധാനരാഷ്ട്രീയ കക്ഷികൾ. സി.പി.ഐ.യും ബി.ജെ.പി യും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാർവദേശീയ രംഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന പുതിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ബഹുഭൂരിപക്ഷംവരുന്ന സാധാരണ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാനും പ്രാദേശിക നാട്ടറിവുകളുടേയും ജനകീയബോധത്തിന്റേയും അടിസ്ഥാനത്തിൽ പുതിയൊരു വികസന സംസ്കാരത്തിനായുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങുകയാണ്. കേരളത്തിന്റെ വികസന പ്രതിസന്ധിക്ക് വികേന്ദ്രീകരണത്തിന്റെ പാതയിലൂടെ പരിഹാരം കാണാനാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം വഴി ഇന്ന് നാം ശ്രമിക്കുന്നത്. പഴയപലപ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിരിക്കുന്നു. പുതിയ പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഗ്രാമീണ ജനതയുടെ അടിസ്ഥാന

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപെടുത്തി പദ്ധതികളാക്കി മാറ്റി ഐശ്വര്യപൂർണമായ ഒരു കേരളം പടുത്തുയർത്താനുള്ള ശ്രമങ്ങളിൽ ചരിത്രപരമായ ചുമതല നിർവഹിക്കുവാൻ പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്.



കൃഷിയും ജലസേചനവും

കാർഷികചരിത്രം

നെല്ലനാട്ഗ്രാമ പഞ്ചായത്തിലെ 75% പ്രദേശവും സമഗ്രമായ കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായി വിനിയോഗിക്കാവുന്ന ഫലഭൂയിഷ്ടമായ കൃഷിഭൂമിയാണ്. ഇതിൽ 30% പ്രദേശം നെൽപ്പാടങ്ങളാണ്. കിഴക്കൻ പ്രദേശം ഉയർന്ന ഭാഗങ്ങളും പടിഞ്ഞാറോട്ടു പോകുന്തോറും സമതലവും ആണ്. ഉയർന്ന കിഴക്കൻ പ്രദേശങ്ങളിൽ കരിമണ്ണും ചരൽകലർന്ന ചെമ്മണ്ണും കാണപ്പെടുന്നു. പടിഞ്ഞാറൻ പ്രദേശങ്ങളിൽ അടിയിൽ വെട്ടുപാരോടു കൂടിയ ചുവന്ന മണ്ണാണ് കാണപ്പെടുന്നത്. പാടശേഖരങ്ങളുടെ തുടക്കത്തിലും അവസാനത്തിലും എക്കൽ കലർന്ന ചെളിയും മദ്ധ്യഭാഗങ്ങളിൽ മണൽ കലർന്ന ചെളിമണ്ണുമാണ് ഉള്ളത്. കിഴക്കുഭാഗത്തുള്ള ഉയർന്ന സമതലങ്ങളിൽ താരതമ്യേന വലുതും ഗുണനിലവാരമുള്ളതുമായ പാറക്കെട്ടുകൾ ഒരു സവിശേഷതയാണ്. പടിഞ്ഞാറൻ ഭാഗത്തുള്ള പാടങ്ങളിലും സമതലപ്രദേശങ്ങളിലും വ്യാപകമായി വൈഡൂര്യം, മരതകപ്പച്ച, ഇന്ദ്രനീലം എന്നീ ഇനം രത്നക്കല്ലുകളുടെ നിക്ഷേപം ഉണ്ട്.

50 വർഷം മുമ്പ്വരെ ഇവിടത്തെ കരകൃഷിയിലെ പ്രധാന ജനങ്ങൾ കശുമാവ്, മരിച്ചീനി, വാഴ, തെങ്ങ്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, ചേന, ചേമ്പ്, കൂവ, മഞ്ഞൾ തുടങ്ങിയവയായിരുന്നു. അക്കാലത്ത് ഇവിടെ ആഞ്ഞിലി, താന്നി, ഈട്ടി, പിണർ, കാര, വെഞ്ഞാറ, ആൽ, അരയാൽ, ചോലമരം, പുന്ന, ചെറുപുന്ന, മരുത്, പന, പാല, വേങ്ങ, വല്ലകം, കരിംതകര, വയണ, വട്ടത്താമര, വേപ്പ്, ചീലാന്തി, കടുമ്പ്, കാഞ്ഞിരം, ആര്യവേപ്പ്, മുള്ളിലവ്, അനേകയിനം മാവുകൾ, വിവിധയിനം പ്ലാവുകൾ, കുളമാവ്, സോപ്പുമരം, മരോട്ടി, ചാര്, നെല്ലി തുടങ്ങി വൈവിധ്യമാർന്ന വൃക്ഷസമ്പത്ത് സുലഭമായിരുന്നു. ആരാധനാലയങ്ങളോട് ചേർന്ന് സംരക്ഷിക്കപ്പെട്ടിരുന്ന ഇരുപതിൽ അധികം കാവുകൾ അന്ന് ഉണ്ടായുരുന്നു.

1. മുക്കുന്നൂർ ശാസ്താം കാവ്
2. ആലന്തറ ശാസ്താം കാവ്
3. പച്ചള്ളൂർ കാവ്
4. പുളിമൂട് കാവ്
5. കോട്ടറവീട് കാവ്
6. പഞ്ഞൂർചാവരു കാവ്

7. മുരുർക്കോണം നാഗരു കാവ്
8. ഇടയാവണത്തു ചാവരു കാവ്
9. വലിയവീട്ടിൽ മാടൻ കാവ്
10. വലിയകട്ടക്കാൽ മാടൻ കാവ്
11. നാഗരുവിള കാവ്
12. കുരുന്നേപ്പൻ കാവ്
13. കോട്ടുകുന്നം കരുകേരി മാടൻ കാവ്
14. കാവറ പറയരുകാവ്
15. ചെറുകോട്ടുകാവ്
16. ഏറത്തുവീട് കാവ്
17. ഉരുർ പുളിയറ മഠം കാവ് ഇപ്പോൾ ഇവയിൽ വളരെക്കുറച്ചുകാവുകൾ നാമമാത്രമായി അവശേഷിക്കുന്നു. അപൂർവ്വമായി മാറിക്കഴിഞ്ഞ ഔഷധസസ്യങ്ങളുടെ കലവറയായിരുന്ന ഈ പ്രദേശത്ത് പ്രശസ്തമായ നിലയിൽ നാടൻ ചികിത്സാ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. അക്കാലത്തെ ജലസ്രോതസ്സുകളിൽ പ്രധാനമായിരുന്ന ചെറുകോട്ടുകോണം ചിറ അന്യാധീനപ്പെട്ടു നശിച്ചുപോയി. കാവുകളുമായി ചേർന്നുണ്ടായിരുന്ന നീരുറവകൾ പൂർണ്ണമായോ ഭാഗികമായോ ഇതിനകം ഉപയോഗശൂന്യമായിക്കഴിഞ്ഞിട്ടുണ്ട്.

പാട്ടവ്യവസ്ഥ, പാതിവാരം എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു അധികം കൃഷിയും നടന്നിരുന്നത്. ബ്രാഹ്മണ ക്ഷത്രിയ വിഭാഗങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്ന ഭൂമികളിൽ എല്ലാ ജാതിയിലും പെട്ട ദുർബ്ബല വിഭാഗ കർഷകതൊഴിലാളികളെ പാർപ്പിച്ച് കൃഷി നടത്തുന്ന സമ്പ്രദായം നില നിന്നിരുന്നു. കർഷകതൊഴിലാളികൾ പൂർണ്ണമായും കുടികിടപ്പുകാരായിരുന്നു. കാർഷികവൃത്തിക്കുപുറമെ കന്നുകാലി വളർത്തൽ, ആടുവളർത്തൽ എന്നിവയിൽ തൊഴിലാളികൾ താല്പര്യം കാട്ടിയിരുന്നു. കാള, പോത്ത്, എന്നിവയെ കൃഷിപ്പണിക്ക് ഉപയോഗിച്ചിരുന്നു. കാളകളുടെ സഹായത്തോടെ പ്രവർത്തിച്ചിരുന്ന പത്തോളം നാടൻ എണ്ണച്ചെക്കുകളും അക്കാലത്ത് ഉണ്ടായിരുന്നു.

പൊതുവായ കാര്യങ്ങൾ

പഞ്ചായത്തിൽ പുരയിടം, നിലം, പുറമ്പോക്ക്, തരിശ് എന്നിവ അടക്കം 4562 ഏക്കർ ഭൂമിയുണ്ട്. 13828 ഉടമസ്ഥരാണ് മൊത്തം ഭൂമികളുടെയും അവകാശികൾ. ഇവയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.



ഭൂമി ഉടമസ്ഥരുടെ എണ്ണം

ഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ച റവന്യൂ റിക്കാർഡുകൾ അനുസരിച്ച് 3751 ഏക്കർ പുരയിടവും 545.37 ഏക്കർ നിലവും 253.3 ഏക്കർ പുറമ്പോക്കുഭൂമിയും പഞ്ചായത്തിൽ ഉള്ളതായി കാണുന്നു. ഇതിൽ നിലമായി കാണിച്ചിട്ടുള്ള ഭൂമിയുടെ 55% ഭാഗം കരപ്രദേശമായി മാറിക്കഴിഞ്ഞിട്ടുണ്ട്. പുറമ്പോക്ക് രജിസ്റ്ററിൽ കാണുന്ന കണക്കുകൾ പ്രകാരം 33.85 ഏക്കർ റോഡും, 84.68 ഏക്കർ കുളവും 20.72 ഏക്കർ പുഴയും ഉണ്ട്.

പഞ്ചായത്തിൽ 1 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള 3481 നാമമാത്ര കർഷകരും ഒരു ഹെക്ടറിനു മുകളിൽ 2 ഹെക്ടറിൽ താഴെ

കൃഷിഭൂമിയുള്ള 25 ചെറുകിട കർഷകരും ഉണ്ട്.

വിളകൾ

ഈ പഞ്ചായത്തിലെ മുഖ്യ വിളകൾ തെങ്ങ്, റബർ, നെല്ല്, മരച്ചീനി, കുരുമുളക്, വാഴ എന്നിവയാണ്. മലയോര മേഖലയിലെ കശുമാവിൻ തോട്ടങ്ങൾ നാമമാത്രമായി അവശേഷിക്കുന്നു. കുരുമുളകു കൃഷിയുടെ സ്ഥിതിയും വിഭിന്നമല്ല. മരച്ചീനികൃഷി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ കുറവാണെങ്കിലും ആലന്തറ, പരമേശ്വരം വാർഡുകളിൽ ധാരാളമായുണ്ട്. ഇടവിളകളായി ചേന, ചേമ്പ്, ഇഞ്ചി, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കണ്ടുവരുന്നു.

തെങ്ങ്

നാളികേരകൃഷി പ്രതിസന്ധിനേരിടുമ്പോഴും ഈ കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്ന ഒട്ടേറെ കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

656 ഹെക്ടർ പ്രദേശത്ത് തെങ്ങുകൃഷി ഉള്ളതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. കായ്ക്കുന്ന 105300 തെങ്ങുകളിൽ നിന്ന് പ്രതിവർഷം ഏകദേശം 40 ലക്ഷം തേങ്ങ ലഭിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം 40 ഓളം തേങ്ങ ലഭിക്കുന്നതായി ഗ്രാമസഭകളിൽ കർഷകരും അഭിപ്രായപ്പെട്ടു കണ്ടു. മലയോരമേഖലയിൽ ഉല്പാദനക്ഷമതയിൽ അല്പം കുറവുവരും. ജലലഭ്യതയുള്ള കാവറ, മാണിക്കമംഗലം, കണ്ണൻകോട്, ആലന്തറ, വെഞ്ഞാറമൂട്, വലിയകട്ടയ്ക്കാൽ എന്നീ പ്രദേശങ്ങളിൽ കൂടുതൽ വിളവു ലഭിക്കുന്നുമുണ്ട്.

നാളികേരകൃഷിക്കുപയോഗിക്കുന്ന ഭൂമിയേയും വിളവിനേയും സംബന്ധിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

വാർഡ് നമ്പർ	തെങ്ങുകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം	കായ്ക്കാത്ത തെങ്ങുകളുടെ എണ്ണം	കായ്ക്കുന്ന തെങ്ങുകളുടെ എണ്ണം	ആകെ	കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ
1	100.5ഹെ	4326	12000	16326	156
2	80.5ഹെ.	3660	15200	18860	140
3	75.5ഹെ.	4700	8000	12700	315
4	85.5ഹെ.	3400	8200	16600	230
5	55.5ഹെ.	3304	13550	16854	343
6	56.5ഹെ.	2205	7900	10105	347
7	48.5ഹെ.	3659	12500	16159	1127
8	42ഹെ.	2650	8200	10850	145
9	50ഹെ.	3592	10150	13742	160
10	61.5ഹെ.	2582	9600	12182	260
ആകെ	656ഹെ.	34078	105300	139378	3223

തെങ്ങുകൃഷിക്കനുയോജ്യമായ മണ്ണും കാലാവസ്ഥയും ഈ പഞ്ചായത്തിന്റെ പ്രത്യേകതകൾ ആണെങ്കിലും ശാസ്ത്രീയ കൃഷിരീതികൾ പൊതുവെ അവലംബിച്ചുകാണുന്നില്ല. ജലസേചന സൗകര്യങ്ങൾ ഉള്ള തെങ്ങിൻ തോപ്പുകൾ കുറവാണ്. കൃഷിഭവൻ കണക്കനുസരിച്ച് 16 പമ്പുസെറ്റുകളും, ധനസഹായത്തോടുകൂടി നിർമ്മിച്ചിട്ടുള്ള 11 കിണറുകളും കേര കർഷകർക്ക് നാളികേര വികസന പദ്ധതിപ്രകാരം ഇതിനകം കൊടുത്തിട്ടുണ്ട്. 656 ഹെക്ടർ തെങ്ങുകൃഷിയുള്ള പഞ്ചായത്തിലെ നാളികേരത്തോട്ടങ്ങളുടെ ജലസേചനത്തിന് തികച്ചും അപര്യാപ്തമാണ് ഈ സംവിധാനങ്ങൾ എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. നീരൊഴുക്കുള്ള പ്രദേശങ്ങളിൽ തെങ്ങിന് കൂടുതൽ കായ്ഫലമുണ്ട് എന്ന വസ്തുതക്കനുയോജ്യമായ രീതിയിൽ കൃഷിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയേ മതിയാവൂ.

ജലസേചനം ചിട്ടയായിനടത്തിയാൽ ഉൽപ്പാദനക്ഷമത ഇരട്ടിയായി വർദ്ധിപ്പിക്കുവാനാകുമെന്ന് മുതിർന്ന കർഷകർ അഭിപ്രായപ്പെട്ടുകാണുന്നു. വയൽ വരമ്പിനോടും തോട്ടുവരമ്പിനോടും ചേർന്ന് തെങ്ങ് വച്ചു പിടിപ്പിക്കുവാൻ കർഷകർ കാട്ടുന്ന പ്രത്യേക താല്പര്യത്തിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്. സമഗ്രനാളികേരവികസന പദ്ധതിപ്രകാരം കിണർ കുഴിക്കുവാനും പമ്പുസെറ്റുകൾ സ്ഥാപിക്കുവാനും വായ്പയും സഹായധനവും കർഷകർക്കു ലഭ്യമാക്കുന്നതിൽ ഈ പഞ്ചായത്തിലെ ദേശസാൽകൃത ബാങ്കുകൾ തണുപ്പൻ നയം അവലംബിക്കുന്നതായി കർഷകർക്ക് പരാതിയുണ്ട്.

ഈ പഞ്ചായത്തിലെ തെങ്ങുകളിൽ അധികവും നൂറ്റാണ്ടോളം പഴക്കമുള്ളവയാണ്. പരമ്പരാഗതരീതിയിൽ വിത്തുതേങ്ങ മുളപ്പിച്ചാണ് തെങ്ങിൻ തൈകൾ തയ്യാറാക്കുന്നത്. തെങ്ങിൻ തൈയുല്പാദനരംഗത്ത് ഈ പഞ്ചായത്തിൽ നഴ്സറിസംവിധാനം നിലവിലില്ല. അത്യുല്പാദനശേഷിയുള്ള തെങ്ങുകൾ പ്രചരിപ്പിക്കുന്നതിനുള്ള സർക്കാർസംവിധാനവും പര്യാപ്തമായ തോതിൽ ഇല്ല. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ കൃഷിഭവനിലൂടെയാണ് ഇവിടുത്തെ കർഷകർക്ക് ലഭിക്കുന്നത്. വെസ്റ്റ്കോസ്റ്റ്, TxD, DxT, ലക്കിടി ഓർഡിനറി, മലാക്കാ, ജാപ്പാണം എന്നീ ഇനം തെങ്ങുകൾ ഇവിടെ കാണുന്നുണ്ട്. വീട്ടുമുറ്റത്തെ അലങ്കാരമായി പ്രശോഭിക്കുന്ന ഗൗളിഗാത്രതെങ്ങുകൾ പഞ്ചായത്തിൽ ധാരാളമുണ്ട്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കൃഷിഭവനിലൂടെ വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ വിവരം വ്യക്തമാക്കുന്ന ചിത്രം താഴെ കൊടുത്തിരിക്കുന്നു.



കൃഷിഭവനിലൂടെ വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ കണക്ക്.

തൈകൾ ഏതിനമായിരുന്നുവെന്ന് കണക്കുകളിൽ കാണുന്നില്ല. വിതരണം ചെയ്തത് ഉല്പാദനക്ഷമതകൂടിയ വിത്തിനങ്ങളാണോ എന്നും പഞ്ചായത്തിൽ ഏതേതിനം തെങ്ങുകൾ എത്ര കണ്ടു വ്യാപിച്ചിട്ടുണ്ട് എന്നും അറിയുക സാദ്ധ്യമല്ലാത്ത സ്ഥിതിയാണ്. നാളികേരകൃഷിയെ കൃഷിഭവനും ലാഘവബുദ്ധിയോടെ കാണുന്നു എന്നതിനു ഒരു സൂചനയാണ് കണക്കുകളിലെ അവ്യക്തത.

നാളികേരവിലയുടെ സ്ഥിരതയില്ലായ്മ ഈ കൃഷിയുടെ പ്രതിസന്ധികളിൽ പ്രധാനപ്പെട്ടതാണ്. നാളികേരവിപണന രംഗത്ത് പരമ്പരാഗതമായി നിൽക്കുന്ന പത്തോളം കുടുംബങ്ങളാണ് മറ്റു വിപണന സൗകര്യങ്ങളുടെ അഭാവത്തിൽ കർഷകനാശ്വാസ മാകുന്നത്. താങ്ങുവില പ്രഖ്യാപിക്കപ്പെടുന്ന ഘട്ടങ്ങളിൽ വിപണനകേന്ദ്രം തുറന്ന് കർഷകരെ സഹായിക്കുവാൻ സഹകരണമേഖല സംവിധാനം ഏർപ്പെടുത്താറില്ല എന്നതും നിരാശാജനകമാണ്.

ശാസ്ത്രീയമായി വളം ചെയ്യുന്ന കേരകർഷകർ വളരെ കുറവാണ്. ജൈവവളപ്രയോഗം നടത്താറുണ്ട് എങ്കിലും എല്ലാ വർഷവും ചിട്ടയായി ആവർത്തിക്കപ്പെട്ടു കാണുന്നില്ല. രാസവളത്തിന്റെ അമിതവില കർഷകരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നു. സഹായവിലയ്ക്ക് കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന രാസവളകിറ്റുകളുടെ പെർമിറ്റ് ഈവർഷം ഇതുവരെയും കർഷകർക്ക് ലഭിച്ചിട്ടുമില്ല. ഉല്പാദനക്കുറവ്, വിലക്കുറവ്

എന്നീ കാരണങ്ങളാൽ തെങ്ങിൻ ചുവട്ടിലെ കൃഷിപ്പണികൾ യഥാസമയം ചെയ്യുവാനുള്ള സാമ്പത്തികനില കർഷകനില്ലാത്ത അവസ്ഥ ഉല്പാദനത്തെ വീണ്ടും കുറയ്ക്കുകയാണ്. കൃഷിപ്പണിക്ക് ആളെ കിട്ടാത്ത സ്ഥിതിയും നിലവിലുണ്ട്.

കേരകർഷകർ നേരിടുന്ന മറ്റൊരു ഭീഷിണി തെങ്ങുകളുടെ രോഗമാണ്. ഇതിൽ പ്രധാനം കാറ്റുവീഴ്ചയാണ്. ഓലയുടെ മഞ്ഞളിപ്പ്, ചെന്നീരെലിപ്പ്, മണ്ടചീയൽ എന്നിവയാണ് മറ്റുരോഗങ്ങൾ. ചെമ്പൻചെല്ലിയുടേയും, കൊമ്പൻചെല്ലിയുടേയും പൂങ്കുലച്ചാഴിയുടേയും ആക്രമണം വ്യാപകമായി കാണപ്പെടുന്നു. രോഗപ്രതിരോധനടപടികളിൽ സംഘടിത പ്രവർത്തനം നടത്തുന്നതിനും കേരകൃഷിവ്യാപകമാക്കി വികസിപ്പിക്കുന്നതിനും കൃഷിഭവൻ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കേരവികസന സമിതിയുടെ പ്രവർത്തനം കടലാസ്സിൽ മാത്രമായി നിൽക്കുന്നു. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം പുതിയ തൈ വച്ചു പിടിപ്പിക്കുന്ന പദ്ധതി വിജയകരമായി നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

തെങ്ങോലകൾ വീടു മേയുന്നതിനാണ് ഇവിടെ കൂടുതലായി ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിൽ അധികവും ഓല മേയുന്ന വീടുകളാണ്. ഇവിടുത്തെ ആവശ്യം കഴിഞ്ഞ് അധികം വരുന്ന ഓലകൾ ശേഖരിച്ചു വിപണനം ചെയ്യുവാൻ സംവിധാനങ്ങളില്ല. പച്ചത്തൊണ്ടിന്റെ വിപണനരംഗവും സജീവമല്ല. പച്ചത്തൊണ്ട് വിൽക്കുവാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കർഷകർ ധാരാളമുണ്ട്. തൊണ്ട് ഉണക്കി വിറകിനു പകരമായി ഉപയോഗിക്കുവാൻ കർഷകർ നിർബന്ധിതരാകുന്നു. കയറുൽപ്പന്നമായി മാറ്റി വരുമാനവും തൊഴിലും വർദ്ധിപ്പിക്കുവാനുതകുന്ന പച്ചത്തൊണ്ട് വിറകായി ഉപയോഗിക്കപ്പെടുന്നത് കയർ മേഖലക്കു കനത്ത നഷ്ടമാണ്. പച്ചത്തൊണ്ട് വിപണന നിയന്ത്രണമാണ് കർഷകനെ ബുദ്ധിമുട്ടിൽ കൊണ്ടെത്തിച്ചത്.

തേങ്ങയാട്ടുമില്ലുകൾ ഈ പഞ്ചായത്തിൽ 3 എണ്ണമുണ്ട്. മില്ലുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന പിണ്ണാക്ക് കാലിത്തീറ്റയായി ഉപയോഗിക്കുന്നു. ഇളനീർ വിപണനകേന്ദ്രം ഈ പഞ്ചായത്തിൽ നിലവിലില്ല. ധാരാളം തൊഴിലവസരങ്ങളും കർഷകന് മെച്ചപ്പെട്ട വിലയും ലഭ്യമാകുമായിരുന്ന ഇളനീർ വ്യവസായം പ്രോത്സാഹിപ്പിക്കേണ്ടത് അതിപ്രധാനമായി കാണേണ്ടിയിരിക്കുന്നു. കേരകർഷകന് ആശ്വാസമാകേണ്ടതൊന്നും പഞ്ചായത്തുപ്രദേശത്തു നിലവിലില്ല എന്നത് പ്രധാനവിളയായ തെങ്ങുകൃഷിയുടെ വിസ്തൃതികുറഞ്ഞുവരുന്നതിന് കാരണമായിട്ടുണ്ട്.

<u>റബ്ബർ</u>

സ്വാതന്ത്ര്യാനന്തരമാണ് ഈ പഞ്ചായത്തിൽ റബർ കൃഷി ആരംഭിക്കുന്നത്. ഭഗവതികോണത്ത് 100 ഏക്കറോളം ഭൂമിയിലാണ് ആദ്യമായി റബർ കൃഷി ആരംഭിച്ചത്. നാടൻ തൈകളായിരുന്നു അന്ന് ഉപയോഗിക്കപ്പെട്ടത്. പഞ്ചായത്തിലെ കിഴക്കൻ മലനിരകളിലും പടിഞ്ഞാറൻ സമതലങ്ങളിലും ഇന്ന് റബർ കൃഷി ഉണ്ട്. 100 ഹെക്ടറിലേറെ പ്രദേശത്ത് ഈ കൃഷി ഉണ്ട്. റബർ ബോർഡ് റീജണൽ ഓഫീസിന്റെ ഒരു ശാഖ പഞ്ചായത്ത് ആസ്ഥാനമായ വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയ കൃഷി രീതി കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ റബർ കൃഷി വ്യാപിപ്പിക്കുവാനുമുള്ള ശ്രമങ്ങളാണ് ഈ ഓഫീസിന്റെ മുഖ്യ പ്രവർത്തനം. മറ്റു കാർഷിക വിളകളേക്കാൾ താല്പര്യം കർഷകന് റബറിനോടുണ്ട്. അത്യുല്പാദനശേഷിയുള്ള കൂടതൈകളാണ് നടീൽ വസ്തുവായി ഉപയോഗിക്കുന്നത്. RRI - 105, RRI - 600 എന്നീ ഇനങ്ങളാണ് അധികവും.

ശാസ്ത്രീയമായിത്തന്നെ റബർ കൃഷി ചെയ്തുവരുന്നു. ചെറുകിടകർഷകരും റബർ കൃഷിയിൽ താല്പര്യം കാണിക്കുന്നുണ്ട്. പ്രോത്സാഹജനകമായ വരുമാനം പ്രതീക്ഷിക്കുന്നതുകൊണ്ടാകാം പരിസ്ഥിതി പ്രശ്നം ഉണ്ടാകത്തക്കവിധത്തിൽ മറ്റുവിളകളെ പിന്തള്ളിക്കൊണ്ട് തത്വദീക്ഷയില്ലാത്ത തരത്തിൽ റബർ കൃഷി ചെയ്യുവാൻ കർഷകർ ശ്രമിച്ചുകാണുന്നത്.

കൃത്യമായ വളപ്രയോഗവും ഈ കൃഷിക്കാവശ്യമാണ്. റബർകൃഷിക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും പഞ്ചായത്തിലെ വളം ഡിപ്പോകളിൽ ലഭ്യമാണ്. റബർ കൃഷിക്ക് സാമ്പത്തിക സഹായം യാതൊരു മടിയും കൂടാതെ ദേശസാൽകൃതബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക വികസനബാങ്കുകൾ എന്നിവ നൽകുന്നുമുണ്ട്. റബർബോർഡിന്റെ വ്യവസ്ഥകൾക്ക് വിധേയമായി കർഷകർക്ക് മോശമല്ലാത്ത സബ്സിഡിയും ലഭിക്കുന്നുണ്ട്. റബർടാപ്പിംഗ് മേഖലയിൽ തൊഴിലാളികളുടെ അപര്യാപ്തതയുണ്ട് എന്നതുമാത്രമാണ് റബർ കൃഷിക്കാർ അഭിമുഖീകരിക്കുന്ന ഏക പ്രശ്നം.

റബർ ഉല്പാദനക്ഷമത, ഈ പ്രദേശത്തുൽപ്പാദിപ്പിക്കപ്പെടുന്ന റബറിന്റെ തൂക്കം

എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ഗ്രാമസഭകളിൽ കർഷകർ നൽകിയ വിവരമനുസരിച്ച് ഇവിടത്തെ റബറുല്പാദനം പ്രതിവർഷം മൂന്നു ലക്ഷത്തോളം കിലോഗ്രാമാണ്. സഹകരണ സ്വകാര്യമേഖലകളിൽ ധാരാളം റബർ വിപണനകേന്ദ്രങ്ങൾ ഉള്ളതിനാൽ റബർ വില്പനക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നില്ല. റബർഷീറ്റ് വിപണനത്തിൽ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വെഞ്ഞാറമൂട് സഹകരണ റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആസ്ഥാനം വെഞ്ഞാറമൂട്ടിലാണ്. റബർഷീറ്റിന്റെ കമ്പോള വിലയിൽ ഈ സ്ഥാപനം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

ഒട്ടുപാൽ സംസ്ക്കരണം നടത്തുന്ന ഒരു ഫാക്ടറി ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള കൂടതൈകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ചെറുതും വലുതുമായ 20-ഓളം നഴ്സറികൾ ഈ പ്രദേശത്തുണ്ട്. പ്രതിവർഷം രണ്ടുലക്ഷത്തോളം തൈകൾ വിറ്റുപോകുന്നതായി കണക്കാക്കപ്പെടുന്നു. അയൽപ്രദേശങ്ങളിലേക്കാണ് ഭൂരിഭാഗം തൈകളും കൊണ്ടുപോകുന്നത്. ബഡ്ഡുചെയ്ത കുറ്റിതൈകൾ വാങ്ങി കവറിൽ വളർത്തി വില്പനക്ക് തയ്യാറാക്കുന്ന രീതിയാണ് അധികം നഴ്സറികളിലും അവലംബിച്ചുവരുന്നത്. റബർ ബഡ്ഡു ചെയ്യുന്നതിന് അതിവിദഗ്ദരായ തൊഴിലാളികളുടെ അഭാവമാണ് ഈ രീതി സ്വീകരിക്കുവാൻ നഴ്സറികളെ പ്രേരിപ്പിക്കുന്നത്.

റബർ മരങ്ങളിൽ കാണപ്പെടുന്ന രോഗങ്ങളിൽ പ്രധാനം മണ്ടചീയൽ, ഇലപ്പുള്ളി, പട്ടമരവിപ്പ്, ചീക്ക് തുടങ്ങിയ കുമിൾരോഗങ്ങളാണ്. ഇവയ്ക്ക് യഥാസമയം കീടനാശിനി പ്രയോഗിക്കുവാൻ കർഷകർ ശ്രദ്ധിക്കുന്നതുകൊണ്ട് വൻ നഷ്ടങ്ങൾ ഒഴിവാകുന്നു. മറ്റു കൃഷിക്കനുയോജ്യമല്ലാത്തതും റബർ കൃഷിക്ക് പര്യാപ്തവുമായ ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിൽ ഇനിയുമുണ്ട്. പാറക്കൂട്ടങ്ങളും ജലസേചനസാധ്യത വിരളവുമായ കിഴക്കൻ മലനിരകളിൽ റബർ കൃഷിചെയ്യുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതേസമയം ഭക്ഷ്യവിളകൾ കൃഷിചെയ്യുവാൻ അനുയോജ്യമായ സ്ഥലങ്ങളിൽ റബർ കൃഷിചെയ്യുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

റബർ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബർ കൃഷി സഹായപദ്ധതിയിൽ നിന്നും കർഷകന് സഹായധനം ലഭിക്കുന്നതിനുവേണ്ടി അത്യപൂർവ്വങ്ങളായി മാറിക്കൊണ്ടിരിക്കുന്നതും കാലാന്തരത്തിൽ വൻ വില ലഭിക്കുന്നതുമായ മരങ്ങളെപ്പോലും വെട്ടിമാറ്റണമെന്ന

നിബന്ധന ഒഴിവാക്കിക്കിട്ടേണ്ടതുണ്ട് എന്ന് ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു.

ഈ മേഖലയിലെ ലഘുവെങ്കിലും ഗുരുതരമായി ഭവിക്കുവാനിടയുള്ള ഒരു പ്രശ്നമാണ് ടാപ്പിംഗ് തൊഴിലാളികളുടെ അപര്യാപ്തത. ടാപ്പിംഗ് തൊഴിൽരംഗത്ത് പരിശീലനം നൽകുവാൻ ഒരു ശ്രമം സർക്കാർ തലത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. അടുത്തകാലത്തായി ചെറുതോതിലാണെങ്കിലും റബർ ടാപ്പിംഗ് രംഗത്ത് വനിതകൾ കടന്നുവന്നിട്ടുണ്ട്. വനിതാതൊഴിൽമേഖലയുടെ വികസനത്തിന് റബർ ടാപ്പിംഗ് പരിശീലനം നൽകി വനിതകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

റബർഷീറ്റ് ലഭ്യത വളരെയേറെയുള്ള ഈ പഞ്ചായത്തിൽ റബറധിഷ്ഠിത വ്യവസായങ്ങൾ യാതൊന്നുമില്ല. ആഭ്യന്തരമായിക്കിട്ടുന്ന അസംസ്കൃത വസ്തു പ്രയോജനപ്പെടുത്തുന്ന വ്യവസായ സംരംഭങ്ങളുടെ അഭാവമുള്ള സംസ്ഥാനത്തിന്റെ പൊതുസ്ഥിതിതന്നെയാണ് ഈ പഞ്ചായത്തിലും. ഗൾഫ്-സഹകരണമേഖലയിൽ നിന്ന് വിഭവസമാഹരണം നടത്തി റബറധിഷ്ഠിത വ്യവസായം ആരംഭിക്കുവാനുള്ള സാധ്യതകളെക്കുറിച്ച് ആരായേണ്ടതുണ്ട്.

റബർ മരങ്ങളിൽ പിടിപ്പിക്കുവാൻ ആവശ്യമായ കമ്പി, ചില്ല് എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റ് വനിതകളുടെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്.

റബർ മരത്തിൽ നിന്നും യഥേഷ്ടം ലഭിക്കുന്ന റബർ അരി ശേഖരിച്ച് സംസ്ക്കരിക്കുന്ന ഒരു സംരംഭം പഞ്ചായത്തിൽ നിലവിലില്ല. തൊഴിൽ അവസരങ്ങളും സാധ്യതകളുമുള്ള ഇതിനായി ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

<u>നെല്ല്</u>

പഞ്ചായത്തു പ്രദേശത്തെ മുഖ്യകൃഷി നെൽകൃഷി ആയിരുന്നു. കൃഷിയെന്നാൽ നെൽകൃഷിയെന്നും കണക്കാക്കിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. കേരളത്തിലാകെ നെൽകൃഷിക്കു സംഭവിച്ച പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിലും പ്രകടമായി. നെല്ലനാട് എന്ന പേരിന് നെല്ലിന്റെ നാട് എന്ന അർത്ഥം കൽപ്പിക്കുന്നവരാണ് ഈ പഞ്ചായത്തിൽ അധികവും. അത്രയ്ക്ക് സമ്പന്നമായ ഭൂതകാലമായിരുന്നു നെൽകൃഷിയ്ക്ക് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

പഞ്ചായത്തിൽ നെൽപ്പാടങ്ങളുടെ വിസ്തൃതി 220 ഹെക്ടർ എന്നാണ് റവന്യൂ റിക്കാർഡുകളിൽ. 140 ഹെക്ടർ പ്രദേശത്ത് നെൽകൃഷി നടക്കുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. ഗ്രാമസഭാ റിപ്പോർട്ടുകൾ വച്ചു നോക്കുമ്പോൾ 100 ഹെക്ടറിൽ താഴെ മാത്രം സ്ഥലത്താണ് നെൽകൃഷി ഉള്ളത്. ഒരു കാര്യം ഇതിൽ നിന്നും വ്യക്തമാകുന്നു. നെൽകൃഷിക്കുപയോഗിക്കാവുന്ന കൃഷിഭൂമിയുടെ 55% സ്ഥലവും മറ്റു കൃഷിയിടങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞു. നെൽകൃഷിയോട് ശത്രുതാമനോഭാവമുണ്ടായിട്ടൊന്നുമല്ല കർഷകൻ നെൽകൃഷിയെ തഴഞ്ഞു തുടങ്ങിയത്. നെൽകൃഷിയോട് അനുവർത്തിച്ചുവന്ന നയങ്ങളും കൃഷിവികസന സംരംഭങ്ങളിലെ പോരായ്മകളും തൊഴിൽ രംഗത്തുവന്ന മാറ്റങ്ങളും ഈ അവസ്ഥയിൽ നെൽകൃഷിയെ എത്തിച്ചു എന്നേയുള്ളൂ.

പഴമക്കാരുടെ ഓർമ്മകളിൽ മുപ്പൂനിലങ്ങളായിരുന്നു പഞ്ചായത്തിലെ വയലേലകൾ. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്നു കൃഷിയും ഇവിടെ നടന്നിരുന്നു. അറുപതാംവെള്ള, കോവുവെള്ള, പവിഴവെമ്പാവ്, കുറ്റിച്ചേറാടി, ജപ്പാൻചേറാടി, തവളക്കണ്ണൻ-20, നവര, പുഞ്ചപ്പൊരിവിത്ത് തുടങ്ങിയ ഇനങ്ങളായിരുന്നു ആദ്യകാലകൃഷിക്ക് ഉപയോഗിച്ചിരുന്ന വിത്തിനങ്ങൾ. ശരാശരി 20മേനി വിളവുവരെ

കിട്ടിയിരുന്നതായി പ്രായമുള്ള കൃഷിക്കാർ ഓർക്കുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇന്നത്തെപ്പോലെ അന്നും കൃഷിയിറക്കിയിരുന്നത്. അക്കാലത്ത് ഏറ്റവും കൂടുതൽ വിളവുനൽകിയിരുന്ന പാടങ്ങൾ കണ്ണങ്കോട്, വാഴോട് - പരമേശ്വരം ഏലാകളായിരുന്നു. ഇതിൽ കണ്ണങ്കോട് ഏലായിൽ നാമമാത്രമായി നെൽകൃഷിയുണ്ട്. വാഴോട് ഏലായിൽ നെൽകൃഷിയില്ല. അന്നും ഇന്നും ഫലഭൂയിഷ്ടിയിൽ മുന്നിട്ടുനിൽക്കുന്ന ഒരു പാടശേഖരമാണ്. ആലന്തറ - ഊരൂട്ടുമണ്ഡപം ഏല. ജൈവവളങ്ങൾ മാത്രമാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്. നടവിനുമുമ്പായി അഞ്ചു ചാൽ വരെ പൂട്ടി മരമടിക്കുക പതിവായിരുന്നു. പച്ചിലകളും ചാണകവും ചാരവും ചേർത്ത് സമ്പുഷ്ടം ആക്കിയതിനുശേഷമായിരുന്നു കൃഷിയിറക്കിയിരുന്നത്. നെൽകൃഷിയെ ബാധിച്ചിരുന്ന മുഞ്ഞ, കുമിൾ രോഗങ്ങൾ, തണ്ടുതുരപ്പൻ പുഴുവിന്റെയും ഇലപ്പുഴുവിന്റെയും ആക്രമണം ചാഴിശല്യം എന്നിവയെ ജൈവരീതികൾ ഉപയോഗിച്ച് നേരിടുകയായിരുന്നു
കർഷകർ ചെയ്തിരുന്നത്. പൊയിലച്ചാറ് തളിക്കുക, മത്സ്യം അഴുക്കി അടിക്കുക, ചൂട്ടുകറ്റകത്തിച്ച് കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കുക, ശിഖിരങ്ങളോടു കൂടിയ കമ്പുകൾ നെൽവയലിനുള്ളിൽ നാട്ടി കീടങ്ങളുടെ ശത്രുക്കളായ ചെറുകിളികൾക്കു ഇരിപ്പിടം ഒരുക്കുക, എന്നിവയിലൂടെ കീടനിയന്ത്രണം സാധിച്ചിരിന്നുവെന്ന് പഴമക്കാർ ഓർക്കുന്നു.

പിൽക്കാലത്ത് ഹരിതവിപ്ലവകാലഘട്ടത്തിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും കീടനാശിനികളും ഈ ജൈവസന്തുലനത്തിനു മാറ്റം വരുത്തി. IR-8, ജയ, ഭാരതി, തുടങ്ങിയ വിത്തിനങ്ങൾ ഉപയോഗിച്ച ആദ്യകാലങ്ങളിൽ 30മേനി വരെ വിളവ് വർദ്ധിച്ചുവെങ്കിലും ക്രമേണ വിളവുമോശമായി 20മേനി വരെയായി. ഇക്കാലഘട്ടത്തിൽ നീരൊഴുക്കിനുവേണ്ടി കർഷകർ ആശ്രയിച്ചിരുന്ന തോടുകളും കുളങ്ങളുമൊക്കെ പദ്ധതികളുടെ ഭാഗമായി പരിഷ്കരിക്കപ്പെട്ടു. ഗുണമായി തീരേണ്ടിയിരുന്ന ഈ പരിഷ്കാരങ്ങളിലെ അപാകതകൾ നെൽകൃഷിയെ നാശത്തിലേക്കു നയിച്ചു. നിലങ്ങളേക്കാൾ താഴ്ന്നു പോയ തോടുകളിൽ നിന്ന് വേനൽക്കാലങ്ങളിൽ നീരൊഴുക്ക് ലഭിച്ചില്ല എന്നുമാത്രമല്ല നിലങ്ങളിലെ അവസാന ഈർപ്പവും തോട്ടിലേക്ക് വാർന്നുപോവുക എന്ന സ്ഥിതിയും സംജാതമായി. തത്ഫലമായി നമ്മുടെ വയലേലകളിൽ നിന്നും പുഞ്ചകൃഷി പടിയിറങ്ങി. അങ്ങനെ ഇരുപ്പൂനിലങ്ങളായി മാറി നമ്മുടെ പാടശേഖരങ്ങൾ.

ഭദ്ര, ജയ, ജ്യോതി, ഭാരതി, പവിഴം എന്നീ വിത്തിനങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ആദ്യ കൃഷിക്ക് ഭദ്രയും, രണ്ടാമത്തെ കൃഷിക്ക് ജയ, ജ്യോതി എന്നീ വിത്തിനങ്ങളാണ് കൂടുതൽ കർഷകരും ഉപയോഗിക്കുന്നതായി ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നത്. ശരാശരി 23മേനി വരെ വിളവും ലഭിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമിതി നാമമാത്രമായി പ്രവർത്തിക്കുന്ന മുരുർക്കോണം ഏലായിൽ വിളവ് അല്പം കൂടി മെച്ചമാണ്. വളരെ ശാസ്ത്രീയമായി കൃത്യസമയങ്ങളിൽ സംയോജിതമായി കൃഷിയിറക്കുകയും ചിട്ടയായി വളം പ്രയോഗിക്കുകയും ചെയ്യുകയാണെങ്കിൽ വിളവ് 30-35മേനി വരെ ഉയർത്തുവാൻ കഴിയുമെന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നു.

ജൈവവളപ്രയോഗം നാമമാത്രമായി നടത്തപ്പെടുന്ന പാടശേഖരങ്ങളിലെ രാസവളപ്രയോഗം വിലവർദ്ധനവോടുകൂടി കാര്യമായി കുറഞ്ഞു.
കീടനാശിനികളിൽ നിന്ന് ഫലപ്രദമായ പ്രതികരണം ലഭിക്കാത്തതിൽ കർഷകർ നിരാശരുമാണ്. അടുത്തകാലത്ത് ഏറ്റവും രൂക്ഷമായി ചാഴിശല്യം

വർദ്ധിച്ചപ്പോൾ കർഷകനെ സഹായിക്കുവാൻ കൃഷിഭവൻ തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ പ്രയോജനപ്പെട്ടില്ല എന്നു കർഷകർക്ക് പരാതിയുണ്ട്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ യാഥാർത്ഥ്യബോധത്തോടുകൂടിയവയല്ല എന്ന ആക്ഷേപവും കർഷകർക്കുണ്ട്. തോടുകളിൽ നിന്ന് വെള്ളം തിരിച്ച് വയലേലകളിൽ കയറ്റുവാൻ കഴിയുന്നില്ല എന്ന പരാതി ഉത്കണ്ഠാജനകമാണ്.

നമ്മുടെ പഞ്ചായത്തിലെ നെല്ലുൽപ്പാദനക്ഷമത ഹെക്ടറിന് 2500 കി. ഗ്രാം. ആണെന്ന് കൃഷിഭവൻ രേഖകളിൽ കാണുന്നു. സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ ഇത് എന്ന് സമാശ്വസിക്കാം എങ്കിലും 5000 കി. ഗ്രാം എന്ന ലക്ഷ്യത്തിലേക്ക് അഭിവൃദ്ധിപ്പെടുത്തുവാൻ ആസൂത്രിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

കശുമാവ്

മലമ്പ്രദേശങ്ങളും കരഭൂമിയും ഏറെയുള്ള ഈ പഞ്ചായത്തിൽ റബർകൃഷി ആരംഭിക്കുന്നതിന്മുമ്പ് വ്യാപകമായി കശുമാവിൻ തോട്ടങ്ങൾ ഉണ്ടായിരുന്നു. ശാസ്ത്രീയമായി കൃഷിനടന്നിരുന്ന തോട്ടങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ ആരും ഓർക്കുന്നില്ല. കിഴക്കൻ മലനിരകൾ നിറയെ കശുമാവിൻകൂട്ടങ്ങളായിരുന്നു. വിദേശ കമ്പോളത്തിലെ കശുവണ്ടിവിലക്ക് ആനുപാതികമായ വില ആഭ്യന്തര കമ്പോളത്തിൽ ലഭ്യമല്ലാതെവരികയും അശുവണ്ടി മേഖല എന്നാവാക്കിന്റെ പരിരക്ഷയിൽ കശുവണ്ടി തെഴിലാളികൾക്ക് പ്രാമുഖ്യം വരത്തക്കവിധം കശുവണ്ടി കർഷകരെ അവഗണിച്ച സർക്കാർ നയവും തേയിലകൊതുകിന്റെ വ്യാപക ആക്രമണവും വഴിയുണ്ടായ ഉല്പാദനക്കുറവും, കാലാവസ്ഥ വ്യതിയനങ്ങൾ മൂലമുണ്ടായ ഉത്പാദന നഷ്ടവും റബർകൃഷിയിലേക്ക് മടിച്ചുമടിച്ചാണെങ്കിലും പ്രവേശിക്കാൻ കർഷകരെ പ്രേരിപ്പിച്ചു. കശുവണ്ടി കർഷകനെ സംരക്ഷിക്കുവാനും നിലനിർത്തുവാനും സഹായിക്കുവാനും സർക്കാർ സംവിധാനങ്ങൾ യാതൊന്നും ചെയ്യാതിരുന്നപ്പോൾതന്നെ റബ്ബർകൃഷിക്കുണ്ടായ പ്രോൽസാഹനകരവുമായ അന്തരീക്ഷം കശുമാവ് തോട്ടങ്ങൾ എന്നറിയപ്പെട്ടിരുന്ന കുന്നിൻമോഖലയിൽ നിന്ന് കശുമാവ് കൃഷിക്ക് കുടിയൊഴിഞ്ഞുപോകുവാനുള്ള സ്ഥിതി സംജാതമാക്കി. കശുമാവ് കൃഷിമാത്രം ചെയ്യുന്ന ഒരു മേഖലയും പ്രത്യേകമായി ഇന്ന് ഈ പഞ്ചായത്തുപ്രദേശത്തില്ല.

നാടൻ ഇനം കശുമാവകളാണ് ഈ പ്രദേശത്ത് കാണുന്നത്. മൊത്തം ഉല്പാദനത്തെ സംബന്ധിക്കുന്ന കണക്കുകൾ ലഭ്യമല്ല. ഫലഭൂയിഷ്ടമായ കറുത്ത മണ്ണുള്ള മലംചരിവുകൾ ഏറെയുള്ള ഈ പഞ്ചായത്തിൽ കശുമാവിൽ നിന്നുള്ള വിളവ് അൽപവും മോശമായിരിന്നിട്ടില്ല. അത്യുല്പാദന ശേഷിയുള്ള കശുമാവിൻ തൈകളും ഒട്ടുതൈകളും കഴിഞ്ഞ വർഷങ്ങളിൽ കൃഷിഭവൻ മുഖേന വിതരണം നടത്തിയിട്ടുണ്ട്. ഇതിൽ 1993-94 വർഷങ്ങളിൽ വിതരണം ചെയ്ത 120 തൈകളുടെ കണക്കുമാത്രമേ ലഭ്യമായിട്ടുള്ളൂ. കശുമാവ് കൃഷിത്തോട്ടങ്ങൾ വച്ചുപിടുപ്പിക്കുവാനുള്ള പുതിയ ശ്രമങ്ങൾ കർഷകർ ആരംഭിച്ചതായി സൂചനകൾ ഒന്നും ഇല്ല. എങ്കിലും കശുമാവിനോട് കർഷകർക്ക് താല്പര്യം നിലനൽക്കുന്നു എന്നതിന്റെ തെളിവാണ് തെങ്ങൻപുരയിടങ്ങളിലും നിരന്ന ഭൂപ്രദേശങ്ങളിലും വീട്ടുവളപ്പുകളിലും ധാരാളമായി കാണുന്ന കശുമാവിൻ തൈകൾ

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്ന ഒരു കൃഷി നയം രൂപപ്പെട്ടു വരേണ്ടതുണ്ട്. പഞ്ചായത്തിലെ തരിശായിക്കിടക്കുന്ന കുന്നിൽപ്രദേശങ്ങളിലെ

കൃഷിഭൂമികളിൽ കശുമാവ് കൃഷിചെയ്യാൻ ഒരു പദ്ധതി കൃഷി ഭവനുമായി ആലോചിച്ച് ആരംഭിക്കേണ്ടി ഇരിക്കുന്നു. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിറക് ക്ഷാമത്തിന് കശുമാവ് കൃഷി ഒരു പരിധി വരെ പരിഹാരമാണ്.

മരിച്ചീനി

പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വ്യാപകമായി കൃഷിചെയ്തിരുന്ന കിഴങ്ങുവിളയാണ് മരിച്ചീനി. കരഭൂമിയിൽ മാത്രമായിരുന്ന മരിച്ചീനി കൃഷി നെൽവയലുകളിലും എത്തിത്തുടങ്ങി എന്നതാണ് ഇപ്പോഴത്തെ പ്രത്യേകത. മരിച്ചീനി കൃഷി ചെയ്യുന്ന കരഭൂമിയുടെ വിസ്തൃതി ക്രമേണ കുറഞ്ഞു വരുമ്പേൾ പാടശേഖരങ്ങളിലെ മരിച്ചീനികൃഷി വ്യാപകമാവുകയാണ്. കൃഷിഭവൻ കണക്കനുസരിച്ച് 150.5 ഹെക്ടർ സ്ഥലത്ത് മരിച്ചീനി കൃഷിചെയ്യുന്നു. കരപ്രദേശങ്ങളിൽ കൃഷിചെയ്യുന്ന പ്രധാനയിനം മരിച്ചീനി സിങ്കപ്പൂർ വെള്ളയാണ്. ഉല്പാദനക്ഷമതയിലും ഇതുതന്നെയാണ് മുന്നിൽ. കമ്പോളത്തിൽ പ്രിയങ്കരമായ ഇനവും ഇതുതന്നെയാണ്. കൂടാതെ ആറ്മാസചീനി എന്ന ഒരു പ്രത്യേകയിനവും പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കൃഷി ചെയ്യുന്നു. ആറ്മാസം കൂടുമ്പോൾ വിളവെടുക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത് പ്രകൃത്യാതന്നെ ഉരുത്തിരുഞ്ഞുവന്ന ഒരു സങ്കര ഇനമാണ്. മരച്ചോലകളിൽ നടാൻ പറ്റിയവയുമാണ്. ആശ്രത കൂടുതൽ ആവശ്യമാണ്, അക്കാരണത്താൽ രണ്ടാമാത് കൃചെയ്യുന്നവ വരണ്ടമാസങ്ങളിൽ വിളവ് കുറവായികാണുന്നു. മികച്ച ഉല്പാദനക്ഷമതയുള്ള ഇത് കൃഷിചെയ്യുന്നിൽ കർഷകർ താല്പര്യവും കാണിക്കുന്നു. ഞറുക്ക് വെള്ള എന്ന ഒരു ഇനം മരിച്ചീനിയും പഞ്ചായത്തിൽ കാണപ്പെടുന്നു. എട്ട്മാസത്തോളം വേണ്ടിവരും വിളവെടുക്കാൻ. ആനക്കൊമ്പൻ എന്ന ഒരിനം മരിച്ചീന 10 മാസത്തിന് ശേഷമാണ് വിളവെടുക്കുന്നത്.

മരിച്ചീനി കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ മൊസൈക്, മുഞ്ഞയുടെ ആക്രമണം എന്നിവയാണ്. ഒരു ഹെക്ടർ കരപ്രദേശത്ത് എട്ടുമുതൽ പത്തുലരെ ടൺ വയൽ നികത്തിയ പ്രദേശങ്ങളിൽ 15 മുതൽ 20 ടൺ വരെയും വിളവ് മരിച്ചീനിയിൽനിന്നും ലഭിക്കുന്നു. മൊത്തം ഉല്പാദനം 954 ടൺ എന്നാണ് കൃഷിഭവൻ രേഖയിൽ. നെൽപ്പാടം നികത്തി മരിച്ചീനി നടുന്നതായി ആക്ഷേപരൂപേണ അഭിപ്രായങ്ങൾ എല്ലാ ഗ്രാമസഭകളിലും പ്രകടിച്ചുകാണുന്നു. ഏകദേശം പകുതിയോളം നെൽപാടങ്ങൾ നികത്തി മറ്റുകൃഷിക്കായി ഉപയേഗപ്പെടുത്തിയുട്ടുണ്ട് എന്നകാര്യം മുമ്പ് സൂചിപ്പിച്ചുണ്ട്ല്ലോ. നെൽ വയലുകളും മറ്റുകൃഷിക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള നീക്കം മരിച്ചീനി കൃഷിയോടെയാണ് ആരംഭിച്ചിക്കുന്നത്. ഈ വസ്തുത വച്ച് നോക്കുമ്പോൾ കൂടുതൽ മരിച്ചീനി ഉൽപാദനം നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുവെന്നത് വാസ്തുത മാത്രമാണ്.

ഭക്ഷ്യാവശ്യത്തിനുപുറമെ കാലിതീറ്റയായും മരിച്ചീനി ഉപയോഗിക്കന്നു. സംസ്കരിക്കാത്ത പച്ചമരിച്ചീനി ഇവിടെത്ത കർഷകർ കന്നുകാലികൾക്ക് തീറ്റയായി നൽകുന്നുണ്ടൻ. മരിച്ചീനി ഇലയും കന്നുകാലികൾക്ക് നൽകാറുണ്ട്. മരിച്ചീനിയുടെ ലഭ്യതക്കൊപ്പം ലാഭകരമായി മാറ്റാവുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മരിച്ചീനി കൃഷിയുടെ ലഭ്യതക്കൊപ്പം ലാഭകരമായി മാറ്റാവുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മരിച്ചീനി കൃഷിയുടെ സാദ്ധ്യത കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

വാഴ

പഞ്ചായത്തിൽ 98.5 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ഉള്ളതായിട്ടാണ് കൃഷിഭവൻ രേഖകളിൽ കാണുന്നത്. ആകെ ഉല്പാദനം 43000kg ആയി കണക്കാക്കിയിട്ടുണ്ട്. പാളയിൻതോടൻ വാഴയാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത്. രണ്ടാം സ്ഥാനം ഏത്തൻ ഇനത്തിനാണ്. ഞാലിപ്പൂവൻ, വെള്ളപ്പാളയതോടൻ അഥവാ മലയണ്ണാൻ, കുമ്പിള്ളാകണ്ണൻ എന്നിവയാണ് വീട്ടുവളപ്പിൽ കണപ്പെടുന്ന മറ്റിനങ്ങൾ. കറി ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്ന മൊന്തൻ, കരിങ്കദളി, പേയൻ എന്നീ ഇനങ്ങളും അപൂർവ്വമായി കാണപ്പെടുന്നു. കപ്പവാഴ അങ്ങിങ്ങ് കാണപ്പെടുന്നു.

വാഴകൃഷിക്ക് എറ്റവും അനുയോജ്യമായ മണ്ണാണ് പഞ്ചായത്തിൽ എല്ലായിടത്തും കാണപ്പെടുന്നത്. ജലസേചനസൗകര്യം കുറവായ കിഴക്കൻ മലയോരപ്രദേശങ്ങളിൽ പോലും നല്ല വിളവ് ലഭിക്കുന്നത് പഠന പര്യടന വേളയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

വാഴകൃഷി നേരിടുന്ന പ്രധാന പ്രതിസന്ധി കുറുനാമ്പ് രോഗമാണ്. മണ്ടരിച്ചെള്ളിലൂടെ പടരുന്ന ഈ രോഗത്തിന് ഫലപ്രദമായ ഒരു ചികിത്സ ഇല്ല. പ്രതിരോധപ്രവർത്തനങ്ങളായ ഫുറഡാൺ, ഫോറ്റൈറ്റ് കീടനാശിനി പ്രയോഗത്തിന് അദ്ധ്വാനവും സമയവും ചെലവും വളരെകൂടുതൽ ആവശ്യമാണ്. ആയതിനാൽ ഈ വൈറസ് രോഗത്തെ കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുവാനുള്ള പദ്ധതിയെക്കുറിച്ച് സംസ്ഥാനത്തിൽ ആലോചിക്കേണ്ടതുണ്ട്. ദിവാൻ സർ.സി.പി.യുടെ ഭരണകാലഘട്ടത്തിൽ വാഴവെട്ട് എന്ന പേരിൽ ഈ വാഴരോഗനിർമ്മാർജ്ജനത്തിന് ഒരു ശ്രമം നടന്നതായി പറയപ്പെടുന്നു. ഒരേസമയം കേരളത്തിലെട്ടാകെ അസുഖം ബാധിച്ച എല്ലാ വാഴകളെയും വെട്ടി നശിപ്പിക്കുക എന്നതാണ് പദ്ധതി. രോഗബാധിതമായ വാഴകളിൽനിന്നാണ് മറ്റുവാഴകളിലേക്ക് ഈ അസുഖം മണ്ടരിചെള്ളിലൂടെ പകരുന്നത് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ രോഗനിർമ്മാർജ്ജനം സാദ്ധ്യമാണ് എന്ന് വ്യക്തമാകും.

തണ്ടുതുരപ്പൻ വണ്ടിന്റെ ആക്രമണം ചില പ്രദേശങ്ങളിലെ വാഴകളിൽ കാണപ്പെടുന്നു. സെവിൻ എന്ന കീടനാശിനിയുടെ പ്രയോഗത്തിലൂടെ ഇതിന് പരിഹാരം കാണാൻ കഴിയും. മാണപ്പുഴുവിന്റെയും നിമവിരയുടെയും ശല്യം മിക്കവാറും എല്ലാ പ്രദേശങ്ങളിലും കാണപ്പെടുന്നു.

കൃത്യമായും ചിട്ടയായും വളപ്രയോഗം നടത്തി തോട്ടം അടിസ്ഥാനത്തിൽ വാഴകൃഷി ചെയ്യുന്ന കർഷകർ പഞ്ചായത്ത് പ്രദേശത്ത് അങ്ങിങ്ങ് ഉണ്ട്. ഇടവിളയായാണ് പ്രധാനമായും വാഴകൃഷി നടക്കുന്നത്. വീട്ടുവളപ്പിലെ ജൈവാവശിഷ്ടങ്ങളാണ് മുഖ്യ വളം. രാസവളം ചിട്ടയായി ചെയ്യുന്നതോടൊപ്പം ജൈവാവശിഷ്ടങ്ങളും വളമായി കൊടുക്കേണ്ട വാഴകൃഷിയിൽ വിദഗ്ദ പരിശീലനം വഴി അധികം അദ്ധ്വാനം കൂടാതെ ധാരാളം വാഴപ്പഴം ഉല്പാദിപ്പിക്കുവാൻ സാധിക്കും. വാഴപ്പഴത്തിന് അയൽസംസ്ഥാനത്തിനെ അളവറ്റ് ആശ്രയിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഏത്തപ്പഴം, പാളയംകോടൻ, റോബസ്റ്റേ, കപ്പ എന്നീ ഇനങ്ങളാണ് അയൽസംസ്ഥാനത്ത് നിന്ന് എത്തിക്കൊണ്ടിരിക്കുന്നത്. ഇവകൂടാതെ പൂവൻപഴവും കറിക്ക് ഉപയോഗിക്കുന്ന ചതുരക്കാളി ഇനത്തിലുള്ള വാഴക്കുലകളും ധാരാളമായി നമ്മുടെ കമ്പോളത്തിൽ അയൽസംസ്ഥാനത്തിൽ നിന്ന് എത്തുന്നു. ആയതിനാൽ വാഴകൃഷിക്ക് ധാരാളം അനുഭവങ്ങളും താല്പര്യമുള്ള കർഷകരെ സർവ്വെ നടത്തി കണ്ടെത്തുവാനും അവർക്ക് അടിസ്ഥാനസൗകര്യങ്ങൾ ചെയ്ത് കൊടുത്ത് മാതൃകാവാഴത്തോട്ടങ്ങൾ ഉണ്ടാക്കുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. മികച്ചയിനം വാഴക്കന്നുകൾ കാർഷികസർവകലാശാലയിൽ നിന്നും

അയൽസംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് തൊഴിൽ രഹിതരും സ്വന്തമായി ഭൂമിയുള്ളവരുമായ യുവതീയുവാക്കൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. ഒരു ലക്ഷം പേർക്ക് തൊഴിൽ എന്ന പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യുവകർഷകരെ ഇതിനായി തെരെഞ്ഞെടുക്കാവുന്നതാണ്.

കുരുമുളക്

കുരുമുളക് തോട്ടമായി കൃഷിചെയ്യുന്ന രീതി നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നില്ല. റബ്ബർ തോട്ടങ്ങളിൽ ഒഴികെ എല്ലാ പ്രദേശത്തും കുരുമുളക് കൃഷി ഉണ്ട്. കുരുമുളക്കൃഷി 119 ഹെക്ടറിൽ നിലവിലുണ്ടെന്ന് കൃഷിഭവൻ രേഖകളിൽ കാണുന്നു. പ്രതിവർഷം 35000 കിലോഗ്രാം കുരുമുളക് ഉല്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്നു.മലഞ്ചരക്ക് വ്യാപാരവിപണന രംഗത്തു മുന്തിയ സ്ഥാനമുണ്ടായിരുന്ന നെല്ലനാട് പഞ്ചായത്തിൽ കുരുമുളക് വിപണിക്ക് ശക്തമായ ഒരു ഭൂതകാലമുണ്ടായിരുന്നു. ഈ പഞ്ചായത്തിൽ കാണപ്പെടുന്നു കുരുമുളക് വള്ളികൾ കൊറ്റിനാടൻ, കരിമുണ്ട, പന്നിയൂർ, പാലാ, അമ്പിരിയൻ എന്നീ ഇനങ്ങളിൽപ്പെട്ടവയാണ്. നല്ല വെയിൽ ലഭിക്കുന്ന സ്ഥലങ്ങളിൽ പന്നിയൂർ ഇനങ്ങളിൽ നിന്ന് മികച്ച വിളവ് ലഭിക്കുന്നുണ്ട് കൊറ്റിനാടൻ, കരിമുണ്ട എന്നീ ഇനങ്ങൾ ഈ പഞ്ചായത്തിലെ കൃഷിരീതിയ്ക്കും ഭൂപ്രകൃതിയ്ക്കുംഅനുയോജ്യമായവയാണ്.

'ധൃതവാട്ടം' എന്ന രോഗം കുരുമുളക് കൃഷിയുടെ വ്യാപ്തിയെ വളരെയേറെ പരിമിതപ്പെടുത്തിയിട്ടുണ്ട്. രോഗപ്രതിരോധ രീതികൾ കൃഷിക്കാർ അവലംബിച്ച് കാണുന്നില്ല. കഴിഞ്ഞ വർഷങ്ങളിൽ കൃഷിഭവൻ വഴി വിതരണം ചെയ്ത കുരുമുളക് വള്ളികളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.



കൃഷിഭവനിലൂടെ വിതരണം ചെയ്ത കുരുമുളകുതൈകളുടെ കണക്ക്

നമ്മുടെ പഞ്ചായത്തിലെ തെങ്ങുൾപ്പെടെയുള്ള എല്ലാ മരങ്ങളിലും ഓരോ കുരുമുളക് വള്ളിയിടുവാൻ കർഷകരെ പ്രേരിപ്പിക്കുവാനും സൗജന്യനിരക്കിൽ കുരുമുളക് തൈവിതരണം ചെയ്യുവാനും കുരുമുളക് വള്ളിയുടെ ശരിയായ പരിപാലനത്തിനുമായി ഒരു സമഗ്രപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാണ്. ഒരു മരത്തിൽ ഒരു കുരുമുളക് ചെടി എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

കമുക്

പഞ്ചായത്തിലെ വൃക്ഷസമൃദ്ധിയിൽ പ്രമുഖ സ്ഥാനം ഉണ്ടായിരിന്ന കമുകിന്റെ എണ്ണം അടുത്ത കാലത്ത് നാമമാത്രമായി ചുരുങ്ങിപ്പോയി. അടയ്ക്ക ഉല്പാദനം കണക്കാക്കുവാൻ കഴിയാത്തത്ര കറയുകയും ചെയ്തു.

നാടൻ ഇനം കരുമുളകുകളാണ് പഞ്ചായത്തിൽ കാണപ്പെടുന്നത്. ഉല്പാദനക്ഷമതയിൽ ഇവിടുത്തെ അടക്കാമരങ്ങൾ ശരാശരി നിലവാരം പുലർത്തുന്നുണ്ട്. തുടർച്ചയായി വന്ന വരൾച്ചയും മാഹാളി രോഗവുമാണ് കമുകുകളുടെ നാശത്തിന്

ഇടയാക്കിയ സംഗതികൾ. അടക്കാ കൃഷിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ സാദ്ധ്യതകൾ ആരായേണ്ടതാണ്.

തോട്ടുവക്കിലും വയൽവരമ്പുകളിലും നീർച്ചാലുകളുടെ വശങ്ങളിലും നീർവാർച്ചയുള്ള പ്രദേശങ്ങളിലും ജലസംഭരണികളുടെ വശങ്ങളിലും താഴ്വരകളിലും അടയ്ക്കാമരം സമൃദ്ധമായി വളരുന്നതാണ്. തോട്ടുവക്കുകളുടെ കരയിടിച്ചിൽ തടയുവാനും വയൽ വരമ്പുകളുടെ സംരക്ഷണത്തിനും കമുകിന്റെ വേരു പടലത്തിന് കഴിയുമെന്ന വസ്തുത കണക്കിലെടുക്കേണ്ടതാണ്. ആയതിനാൽ പഞ്ചായത്തിന്റെ കൈവശഭൂമികളിലും പൊതുസ്ഥലങ്ങളിൽ ഉൾപ്പെടുന്ന തോടുകളുടെ വശങ്ങളിലും നടവരമ്പുകളിലും കുളങ്ങളുടെ വശങ്ങളിലും കമുക് കൃഷി ചെയ്ത് ആദായമെടുക്കുവാൻ കർഷകരെ അനുവദിക്കാവുന്നതാണ്. തോടുകളിൽ ചേർന്ന്നിലവും പുരയിടവുമുള്ള കർഷകർക്ക് ഇതിനുള്ള അനുവാദം നൽകി ജൈവ സംരക്ഷണയിലൂടെ തോടുകളും വരമ്പുകളും പരിരക്ഷിക്കപ്പെടുവാൻ ശ്രമിക്കാവന്നതാണ്.

പുറുത്തി.

പഞ്ചായത്തിലെ എല്ലാസ്ഥലങ്ങളിലും പുറുത്തിയുണ്ട്. കൃഷിയായി അംഗീകരിച്ച്സംരക്ഷിക്കുന്ന രീതി പൊതുവിൽ കാണപ്പെടുന്നില്ല. അങ്ങിങ്ങായി കൃഷിരൂപത്തിൽ പരിപാലിക്കപ്പെടുന്ന ചെറുപുറുത്തിതോട്ടങ്ങൾ ഉണ്ടുതാനും. മുള്ളില്ലാപുറുത്തി (മൊറിഷ്യസ്) എന്ന ഇനമാണ് ഉദപാദനക്ഷമതയിൽ മുന്നിൽ നില്ക്കുന്നത്. കൂടാതെ മുള്ളൻ പുറുത്തി(ക്യൂൺ), നാടൻ ഇനങ്ങൾ എന്നിവയും പഞ്ചായത്തു പ്രദേശത്തു കണ്ടുവരുന്നു. ഇവയിൽ രുചിയിൽ മുന്നിട്ടുനിൽക്കുന്നത് നാടൻ ഇനങ്ങളാണ്.

പുറുത്തികൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും കാണുവാൻ കഴിയും. മറ്റുകൃഷികൾക്കൊപ്പം ഇടവിളയായി ധാരാളം കൃഷിചെയ്യുവാനുള്ള സൗകര്യവും ഉണ്ട്. ഈ കൃഷിയിൽ നിന്ന് ലഭിക്കുവാനിടയുള്ള ആദായത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പുറുത്തിയ നിസ്സാരമായി കാണുവാൻ കർഷകനെ പ്രേരിപ്പിക്കുന്ന ഘടകം. പുരയിടങ്ങളിലെ അതിരുകളിലും മലഞ്ചരിവുകളിലെ ബണ്ടുകളുടെ ഇരുവശത്തും പുറുത്തി കൃഷി ചെയ്യാവുന്നതാണ്. പുറുത്തിച്ചക്കക്ക് ആവശ്യക്കാർ അധികരിച്ചുകൊണ്ടിരിക്കുന്ന കാലത്ത് കൂടുതൽ അദ്ധ്വാനം ഇല്ലാതെ അധികവരുമാനത്തിനുള്ള സാധ്യത പുറുത്തി കൃഷിയിലൂടെ കൈവരിക്കാവുന്നതാണ്. ആയതിനാൽ പുറുത്തികൃഷിയുടെ ആധുനിക വശങ്ങളും വളപ്രയോഗരീതിയും ഹോർമോൺ പ്രയോഗവും കർഷകരെ പരിശീലിപ്പി ക്കുന്നതിനുള്ള പരിപാടികൾ തയ്യറാക്കേണ്ടതാണ്.

ഇടവിളകൾ

ചേന,ചേമ്പ്, പച്ചക്കറി, ഔഷധ സസ്യങ്ങൾ, കാച്ചിൽ, ചെറുകിഴങ്ങ്, കൂവ, തീറ്റപ്പുൽ, പച്ചമുളക്, മഞ്ഞൾ, ഇഞ്ചി എന്നവ ഏറിയും കുറഞ്ഞും മിക്കവാറും എല്ലാ സ്ഥലങ്ങിലും ഇടവിളയായി കൃഷിചെയ്തുവരുന്നു. ഓരോ കുടുംബത്തിന്റെയും ആവശ്യാനുസരണമാണ് ഈ കൃഷി കണ്ടുവരുന്നത്. വ്യാപാരഅടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർ ചുരുക്കമാണ്. തെങ്ങിൻ പണകളിലും

വൃക്ഷച്ചോലകളിലും കൃഷി ചെയ്യുന്നവയാണ് ഇവയിൽ എല്ലാ ഇനങ്ങളും. ഇടവിള കൃഷി ഊർജ്ജിതപ്പെടുത്തുന്നതിനും മെച്ചപ്പെട്ട വിളവ് ലഭിക്കുന്നതിനുള്ള വളപ്രയോഗ രീതി കുടുംബിനികളായ വനിതകൾക്കും കർഷകർക്കും ബോധ്യപ്പെടുത്തിക്കൊടുക്കുവാനും ഉള്ള സംഘടിത ശ്രമങ്ങൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. വിപുലമായ അടുക്കളത്തോട്ടങ്ങൾ സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാം വച്ചുപിടിപ്പിക്കാനുള്ള സമഗ്ര പദ്ധതിയും നമുക്ക് ആവിഷ്കരിക്കാവുന്നതാണ്. ഒരു വീട്ടിൽ ഒരടുക്കളത്തോട്ടം എന്ന സങ്കല്പം സാക്ഷാത്കരിക്കുവാൻ നമുക്ക് കഴിയട്ടെ

ഫലവൃക്ഷങ്ങൾ

പഞ്ചായത്തിലെ വൃക്ഷസമ്പത്തിൽ എടുത്തു പറയേണ്ടവയാണ് പ്ലാവുകളും മാവുകളും. പാരമ്പരാഗതമായി ഗ്രാമീണരുടെ ഭക്ഷ്യവസ്തുക്കളിൽ ചക്കയ്ക്കും മാങ്ങയ്ക്കും പ്രധാന സ്ഥാനമുണ്ട്. ചക്കപോലെതന്നെ ചക്കയുടെ അരിയും (ചക്കക്കുരു) ചക്കയുടെ പൂഞ്ചും ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കാറുണ്ട്. ധാരാളം ഔഷധമൂല്യം ഉള്ള ചക്കയിൽ ഏറ്റവും പ്രിയപ്പെട്ട ഇനം വരിക്കയാണ്. ഗുണമേന്മയിലും രുചിയിലും മുന്തിനിൽക്കുന്ന വരിക്കച്ചക്ക ഉല്പാദനത്തിലും നമ്മുടെ പ്രദേശം പിന്നിലല്ല. ധാരാളം വരിക്കപ്ലാവുകൾ ഉള്ള ഈ പ്രദേശത്ത് അവയിൽനിന്നും ഒട്ടുതൈ ഉല്പാദിപ്പിച്ചു വിപണനം ചെയ്യുന്നതിനുള്ള സാധ്യതകൾ മുതലെടുക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഓരോവർഷവും ഉല്പാദിപ്പിക്കപ്പെടുന്ന ചക്കക്കുരു ശേഖരിച്ച് സംസ്കരിക്കുന്ന യൂണിറ്റുകളും പഞ്ചായത്തിൽ ഇല്ല. കന്നുകാലികളുടെ ഇഷ്ട ഭക്ഷ്യമാണ് ചക്കയുടെ അവശിഷ്ടങ്ങൾ. ആടുവളർത്തലിനു വളരെ സഹായകരമാണ് പ്ലാവിൻ ചില്ലകൾ. കൂടാതെ കെട്ടിട നിർമാണത്തിനും ഫർണ്ണിച്ചർ നിർമാണത്തിനും ഉപയോഗിക്കപ്പെടുന്ന അമൂല്യവൃക്ഷമാണ് പ്ലാവ്. ഒരു ക്യൂബിക് അടി പ്ലാവിന്റെ തടിക്ക് (ഉരുപ്പടി) 100 രൂപ വരെ മാർക്കറ്റിൽ വിലയുണ്ട്.

മാമ്പഴം ഉല്പാദനത്തിൽ വളരെ ചെറുതല്ലാത്ത പങ്ക് ഈ പ്രദേശത്തിനുണ്ട്. മാമ്പഴകമ്പോളത്തിൽ വൻ ഡിമാൻറുള്ള കോട്ടുകോണം, കപ്പ എന്നീയിനം മാവുകൾ ധാരാളമായി കാണപ്പെടുന്നുണ്ട്. ഇവയിൽ നിന്നും ഒട്ടുതൈകൾ ഉല്പാദിപ്പിച്ചു വിപണനം നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചുകാണുന്നില്ല. അടുക്കളയിൽ ഉപയോഗിക്കുന്നതും അച്ചാറിടാൻ ഉപയോഗിക്കുന്നതുമായ കിളിച്ചുണ്ടൻ, കുന്നിടപുളിച്ചി, താളിമാങ്ങ, നാട്ടുമാങ്ങ തുടങ്ങി അനേകയിനം പഞ്ചായത്തിൽ കാണുന്നുണ്ട്. ഇവയിൽ നിന്നും ഉല്പാദിപ്പിക്കുന്ന പച്ചമാങ്ങ ശേഖരിച്ച് അച്ചാറുണ്ടാക്കി വിപണനം നടത്തുന്ന യൂണിറ്റുകൾ തുടങ്ങുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. അതുപോലെ സുലഭമായി ലഭിക്കുന്ന ചക്കച്ചുള സംസ്കരിക്കുന്ന യൂണിറ്റും വനിതകളുടെ മേൽനോട്ടത്തിൽ ആരംഭിക്കാവുന്നതാണ്.

വെറ്റിലക്കൊടി

നമ്മുടെ പഞ്ചായത്തിലെ ഇരുന്നൂറോളം കർഷകരുടെ ഉപജീവനമാർഗ്ഗമാണ് വെറ്റിലക്കൃഷി. ശാസ്ത്രീയമായ കൃഷി സങ്കേതങ്ങൾ വശമില്ലാത്ത കർഷകർ പരമ്പരാഗതമായ നാടൻ സമ്പ്രദായങ്ങൾ

അനുസരിച്ചാണ് വെറ്റിലക്കൃഷി നടത്തുന്നത്.

മുറിച്ചെടുത്ത വെറ്റിലവള്ളികൾ നട്ടാണ് വെറ്റിലക്കൊടിക്കൃഷി ആരംഭിക്കുന്നത്. ധാരാളം ജൈവവളം ആവശ്യമുള്ള ഈ കൃഷിക്ക് വളരെയേറെ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. കൊടിത്തല വളർന്നുകയറുവാൻ താങ്ങുകളും ആവശ്യമാണ്. കൊടിയെ മൊത്തത്തിൽ താങ്ങിനിറുത്തുവാൻ ഇടയ്ക്കു ബലമുള്ള തൂണുകളും ആവശ്യമുണ്ട്. ഏകദേശം എട്ടുമാസങ്ങൾക്കു ശേഷം വിളവെടുപ്പ് ചെറിയതോതിൽ ആരംഭിക്കുവാൻ കഴിയും. ദിവസവും നനയ്ക്കണ്ട വെറ്റില കൃഷിയിൽ, വ്യാപൃതരായ കർഷകരിൽ അധികം പേരും പമ്പുസെറ്റ് ഇല്ലാത്തവരാണ്. കാക്കുട്ട ഉപയോഗിച്ചാണ് ജലസേചനം നടത്തുന്നത്. ജൈവവളത്തിനു പുറമേ രാസവളപ്രയോഗം കൂടി നടത്തുന്ന കൊടികളിൽ നിന്നു കിട്ടുന്ന വെറ്റില വളരെ വേഗം ഉപയോഗശൂന്യമായി പോകുന്നകതായി അനുഭവസ്ഥർ അഭിപ്രായപ്പെട്ടുകാണുന്നു വെറ്റിലകൃഷിയിൽ

നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നത് ജലസേചനത്തിനാവശ്യമായ അത്യദ്ധ്വാനമാണ്. ജലംസേചനത്തിന് പമ്പ്സെറ്റുണ്ടായാൽ വെറ്റിലകൃഷി ആയാസരഹിതമാകുന്നതാണ്. തദ്ദേശാവശ്യത്തിനുപോലും തികയാത്ത വിധം വെറ്റില കൃഷി ചുരുങ്ങിവരുകയാണ്. വെറ്റിലക്കൊടികൾ വിളവെടുപ്പു തുടങ്ങിയശേഷം രോഗം വന്നു നശിച്ചു പോയതായി ധാരാളം കർഷകർ അഭിപ്രായപ്പെട്ടു കാണുന്നു വൻഅദ്ധ്വാനം പാഴായി പ്പോയവരിൽ അധികം പേരും സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന കർഷകരാണ്.

രോഗപ്രതിരോധ ശേഷികൂടിയ ഇനം കൊടിതൈകൾ കണ്ടെത്തുവാനും അധുനിക കൃഷിരീതികൾ മനസ്സിലാക്കികൊടുക്കുവാനുമുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ അരംഭിക്കേണ്ടതുണ്ട്. നിർദ്ധനരായ കർഷകർക്ക് വെറ്റില കൃഷിക്കാവശ്യമായ സഹായധനം ലഭ്യമാക്കി വിപണിയിൽ ആവശ്യമായ വെറ്റില ഉല്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിച്ച് കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഉദ്യാനകൃഷി

വൻ സാധ്യതകൾ ഉള്ള കൃഷിയാണ് ഉദ്യാനകൃഷി അഥവാ പൂന്തോട്ടകൃഷി. ഉദ്യാനകൃഷിയിൽ വ്യാപൃതരായ കർഷകർ പഞ്ചായത്തിൽ വിരളമാണ്. തൊഴിൽ രഹിതരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിൽ ഉദ്യാനകൃഷിക്ക് പ്രത്യേക പ്രസക്തിയുണ്ട്. ഉദ്യാന കൃഷിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായി കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കാർഷിക പ്രദർശന വിൽപനശാലകളുടെ പ്രത്യേക ആകർഷണം ഉദ്യാനകൃഷിയാണ്. കൂടാതെ തെരഞ്ഞെടു ക്കപ്പെടുന്ന നൂറ് യുവതീ യുവാക്കൾക്ക് വിദഗ്ധ പരിശീലനം നല്കി ഉദ്യാനകൃഷി ആരംഭിക്കുവാൻ ആവശ്യമായ വായ്പ ലഭ്യമാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഓർക്കിഡ് ക്ളബ്ബുകൾ ആന്തൂറിയം ക്ളബ്ബുകൾ, നഴ്സറികൾ എന്നിവ രൂപീകരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജലസേചന സൗകര്യം

പഞ്ചായത്തിലെ നീരുറവകളിൽ

നിന്നാരംഭിക്കുന്ന തോടുകളിൽ ഒന്നൊഴികെ എല്ലാം പ്രധാന തോടുകളിലെത്തിയശേഷം ഒഴുകി വാമനപുരം നദിയിൽ എത്തിച്ചേരുന്നു. ഇതിൽ തോട്ടുമ്പുറം നെല്ലനാട് തോടുമാത്രമാണ് ഈ പഞ്ചായത്തിൽ വച്ചുതന്നെ വാമനപുരം നദിയിൽ ലയിക്കുന്നത്. മറ്റു തോടുകളെല്ലാം ഒഴുകി അയൽ പഞ്ചായത്തുകളിൽ കടന്നശേഷം വാമനപുരം നദിയിൽ ചേരുന്നു. പഞ്ചായത്തിൽ നിന്നു ആരംഭിക്കുന്ന തോടുകൾ മാത്രമാണ് ഇവിടത്തെ ജലസേചനത്തിന് പൂർണ്ണമായും ആശ്രയമാകുന്നത്. വർഷം മുഴുവനും നീരൊഴുക്കുള്ള ഒരു തോടുപോലും പഞ്ചായത്തിൽ ഇല്ല എന്നതും കാർഷികമേഖലയുടെ പ്രതിസന്ധികളിൽ പ്രധാനപ്പെട്ടതാണ്. വേനൽക്കാല കാർഷിക ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന തരത്തിൽ ശേഷിയുള്ള ചിറകളോ കുളങ്ങളോ ജലാശയങ്ങളോ പഞ്ചായത്തിൽ നിലവിലില്ല എന്നതും നിരാശാജനകമായ വസ്തുതയാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ചിറകളുടെയും തോടുകളുടേയും വാർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ്നമ്പറും പേരും	ചിറകളുടെ എണ്ണം	തോടുകളുടെ എണ്ണം
1 മാണിക്കമംഗലം	1	2
2 കാവറ	2	3
3 വലിയകട്ടയ്ക്കാൽ	2	4
4 പരമേശ്വരം	2	5
5 ആലന്തറ	2	5
6 കോട്ടുകുന്നം	3	4
7 നെല്ലനാട്	1	4
8 കീഴായിക്കോണം	3	5
9 മൈലക്കൽ	1	4
10 വെഞ്ഞാറമൂട്	3	3

ഏകദേശം 75 കിലോമീറ്ററോളം ദൂരത്തിൽ പഞ്ചായത്തുപ്രദേശത്തുകൂടി തോട് ഒഴുകുന്നു. പഞ്ചായത്തിലെ എല്ലാ കുളങ്ങളുടെയും ചിറകളുടേയും കൂടി വിസ്തീർണ്ണം ഏകദേശം 1.7 ഹെക്ടർ ആണ്.

കൃഷിയധിഷ്ഠിതമായ പഞ്ചായത്തിന്റെ കാർഷികാവശ്യങ്ങൾ നിർവഹിക്കുവാൻ വേണ്ട ജലം പൂർണ്ണമായും കാലവർഷങ്ങളിൽ നിന്നാണ് ലഭിക്കുന്നത് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ജലസേചനത്തിന് ഉപയുക്തമാകുന്ന തരത്തിൽ വികസിതമായ കുളങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.

ഇക്കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് സർക്കാർ മൈനർ ഇറിഗേഷൻ വകുപ്പിലൂടെ പഞ്ചായത്തിന്റെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാനായി 18.9 ലക്ഷം രൂപ ചെലവിട്ടുകഴിഞ്ഞിരിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണമില്ലായ്മ കൊണ്ട് ആകാം അതിനനുസരിച്ചുള്ള വികാസം. ഈ മേഖലയ്ക്കു ലഭ്യമാവുകയോ വരൾച്ച മാസങ്ങളിൽ നെൽകൃഷിക്കാവശ്യമായ ജലം ലഭ്യമാവുകയോ ചെയ്തിട്ടില്ല.

സമീപകാലത്ത് പഞ്ചായത്തിൽ നടപ്പാക്കൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ ഇവയാണ്

പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടർ	അടങ്കൽ തുക
1. വെട്ടിയോട് ഏലാത്തോട് പുനരുദ്ധാരണം	18	20000
2. നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകളിലെ മുളയം ഏലാത്തോട് പുനരുദ്ധാരണം	60	എസ്റ്റിമേറ്റ് ആയിട്ടില്ല
3. നെല്ലനാട്,പുല്ലമ്പാറ,മാണിക്കൽപഞ്ചായത്തുകളിലെ പൊന്നമ്പിതൈക്കാട് ഏലാതോടുകളുടെ പുനരുദ്ധാരണം.	55	എസ്റ്റിമേറ്റ് ആയിട്ടില്ല

നെല്ലനാട് പഞ്ചായത്തിൽ 1991 മുതൽ പണിപൂർത്തിയായതും പണിനടന്നുകൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങളാണ് താഴെ പട്ടികയിൽ കാണിച്ചരിക്കുന്നത്.

ക്രമ നമ്പർ	പ്രവൃത്തിയുടെപേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടർ
1.	മാണിക്കമംഗലം ഏലാ തോടിന്റെപുനരുദ്ധാരണം	1992	1992	187000	15
2.	ശാസ്താംനട ആലന്തറഏലാ തോടിന്റെ പുനരുദ്ധാരണം	1992	1993	220000	15
3.	പണ്ടാരവിളാകംനട ഉണ്ണാത്തറഏലാതോടിന്റെ പുനരുദ്ധാരണം	1992	1993	215000	13
4.	പറയരുകോണം ചിറയുടേയും തോടിന്റേയും പുനരുദ്ധാരണം	1993	1993	208000	12
5.	വലിയകട്ടയ്ക്കാൽ ഏലാ തോടിന്റെ പുനരുദ്ധാരണം	1993	1994	235000	15
6.	മൂരൂർക്കോണം ഏലാ തോടിന്റെപുനരുദ്ധാരണം	1995	1995	225000	14
7.	കോട്ടറക്കോണം കുളത്തിന്റേയുംതോടിന്റേയും പുനരുദ്ധാരണം	1995	1996	200000	17
8.	കീഴായ്ക്കോണം ഏലാ തോടിന്റെ പുനരുദ്ധാരണം	1993	1994	200000	15
9.	കീഴായ്ക്കോണം ആലന്തറ തോടിന്റെ പുനരുദ്ധാരണം	1996	പണിനടന്നു കൊണ്ടിരിക്കുന്നു.	200000	17
	ആകെ			1890000	133

(കണക്കുകൾക്കവലംബം മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, വെഞ്ഞാറമൂട്)

സർക്കാർ ഈ വകുപ്പിലൂടെ ജലസേചന സൗകര്യവികാസത്തിനായി ഇത്രയധികം ചെലവിടുന്നതായി പഞ്ചായത്തിലെ കർഷകസമൂഹം അറിയുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തുന്നതിലേക്ക് കർഷകരുടെ പരാതികളും നിർദ്ദേശങ്ങളും പരിഗണനയ്ക്കടുക്കുന്ന സംവിധാനങ്ങളില്ല. പദ്ധതി നടത്തിപ്പിനു ശേഷം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പകരം കാർഷിക പ്രശ്നങ്ങൾ രൂക്ഷമാവുന്നു. പദ്ധതി വിഹിതം ചെലവാക്കിതീർക്കുക എന്ന ഏകമുഖ ഉദ്ദേശമായിതീരുന്നു. പലപ്പോഴും ചെറുകിട ജലസേചന സൗകര്യങ്ങളുടെ പുനരുദ്ധാരണ

പദ്ധതികൾ.

പഞ്ചായത്തു പ്രദേശത്തുള്ള കുളങ്ങളും തോടുകളും ബന്ധിപ്പിച്ച് വേനൽക്കാലത്ത് നീരൊഴുക്കു സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. പുഞ്ചകൃഷി ഇല്ലാതായ സാഹചര്യത്തിൽ വേനൽക്കാലങ്ങളിൽ എല്ലാനിലങ്ങളിലും ഹൃസ്വകാലവിളകളായ പയർ, ഉഴുന്നു്, പച്ചക്കറി എന്നിവ നടത്തുന്നതിനായി പെറുതും വലുതുമായ എല്ലാകുളങ്ങളും വികസിപ്പിച്ച് സൗകര്യപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ തോടുകൾ പാടശേഖരങ്ങളേക്കാൾ താഴ്ന്നുപോയിട്ടുള്ളതായും വേനൽക്കാലങ്ങളിൽ പാടശേഖരത്തിലുള്ള അല്പജലവും കൂടി വാർന്നുപോകുവാൻ ഇത് കാരണമാകുന്നതായും മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ. തോടുകളിലൂടെ ഒഴുകിപ്പാഞ്ഞുപോകുന്ന ജലം തടഞ്ഞുനിർത്തി വേനൽക്കാല ഉപയോഗത്തിനു സൂക്ഷിച്ചുവെക്കുവാൻ കഴിയുന്നില്ല എന്നത് ഇക്കാലമത്രയും അവലംബിച്ചുവന്ന പദ്ധതിനടത്തിപ്പിലെ ഭാവനാ ശൂന്യതയായി കണക്കാക്കണം. എല്ലാ തോടുകളിലും നിശ്ചിത ദൂരങ്ങളിൽ ചീർപ്പുകൾ നിർമ്മിക്കുക, വയലേലകളിലേക്കു ജലം തിരിച്ചുകൊണ്ടു പോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന അടിയന്തിര ആവശ്യങ്ങൾക്കായിരിക്കണം ഇനി പ്രാധാന്യം നൽകേണ്ടത്. ജനകീയ പങ്കാളിത്തത്തോടെ ആയിരിക്കണം ഇനി പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടത് കർഷകന്റെ പ്രായോഗികജ്ഞാനം സാങ്കേതിക വിദ്യയിൽ പ്രായോജനപ്പെടുത്തണം. നടപടി ക്രമങ്ങൾ സുതാര്യമാക്കണം.

പാടശേഖരങ്ങളുടെയെല്ലാം തുടക്കത്തിൽ നിലവിലുണ്ടായിരുന്ന തലച്ചിറകളിൽ പലതും നാമാവശേഷമായി. മഴക്കാലത്ത് വെള്ളം ഒലിച്ചിറങ്ങി നിറയുകയും വേനൽക്കാലകൃഷിക്ക് ആവശ്യമായ നനവ് പാടങ്ങളിൽ നിലനിർത്തുവാനും ഈ തലച്ചിറകൾക്കു കഴിഞ്ഞിരുന്നു. മഴക്കാലവെള്ളം ശേഖരിക്കുവാൻ സൗകര്യമുള്ള പുതിയ തലച്ചിറകൾ നിർമ്മിക്കുവാൻ സ്ഥലവും സമ്പത്തും കണ്ടെത്തണം. നെൽകൃഷിയുടെ വികസനത്തിന് ഇത് അടിയന്തിരപ്രാധാന്യമുള്ള സംഗതിയാണ്.

വളപ്രയോഗം

ശാസ്ത്രീയമായ വളപ്രയോഗത്തിന് മണ്ണുപരിശോധന ആവശ്യമാണ്. സൗകര്യങ്ങളുടെ അപര്യാപ്തയും അജ്ഞതയും കാരണം കർഷകർ ഇതിന് മെനക്കെടാറില്ല. കൃഷിഭവനുകളിൽ ലഭ്യമായ പരിമിത സൗകര്യങ്ങൾ കർഷകർ വേണ്ടത്ര പ്രായോജനപ്പെടുത്തുന്നില്ല. മണ്ണുപരിശോധനയുടെ ആവശ്യകത കർഷകരെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതലയും പഞ്ചായത്തിലെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുവാൻ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

ജൈവവളത്തെമാത്രം അവലംബമാക്കി നടത്തിയിരുന്ന കൃഷി രീതികളിൽ നിന്നു മാറി അശാസ്ത്രീയമായ രീതിയിൽ രാസവളം പ്രയോഗിച്ചതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടുകയും വിത്തിനങ്ങളിൽനിന്ന് പ്രതീക്ഷിച്ച വിളവുകിട്ടാതെ കർഷകർ നിരാശരാവുകയും ചെയ്തു. മണ്ണറിഞ്ഞ്വളം ചെയ്യുക എന്ന ചൊല്ലിന്റെ പരമാർത്ഥത്തിലേക്ക് നാം തിരിച്ചെത്തേണ്ടിയിരിക്കുന്നു. ജൈവവളസമ്പത്ത് വിപുലപ്പെടുത്തുന്നതിന് ശീമക്കൊന്നപോലെയുള്ള ചെടികൾ വച്ചുപിടിപ്പിക്കുന്ന പഴയരീതികളും ജൈവ

വേലികളുംഇന്ന് അവലബിച്ചുകാണുന്നില്ല.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതായ ജൈവവളത്തിന്റെ അളവിനെ സംബന്ധിച്ച് കണക്കുകൾ ലഭ്യമല്ല. എങ്കിലും പഞ്ചായത്തിലെ കന്നുകാലിസമ്പത്തിൽ വന്നിട്ടുള്ള കുറവിൽനിന്നും ജൈവവള ഉല്പാദനത്തിന്റെ തോത് അനുദിനം കുറഞ്ഞുവരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ജൈവവള ലഭ്യത ക്കുറവ് അമിത രാസവള പ്രയോഗത്തിലേയ്കു കർഷകരെ നയിക്കുന്നു.

95-96 വർഷത്തിൽ 256 ടൺ രാസവളം ഈ പഞ്ചായത്തിൽ കർഷകർ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ദ്രവരൂപത്തിലുള്ള കീടനാശിനി 38 ലിറ്ററും ഖരരൂപത്തിലുള്ള കീടനാശിനി 23 കി.ഗ്രാം. പഞ്ചായത്തിൽ ഉപയോഗിച്ചിരിന്നതായി കാണുന്നു.

പഞ്ചായത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഉപയോഗിക്കപ്പെട്ട രാസവളം കീടനാശിനി എന്നിവയുടെ അളവുസംബന്ധിച്ച് ചിത്രം താഴെ കൊടുത്തിരിക്കുന്നു.



രാസവള ഉപയോഗം



ദ്രവരൂപത്തിലുള്ള കീടനാശിനികളുടെ ഉപയോഗം



ഖര രൂപത്തിലുള്ള കീടനാശിനികളുടെ ഉപയോഗം

രാസവള കീടനാശിനി ഉപയോഗത്തിന്റെ കണക്കുകളിൽ നിന്നു വ്യക്തമാകുന്ന കാര്യങ്ങൾ ഇവയാണ്.

1. പഞ്ചായത്തിൽ രാസവള ഉപയോഗം കഴിഞ്ഞ മൂന്നു വർഷമായി ഏറെക്കുറെ വ്യത്യാസമില്ലാതെ തുടരുന്നു.
2. കീടനാശിനികളുടെ ഉപയോഗം സാരമായി കുറഞ്ഞിട്ടുണ്ട്.

രാസവള ഉപയോഗത്തിൽ മാറ്റമില്ലാത്ത

അവസ്ഥയ്ക്ക് പ്രധാന കാരണം ഈ വർഷങ്ങളിൽ ഉണ്ടായവിലവർദ്ധനയാണ്. രാസവളത്തിന്റെ അമിത വില പകരം സംവിധാനങ്ങളിലേയ്ക്ക് തിരിയുവാനോ, രാസവളപ്രയോഗം കുറയ്ക്കുവാനോ കർഷകനെ പ്രേരിപ്പിച്ചിട്ടുണ്ട്. ജീവാണുവളം,ജൈവവളം, ജൈവകീടനാശിനികൾ എന്നിവയുടെ പ്രചാരം അടുത്തകാലത്തായി വർദ്ധിച്ചുവരുന്നത് നമുക്ക് അറിയാവുന്നതാണല്ലോ.

കർഷകസംരംഭങ്ങൾ

1. പാടശേഖര സമിതികൾ

നെല്ലനാട് പഞ്ചായത്തിൽ മുരുർക്കോണം, ആലന്തറ,നെല്ലനാട്, കോട്ടറവീട്, എന്നീപാടശേഖരങ്ങൾ കേന്ദ്രീകരിച്ച് നാലു പാടശേഖരനെല്ലുൽപാദന സമിതികൾ നിലവിലുണ്ട്. ഇവയിൽ മുരുർക്കോണം പാടശേഖര നെല്ലുൽപാദനസമിതി വകയായി ട്രാക്ടർ ഉണ്ട്. പാടശേഖര സമിതികൾ നാമമാത്രമായി പ്രർത്തിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. നെല്ലുൽപാദനക്ഷമത വർദ്ധിപ്പിക്കുക, പാടശേഖരങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുകഎന്നിവയിൽ കാര്യമായി ശ്രദ്ധിക്കുവാൻ പാടശേഖര സമിതികൾ ശ്രമിച്ചുകാണുന്നില്ല. കൃഷിഭവന്റെ പരിധിയിൽ വരുന്ന സംസ്ഥാനതല സ്കീമുകൾ കർഷകരിൽ എത്തിക്കുക എന്നനിലയിൽ മാത്രമായി പാടശേഖര സമിതികളുടെ പ്രവർത്തനം ചുരുങ്ങി ചെറുതായിപേപ്പായി എന്നതാണ് പരമാർത്ഥം.

2. കേരവികസനസമിതി

കൃഷിഭവനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ സമിതി വെറും കടലാസുസംഘടനമാത്രമാകുന്നു. സമഗ്രകേരവികസന പരിപാടിയുടെ ഭാഗമായി കേരകർഷകർക്ക് വളം നൽകുക, കേരോൽപന്നവിപണിപുഷ്ടിപ്പെടുത്തുക, സമഗ്രകേരവികസന ലക്ഷ്യം കൈവരിക്കുക എന്നീപ്രവർത്തനങ്ങളൊന്നും കേര വികസന സമിതിയുടെ നേതൃത്വത്തിൽ നടന്നുകാണുന്നില്ല.

3. കുരുമുളകു വികസനസമിതി

ധാരാളം വൃക്ഷസമ്പത്തുള്ള പഞ്ചായത്തിൽ കുരുമുളകുകൃഷി വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കുരുമുളകുവികസന സമിതി രൂപീകരിക്കുവാനുള്ള ശ്രമം ഇതുവരേയും നടന്നിട്ടില്ല.

മേൽപ്പറഞ്ഞവ കൂടാതെ കർഷകരെ പ്രോൽസാഹിപ്പിക്കുന്ന വ്യക്തികളും സംഘടനകളും ധാരാളമുണ്ട്. കാർഷികരംഗത്ത് പുതിയ വിത്തിനങ്ങളും പ്രവണതകളും നെല്ലനാട് പഞ്ചായത്തിൽ കൊണ്ടെത്തിച്ച പരേതനായ ശ്രി. വി.കെ. കോശിയുടെയുംകുടുംബത്തിന്റെയും സംഭാവനകൾ എടുത്തു പറയത്തക്കതാണ്. കർഷകർക്ക് മണ്ണു പരിശോധന യ്ക്കാവശ്യമായസഹായം ചെയ്തുവരുന്ന കീഴായിക്കോണം കലാലയ ഗ്രന്ഥശാലയുടെ പ്രവർത്തനവും അഭിനന്ദനാർഹമാണ്. അടുത്ത കാലത്തായി പ്രവർത്തനം ആരംഭിച്ച സബർമതി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കാർഷിക പ്രചാരണവും, മികച്ച അടുക്കളത്തോട്ടത്തിന് വർഷാവർഷം സമ്മാനങ്ങൾ നൽകുന്ന വലിയകട്ടക്കൽ യുവശക്തി മഹിളാസമാജത്തിന്റെ പ്രവർത്തനവും കാർഷിക ലേഖകൻ ആലന്തറ ബാലചന്ദ്രന്റെ സേവനവും ശ്ലാഘനീയമാണ്.

കാർഷിക ഉപകരണങ്ങൾ

നെൽകൃഷിയോടുള്ള വിമുഖതയ്ക്ക് ഒരു കാരണം കർഷക തൊഴിലാളികളുടെ ലഭ്യതകുറവാണെന്ന് മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ. നിലം യഥാസമയങ്ങളിൽ ഉഴുതുമറിക്കുന്നതിന് ആവശ്യമായ ഉരുക്കളുടെ ക്ഷാമവും ബുദ്ധിമുട്ടുണ്ടാക്കുന്നു. കാർഷികവൃത്തിയിൽ ഉറച്ചുനിൽക്കുവാൻ യുവതലമുറ തയ്യാറല്ല. അഭ്യസ്തവിദ്യർ ചേറിനോട് താൽപര്യം കാണിക്കുന്നില്ല. കർഷകപാരമ്പര്യം അന്തസായി മാറ്റുന്ന കാലഘട്ടംവിദൂരമാണ്. ഈ സാഹചര്യങ്ങൾ വച്ചുനോക്കുമ്പോൾ യന്ത്രവൽക്കരണം മാത്രമാണ്ആശയ്ക്ക് വകനൽകുന്നത്. പാടങ്ങളുടെ വിസ്തൃതിക്കുറവ്, തുണ്ടുതുണ്ടായ കൃഷിസ്ഥലങ്ങൾ എന്നിവ ഇതിനും പ്രശ്നങ്ങളാണ്. എല്ലാകാർഷിക ആവശ്യങ്ങൾക്കും അനായാസം പ്രയോജനപ്പെടുത്താവുന്ന കാർഷികയന്ത്രങ്ങളുടെ അഭാവവും വൈതരണിയാണ്.

ഉഴവിനായി ട്രില്ലർ ഉപയോഗിക്കുന്ന പാടങ്ങൾ പഞ്ചായത്തിൽവിരളമാണ്. മെതിയന്ത്രവും, നടീൽ യന്ത്രവും ഇതുവരെ രംഗത്തെത്തിയിട്ടില്ല. പഞ്ചായത്തു പ്രദേശത്ത് പ്രവർത്തന ക്ഷമമായ സ്പ്രെയറുകളുടെ എണ്ണം നൂറിൽ താഴെയാണ്. പമ്പ്സെറ്റുകൾ വച്ചിട്ടുള്ള പുരയിടങ്ങൾ 100 ഓളം വരും. തെങ്ങ് കയറ്റയന്ത്രം ഈ പഞ്ചായത്തിലില്ല. തെങ്ങുകയറ്റതൊഴിലാളികളുടെ ക്ഷാമം അനുഭവപ്പെടുന്ന ഇക്കാലത്ത് കാര്യക്ഷമതക്കുറവ് കൊണ്ടാകാം തെങ്ങുകയറ്റ യന്ത്രം പ്രചാരത്തിൽ വരാത്തത്.

കൃഷിഭവൻ പ്രവർത്തനം

പഞ്ചായത്ത് ആസ്ഥാനമായ വെഞ്ഞാറമൂട്ടിൽ ആണ് കൃഷിഭവൻ പ്രവർത്തിക്കുന്നത്. കൃഷിഭവൻ പ്രവർത്തനത്തിൽ കർഷകർ തൃപ്തരല്ല എന്നാണ് ഗ്രാമസഭകളിൽ വന്ന അഭിപ്രായങ്ങളിൽനിന്ന് മനസ്സിലാവുന്നത്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതിയോട് മിക്ക കർഷകരും യോജിക്കുന്നില്ല. കൃഷിഭവൻ അന്തേവാസികളായ കുറച്ചാളുകൾ എല്ലാകാർഷിക സഹായപദ്ധതികളും കൈക്കലാക്കുന്നു എന്ന തോന്നൽ കർഷകസമൂഹത്തിനുണ്ട്. അർഹരായ കർഷകരെ കണ്ടെത്തുവാൻ കൃഷിഭവൻ ഉദ്യോഗസ്ഥർ ശ്രമിക്കുകയും കർഷകരിലുള്ള സംശയം ദൂരീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പദ്ധതി ഇനത്തിൽ പഞ്ചായത്തിൽ 1995-96 വർഷത്തിൽ 2,58,600 രൂപ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 5000 രൂപ ധന സഹായമായും രോഗപ്രതിരോധത്തിനായി കേരകർഷകർക്ക് 2,00,000 രൂപ പ്രോത്സാഹനമായും രാസവള സബ്സിഡിയായി 53,600 രൂപ യും വിതരണം ചെയ്തിട്ടുണ്ട്.

നീർമറി പ്രദേശവികസനം

പഞ്ചായത്തിൽ നിരവധി നീർമറി പ്രദേശങ്ങൾ ഉണ്ട്. മലകളും താഴ്വരകളും ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 60 ശതമാനത്തോളം വരും. പഞ്ചായത്തിൽ കോട്ടുകുന്ന്, മല, വെള്ളുത്തപാറക്കുന്ന്, പ്ലാപ്പട്ടിക്കുന്ന്, പഞ്ചുംമൂ

എക്കിപ്പാറമല, നാലേക്കർ ഉണ്ടപ്പാറ ക്കുഴിക്കുന്ന്, തോട്ടുമ്പുറം ഭഗവതികോണം മല, കരിഞ്ചാത്തി. തച്ചരുകുന്ന്, ആനപ്പാറ തുടങ്ങിയ അനേകം കുന്നുകളും മലകളും അവയുടെ താഴ്വരകളിൽ നിന്നും ഉറവായായി തുടങ്ങി കൈത്തോടുകളും തോടുകളുമായി ഒഴുകുന്ന നീരൊഴുക്കുകളും, മലകളുടെ അടിവാരങ്ങളിൽ അവിടവിടെയായി അനേകം നിരുറവകളും ഉണ്ട്. ഈ ഭൂപ്രകൃതിക്കനുസൃതമായ ശാസ്ത്രീയ വികസനത്തിന് നീർതട പ്രദേശവികസന പദ്ധതിയുടെ കിഴിൽ നെല്ലനാട് പഞ്ചായത്തിലെ നെല്ലനാട്, കീഴായിക്കോണം, മൈലയക്കൽ, കോട്ടുകുന്നം, ആലന്തല വാർഡുകൾ പൂർണ്ണമായി ഉൾപ്പെടുത്തേണ്ടതാണ്. നീർതട വികസനത്തിന്റെ ആവശ്യകതയും സാങ്കേതികതയും സാധ്യതയും ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള ശ്രമങ്ങൾ കൃഷി, മണ്ണുസംരക്ഷണം, ജലസേചനം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുകയും വേണം.

പ്രശ്നങ്ങൾ

1. കൃഷിചെലവിനു് ആനുപാതികമായി ഉല്പന്നവില ലഭിക്കുന്നില്ല. കർഷകനു ലഭിക്കേണ്ട ലാഭം ഇടത്തട്ടുകാർ കവർന്നെടുക്കുന്നു.
2. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ഉല്പാദനക്ഷമത കുറയുന്നു.
3. തോടുകളിൽ ആവശ്യാനുസരണം ചീർപ്പുകളില്ല.
4. കൃഷിപ്പണികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ലഭ്യതക്കുറവ്.
5. നിലങ്ങളിലേയ്ക്കു തോട്ടിൽ നിന്നും വെള്ളം തിരിച്ചുവിടുവാൻ സംവിധാനം ഏർപ്പെടുത്താതെ അശാസ്ത്രീയമായ രീതിയിലുള്ള തോടുകളുടെ പുനരുദ്ധാരണം.
6. തോടുകളുടെ പുനരുദ്ധാരണ പണികളുടെ അശാസ്ത്രീയത കാരണം തോടുകളോടു ചേർന്ന് കരയിടിച്ചിൽ രൂക്ഷമായി വിണ്ടും തോടുകൾ നികന്നു പോകുന്നു.
7. ജലസേചനാവശ്യത്തിനു് വൈദ്യുതിയുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നു.
8. കൃഷിക്ക് പ്രയോജനപ്പെടാത്തവിധത്തിൽ തലച്ചിറകൾക്കു വന്ന മാറ്റം.
9. ജലസേചന സൗകര്യത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
10. കാർഷികവികസനത്തിന് വായ്പ നൽകുന്നതിന് ദേശസാൽകൃത ബാങ്കുകളിലും സഹകരണ ബാങ്കുകളിലും നിലവിലുള്ള യുക്തിസഹമല്ലാത്ത മാനദണ്ഡങ്ങൾ.
11. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടേയും വിത്തുകളുടെ ലഭ്യതക്കുറവ്.
12. പുതിയ കാർഷിക സങ്കേതങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനുള്ള സംവിധാനങ്ങളുടെ അഭാവം.
13. മണ്ണുപരിശോധന സൗകര്യങ്ങളുടെ പോരായ്മ.
14. ജൈവവളത്തിന്റെ ലഭ്യതക്കുറവ്.
15. രാസവളത്തിന്റെ അമിതവില.
16. കീടനാശിനികളെ അതിജീവിക്കുന്ന കിടങ്ങൾ.
17. നാളികേരവികസനസമിതി, പാടശേഖരവികസനസമിതി എന്നിവയുടെ പ്രവർത്തനരാഹിത്യം.
18. സന്തുലിതവും വ്യാപകവുമായ കാർഷികവികസനവും ലക്ഷ്യം വയ്ക്കുവാൻ കഴിയാത്തവിധത്തിലുള്ള സഹകരണ മേഖലയിലെ രാഷ്ട്രീയം.

19. സമയം തെറ്റിയുള്ള വായ്പാവിതരണവും വളം വിതരണവും.

20. വർഷകാല..വേനൽക്കാല കൃഷി നാശങ്ങളും ആനുപാതികനഷ്ടപരിഹാരത്തിന്റെ അഭാവവും.

21. യന്ത്രവത്ക്കരണത്തിന്റെ അഭാവും.

22. ഉല്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത.

23. തൊഴിലിനോട് ആഭിമുഖ്യവും പുലർത്താത്ത കർഷകതൊഴിലാളികൾ.

24. കൃഷിഭവന്റെ സേവനരംഗത്തെ പാകപ്പിഴകൾ.

25. റബർ ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യതക്കുറവ്.

26. എലികൾ മുഖേനെയുണ്ടാകുന്ന കൃഷിനാശം.

27. മറ്റുകൃഷികൾക്കായി നികത്തപ്പെട്ട നെൽപ്പാടം.

28. ഭക്ഷ്യവിളകൾ കൃഷി ചെയ്യാവുന്ന സ്ഥലങ്ങളിലേക്കുള്ള റബറിന്റെ വ്യാപനം.

29. താങ്ങുവില പ്രഖ്യാപിക്കുന്ന അവസരങ്ങളിൽ ഉല്പന്ന വില പിടിച്ചു നിറുത്തുവാൻ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണമേഖല താല്പര്യം കാണിക്കുന്നില്ല.

30. കേരകൃഷി അഭിമുഖികരിക്കുന്ന കാറ്റു വീഴ്ചാരോഗം.

31. കാർഷികോല്പന്നങ്ങളായ പച്ചത്തൊണ്ട്, കശുവണ്ടി തുടങ്ങിയ വിപണനത്തിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ.

32. കാർഷികോൽപന്ന സംസ്കരണ സംവിധാനങ്ങളുടെ അഭാവം.

33. റബർ തോട്ടങ്ങളിൽ നിന്നും മറ്റു വൃക്ഷങ്ങളെ കൂടിയൊഴിപ്പിക്കുന്ന റബർ ബോർഡിന്റെ നയം.

34. വാഴകൃഷി നേരിടുന്ന കുറുനാമ്പ് രോഗ ഭീഷണി.

നിർദ്ദേശങ്ങൾ, സാധ്യതകൾ

1. മാങ്കുളം, ഭൂതത്താൻ കടവ് നട, തെങ്ങുവിളാകം, തൈക്കാട്, തൊഴുത്തൂർ എന്നിവിടങ്ങളിൽ ചീർപ്പ് നിർമ്മിക്കുക.

2. നെല്ലനാട് സ്കൂളിനു സമീപം തോട്ടിൽ ചീർപ്പ് നിർമ്മിക്കുക.

3. കുറ്ററതോട്ടിൽ മൂന്നു മുക്കിൽ ചെക്ക് ഡാം കെട്ടുക.

4. പാലത്തറ, മണ്ണാത്തറ, നാട്ടുമാവ്, വെള്ളാഴത്തുനട എന്നിവിടങ്ങളിലെ ചീർപ്പുകൾ ഉപയോഗയോഗ്യമാക്കുക.

5. പാണ്ടിയാൻ ചിറയിൽ ചെക്കുഡാം കെട്ടുക.

6. മൈലയ്ക്കൽ..തൈക്കാട് തോട്ടിൽ 5 ഇടങ്ങളിലെങ്കിലും ചീർപ്പുകൾ സ്ഥാപിക്കുക.

7. ആലന്തറ എലാ തോടിന്റെ തലഭാഗത്ത് ചീർപ്പ് നിർമ്മിക്കുക.

8. കാവറ, കോട്ടറക്കോണം, കൊട്ടാരക്കുളത്തിനു സമീപത്ത് വെഞ്ഞാറമൂട് ചിറത്തയ്ക്കൻ കുളം, പരമേശ്വരം ചിറ, ഇടയാവണത്തു ചിറ, മുക്കുന്നൂർ ചിറ, പറയരുകോണം ചിറ, ചെറുകോട്ടുകോണം ചിറ എന്നിവ വികസിപ്പിച്ച് ജലസേചനത്തിനുപയുക്തമാക്കുക.

9. വാമനപുരം നദിയിൽ കുറവള്ളൂർക്കടവിൽ ചെക്ക്ഡാം കെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം ഏർപ്പെടുത്തുക.

10. കോട്ടുകുന്നം വലിയകുളം തോട് വികസിപ്പിച്ച് ജലസേചന സൗകര്യത്തിനായി ചീർപ്പുകൾ നിർമ്മിക്കുക.

11. നീരുറവയായ കൊച്ചുകുളം പുനരുദ്ധരിക്കുകയും ചെറുകോട്ടുകോണത്തുള്ള നീരുറവ പ്രയോജനപ്പെടുത്തുവാൻ പുതിയ ചിറ നിർമ്മിക്കുകയും ചെയ്യുക.

12. പണിക്കരുകോണം ചിറ, മക്കാംകോണം ചിറ, പൂതക്കുളം ചിറ, കണ്ണൻകോട് ചിറ എന്നിവയിൽ

പമ്പുസെറ്റുകൾ വച്ച് ജലസേചന സൗകര്യമുണ്ടാക്കുക.

13. കുറ്റ്യറയിൽ ഉള്ള 14 സെന്റ് സ്ഥലത്ത് കുളം കുഴിക്കുക.

14. മുളവെട്ടുപറമ്പിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചന സൗകര്യമെത്തിക്കുക.

15. പ്ലാപ്പട്ടിക്കുന്നിനും വെളുത്തപാറക്കുന്നിനും ഇടയിൽ കാണുന്ന നീരുറവ വികസിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചന സൗകര്യം ഉണ്ടാക്കുക.

16. തോട്ടുംമ്പുറം, പഞ്ഞൂർ, പേരേത്തുംകുഴി എന്നിവിടങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി പുതിയ കുളങ്ങൾ കുഴിക്കുക.

17. വാമനപുരം നദീതടപദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും ജലസേചന സൗകര്യം ഉണ്ടാകത്തക്കവിധം കനാൽ നിർമ്മിക്കുക.

18. തോടുകൾ പുനരുദ്ധരിക്കുമ്പോൾ വശങ്ങളിലുള്ള കരഭൂമി ഇടിഞ്ഞുവീഴുവാൻ സാധ്യതയുള്ള ഭാഗങ്ങൾ കരിങ്കൽകെട്ടി ബലപ്പെടുത്തുക. അല്ലാത്ത ഭാഗങ്ങളിൽ കമുക്, കൈത, മുളഎന്നിവ നട്ട് മണ്ണിടിച്ചിൽ ഉണ്ടാകാതിരിക്കുവാൻ അവയെ സംരക്ഷിക്കുക.

19. തോട്ടുവരമ്പുകൾ ബലപ്പെടുത്തുന്നതിന് വശങ്ങളിലുള്ള പൊതുസ്ഥലത്ത് കമുക് നട്ടുവളർത്തി ആദായമെടുക്കുവാൻ കർഷകർക്ക് അനുവാദം നൽകുക.

20. വിള ഇൻഷുറൻസ് തുക സർക്കാർ നൽകുക.

21. വെഞ്ഞാറമൂട് ചന്തയിലെ വേസ്റ്റ് ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

22. നെല്ലനാട് പഞ്ചായത്തിലെ നെല്ലനാട്, കോട്ടുകുന്നം, കീഴായിക്കോണം, മൈലയ്ക്കൽ, ആലന്തറ വാർഡുകൾ പൂർണ്ണമായി നീർതട വികസനപദ്ധതിയുടെ കീഴിൽ കൊണ്ടുവരിക.

23. കൃഷിപ്പണിക്കാവശ്യമായ യന്ത്രസംവിധാനങ്ങൾ വാടകയ്ക്കു നൽകുന്ന ഒരു യൂണിറ്റ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച് യുവാക്കൾക്ക് യന്ത്രം പ്രവർത്തിപ്പിക്കുവാനുള്ള പരിശീലനം നൽകുക.

24.ജലസേചനത്തിന് വൈദ്യുതി പൂണ്ണമായും സൗജന്യമായി നല്കുക.

25. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള പ്രോത്സാഹന തുക 500 രൂപയെങ്കിലും ആയി വർദ്ധിപ്പിക്കുക.

26. സഹകരണ മേഖലയിലെ രാഷ്ട്രീയം ഒഴിവാക്കി കർഷകർക്കെല്ലാം അംഗത്വവും വായ്പാ സൗകര്യങ്ങളും ലഭ്യമാക്കുക.

27. മണ്ണുപരിശോധനയും വളം ശുപാർശയും നടത്തുവാൻ സർക്കാർ സംവിധാനമുണ്ടാക്കി എല്ലാ പുരയിടത്തിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുക.

28. ജൈവവളഡിപ്പോ സഹകരണമേഖലയിൽ ആരംഭിക്കുക.

29. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായങ്ങൾ ഏർപ്പെടുത്തുക.

30. കർഷക ക്ഷേമനിധി ഏർപ്പെടുത്തുക.

31. കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ "കർഷകസംഗമം" സംഘടിപ്പിക്കുക.

32. കാർഷികോല്പന്നങ്ങളെ ചന്തപ്പിരിവിൽ നിന്നും ഒഴിവാക്കുക.

33. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള KSFE യിൽ കാർഷികാവശ്യങ്ങൾക്കുള്ള വായ്പകൾ വിതരണം ചെയ്യുന്ന സംവിധാനം ഉണ്ടാക്കുക.

34. ഇളനീർ വിപണനകേന്ദ്രം തുടങ്ങുക.

35. തെങ്ങിൻ തൈ ഉല്പാദനകേന്ദ്രം തുടങ്ങുക.

36. റബ്ബർ ബഡ്ഡിംഗിലും ടാപ്പിംഗിലും പരിശീലനം നല്കുക.

37. റബ്ബർ ഷീറ്റ് സംസ്കരണ കേന്ദ്രം ആരംഭിക്കുക.

38. വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിദഗ്ധ കർഷകർക്ക് മാതൃകാ തോട്ടം ഉണ്ടാക്കുന്നതിനു പ്രോത്സാഹനം നല്കുക.

39. "ഒരു ലക്ഷം പേർക്ക് തൊഴിൽ" പദ്ധതിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള യുവാക്കൾക്ക് കുറഞ്ഞത് 100 വാഴക്കന്നുകളും അതിനാവശ്യമായ വളവും സൗജന്യനിരക്കിൽ നല്കുക.

40. പച്ചക്കറി ഉല്പാദന യൂണിറ്റുകളും, ഉദ്യാന കൃഷിയൂണിറ്റുകളും വിത്തുല്പാദനയാണിറ്റുകളും സംഘടിപ്പിക്കുക.

41. നാളികേര സംഭരണ-സംസ്കരണ കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുക.

42. പുറുത്തി കൃഷി വികസന പദ്ധതി ആവിഷ്കരിക്കുക.

43. എല്ലാ തെങ്ങിൻതോട്ടങ്ങളിലും പമ്പുസെറ്റുകൾ സ്ഥാപിക്കുവാൻ സഹായധനം നല്കുക.

44. കശുവണ്ടി, പച്ചത്തൊണ്ട് എന്നിവയുടെ വിപണനനിയന്ത്രണം എടുത്തു കളയുക.

45. കാർഷികോല്പാദന വിപണിയിൽ നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുക.

46. ജലസേചന പദ്ധതികളിൽ നിന്നു കരാറുകാരെ ഒഴിവാക്കി കർഷകപങ്കാളിത്തത്തോടുകൂടി ജനകീയ കമ്മിറ്റികൾ മുഖാന്തിരം പണികൾ നടത്തുക. പണിസംബന്ധമായ വരവുചെലവു കണക്കുകൾ ഗ്രാമസഭകളിൽ വച്ചുപാസാക്കുക.

47. ജൈവകീടനാശിനി നിർമ്മാണ കേന്ദ്രം തുടങ്ങുക.

48. വായ്പാ-വളം വിതരണം യഥാസമയങ്ങളിൽ ലഭ്യമാക്കുക.

49. താങ്ങുവില പ്രഖ്യാപിക്കുമ്പോൾ ഉല്പന്നങ്ങൾ സംഭരിക്കുവാനുള്ള സംവിധാനം സഹകരണമേഖലയിൽ ഉണ്ടാക്കുക.

50. എലികളെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള സമഗ്രപദ്ധതി ആവിഷ്കരിക്കുക.

51. നെൽപ്പാടങ്ങൾ നികത്തുന്നത് തടയുവാനുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക.

52. ഭക്ഷ്യവിളകൾക്കനുയോജ്യമായ ഭൂമിയിൽ റബ്ബർ കൃഷി ചെയ്യുന്നത് നിരോധിക്കുക. പഞ്ചായത്തിൽ റബ്ബർ കൃഷി ചെയ്യാവുന്ന പുരയിടങ്ങൾ ഏതൊക്കെ സർവ്വെനമ്പരുകൾ ആണെന്ന് പ്രസിദ്ധപ്പെടുത്തുക.

53. റബ്ബർ തോട്ടങ്ങളിൽ വൃക്ഷവിളകളെ അനുവദിക്കത്തക്ക വിധത്തിൽ റബ്ബർ ബോർഡിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക.

54. നേന്ത്രക്കായ സംസ്കരണത്തിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

55. വാഴയുടെ കുറുനാമ്പു രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് വാഴവെട്ട് പദ്ധതി സംസ്ഥാനതലത്തിൽ ആരംഭിക്കുവാൻ ശുപാർശചെയ്യുക.

56. വരിക്കപ്ലാവുകളും കോട്ടുക്കോണം..കപ്പ മാവകളുംഉള്ള കർഷകർക്ക് ഒട്ടുതൈ ഉല്പാദിപ്പിക്കുവാനുള്ള പരിശീലനം നല്കുക. അങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന തൈകൾ ശേഖരിച്ച് സൗജന്യ നിരക്കിൽ വിപണനം ചെയ്യുക.

57. ചക്കച്ചുള, മാങ്ങ എന്നിവയുടെ സംസ്കരണയൂണിറ്റുകൾ ആരംഭിക്കുക.

58. ചക്കക്കുരു സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

59. ചക്കപ്പഴത്തിൽ നിന്നും മാമ്പഴത്തിൽ നിന്നും ജാമുൽപ്പാദിപ്പിക്കാനുള്ള യൂണിറ്റ് ആരംഭിക്കുക.

മൃഗസംരക്ഷണം



ജനകീയ ആസൂത്രണം ഒൻപതാം പഞ്ചവത്സര പദ്ധതിക്കു പുതിയ രൂപം നൽകുന്ന ഈ അവസരത്തിൽ നെല്ലനാട് ഗ്രമപഞ്ചാത്തിലെ മൃഗസംരക്ഷണ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പുനരവലോകനം ആവശ്യമായി വന്നിരിക്കുകയാണ്. ഈ പഞ്ചായത്തിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും, അതിന്റെ ആവശ്യകതയും അതിലേക്കുള്ള മാർഗ നിർദേശങ്ങളും ആണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ ഭൂപ്രകൃതിയും കർഷകരേയും വ്യാപാരികളെയും ആകർഷിപ്പിക്കത്തക്കവണ്ണംയയും, പ്രത്യേകതയും മൃഗസംരക്ഷണ മേഖലയുടെ വികാസത്തിനും ഉല്പാദന വർദ്ധനവിനും വളരെ അനുകൂലമാണ്. പഞ്ചായത്തിലെ 8110 കുടുംബങ്ങളിൽ പകുതിയിലേറെ വീടികളിലും കന്നുകാലി വളർത്തൽ ജീവിത മാർഗമായി സ്വീകരിച്ചിരിക്കുന്നു. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷം കർഷക തൊഴിലാളികളും ചെറുകിട കർഷകരുമാണ്. മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതൊരു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമകക്കുഏം എന്നതിൽ സംശയമരല്ല. നെല്ലനാട് പഞ്ചായത്തിലെ തൊഴിൽരംഗം അഭിവൃദ്ധിപ്പെടുന്നതിനും തൊഴിൽ ലഭ്യതക്കും മൃഗസംരക്ഷണ മേഖലക്ക് ഊന്നൽ നൽകേണ്ടതു കൊണ്ടാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

ആകെ 3111 പശുക്കളും 2630 ആടുകളും 6302 കോഴികളും 2089 പട്ടികളും 437 താറാവുകളും 112 എരുമകളും ആണ് ഈ പഞ്ചായത്തിലെ ജന്തുസമ്പത്ത്. ഒരു മൃഗാശുപത്രിയുണ്ട്. പ്രതിദിനം നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ശരാശരി 5000 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. പാൽ കർഷകരിൽനിന്ന് ശേഖരിക്കുന്നതിനുവേണ്ടി പ്രധാനമായും 5 മിൽക്ക് സൊസൈറ്റികൾ ഈപഞ്ചായിത്തിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല കാലാവസ്തയും ജലശ്രോതസ്സുകളും നിറഞ്ഞ ഭൂമിയും അനുഭവസമ്പത്തും, കഠിനാധ്വാനികളുമായ കർഷകരും ഉള്ള ഈ പഞ്ചായത്തിൽ കന്നുകാലി വളർത്തലിനും ആടുവളർത്തലിനും പന്നിവളർത്തലിനും, ഇറച്ചിക്കോഴി

വളർത്തുന്നതിനും വളരെ കൂടുതൽ സൗകര്യങ്ങളുണ്ട്.

സർക്കാർ തലത്തിൽ ഇന്ന് നിലവിലുള്ള പദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും

1. പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി

സങ്കര വർഗ്ഗ പശുക്കുട്ടികളുള്ള താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി ഇനത്തിൽ കാലിതീറ്റ മിൽക്ക് സൊസൈറ്റികളിലൂടെ വിതരണം ചെയ്യുന്നുണ്ട്. തീറ്റയുടെ പോരായ്മകൊണ്ട് വളർച്ച മുരടിച്ച് പ്രജനനം അസാധ്യമാകുകയോ പ്രായപൂർത്തിയാകാൻ കാല വിളംബം ഉണ്ടാവുകയോ ചെയ്യുന്ന പ്രക്രിയ അവസാനിപ്പിച്ച് നല്ല ആരോഗ്യമുള്ള 18 മാസംകൊണ്ട് ഗർഭധാരണം സംഭവിക്കുന്ന ഉത്തമ ഉരുക്കളെ വാർത്തെടുക്കുകയാണ് ലക്ഷ്യം. 18-22 മാസത്തിനകം ഗർഭധാരണം നടന്നിരിക്കുകയും 30 മാസത്തിനകം ആദ്യ പ്രസവം നടന്നിരിക്കുകയും തുടർന്ന് പ്രസവത്തിന്റെ ഇടവേള 1 വർഷമാക്കി ചുരുക്കുകയും ചെയ്യുന്നതിനുള്ള സമീകൃതാഹാരം പകുതി വിലയ്ക്ക് നൽകി സംരക്ഷിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ വളരെ കുറച്ച് കർഷകർക്ക് റേഷൻ കാർഡിലെ വരുമാനം അനുസരിച്ച് മാത്രമേ കിട്ടുന്നുള്ളൂ. ഈ പ്രദേശത്ത് കന്നുക്കുട്ടികളുള്ള എല്ലാ ആൾക്കാർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്യുന്നതുവഴി കർഷകർക്ക് കാലിവളർത്തലിൽ പ്രത്യേക താൽപര്യവും അതുവഴി ദേശത്തിന് ഗുണവും വന്നുചേരുന്നു. ഈ സ്കീമിൽ പെടുന്ന ഉരുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷയും ഉറപ്പുവരുത്തിയിരുന്നു.

2. പേവിഷ നിയന്ത്രണ പദ്ധതി

ഇപ്പോൾ എല്ല പഞ്ചായത്തുകളിലും മൃഗാശുപത്രി വഴി നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധയ്ക്ക് എതിരെ കുത്തിവയ്പ് നടത്തുന്നുണ്ട്. ആവശ്യാനുസരണം സമയത്ത് വാക്സിൻ കിട്ടാറില്ല. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുറുക്കൻ, പൂച്ച, നായ്ക്കൾ എന്നിവകളെ കണ്ടെത്തി നശിപ്പിക്കണം. വളർത്തുനായ്കും, പൂച്ചക്കും സൗജന്യമായി വാക്സിൻ കുത്തിവയ്ച്ച് ലൈസൻസ് ഏർപ്പെടുത്തണം. സന്നദ്ധ സംഘടനകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ പേവിമുക്ത മേഖലയാക്കി പഞ്ചായത്തിനെ മാറ്റാവുന്നതാണ്.

3. കാലിരോഗ നിയന്ത്രണ പദ്ധതി

കുളമ്പുരോഗം, അടപ്പൻ, കാലിവസന്ത, തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പിനുള്ള സംവിധാനമുണ്ട്. ഇതിനായി പ്രത്യേകം യൂണിറ്റുകളുമുണ്ട്. മൃഗാശുപത്രി വഴി ആവശ്യാനുസരണം എല്ലായിടത്തും കുത്തിവയ്പ് നടത്തുവാൻ കഴിയുന്നില്ല.

4. സമീകൃതാഹാര നിർമ്മാണം

ജില്ലാ അടിസ്ഥാനത്തിൽ ചില ഫാമുകളോട് ചേർന്ന് ഇത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് പോലും തികയുന്നില്ല. ഓരോ പഞ്ചായത്ത് മേഖലകളിലും ഇത് ആവാമെന്നുള്ളതേയുള്ളൂ. പ്രാദേശികമായി ലഭിക്കുന്ന തീറ്റകൾ ചേർത്ത് മിശ്രിതം നിർമ്മിച്ച് വളരെ വിലകുറച്ച് കർഷകർക്ക് നൽകാവുന്നതാണ്.

5. വികസനവും, പരിശീലനവും, വിജ്ഞാനവ്യാപനവും.

ഇപ്പോൾ കുടപ്പനക്കുന്ന്, ആലുവ, മുണ്ടയാട് എന്നീ സ്ഥലങ്ങളിൽ കർഷകപരിശീലന കേന്ദ്രങ്ങൾ ഉണ്ട്. ഇത് ഓരോ താലൂക്കിലും ഉണ്ടാകുന്നത് നല്ലതാണ്. ശാസ്ത്രിയ മുറകൾ അപ്പപ്പോൾ കർഷകർക്ക് നൽകാൻ ഇതുകൊണ്ട് കഴിയും.

6. ഇറച്ചികോഴി വളർത്തൽ

കുറെയധികം പേർക്ക് ഈ പദ്ധതികൊണ്ട്

സഹായം ലഭ്യമാക്കിയിട്ടുണ്ട്. താലൂക്കുകളിൽ സഹകരണ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനോ ക്രോഡീകരിക്കാനോ കഴിഞ്ഞിട്ടില്ല. ആവശ്യാനുസരണം കോഴിക്കുഞ്ഞുങ്ങളേയും തീറ്റ മിശ്രിതങ്ങളും കർഷകർക്ക് നൽകാൻ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വിപണനത്തിന് ബുദ്ധിമുട്ടും അനുഭവപ്പെടുന്നുണ്ട്. കർഷകർ അമിത വിലയ്ക്ക് കുഞ്ഞുങ്ങളും തീറ്റയും വാങ്ങി തുച്ഛമായ വിലക്ക് വിൽക്കേണ്ടി വരുന്നു. ബാങ്ക് വായ്പയും, വൈദ്യുതിയും യഥാവിധി സൗജന്യങ്ങളോടെ ഏർപ്പെടുത്തി ഈ മേഖല വളരെയധികം സമ്പുഷ്ടമാക്കാം. സ്ത്രീകൾക്ക് വലിയൊരു തൊഴിൽ സാധ്യതയും സാമ്പത്തികനേട്ടവും ഉണ്ടാകാവുന്നതുമാണ്.

7. വീട്ടുവളപ്പിലെ കോഴിവളർത്തൽ

ജില്ലാ അധികൃതർ തിരഞ്ഞെടുത്ത ചില ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നുണ്ട്. സൗജന്യ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തുന്നുണ്ട്. മൂന്നിൽ ഒന്ന് എന്ന നിരക്കിൽ പട്ടികജാതിക്കാർക്ക് സൗജന്യമായും ബാക്കിയുള്ളവർക്ക് പകുതി വിലക്കും എം.എൽ.ഡി.പി. സ്കീമിൽ പെടുത്തി കഴിഞ്ഞവർഷം 1000 കോഴികുഞ്ഞുങ്ങളെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ വിതരണം നടത്തി. പക്ഷേ ആവശ്യാനുസരണം ഗുണമേൻവയുള്ള കോഴി കുഞ്ഞുങ്ങളെ വിതരണം നടത്തുന്നതുവഴി ഗുണമേൻമ കുറയുന്നു.

8. ചികിത്സാ സൗകര്യങ്ങൾ

എല്ലാ പഞ്ചായത്തിലും മൃഗാശുപത്രികൾ ഉണ്ട്. ഇവിടെ ബ്ലോക്ക് ഓഫീസിനോട് ചേർന്ന് 1964 മുതൽ പ്രവർത്തിക്കുന്നു. പലപ്പോഴും ആവശ്യത്തിന് മരുന്ന് കിട്ടാറില്ല. പഴക്കംകൊണ്ട് ഈ ആശുപത്രി കെട്ടിടം അപകടത്തിലാണ്. ചുറ്റുമതിൽ ഇല്ല. ടെലിഫോൺ, വാഹനം ഫർണിച്ചർ, ക്ലിനിക്കൽ ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ ആവശ്യത്തിന് ജീവനക്കാർഎന്നിവയില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആശുപത്രിയായി ഇതിനെ മാറ്റാം.

9. സ്വകാര്യ മേഖലകളിൽ ഹാക്ചറിയും കന്നുകാലി വളർത്തലും.

ഓരോ പഞ്ചായത്തിലും ഹാക്ചറികൾ വരണം. ഇതിന് സ്വീകാര്യ വ്യക്തികളേയും പ്രോത്സാഹിപ്പിക്കണം. കാലിവളർത്തലിന് ഇപ്പോഴത്തെ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തണം. യൂണിറ്റ് പ്രൈസ് 7500/- രൂപയിൽ നിന്ന് 12500/- രൂപയാക്കി ഉയർത്തി മിനി ഡയറിയുണിറ്റുകൾ സംഘടിപ്പിക്കണം. കാലിത്തീറ്റയും മൃഗസംരക്ഷണ ത്തിനാവശ്യമായ മരുന്നുകളും തുച്ഛമായ വിലയ്ക്ക് യഥാസമയം നൽകാൻ സംവിധാനം ഉണ്ടാകണം.

സംക്ഷിപ്തം

മറ്റ് കൃഷിമേഖലകളിലുള്ള ആനുകൂല്യങ്ങൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണ മേഖലയിൽ കർഷകർ ഉചിതമായ സഹായം ഇതുവരെ കൂട്ടിയിട്ടില്ല. എന്തൊക്കെ പദ്ധതികൾ എവിടെയൊക്കെ നടപ്പിലാക്കിയാലും കർഷകന് ന്യായമായ വിലക്ക് കാലിത്തീറ്റ, പച്ചപുൽ, കച്ചി, കോഴിതീറ്റ മുതലായവ ലഭ്യമാക്കാൻ കഴിയാത്തിടത്തോളംകാലം കർഷകർ ഈരംഗത്ത് ഉറച്ചുനിൽക്കാൻ മടിക്കും. നവാഗതർ ഇല്ലാതാകും. ആയതിനാൽ ഈ മേഖലയുടെ ഉന്നമനത്തിന് വേണ്ടി കാലിത്തീറ്റയും കോഴിതീറ്റയും സൗജന്യ നിരക്കിൽ വിതരണം ചെയ്യണം. ബാങ്കിംഗ് സംവിധാനത്തിലെ അപാകതകൾ മാറ്റണം. യൂണിറ്റ്പ്രസ് പശുവിന് 12500/- രൂപയും, ആടിന് 3500/- രൂപയും എന്ന നിരക്കിലാക്കണം. സൗജന്യ വൈദ്യുതി, മരുന്ന്, വാക്സിൻ, ഇൻഷുറൻസ്, പരിരക്ഷ (കന്നുകാലികൾക്കും കർഷകനും) എന്നിവ ലഭ്യമാക്കണം. സന്നദ്ധ സംഘടനകളുടെയും വികസനസമിതികളുടേയും കൂട്ടായ്മയും മിൽക്ക് സൊസൈറ്റികളുടെ ഏകോപനവും സഹകരണവും

അത്യാവശ്യമാണ്. അകിടുവീക്കം, ധാതുലവണങ്ങളുടെ കുറവ്മൂലം ഉണ്ടാകുന്ന രോഗങ്ങൾ എന്നിവക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാക്കണം. ദേശീയ കാർഷിക വരുമാനത്തിലും, പോഷകാഹാര ശ്രോതസ്സിലും മുതൽകൂട്ടുന്ന മൃഗസംരക്ഷണ മേഖലയെ പരിപോഷിപ്പിക്കേണ്ടത് സമ്മുടെ നിലനിൽപ്പിന് അത്യാവശ്യമാണ്.

വാർഡുതല നിർദ്ദേശങ്ങൾ

1. മാണിക്കമംഗലം

ക്ഷീരോല്പാദക സഹകരണസംഘം തുടങ്ങണം.

11. കാവാറ

ഇറച്ചിക്കോഴി വളർത്തൽ 5 യൂണിറ്റ് ആരംഭിക്കണം. വനിതാസംരംഭകരെ ഈ മേഖലയിൽ കണ്ടെത്തി വേണ്ടത്ര സാമ്പത്തിക സാഹായവും സാങ്കേതിക ഉപദേശങ്ങളും നൽകിയാൽ ഈ മേഖല സമ്പുഷ്ടമാക്കാം.

111. വലിയകട്ടക്കാൽ

ക്ഷീരോൽപാദക സഹകരണസംഘമോ, സമീപ വാർഡിലെ സംഘത്തിന്റെ സംഭരണകേന്ദ്രമോ തുടങ്ങണം.

1V പരമേശ്വരം

ബീജസംങ്കലന ഉപകേന്ദ്രം ആരംഭിക്കണം. 10 കുടുബങ്ങളെ കണ്ടെത്തി പന്നിവളർത്തലിന് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകി പരിപോഷിപ്പിക്കണം. 25 കുടുംബങ്ങളെ കണ്ടെത്തി സാമ്പത്തിക സാഹായം നൽകി മിനി ഡയറി യൂണിറ്റ് ആരംഭിക്കണം.

V. ആലന്തറ

100 കുടുംബങ്ങളെ കണ്ടെത്തി പശുവളർത്തലിൽ സാമ്പത്തിക സാഹായം നൽകി പരിപോഷിപ്പിക്കാം.

VI. കോട്ടുകുന്നം

സബ്സിഡിയോട് കൂടി പന്നിവളർത്തൽ പദ്ധതി കുറഞ്ഞത് 25 കുടുംബങ്ങളെയെങ്കിലും തെരഞ്ഞെടുത്ത് നടപ്പാക്കണം. ആട്വളർത്തൽ കുറഞ്ഞത് 200 കുടുംബങ്ങളെയെങ്കിലും കണ്ടെത്തി ഓരോ കുടുംബത്തിനും 2 കുട്ടികൾവീതമുള്ള 2 ആടുകൾവീതം പകുതി വിലക്ക് കൊടുക്കണം.

VII. നെല്ലനാട്

ബീജസങ്കലന ഉപകേന്ദ്രം വേണം. ഈ വാർഡിന്റെ മൊത്തം വിസ്തീർണ്ണം കണക്കിലെടുക്കുമ്പോൾ കുറ്ററ, അമ്പലമുക്ക് കൈതറക്കുഴി എന്നീ പ്രദേശങ്ങളിലെ കർഷകർക്ക് പാൽ വിപണനത്തിന് പ്രശ്നങ്ങൾ നേരിടുന്നു. അതിനാൽ നെല്ലനാട് ക്ഷീരോല്പാദന സഹകരണ സംഘവുമായി ബന്ധപ്പെട്ട ഈ പ്രദേശങ്ങളിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങണം. കൈതറക്കുഴി, ഉടയൻ പാറ, വണ്ടിപ്പുരമുക്ക്, എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വേനൽക്കാല ജലദൗർലഭ്യം പരിഹരിക്കുന്നതിന് വാട്ടർ സപ്ലൈ സ്കീം ഏർപ്പെടുത്തേണ്ടതാണ്.

VIII കീഴായിക്കോണം

കരിഞ്ചാത്തി, വെളുത്തുപാറ കാന്തലംകോണം തോട്ടുംപുറം, പഞ്ഞിയൂർ, മുളവെട്ടു പറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ പാൽ വിതരണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വാർഡ് കേന്ദ്രീകരിച്ച് ഒരു ക്ഷീരോല്പാദക സഹകരണസംഘം തുടങ്ങേണ്ടതാണ്. മേച്ചിൽ സ്ഥലങ്ങൾ ധാരാളം ഉള്ളതിനാൽ പദ്ധതി തയ്യാറാക്കുമ്പോൾ ആട് വളർത്തലിന് പ്രാമുഘ്യം നൽകണം. ഈ വാർഡിലെ ദുർബല വിഭാഗത്തിൽപ്പെട്ട 300 കുടുംബങ്ങളെ കണ്ടെത്തി ഓരോ കുടുംബത്തിനും രണ്ട് കുട്ടികൾ വീതമുള്ള രണ്ട് ആടുകളെ വീതം പകുതി വിലയ്ക്ക് നൽകണം.

IX മൈലക്കൽ

ഈ വാർഡിലെ 250 ഓളം കുടുംബങ്ങളിൽ പശുവളർത്തുന്നതിന് സാമ്പത്തിക സഹായം നൽകി പരിപോഷിപ്പിക്കണം. ആട് വളർത്തലിൽ 150 കുടുംബങ്ങളെകണ്ടെത്തി 2 കുട്ടികൾ അടങ്ങിയ 2 ആടുകൾ പകുതി വിലയ്ക്ക് നൽകി സഹായിക്കണം.

x. വെഞ്ഞാറമൂട്.

ഇറച്ചിക്കോഴിവളർത്തലിൽ 10 കുടുംബങ്ങളെ കണ്ടെത്തി 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ ബാങ്കിംഗ് സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സംഘടിപ്പിക്കണം. യൂണിറ്റ് പ്രൈസായ 12500 രൂപ, 25000 രൂപയായി ഉയർത്തണമെന്നും, കോഴികുഞ്ഞുങ്ങൾ, വൈദ്യുതി, തീറ്റ, രോഗചികിത്സക്കാവശ്യമായ മരുന്നുകൾ എന്നിവ സൗജന്യനിരക്കിൽ, നൽകിയും, ഇറച്ചി യഥാസമയം വിപണനം നടത്തുന്നതിന് പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിച്ചും പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തുതല നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ;. പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് തീറ്റയുൽപാദിപ്പിക്കാൻ കഴിയും. പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ചു വേണമെങ്കിലും ഈ പഞ്ചായത്ത് പ്രദേശത്തേയ്ക്ക് ആവശ്യമായ തീറ്റമിശ്രിതം നിർമ്മിച്ചു സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം നടത്താൻ കഴിയും. ഇത് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു ആശ്വാസമായിരിക്കും. മാത്രമല്ല, ഉൽപ്പാദന ചെലവ് വളരെ കുറഞ്ഞരിക്കുകയും ചെയ്യും. പാൽ വില ഗണ്യമായി ഉയർത്തേണ്ട ആവശ്യവും വരുകയും ചെയ്യില്ല.

2. പുറമ്പോക്ക് പ്രദേശത്തും, തരിശു പ്രദേശത്തും, സ്വകാര്യഭൂമികളിലും തീറ്റപുൽകൃഷി വ്യാപക മാക്കണം.. ഇതിനാവശ്യമായ പുൽവിത്തും, രാസവളവും സൗജന്യമായി നൽകണം.

3. അധികം വരുന്ന പുല്ല് സൈലേജാക്കി ക്ഷാമകാലത്ത് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാക്കണം.

4. ഉൽപാദന കാലത്ത് അധികം വരുന്ന പാൽ കേട് കൂടാതെ സുക്ഷിച്ചു ക്ഷാമകാലത്ത് ഉപയോഗിക്കാൻ വേണ്ടി ഒരു ചില്ലിംഗ് പ്ലാൻറ് സ്ഥാപിക്കണം.

5. പാൽ വിപണനം സുഗമമാക്കാൻ മിൽക്സൊസൈറ്റികളുടെ പ്രവർത്തനരീതിയും ഘടനയും ഏകോപിപ്പിക്കണം.

6. കാലിവളർത്തലിൽ തൽപരരായ കർഷകരെ കണ്ടെത്തി ബാങ്കിംഗ് സ്ഥാപനങ്ങളുടെ സഹായത്തോടെ പശുവിൻെറ യൂണിറ്റ്പ്രൈസ് 12,500 രൂപയാക്കി കണക്കാക്കി ഈ പഞ്ചായത്തിലെ കുറഞ്ഞത് 1500 കുടുംബങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തണം.

7. മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം. ആശുപത്രികെട്ടിടത്തിൻെറ ശോച്യാവസ്ഥ പരിഹരിക്കണം. ഓപ്പറേഷൻ തിയേറ്റർ, ക്ലിനിക്കൽ ലബോറട്ടറി, ടെലഫോൺ, വാഹനം, ചുറ്റുമതിൽ, ആവശ്യത്തിന് ജീവനക്കാർ , 24 മണിക്കൂറും സേവനം, ക്വാർട്ടേഴ്സ് എന്നിവ ലഭ്യമാക്കണം.

8. പഞ്ചായത്ത് തലത്തിൽ മൃഗങ്ങൾക്കും മൃഗങ്ങളുടെ ഉടമകൾക്കും സൗജന്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തണം.

9. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ 500 പശുക്കൾക്ക് ഒന്ന് എന്നതോതിൽ പുന:രാസൂത്രണം ചെയ്ത് മൃഗാശുപത്രിയുടെ

അധികാരപരിധിയ്ക്കുള്ളിൽ കൊണ്ട് വരുന്നത് നന്നായിരിക്കും. പ്രതിരോധ കുത്തിവയ്പുകളും പ്രാഥമിക രോഗനിർണ്ണയങ്ങളും ഈ സെന്ററുകൾ മുഖേനയാക്കി ശാസ്ത്രീയമായി ഉപയുക്തമാക്കാൻ കഴിയും. ഭ്രൂണമാറ്റം പോലുള്ള നൂതനസാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ മുൻകൈ എടുക്കേണ്ടതാണ്.

10. ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും, ബീഫ് പായ്ക്കറ്റുകൾ ലഭ്യമാക്കുകയും വേണം. പരസ്യമായി കശാപ്പുചെയ്യുന്നത് തടയുകയും മാംസപരിശോധന നിർബന്ധമാക്കുകയും വേണം. ശുദ്ധമായ മാംസം വിതരണം നടത്താൻ ക്രമീകരണം ഉണ്ടാകണം.

11. മൃഗസംരക്ഷണമേഖലയൽ വിവിധ ഏജൻസികൾ പ്രവർത്തനങ്ങൾ നടത്തുന്നത് ഏകോപിപ്പിച്ചു മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാകണം.

12.ചികിത്സാരംഗം രജിസ്ട്രേഷൻ ഉള്ളവർക്കു മാത്രമായി പ്രാബല്യത്തിൽ വരുത്തണം. ഇത് പരിശോധിക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം. യാതൊരു യോഗ്യതയും ഇല്ലാത്തവർ മാരകമരുന്നുകൾ കൊണ്ട് വ്യാജചികിത്സ നടത്തുന്നുണ്ട്. ഇത് അവസാനിപ്പിച്ചു കർഷകരെ സംരക്ഷിക്കണം.

13. വനിതാസംഘങ്ങൾ മഹിളാസമാജങ്ങൾ എന്നിവ വഴി മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ കൂടുതൽ ശ്രമിക്കണം. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയും വരുമാനവും സമൂഹത്തിൽ മാന്യമായ സ്ഥാനവും ഇതുമൂലം ഉണ്ടാക്കാൻ കഴിയും.

14. പേ വിഷനിർമ്മാർജ്ജനപദ്ധതികൾ വ്യാപകമാക്കണം. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന കുറുക്കൻ, പട്ടി, പൂച്ച എന്നിവകളെ തെരഞ്ഞുപിടിച്ചു നശിപ്പിക്കണം. വളർത്തു നായ്ക്കൾക്കും പൂച്ചകൾക്കും സൗജന്യമായി വാക്സിൻ കുത്തിവക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യണം.

16. പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി സാമ്പത്തിക പരിഗണനകൂടാതെ എല്ലാവിഭാഗം ജനങ്ങൾക്കും ബാധകമാക്കണം.

17. കന്നുകാലികളെ പ്രതിരോധകുത്തിവയ്പുകൾക്ക് വിധേയമാക്കുവാൻ പഞ്ചായത്തു തലത്തിൽ വികസനസമിതികൾ ഉണ്ടാവണം. ഈ

സമിതികൾക്ക് മൃഗസംരക്ഷണമേഖലയിലെ എല്ലാ പ്രശ്നപരിഹാരത്തിനും മുൻകൈ എടുക്കുവാൻ അധികാരം ഉണ്ടാവണം.

18. പന്നിവളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് താല്പര്യമുള്ളവരെ കണ്ടെത്തി ആവശ്യമായ ബാങ്ക് ലോണും സാങ്കേതിക സഹായവും നൽകി സഹായിക്കണം.

19. ആടുവളർത്തലിനു വളരെ യോജിച്ച ഭൂപ്രദേശമാണുള്ളത്. ഈ പഞ്ചായത്തിൽ 1000 കുടുംബങ്ങൾക്ക് ഈ മേഖലയിൽ തൊഴിൽ കണ്ടെത്താൻ കഴിയും. വളരെ ലാഭകരമായ ഒരു തൊഴിലാണ്. എപ്പോൾ വേണമെങ്കിലും വിറ്റഴിക്കാം. മാംസത്തിന് വളരെയേറെ വിലയുള്ള ഈ അവസരത്തിൽ, സ്ത്രീകളെ പങ്കാളികളാക്കി ഈ മേഖല സമ്പുഷ്ടമാക്കാം. ഇപ്പോഴത്തെ യൂണിറ്റ്പ്രൈസ് 2000 രൂപയിൽ നിന്നും 3500 രൂപയാക്കി ഉയർത്തി ആവശ്യമായ വായ്പകൾ ബാങ്കിംഗ് സ്ഥാപനങ്ങൾ വഴി ഏർപ്പെടുത്തി സഹായിക്കാം.

20. ഇറച്ചിക്കോഴി വളർത്തലിനും വളരെയേറെ

സാദ്ധ്യതയുണ്ട്. കർഷകർക്ക് യഥാസമയം കോഴിക്കുഞ്ഞുങ്ങളും, തീറ്റയും വായ്പയും വൈദ്യുതിയും ലഭ്യമാക്കണം. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുവാൻ വിപണനക്രമീകരണം പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

21. മുട്ടക്കോഴിവളർത്താൻ താലപര്യമുള്ളവരെ കണ്ടെത്തി ഫാമുകളായിട്ടും, അല്ലാതെ വീട്ടമ്മമാർക്ക് 5 കോഴിക്കുഞ്ഞുങ്ങൾ വീതം നൽകിയും മുട്ടക്ഷാമം പരിഹരിക്കാം. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹാക്ചറി സ്ഥാപിച്ചു ഗുണമേന്മയുള്ള മുട്ടസംഭരിച്ചു വിരിയിച്ചു എഗ്ഗർനഴ്സറികൾ മുഖേന 2 മാസത്തോളം വളർത്തി ഓരോ വീട്ടമ്മമാർക്കും 5 കോഴികൾ വീതം നൽകി സഹായിക്കാം.

22. സ്കൂൾതലത്തിൽ മൃഗസംരക്ഷണ വിഷയങ്ങളിൽ അറിവു പകരാൻ വേണ്ടി സ്കൂൾ ക്ലബ്ബുകൾ ആവിഷ്കരിക്കണം.

23. ചെറുകിട മിനിഡയറി യൂണിറ്റുകൾക്ക് സഹായപദ്ധതികൾ വിപുലമാക്കണം.

കർഷകർക്ക് ആവശ്യമായ പരിശീലനത്തിന് താലൂക്ക് അടിസ്ഥാനമാക്കി പരിശീലനകേന്ദ്രങ്ങൾ തുടങ്ങേണം.

24. കീഴായിക്കോണത്ത് വെറ്റിനറി സബ്സെൻറർ സ്ഥാപിക്കുക.

ഡയറി മേഖല

പഞ്ചായത്ത് തല നിർദ്ദേശങ്ങൾ

1. ഉൽപാദനവർദ്ധനവിനനുസരിച്ചു വിപണനരംഗത്ത് നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് 300 കർഷകർക്ക് ഒരു ക്ഷീരസംഘം രജിസ്റ്റർ ചെയ്യാൻ നിലവിലുള്ള നിയമങ്ങൾ ഭേദഗതിചെയ്യണം.

2. പുൽകൃഷി വ്യാപകമാക്കുന്നതിനു വേണ്ടി പുൽവിത്തും, രാസവളവും സബ്സിഡിയിനത്തിൽ നൽകണം. ഇപ്പോൾ നിലവിലുള്ള സബ്സിഡി തുകയും, ഗുണഭോക്താക്കളുടെ എണ്ണവും വർദ്ധിപ്പിക്കണം. സൈലേജ് നിർമ്മാണം വൈയ്ക്കോലിൻെറ യൂറിയ സമ്പുഷ്ടമാക്കൽ എന്നിവയ്ക്ക് വാർഡ് അടിസ്ഥാനത്തിൽ സൗകര്യം ഏർപ്പെടുത്തണം.

3. പഞ്ചായത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ശിശുക്കൾക്ക് ദിവസേന ഓരോ ഗ്ലാസ് പാൽ സൗജന്യമായി നൽകണം. ഇതിനായി പഞ്ചായത്തിന് യൂണിസെഫ് പോലുള്ള ഏജൻസികളുടെ സഹായം തേടാവുന്നതാണ്.

4. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പാൽ ഉല്പന്ന നിൽമ്മാണയൂണിറ്റ് തുടങ്ങാനുള്ള സബ്സിഡി 35,000 രൂപയാക്കി വർദ്ധിപ്പിക്കണം. പഞ്ചായത്തിൽ നിലവിലുള്ള യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കണം.

5. മാതൃകാ ഡയറി യൂണിറ്റ് - യൂണിറ്റ് കോസ്റ്റ്, സബ്സിഡി, എന്നിവ വർദ്ധിപ്പിക്കണം. ഈ മേഖലയിലുള്ള സഹകരണസ്ഥാപനങ്ങൾ വായ്പാ സൗകര്യം നൽകി കൂടുതൽ യൂണിറ്റുകൾ നടപ്പിലാക്കണം.

6. മാതൃകാ കന്നുകാലിത്തൊഴുത്ത് - പഞ്ചായത്തിൽ 3832 കാലിത്തൊഴുത്ത് ഉണ്ട്. നിലവിലുള്ള സബ്സിഡി വർദ്ധിപ്പിച്ചുക്ഷീരകർഷകർക്ക് വ്യാപകമായി നൽകണം.

7. ധാതുലവണമിശ്രിതം, വിറ്റാമിൻസപ്ലിമെൻറ് എന്നിവ സൗജന്യനിരക്കിൽ ക്ഷീരകർഷകർക്ക് ലഭ്യമാകണം.

8. കറവ സംബന്ധമായ ഉപകരണങ്ങൾ-പാത്രങ്ങൾ ഉൾപ്പെടെ സൗജന്യ നിരക്കിൽ ലഭ്യമാക്കണം. (ക്ലീൻ മിൽക് പ്രൊഡക്ഷൻ കിറ്റ്)

9. നിലവിൽ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള

ക്ഷീരവികസന വകുപ്പിന്റെ ആഫീസ് പഞ്ചായത്ത് തലത്തിലാക്കുകയും, ആഫീസിന് വാഹന സൗകര്യവും ടെലഫോണും ഏർപ്പെടുത്തുകയും വേണം. മതിയായ ജീവനക്കാരെ നിയമിക്കണം. പഞ്ചായത്തു തലത്തിൽ കന്നുകാലി പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ കർഷകർക്ക് പ്രയോജനകരമായി സംഘടിപ്പിക്കണം.

പൊതുവേ സ്ത്രീകൾക്ക് പ്രാമുഖ്യംനൽകി അവർക്ക് നേരിട്ട് കൈകാര്യം ചെയ്യാവുന്ന പദ്ധതികൾ മൃഗസംരക്ഷണമേഖലയിൽ ആസൂത്രണം ചെയ്താൽ വികസന മേഖലയിൽ വളരെ സാദ്ധ്യതകൾ കൈവരുന്നതാണ്.

10. വെറ്റിനറി സബ്സെന്റർ കീഴായിക്കോണത്തു സ്ഥാപിക്കുക.





വ്യവസായം



വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് നെല്ലനാട്. വിദ്യാഭ്യാസ-സാങ്കേതിക രംഗങ്ങളിൽ പ്രാവീണ്യമുള്ള വലിയ ഒരു സമൂഹം ഈ പഞ്ചായത്തി ലുണ്ടെങ്കിലും അവരുടെ കഴിവും സേവനവും പ്രയോജന പ്പെടുത്തത്തക്ക ശ്രമങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല.അതുകൊണ്ടുതന്നെ വ്യാവസായിക രംഗത്ത് കാര്യമായ പുരോഗതി വന്നിട്ടില്ല. വിദ്യാഭ്യാസ സാങ്കേതിക രംഗങ്ങളിൽ പ്രഗൽഭരായ അനവധി പേർ ഈ പഞ്ചായത്തിലുള്ളതായിട്ടാണ് കണക്കുകൾകാണിക്കുന്നത്. അവരുടെ സേവനവും കഴിവും പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞാൽ മറ്റു പലരംഗങ്ങളിലെന്നപോലെ, വ്യാവസായിക രംഗത്തും കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

1991 ലെ സെൻസസ് പ്രകാരം 7120 തൊഴിലുള്ളവരും 717 നാമമാത്ര തൊഴിലുള്ളവരുമാണ് ഈ പഞ്ചായത്തിലുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ 2835 പേർ കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷികമേഖലയിലെ തൊഴിലില്ലായ്മ, വരുമാനക്കുറവ് തുടങ്ങിയ കാരണങ്ങൾ മൂലം കർഷക തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ചേക്കേറുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണാം.

കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിചെയ്യുന്നത് പാറമേഖലയിലാണ്. പാറപൊട്ടിക്കുന്നതും, വേലിക്കല്ല്, മെറ്റൽ നിർമ്മാണം ഉൾപ്പെടെയുള്ള പണികൾ നടക്കുന്നതുമായ 45 യൂണിറ്റുകൾ (രണ്ട് ക്രഷർ യൂണിറ്റുകൾ ഉൾപ്പെടെ) ഈ പഞ്ചായത്തിൽ കീഴായിക്കോണം നെല്ലനാട്, ആലന്തറ, കോട്ടുകുന്നം, വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പല ഭാഗങ്ങളിലായി ഏകദേശം നൂറുപേർ പാറയിറക്കി മെറ്റൽ നിർമ്മിക്കുന്നുണ്ട്. ശരാശരി രണ്ടുപേർ ഇവിടങ്ങളിൽ പണിയെടുക്കുന്നുണ്ട്. 1275 പേർ ഈ മേഖലയിൽ

ആകെ പണിചെയ്യുന്നു.

പ്രധാന തൊഴിലുകാർ		കാർഷിക തൊഴിലാളികൾ		പാറ തൊഴിലാളികൾ	നിർമ്മാണ തൊഴിലാളികൾ	ഇതരർ	നാമമാത്ര തൊഴിലാളികൾ	തൊഴിൽ രഹിതർ
സ്ത്രീ	പു	സ്ത്രീ	പു					
1603	5517	779	2056	1275	184	2357	717	13991

മുകളിൽ കാണിച്ചിട്ടുള്ള കണക്കുപ്രകാരം 184 പേർ നിർമ്മാണ രംഗത്ത് പണിചെയ്യുന്നുണ്ട്. എന്നാൽ മറ്റുമേഖലകളിൽനിന്നും ഈ രംഗത്തേയ്ക്കു കൂടുതൽ ആളുകൾ കടന്നുവരുന്നതായാണ് അനുഭവപ്പെടുന്നത്. തൊഴിലാളികളുടെ ഭേദപ്പെട്ട വേതനവും തൊഴിൽ സാദ്ധ്യതകളും ഈ രംഗത്തേയ്ക്കു കടന്നുവരാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നു. ഈ പഞ്ചായത്തിലും, തൊട്ടടുത്ത പ്രദേശങ്ങളിലും കരാറിലേർപ്പെട്ടും അല്ലാതെയും നിർമ്മാണപ്രവർത്തനങ്ങളും മരാമത്ത് പണികളും ചെയ്യുന്ന ഒരു വലിയ സമൂഹം ഈ ഗ്രാമ പഞ്ചായത്തിലെ മാണിക്യമംഗലം വാർഡിൽ അധിവസിക്കുന്നുണ്ട്. ഈ രംഗത്ത് വളരെ പ്രാഗത്ഭ്യമുള്ളവരാണവർ.

വ്യവസായയൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വ്യവസായ യൂണിറ്റിന്റെ സ്വഭാവം	ആകെ എണ്ണം	തൊഴിലാളികളുടെഎണ്ണം
1	ഫർണിച്ചർ യൂണിറ്റുകളും തടിമില്ലുകളും	10	67
2	എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ	6	60
3	ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ	18	120
4	ഇലക്ട്രാണിക്സ്	1	6
5	ഓയിൽ മിൽ	4	40
6	ഫ്ലവർ മിൽ, റൈസ് മിൽ	16	20
7	പ്ലാസ്റ്റിക് കവർ	1	5

പാരമ്പരാഗതമായും കുടിൽ വ്യവസായമെന്ന നിലയ്ക്കും ചെറിയ തോതിൽ ചില സംരംഭങ്ങൾ നടന്നുവരുന്നുണ്ട്.

ക്രമ നമ്പർ	വ്യവസായത്തിന്റെ ഇനം	യൂണിറ്റുകളുടെഎണ്ണം	തൊഴിലാളികളുടെഎണ്ണം
1	കൈത്തറി	50	50
2	ചന്ദനത്തിരി നിർമ്മാണം	1	12
3	പർപ്പടകം	12	40
4	ഈറ	24	50
5	ബീഡി	1	5
6	മിഠായി നിർമ്മാണം	2	5

ഖാദി ബോർഡിന്റെ കീഴിൽ ഗണപതിയാംകാട്ടിൽ പ്രവർത്തിച്ചുവരുന്ന കൈത്തറിനെയ്ത്ത് പരിശീലന ഉല്പാദന കേന്ദ്രമാണ് ഈ പഞ്ചായത്തിലെ പൊതുമേഖലയിലുള്ള പ്രധാനപ്പെട്ട ഒരു സ്ഥാപനം. എന്നാൽ ഇന്നത് പ്രവർത്തനക്ഷമമല്ല. നെയ്ത്തോ പരിശീലനമോ ഇന്നിവിടെ നടക്കുന്നില്ല. കുറെ യന്ത്രങ്ങളും മറ്റുപകരണങ്ങളും വെറുതെ പൂട്ടിയിട്ടിരിക്കുകയാണ്. ഖാദി ബോർഡിന്റെ തന്നെ കീഴിൽ പ്രവർത്തിക്കുന്ന ഒരു നൂൽനൂൽപ്പ് കേന്ദ്രം പൂവണത്തും മൂട്ടിലുമുണ്ട്. അവിടെ പരിശീലനം നടക്കുന്നുണ്ടെങ്കിലും അതു മാറ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തേണ്ട ആവശ്യമുണ്ട്.

നമ്പർ	ഖാദിബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ
1	കൈത്തറി നെയ്ത്തും നൂൽനൂൽപ്പും – ഗണപതിയാംകാട്ട്
2	നൂൽനൂൽപ്പ് പരിശീലനവും ഉല്പാദനവും–പൂവണത്തുമൂട്

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റു വ്യവസായങ്ങൾ പട്ടിക താഴെ കൊടുത്തിട്ടുണ്ട്.

ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം
1	ഇഷ്ടിക നിർമ്മാണം	9	150
2	പൗൾട്രി ഫാം	2	4
3	സോഡാ ഫാക്ടറി	1	3
4	ഹോളോ ബ്രിക്സ്	2	10
5	റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണം	2	16
6	വ്യാപാര വ്യവസായ സ്ഥാപനങ്ങൾ	401	800
7	പ്രിന്റിംഗ് പ്രസ്സ്	7	35
8	ഫോട്ടോ സ്റ്റുഡിയോ	6	30

നമ്മുടെ പഞ്ചായത്തിന്റേയും സമീപ പ്രദേശങ്ങളുടെയും സാമ്പത്തിക – സാമൂഹ്യ മണ്ഡലങ്ങളെ വളരെയധികം സ്വാധീനിച്ചിരുന്നതും ദശാബ്ദങ്ങളായി നടന്നു വരുന്നതുമായ ഒരു വ്യവസായമാണ് വൈഡൂര്യക്കല്ലിന്റെ സംസ്കരണവും വിപണനവും. ഏകദേശം 250 പേർ ഈ രംഗത്തുണ്ട്. എന്നാൽ ഇന്ന് ഈ വ്യവസായം തകർച്ചയിലാണ്. അതിനുള്ള കാരണങ്ങൾ പലതാണ്. ഈ വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും അതിന് പരിഹാരം കാണാനും ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

മത്സ്യവിപണന രംഗത്ത് ഏകദേശം 400 പേർ ഏർപ്പെട്ടിരിക്കുന്നു. വെഞ്ഞാറമൂട് മാർക്കറ്റുമായി ബന്ധപ്പെട്ട ഈ വ്യവസായം ഈ പ്രദേശത്തിന്റെ സാമ്പത്തികഘടനയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

പ്രധാനപ്പെട്ട രണ്ട് വ്യവസായ മേഖല		
1	മത്സ്യ വിപണനം	– ഏകദേശം 400 പേർ
2	വൈഡൂര്യ സംസ്ക്കരണം, വിപണനം	– " 250 പേർ

വ്യാവസായിക വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ് റോഡുകൾ. പഞ്ചായത്തിലൂടെ ആണ് SH റോഡ് കടന്നു പോകുന്നത്. സംസ്ഥാന പാതയിൽ തിരുവനന്തപുരം സിറ്റി കഴിഞ്ഞാൽ വികസനസാദ്ധ്യതയും, അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും നോക്കിയാൽ വ്യാവസായിക മുന്നേറ്റത്തിന് സാദ്ധ്യതകളേറെയുണ്ട്, വെഞ്ഞാറമൂട്ടിൽ.

പ്രശ്നങ്ങൾ

1. പാറമേഖലയിൽ നിരവധി ആളുകൾ പണിയെടുക്കുന്നു. ജോലിസ്ഥിരതയില്ല. തൊഴിലാളികൾ ചൂഷണംചെയ്യപ്പെടുന്നു.
2. നാളികേരഉൽപാദനം വർഷത്തിൽ 40 ലക്ഷത്തിനുമുകളിലുണ്ട്. കേരകർഷകന് ന്യായമായ വിലലഭിക്കുന്നില്ല.
3. കൈത്തറി നെയ്ത്തുമേഖലയിൽ അനവധിപേർ പണിയെടുക്കുന്നു. അവരുടെ പ്രശ്നങ്ങൾ പലതാണ്.

കൂലി വളരെകുറവാണ്. ഉൽപന്നങ്ങൾ വളരെ അകലെയുള്ള കളമച്ചൽ കൈത്തറി സഹകരണ സംഘത്തിൽ കൊണ്ടുപോയിവേണം വിൽക്കുവാൻ.

4. സെറിഫെഡിന്റെ കീഴിൽ പരിശീലനം സിദ്ധിച്ച 15 ഓളം യുവതിയുവാക്കൾ പഞ്ചായത്തിലുണ്ട്. എങ്കിലും മൾബറി കൃഷിയും, പട്ടുനൂൽ പുഴു വളർത്തലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
5. വൈഡൂര്യ സംസ്കരണ വിപണന മേഖലകളിൽ ധാരാളംപേർ ഏർപ്പെട്ടിരിക്കുന്നു. വൈഡൂര്യഖനനം നിയമവിധേയമല്ലാത്തതിനാൽ ആ രംഗത്തെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻകഴിയുന്നില്ല.
6. റബ്ബർഷീറ്റു ശേഖരണവും, വിൽപനയും മാത്രമാണ് ഇവിടെ നടക്കുന്നത്.
7. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിസ് ബോർഡിന്റെ സഹായത്തോടുകൂടി പ്രവർത്തിച്ചിരുന്ന വലിയകട്ടയ്ക്കാലിലെ തീപ്പെട്ടിഫാക്ടറി ഇന്ന് പ്രവർത്തിക്കുന്നില്ല.
8. പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായത്തിൽ പരിശീലനം ലഭിച്ച അനേകം വനിതകൾ ഉണ്ട്. അവർക്ക് തൊഴിലെടുക്കാനവസരമില്ല.
9. വലിയകട്ടയ്ക്കലിലെ സോപ്പുനിർമ്മാണം മുടങ്ങിക്കിടക്കുന്നു.
10. ഗണപതിയാംകാട്ടിലെ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന

നെയ്ത്തുകേന്ദ്രം പ്രവർത്തനക്ഷമമല്ല.

11. കെട്ടിടനിർമ്മാണം എഞ്ചിനീയറിംഗ് മേഖലയിൽ വിദഗ്ദ്ധതൊഴിലാളികൾ ധാരാളമുണ്ട്. അവർക്ക് തൊഴിൽ അവസരങ്ങൾ കുറവാണ്.

12. മലഞ്ചരക്കുകൾക്ക് ന്യായമായ വിലലഭിക്കുന്നില്ല.

13. പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ബുദ്ധിമുട്ടാണ്ടാക്കുന്നു.

14. പാൽസംഭരണവിതരണസംഘങ്ങൾധാരാളം പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽപേർക്ക് തൊഴിൽ ലഭിക്കുന്ന യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

15. തയ്യൽ പരിശീലനം ലഭിച്ച വളരെയധികം വനിതകൾ ഉണ്ട്. അവർക്ക് തൊഴിൽ ലഭിക്കാനുള്ള സംരംഭങ്ങൾഒന്നുംതന്നെയില്ല.

16. ഇന്ന് പ്രചാരത്തിലുള്ള വിറകടുപ്പുകൾക്ക് പുകശല്യവും ഇന്ധനച്ചെലവും കൂടുതലാണ്. വീട്ടമ്മമാരുടെ ആരോഗ്യത്തേയും സാരമായി ബാധിക്കുന്നുണ്ട്.

17. മോട്ടോർവാഹനങ്ങൾ ധാരാളം ഉള്ള വെഞ്ഞാറമൂട്ടിൽ നല്ല നിലവാരമുള്ള വർക്ക്ഷോപ്പുകളില്ല.

18. ഇലക്ട്രിക് ഇലക്ട്രോണിക്സ് മേഖലയിൽ പഠനവും വൈദഗ്ദ്ധ്യവും ലഭിച്ച ധാരാളം തൊഴിൽ രഹിതർ പഞ്ചായത്തിലുണ്ട്.

19. പൊൻമുടി, വർക്കല ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വെഞ്ഞാറമൂട്ടിൽ ആധുനിക നിലവാരമുള്ള ഹോട്ടലുകളില്ല.

20. വ്യാവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന വേണ്ടത്ര സ്ഥലസൗകര്യങ്ങളില്ല.

സാധ്യതകൾ-നിർദ്ദേശങ്ങൾ

1. ഓട്ടൽ, തൂണ്ടുകല്ല്, വേലിക്കല്ല് എന്നിവയുടെ ജോലികൾക്ക് ലൈസൻസ് നൽകണം. ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഒരു സഹകരണസംഘം രൂപീകരിച്ച് സേവന–വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം.

2. നാളികേര സംഭരണം,കൊപ്ര സംസ്കരണം, എണ്ണയാട്ട് എന്നിവ ഉൾപ്പെടുത്തി ഒരു വലിയ സംരംഭം ആരംഭിക്കണം. അനുബന്ധമായി സോഫ്റ്റ് ഡ്രിംഗ്സ്, വിനാഗിരി എന്നിവയും കൊപ്ര പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റയും ഉണ്ടാക്കാം. വളരെപേർക്ക് ജോലിസാധ്യതയും കേരകർഷകന് ആദായകരവുമാകും.

3. കൈത്തറിനെയ്ത്തുകാരെ ഉൾപ്പെടുത്തി സഹകരണസംഘം ഉണ്ടാക്കണം. ആവശ്യമായ സാങ്കേതിക–സാമ്പത്തിക സഹായംലഭ്യമാക്കാൻ കഴിയും. ആധുനിക സങ്കേതങ്ങളും അവലംബിക്കണം.

4. നെല്ലനാട് പോലുള്ള പ്രദേശങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലത്ത് മൾബറികൃഷിയും പട്ടുനൂൽപുഴുവളർത്തലും ആരംഭിക്കണം. സെറിഫെഡിന്റെ സാങ്കേതിക സാമ്പത്തിക സഹായവും മറ്റുപദേശങ്ങളുംതേടാവുന്നതാണ്.

5. വൈദ്യുതീകരണം നിയമവിധേയമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ ആ മേഘലയിൽ വളരെയധികം തൊഴിൽ സാധ്യതയുണ്ട്.

6. റബ്ബറധിഷ്ഠിതമായ ഉൽപ്പന്നങ്ങൾ (റബ്ബർബാൻഡ്, ബലൂൺ,കളിപ്പാവകൾ,കൈയ്യുറകൾ,സ്പോഞ്ച്) ഉണ്ടാക്കുന്ന ഫാക്ടറി സ്ഥാപിക്കണം.

7. പ്ലാസ്റ്റിക് അധിഷ്ഠിതമായ ഫർണിച്ചർ, ഫാൻസി സാധനങ്ങൾ എന്നിവ നിർമ്മിക്കുന്ന ഒരു സംരംഭം ആരംഭിക്കണം.

8. വലിയകട്ടയ്ക്കാലിലെ സോപ്പുനിർമ്മാണശാല

പുനരുജ്ജീവിപ്പിക്കണം.

9. പ്രവർത്തനം നിലച്ചുപോയ തീപ്പെട്ടി ഫാക്ടറി പുനരുദ്ധരിക്കണം.

10. ഗണപതിയാം കാട്ടിലെ കൈത്തറി നെയ്ത്തുകേന്ദ്രം പീഡിത വ്യവസായ യൂണിറ്റാണ്. അതിനെ പുന:സംഘടിപ്പിച്ച് ആധുനിക സങ്കേതങ്ങളോടുകൂടി കൂടുതൽ പേർക്കു തൊഴിൽ ലഭിക്കാനുള്ള അവസരം ഉണ്ടാക്കണം.

11. കെട്ടിടനിർമാണ രംഗത്തെ മരാമത്തുജോലികളിൽ വിദഗ്ധരായ തെഴിലാളികളെ ഉൾപ്പെടുത്തി ഒരു യൂണിറ്റ് രൂപീകരിച്ചുകൊണ്ട് നിർമാണരംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. കെട്ടിട നിർമാണ സാമഗ്രികൾ കുറഞ്ഞചെലവിൽ ഉണ്ടാക്കാവുന്നതാണ്.

12. ഹോളോ ബ്രിക്സ് നിർമ്മാണകേന്ദ്രം വ്യാപകമാക്കണം.

13. മാർക്കറ്റ് ഫെഡിന്റെ ഒരു സംഭരണഡിപ്പോ വെഞ്ഞാറമൂട്ടിൽ ആരംഭിക്കണം.

14. ഈറ്റ വിതരണ ഡിപ്പോ വെഞ്ഞാറമൂട്ടിൽ ആരംഭിക്കണം.

15. പാലുല്പന്നങ്ങൾ നർമ്മിക്കുന്ന ഫാക്ടറി പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കണം. കവർ പാൽ വിതരണം നടത്തണം.

16. തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്കായി പഞ്ചായത്തിൽ 3 കേന്ദ്രങ്ങളിൽ റെഡിമെയ്ഡ് ഗാർമന്റ് നിർമാണ യൂണിറ്റുകൾ ആരംഭിക്കണം.

17. കേരളശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെ പുകശല്യം കുറഞ്ഞ അടുപ്പുനിർമ്മാണവും, സ്ഥാപിക്കലും വഴി തൊഴിൽസാദ്ധ്യത കണ്ടെത്താവുന്നതാണ്.

18. K.T.D.C., ഇൻഡ്യൻ കോഫി ഹൗസ് എന്നിവയുടെ മാതൃകയിൽ ഒരു ഹോട്ടൽ വ്യവസായം ആരംഭിക്കാവുന്നതാണ്.

19. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആട്ടോമൊബൈൽ വർക്ക്ഷോപ്പും, സർവ്വീസ് സ്റ്റേഷനും ആരംഭിക്കണം.

20. കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രൊഡക്ഷൻ യൂണിറ്റ്, അസംബ്ലിംഗ് സെന്റർ എന്നിവ ആരംഭിക്കണം.

21. കീഴായിക്കോണം, മൈലക്കൽ വാർഡുകളിൽ ലഭ്യമാകുന്ന സ്ഥലങ്ങൾ കണ്ടെത്തി പഞ്ചായത്ത് വ്യവസായകേന്ദ്രം(ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്) ആരംഭിക്കണം.

22. മെഴുകുതിരി നിർമ്മാണയൂണിറ്റുകൾ ആരംഭിക്കണം.

23. കീഴായിക്കോണംപോലുള്ള വാർഡുകളിൽ വിജയകരമായി നടത്താൻ കഴിയുന്ന ഒരു സംരംഭമാണ് കംബോസ്റ്റ് വളം നിർമ്മാണം. താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകി ആരംഗത്ത് കൂടുതൽ തൊഴിലവസരം ഉണ്ടാക്കണം.

24. പൂഷ്പകൃഷി വ്യാപിപ്പിക്കണം. ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങളെത്തിക്കണം.

25. കറിപൗഡർ,നിർമ്മാണയൂണിറ്റ് ആരംഭിക്കണം.

26. ബേക്കറി സാധനങ്ങളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

27. Waste cover കൾ ഉപയോഗിച്ച് പാക്കിഗ് കവറുകൾ ഉണ്ടാക്കുന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്.

28. റബർപാൽ ശേഖരിച്ച് സംസ്കരിച്ച് ഷീറ്റാക്കി വില്ക്കാൻ കഴിയുന്ന ഒരു കേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

29. കോട്ടുകുന്നത്ത് ചൂരൽ,പ്ലാസ്റ്റിക് ഉപയോഗിച്ച് കസേരകൾ, കട്ടിലുകൾ, കൂടകൾ എന്നിവ നെയ്യുന്ന തൊഴിൽശാല ആരംഭിക്കുക.

30. വെഞ്ഞാറമൂട് മാർക്കറ്റുമായി ബന്ധപ്പെട്ട് ചെറുകച്ചവടം നടത്തി ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ കച്ചവടം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം നല്കുക.

31. പൂവണത്തുംമൂട്ടിലെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിലുള്ള നൂൽ നൂല്പ് കേന്ദ്രത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കുകയും, വീവിംഗ്, ഡിസൈനിംഗ് തുടങ്ങിയവകൂടിചെയ്യാൻ കഴിയുന്ന യന്ത്രങ്ങൾകൂടി ഉൾപ്പെടുത്തി സ്ഥാപനം വിപുലപ്പെടുത്തുകയും ചെയ്യുക.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ആമുഖം

നെല്ലനാട് പഞ്ചായത്തിന്റെ ഹൃദയ ഭാഗമായ വെഞ്ഞാറമൂട്ടിൽ നിന്നും 4. കി.മി. ചുറ്റളവിൽ സഞ്ചരിച്ചാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്താൻ കഴിയുന്നതാണ്. SH റോഡും P.W.D. റോഡുകളും നെല്ലനാട് പഞ്ചായത്തിലൂടെ കടന്നുപോകുമ്പോൾ തന്നെ ഗ്രാമങ്ങളിൽ നല്ല രീതിയിലുള്ള നടപ്പാതയ്ക്ക് വേണ്ടിയുള്ള ആവശ്യം നിലനിൽക്കുന്നു. വെഞ്ഞാറമൂട് ജംഗ്ഷനിലൂടെ സൂപ്പർ എക്സ്പ്രസ് വരെയുള്ള വാഹനങ്ങൾ കടന്നു പോകുന്ന വേളയിൽ കിഴക്ക് ഭാഗത്തേക്കുള്ള വാഹന ഗതാഗതം ഇന്നും വഴിമുട്ടിനിൽക്കുന്ന അവസ്ഥയിലാണ്.

പഞ്ചായത്ത് കേന്ദ്രത്തിൽ സോഡിയം വേപ്പർ വൈദ്യുത വിളക്കുകൾ പ്രകാശം ചൊരിയുമ്പോൾ, ഇതുവരെയും വൈദ്യുതി എത്താത്ത പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ ബസ്സർവ്വീസ് ഉള്ള റോഡുകൾ ടാർ ചെയ്യാത്തതുമൂലം സർവ്വീസ് തുടർച്ചയായി മുടങ്ങുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ടാർ ചെയത 8 മീറ്റർ വീതിയുള്ള റോഡ് ഉണ്ടെങ്കിലും അവിടെ ബസ് സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട ചില റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എത്തിയിട്ടില്ല. ദിവസം തോറും വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വർധിക്കുമ്പോൾ നിലവിലുള്ള ട്രാൻസ്-ഫോർമറുകളുടെ കപ്പാസിറ്റി കഴിയുകയും തന്മൂലം എല്ലായിടത്തും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. വെഞ്ഞാറമൂട് പബ്ലിക് മാർക്കറ്റിന്റെ ഇന്നത്തെ സ്ഥതി ശോചനീയമാണ്.

ഗതാഗതം

തിരുവനന്തപുരം ജില്ലയിൽ സിറ്റികഴിഞ്ഞാൽ വളരെയേറെ ഗതാഗതതിരക്ക് അനുഭവപ്പെടുന്ന ഠൗണുകളിൽ ഒന്നാണ് നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനമായ വെഞ്ഞാറമൂട് ജംഗ്ഷൻ. നെല്ലനാട് പഞ്ചായത്തിലാകെ 118.150 K.M. റോഡുണ്ട്. ടാർ ചെയ്തിട്ടുള്ള റോഡുകൾ37.750 K.M. ആണ്. പഞ്ചയത്തിന്റെ ഉൾപ്രദേശങ്ങളിൽ ഇന്നും വളരെയേറെ ഗതാഗത ക്ലേശങ്ങൾ അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ ജനങ്ങൾ പ്രധാന വീഥികളിൽ എത്തുന്നത് കാൽനടആയിട്ടാണ്. ഇ.എ.എസ്സ്., ജെ.ആർ. വൈ. എന്നീ സ്കീമുകളനുസരിച്ച് ബ്ലോക്ക് ആഫീസ് വഴി കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് 68,91,353 ലക്ഷം രൂപ നെല്ലനാട് പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിനായി ചിലവഴിച്ചിട്ടുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിന്റെയും നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെയും ആസ്ഥാനകേന്ദ്രമായിട്ടുള്ള വെഞ്ഞാറമൂട് ഠൗണിൽ ഇന്ന് വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. ഠൗണിൽ 90 ടാക്സി കാറുകൾ, 90 ട്രക്കർ-ടെമ്പോകൾ, 42 മിനിലോറികൾ, 82 ആട്ടോറിക്ഷകൾ, 25 ഓളം പ്രൈവറ്റ് ബസ്സുകൾ, 15 ഓളം ലോറികൾ എന്നിവ ഉൾക്കൊള്ളുന്നു. വെഞ്ഞാറമൂട് ജംഗ്ഷന്റെ വീതി കൂട്ടിയാൽ മാത്രമേ ഗതാഗതക്കുരുക്ക് പരിഹരിക്കപ്പെടുകയുള്ളൂ. അതോടൊപ്പം ഈ പഞ്ചായത്തിലെ യാത്രക്കാരുടെ ആശ്രയകേന്ദ്രമെന്ന നിലയിൽ വെഞ്ഞാറമൂട്ടിലെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ടാറുചെയ്ത റോഡുകൾ:

വാർഡ്	പഞ്ചായത്ത്		P.W.D		S.H
1.	വാമനപുരംആശുപത്രിറോഡ് 650m	1.	വെഞ്ഞാറമൂട് പുത്തൻ പാലം } 1600		തൈക്കാട് വാമനപുരം ആശുപത്രി } 6.k.m
2.	ആനപ്പാറ 600m-	2.	പുണത്തുംമൂട് നെല്ലനാട് } 1600		
3.	കുറ്റാ നെല്ലനാട്	3.	വെഞ്ഞാറമൂട് മുദാക്കൽ } 1600		
4.	കീഴായിക്കോണം വട്ടയം 1500 M				
5.	പള്ളിമുക്ക് കാന്തലക്കോണം, 1000M				
6.	ചാവടിനട ഭഗവതിക്കോണം, 400M				
7.	ബ്ലോക്കാഫീസ് മക്കാംകോണം 200M				
8.	തച്ചൻപൊയ്ക കരിഞ്ചാത്തി 1000M				
9.	വെഞ്ഞാറമൂട് കണ്ണംകോട്, 500M				
10.	വെഞ്ഞാറമൂട് അൻസി ഹോസ്പിറ്റൽ, 500M				
11.	വയ്യേറ്റ് ലക്ഷം വീട്, 850M				
12.	പാകിസ്ഥാൻമുക്ക് മുളയം, 1000M				
13.	രംഗപ്രഭാത് കോട്ടുകുന്നം. 4000M				
14.	മാടൻനട ആറ്റുകടവ്. 700M				
15.	ചെമ്പിട്ടവിള ആറ്റുകടവ്. 300M				
16.	വലിയകട്ടയ്ക്കാൽ കോട്ടുകുന്നം. 5000M				
17.	മുക്കുന്നൂർ ദീപാനഗർ. 3000M				
18.	മുക്കുന്നൂർ ക്ഷേത്രം റോഡ്. 350M				
19.	മുദാക്കൽ പരമേശ്വരം. 2500M				

പഞ്ചായത്തു പ്രദേശത്തെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ:

1. നെല്ലനാട് പഞ്ചായത്തിന്റെ യാത്രാ ക്ലേശം പരിഹരിക്കാൻ K.S.R.T.C. സബ് ഡിപ്പോ ആരംഭിക്കുക.

2. വെഞ്ഞാറമൂട്ടിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക. (ട്രാഫിക് ഐലൻറ് സ്ഥാപിക്കാൻ പറ്റിയ സാഹചര്യത്തിലല്ല ജംഗ്ഷൻ)

3. സ്കൂൾ കുട്ടികൾക്കായി ഫ്ലൈ ഓവർ സ്ഥാപിക്കുക.

4. ട്രാഫിക് പരിഷ്ക്കാര നിർദ്ദേശങ്ങൾ കർശ്ശനമായി നടപ്പാക്കുക.

5. വാഹനഗതാഗതസൗകര്യം മെച്ചപ്പെടുത്താൻ പ്രൈവറ്റ് ബസുകൾക്ക് ദേശസാൽകൃത റൂട്ടിൽ സഞ്ചരിക്കാവുന്ന ദൂരം 6 കി.മി. ഉയർത്തികൊണ്ട് സർക്കാർ നയം പരിഷ്ക്കരിക്കുക.

6. പഞ്ചായത്തിലെ റോഡുകൾക്ക് ഓടയില്ലാത്ത ഭാഗങ്ങളിൽ ഓട കെട്ടി സ്ലാബ് ഇടുക.

7. സർവ്വേ പ്രകാരമുള്ള ഭൂമികൾ വീണ്ടെടുത്ത് റോഡ് വികസിപ്പിക്കുക.

8. വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതതിരക്ക് ഒഴിവാക്കാൻ വിവിധ വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾക്ക് പ്രത്യേകം സ്റ്റാൻറുകൾ സ്ഥാപിക്കുക.

റോഡ് വിവരങ്ങൾ

നീളം(കി.മി.)	കച്ച	- 32.300	
	പക്ക	- 40.650	
	മെറ്റൽ	- 7.500	
പഞ്ചായത്ത് റോഡ്		- 25.550	(ടാർ)
P.W.D. റോഡ്		- 6.200	"
S.H. റോഡ്		- 6.000	"

ബ്ലോക്ക് ഓഫീസ് വഴി ചെലവഴിച്ച തുക (EAS)

മണ്ണ് സംരക്ഷണം, വൃക്ഷവൽക്കരണം (100) (ബ്ലോക്ക് ഓഫീസ് ഗ്രൗണ്ട്)	- 4.00 ല
ലിങ്ക് റോഡ്, പ്ലാപ്പട്ടി, കൈതറക്കുഴി (800M)	- 3.00
93-94 ആകെ	7ലക്ഷംരൂപ
കൊട്ടാരക്കുളം(മണ്ണ് സംരക്ഷണം) വൃത്തിയാക്കൽ (ബണ്ട് നിർമ്മാണം)	3.99
പൂവണത്തുംമൂട്-കോട്ടുകുന്നം ഏലാത്തോട് (MI)	2.00
തോട്ടുംപുറം ഏലാത്തോട്	2.00
ലിങ്ക് റോഡുകൾ വാമനപുരം കോട്ടുകുന്നം	4.00
മുദാക്കൽ കോട്ടുകുന്നം	4.00
മെറ്റലിംഗ്, ടാർ, കാന്തലംകോണം	4.00
കോട്ടുകുന്നം പരപ്പാറ റോഡ്	4.00
മാമൂട് വെള്ളത്തപാറ റോഡ്	3.01
94-95 ആകെ	27 ലക്ഷം
ലിങ്ക് റോഡ് നെല്ലനാട് കുറ്ററ	4.00
മണ്ണ് സംരക്ഷണം മാണിക്കൽ പാലാംകോണം	3.95
കോട്ടറവീട് മുദാക്കൽ റോഡ് (229M)	4.00
95-96 ആകെ	11.95 ലക്ഷംരൂപ
ദീപാനഗർ കോട്ടുകുന്നം റോഡ്	4.00
മാരിയം വെട്ടുവിള	3.00
96-97 അനുവാദം കിട്ടിയത് ആകെ	7 ലക്ഷം

J.R.Y സ്കീം ബ്ലോക്കിൽ നിന്നും അനുവദിച്ച വിവരം

92-93	പ്ലാപ്പെട്ടി തണ്ടാം പൊയ്ക റോഡ്	1.61 ലക്ഷം
93-94	മണ്ണ് സംരക്ഷണം, തണ്ടാംപൊയ്ക റോഡ് വൃക്ഷവൽക്കരണം	94,000.00
	മണ്ണ് സംരക്ഷണം പണിക്കരുകോണം മക്കാംകോണം തോട്	94,000.00
94-95	കാന്തലംകോണം പത്തേക്കർ റോഡ്, മെറ്റലിംഗ്	1,00,000.00
91-92	OD വെൽ	9,800.00
93-94	കാവറ ഹരിജൻ കോളനി	15,000.00
94-95	OD വെൽ	11,000.00
95-96	കിണർ ബ്ലോക്ക് ഓഫീസ്	6,221.00
	SCP OD വെൽ കാവറ IHDP കോളനി.	18,693.00

91-92	കുറ്ററ നെല്ലനാട് റോഡ് (VRM)-	19,000.00
92-93	ഫ്ലഡ് റിലീഫ് പള്ളിമുക്ക് നാലേക്കർ	1,50,000.00
94-95	വയ്യേറ്റ് ലക്ഷംവീട് കോളനി റോഡ്	1,00,000.00
94-95	കീഴായിക്കോണം തേവർതോട്ടം(500M)	1,00,000.00
95-96	മുക്കുന്നൂർ-കോട്ടുകുന്നം റോഡ്(200M)	1,00,000.00
	വലിയകട്ടയ്ക്കാൽ ചെമ്പിട്ടവിള	1,75,000.00
	മുദാക്കൽ ദീപാ നഗർ (260M)	50,000.00
	മുരുർക്കോണം റോഡ്	50,000.00
93-94	തോട്ടുംപുറം പാലം	30,000.00
94-95	ഇല്ല	
95-96	ഭഗവതിക്കോണം പാലം	14,624.00
95-96	ARWSS കാന്തലംകോണം	2,927.00
	തോട്ടുംപുറം ഹരിജൻ കോളനി പൂർത്തിയായില്ല	
	OD വെൽ നീർച്ചാലിൽ	18,838.00
95-96	വരൾച്ച ഫണ്ട്-20 ജോലികൾ	1,88,050.00
	ആകെ	15,96,353.00

പ്രശ്നങ്ങൾ

1. പ്രധാനപ്പെട്ട ചില റോഡുകൾ ടാർ ചെയ്തിട്ടില്ല.
2. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവുമൂലം ടാർ ചെയ്ത റോഡുകൾ ഗതാഗതത്തിന് അനുയോജ്യമല്ലാതായിത്തീർന്നിരിക്കുന്നു.
3. നെല്ലനാട് പഞ്ചായത്തതിർത്തിയിൽ വരുന്ന വെഞ്ഞാറമൂട-ആറ്റിങ്ങൽ P.W.D റോഡ് വേണ്ടപ്പോൾ അറ്റകുറ്റപ്പണികൾചെയ്യാത്തത് ബസ് യാത്ര ക്ലേശകരമാക്കുന്നു.
4. സ്ഥലപരിമിതി മൂലം വെഞ്ഞാറമൂട് ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു.
5. നടപ്പാതകളിൽ പെട്ടികടകൾ സ്ഥാപിച്ചിരിക്കുന്നത് ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിപ്പിക്കുന്നു.
6. ആറ്റിങ്ങൽ റോഡിലും കിഴക്കേറോഡിലും വെയ്റ്റിംഗ് ഷെഡ്ഡിന്റെ അഭാവം മൂലം യാത്രക്കാർ വളരെയേറെ ബുദ്ധിമുട്ടുന്നു.
7. റോഡിന്റെ വശങ്ങളിലുള്ള പുറമ്പോക്കുകൾ കൈയേറിയുള്ള കെട്ടിടനിർമ്മാണം വ്യാപകമാണ്.
8. കടകളിൽ നിന്നും, ഹോട്ടലുകളിൽ നിന്നുമുള്ള മലിനജലം റോഡുകളിലേയ്ക്ക് ഒഴുക്കിവിടുന്നതും, മാലിന്യങ്ങൾ കുന്നുകൂടുന്നതും വർദ്ധിച്ചുവരുന്നു.

നിർദ്ദേശങ്ങൾ

I പഞ്ചായത്തിലെ ടാർ ചെയ്യേണ്ടറോഡുകൾ 1. പൂവണത്തുംമൂട-ഗാന്ധിനഗർ-കോട്ടുകുന്നം.

2. മൊട്ടലുവിള-മൊട്ടലുംമൂട-കൊട്ടാരക്കുളം-വെട്ടുവിള അംഗൻവാടി.
3. ആലന്തറക്ഷേത്രം-UPS റോഡ്
4. ചെമ്പിട്ട വിള -കോളനി റോഡ്
5. മുദാക്കൽ-പരമേശ്വരം-കോട്ടുകുന്നം റോഡ്
6. മുക്കുന്നൂർ-ദീപാനഗർ- കോട്ടുകുന്നം റോഡ്
7. നെല്ലനാട്-ബാലവാടി-കുറ്ററ
8. തണ്ടാം പൊയ്ക-പ്ലാപ്പട്ടി -കീഴായിക്കോണം.
9. ചാവടിനട-കല്ലിടുക്കിൽ -കാരിഞ്ചി.
10. വെഞ്ഞാറമൂട് -കോട്ടറവീട്
11. പറവിലകോണം റോഡും-അനുബന്ധറോഡും
12. മൈലക്കുഴി-ചെറുകോട്ടുകാവ്.
13. മണ്ണടികടവ് റോഡ്
14. ബ്ലോക്കാഫീസ്-ഭഗവതികോണം റോഡ്
15. പോലിസ് സ്റ്റേഷൻ -കൊക്കാലിമുക്ക്
16. പഴയ പോലീസ് സ്റ്റേഷൻ-കൊട്ടാരം വിളാകം
17. നെല്ലനാട്-പന്തപ്ലാവിക്കോണം
18. മേലേകുറ്റിമൂട-പനയറം
19. മാണിക്കോട്-പാലാംകോണം
20. മാണിക്കോട്-കിണറ്റ്മുക്ക്റോഡും അനുബന്ധ റോഡും.
21 കുറ്ററ -വാട്ടർടാങ്ക് റോഡ്
22. മണലിമുക്ക്-വേടക്കാല
23. മാരിയം-മാടൻ നട
24. മാണിക്കോട്-കൊക്കോട്ടുകോണം.

II ഗതാഗതയോഗ്യമാക്കേണ്ട റോഡുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

1. വയ്യേറ്റ് - മാടൻനട- ചാണേയിൽ
2 മുരളി ടെക്സ്റ്റയിൽസിന് പുറകിലൂടെ ആറ്റിങ്ങൽ റോഡ് വരെ.
3. പള്ളിവിള - കോളനി റോഡ്
4. ത്രിവേണി - മൂരൂർക്കോണം - ദീപാനഗർ
5. പണ്ടാരവിളാകം - ഇടവംപറമ്പ്
6. ശാലിനി ഭവൻ - കൈതറക്കുഴി
7. കാടിക്കുഴി - കൈതറക്കുഴി
8. [illegible]നം - കാരിഞ്ചി- തോട്ടുംപുറം
9. തണ്ടാംപൊയ്ക - അയിലൂർക്കോണം - പഞ്ചിയൂർ ലിങ്ക് റോഡ്
10. കണ്ണങ്കോട് - വയ്യേറ്റ്- ഏലാറോഡ്
11. പോലീസ് സ്റ്റേഷൻ - മൈലയ്ക്കൽ
12. S H ൽ K B ഇലക്ട്രോണിക്സ് മുതൽ ആറ്റിങ്ങൽ റോഡ് വരെ
13. മൈലക്കുഴി - പള്ളിത്തടം
14. വയ്യേറ്റ് - പട്ടത്താനം
15. വയ്യേറ്റ് - പാലാംകോണം
16. കണ്ണങ്കോട് - ഐക്കര
17. കണ്ണങ്കോട് - ഓമനത്തിങ്കൾ
18. അക്കരവിള - വാറുവിളാകം
19. കീഴായിക്കോണം - വട്ടവിള തേവർതോട്ടം റോഡ് ഉല്ലാസ് നഗറുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.
20. ആലുന്തറ - കാവറകോളനി റോഡ്
21. കാവറകോളനി തണ്ടാംപൊയ്ക റോഡ്

III പുതിയതും ഗതാഗതയോഗ്യമാക്കേണ്ടതും

1. കുറിച്ചി- വാമനപുരം ആശുപത്രി റോഡ്- തമ്മിൽ യോജിപ്പിക്കുക
2. പ്ലാപ്പട്ടി റോഡ് നെല്ലനാട് ജംഗ്ഷനുമായി ബന്ധിപ്പിക്കുക.
3. തൈക്കാട്- മുന്നാറ്റ് മുക്ക് റോഡുമായി ബന്ധിപ്പിക്കുക
4. മാരിയം വെട്ടുവിളറോഡ് വീതി കൂട്ടുക.
5. ചിറവിള റോഡ് S H മായി ബന്ധിപ്പിക്കുക
6. മങ്ങാട്ടുകുന്നം തടം- രംഗപ്രഭാത് റോഡുമായി ബന്ധിപ്പിക്കുക
7. മുദാക്കൽ പാലം മുതൽ- ചെറുകോട്ടുകാവ് ക്ഷേത്രം വഴി തോട്ടുവരമ്പ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക
8. ഗണപതിയാംകാട് – ചെറുകോട്ട് കാവ് റോഡ് - മൈലക്കുഴി റോഡുമായി ബന്ധിപ്പിക്കുക.
9. പരമേശ്വരം ക്ഷേത്രം മുതൽ ഹരിജൻ കോളനിയിലേക്കുള്ള നടപ്പാത വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
10. ഉല്ലാസ് നഗർ റോഡ് – കീഴായിക്കോണവുമായി ബന്ധിപ്പിക്കുക.
11. മണ്ഡപക്കുന്ന് – ഇടവം പറമ്പ് റോഡ് ,, പരമേശ്വരം ക്ഷേത്രവുമായി ബന്ധിപ്പിക്കുക.
12. ആനപ്പാറ – കീഴായിക്കോണം റോഡ് വികസിപ്പിക്കുക
13. ചേരിയിൽ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക
14. നെല്ലനാട് പോസ്റ്റാഫീസ്തടം – കുഴിവാരം വരെ നീട്ടുക.
15. പ്ലാപ്പട്ടി – വട്ടയം റോഡിൽ പാലം നിർമ്മിക്കുക
16. ഭഗവതിക്കോണം പഞ്ചിയൂർ റോഡ് ഗതാഗതയോഗ്യമാക്കുക.
17. വള്ളിക്കാട് – വട്ടയം റോഡ് ഗതാഗതയോഗ്യമാക്കുക
18. LPS റോഡ് – ഭഗവതിക്കോണം ബ്ലോക്കാഫീസുമായി ബന്ധിപ്പിക്കുക

19. പറവിലക്കോണം – ചിററോഡ് ഗതാഗതയോഗ്യമാക്കുക

20. മുക്കുന്നൂർ – നീർച്ചാൽ, റോഡ് – വാറുവിളാകം – അക്കരവിള റോഡുമായി ബന്ധിപ്പിക്കുക

21. കോട്ടറക്കോണം ചിറ – തോട്ടുവരമ്പ് റോഡാക്കി മാറ്റുക.

22. പോലീസ് സ്റ്റേഷൻ റോഡ് – കാവറ റോഡുമായി ബന്ധിപ്പിക്കുക

23. മുക്കുന്നൂർ ക്ഷേത്രം റോഡ് – കുട്ടപ്പാക്കൽ – കോട്ടുകുന്നം റോഡുമായി ബന്ധിപ്പിക്കുക.

24. കീഴെ പരപ്പാറ റോഡ് ഗതാഗതയോഗ്യമാക്കുക

25. വാഴ്വേലിക്കോണം – ചൊവ്വറ റോഡ് സഞ്ചാരയോഗ്യമാക്കുക

26. ഉടയൻപാറ – പാലവിളതടം വീതി കൂട്ടുക

27. പ്ലാപ്പട്ടി – തോട്ടുംപുറം റോഡ് ഗതാഗതയോഗ്യമാക്കുക

28. കരിഞ്ചാത്തി – മേലേതോട്ടും പുറംറോഡ് ഗതാഗതയോഗ്യമാക്കുക

29. പള്ളിക്കാട് – മണ്ണാത്തുംകുഴി – തെയ്ക്കാവ് – ഉണ്ടപ്പാററോഡ് ഗതാഗതയോഗ്യമാക്കുക

30. പ്ലാവോട് തടം സഞ്ചാരയോഗ്യമാക്കുക

31. വട്ടവാൾ – മോട്ടപ്പുറം റോഡ് ഗതാഗതയോഗ്യമാക്കുക

32. വലിയകട്ടയ്ക്കാൽ മഹിളാസമാജം റോഡ് മുക്കുന്നൂർ ക്ഷേത്രം റോഡുമായി ബന്ധിപ്പിക്കുക.

33. ആശുപത്രികുന്ന് – ചായറകുന്ന് റോഡ് – ഗാന്ധിനഗർ റോഡുമായി ബന്ധിപ്പിക്കുക.

34. പുലിച്ചാണിൽ റോഡ് ഗതാഗതയോഗ്യമാക്കുക

35. കോട്ടുകുന്നം ഏലായുടെ പടിഞ്ഞാറ് ഭാഗത്തുകൂടി പുതിയ റോഡ് വെട്ടുക.

36. കുന്നിൽറോഡ് സഞ്ചാരയോഗ്യമാക്കുക.

37. തോട്ടുംപുറം – ഭൂതമടക്കി റോഡ് ഗതാഗതയോഗ്യമാക്കുക

38. കീഴായിക്കോണം – മുളവെട്ടുപറമ്പ് – കരിഞ്ചാത്തി ഗതാഗതയോഗ്യമാക്കുക

39. കല്ലിടുക്കിൽ – പനയറം ലിങ്ക് റോഡാക്കുക

IV നടപ്പാതകൾ

1. മാരിയം റോഡിൽ സൈഡ് വാളിന് സമീപം പത്തോളം കുടുംബങ്ങൾ സഞ്ചരിക്കുന്ന നടപ്പാത ഗതാഗതയോഗ്യമാക്കുക

2. കാവറ പനച്ചിമൂട്ടിൽനിന്നും S.H. റോഡിലേക്കുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കണം.

3. പൂവണത്തുംമൂട് ഏല തുടങ്ങുന്ന ഭാഗത്തുള്ള വയൽ വരമ്പ് നടപ്പാതയാക്കി മാറ്റണം.

4. കല്ലിടുക്കിൽ ഭഗവതിക്കോണം നടപ്പാത സഞ്ചാരയോഗ്യമാക്കണം.

V പുതിയ ബസ്സ് സർവ്വീസുകൾ സംബന്ധിച്ച്

1. കിളിമാനൂർ – വാമനപുരം – കുറ്ററ – നെല്ലനാട് – കുറ്റിമൂട് – പനയറം – പള്ളിമുക്ക് വഴി നെടുമങ്ങാട് ബസ്സ് സർവ്വീസ് ആരംഭിക്കുക.

2. കിളിമാനൂർ – കോട്ടുകുന്നം – വലിയകട്ടയ്ക്കാൽ – മെഡിക്കൽ കോളേജ് ബസ് പുനസ്ഥാപിക്കുക.

3. വെഞ്ഞാറമൂട് – പോത്തൻകോട് – മെഡിക്കൽ കോളേജ് ചെയിൻ സർവ്വീസ് ആരംഭിക്കുക.

4. വെഞ്ഞാറമൂട് – കിഴക്കേകോട്ട ഓർഡിനറി ബസ്സ് ആരംഭിക്കുക.

5. ആറ്റിങ്ങൽ – പരമേശ്വരം – കോട്ടുകുന്നം – പാലോട് ബസ്സ് സർവ്വീസ് ആരംഭിക്കുക.

6. ആറ്റിങ്ങൽ – വെഞ്ഞാറമൂട് – പൂവണത്തുംമൂട് നെല്ലനാട് ബസ്സ് സർവ്വീസ് ആരംഭിക്കുക.

7. നെല്ലനാട് – തിരുവനന്തപുരം ബസ്സിന്റെ ഇന്നുള്ള ട്രിപ്പ് വർദ്ധിപ്പിക്കുക.

8. കിളിമാനൂർ – കോട്ടുകുന്നം – പൊയ്കമുക്ക് –

ആറ്റിങ്ങൽ ബസ്സ് സർവ്വീസ് ആരംഭിക്കുക.

9. വിവിധ ഡിപ്പോകളിൽ നിന്നും വെഞ്ഞാറമൂട്ടിൽ വന്നു പോകുന്ന ബസ്സുകൾ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് നീട്ടി യാത്രാക്ലേശം പരിഹരിക്കുക.

10. പഞ്ചായത്തിൽ ഇതുവരെ വാഹന ഗതാഗതം എത്താത്ത കിഴക്കൻ മേഖലയിൽ പുതിയ സർവ്വീസ് ആരംഭിക്കുക, പ്രൈവറ്റ് ബസ്സുകൾക്ക്, അനുവാദം നൽകുക.

ഊർജ്ജം

നമ്മുടെ സംസ്ഥാനത്തെ ബാധിച്ചിട്ടുള്ള ഊർജ്ജ പ്രതിസന്ധി നെല്ലനാട് പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഊർജ്ജോൽപ്പാദന രംഗത്ത് വർദ്ധനവ് ഉണ്ടാകാത്തത് കാരണം വികസന രംഗത്ത് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസുകൾ..വൈദ്യുതി, മണ്ണെണ്ണ,വിറക്, ഗ്യാസ് എന്നിവയാണ്. വെളിച്ചത്തിന് വൈദ്യുതിയും, മണ്ണെണ്ണയും പാചകത്തിന് വിറകും,മണ്ണെണ്ണയും ഗ്യാസുമാണ് ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിലാകെ 3035 കുടുംബങ്ങൾക്ക് (40% താഴെ) മാത്രമാണ് വൈദ്യുതി കണക്ഷൻ

ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിലെ വീടുകളിൽ 98% വരെ പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ഇന്ധനക്ഷമത കൂടിയ പരിഷത്ത് അടുപ്പുകളുടെ പ്രചരണം നെല്ലനാട് പഞ്ചായത്തിൽ വളരെ കുറവാണ്. വർദ്ധിച്ചുവരുന്ന വിറകിന്റെ ഉപഭോഗം തടയാൻ പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണത്തിൽ വളരെയേറെ ശ്രദ്ധിക്കേണ്ടി ഇരിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം ഒരു പ്രശ്നമായി ഉയർന്നുവരുന്നുണ്ട്. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഇന്നുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചും വൈദ്യുതിയുടെ ഉപയോഗം ക്രമീകരിച്ച് ഇന്നുള്ള വൈദ്യുതി പ്രതിസന്ധിയ്ക്ക് പരിഹാരം കാണേണ്ടതാണ്. നെല്ലനാട് പഞ്ചായത്തിലാകെ 367 സ്ട്രീറ്റ് ലൈറ്റുകളാണ് നിലവിലുള്ളത്. തെരുവുവിളക്കുകളുടെ കാര്യത്തിൽ വാർഡുകൾ തമ്മിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. പഞ്ചായത്ത് തെരുവുവിളക്കുകൾക്കായി പ്രതിവർഷം 81,870 രൂപ ചിലവഴിക്കുന്നുണ്ട്. ഇത് പഞ്ചായത്തിലാകമാനം 11 K.V ലൈൻ 10.75 K.M. , LT ലൈൻ 134.75 K.M. കടന്നുപോകുന്നുണ്ട്. നെല്ലനാട് പഞ്ചായത്തിൽ 7 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	- 2062
വ്യാപാരം	- 800
വ്യാവസായികം	- 53
കാർഷികം	- 120

2. കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം.

	OH	W/P
ഓർഡിനറി	170	140
O T P	25	-
O Y E C	30	15

3. കണക്ഷൻ അവസാനമായി നൽകിയത്

O H - 21-8-1995

W/P 30-9-1996

4. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

ബൾബ് - 60W-165

- 40W-106

ട്യൂബ് - 80 സെറ്റ്

മെർക്കുറി വേപ്പർ - 12

സോഡിയം വേപ്പർ - 4

5. തൻ വർഷത്തെ കണക്ഷൻ

	OH	W/P
ഓർഡിനറി	5	30
O T P	2	10
O Y E C	9	180

6. പഞ്ചായത്ത് പരിധിയിലെ ട്രാൻസ്ഫോർമറുകൾ

1.	കുഴിവിള	100 KVA
2.	വയ്യേറ്റ്-I	100 KVA
3.	വയ്യേറ്റ്-II	100 KVA
4.	വെഞ്ഞാറമൂട്	260 KVA
5.	പോലീസ് സ്റ്റേഷൻ	100 KVA
6.	മാമൂട്	100 KVA
7.	കീഴായിക്കോണം	100 KVA
8.	കാന്തലംകോണം	100 KVA
9.	വലിയകട്ടയ്ക്കാൽ	100 KVA
10.	പാലത്തറ	100 KVA
11.	മുദാക്കൽ	100 KVA
12.	പരമേശ്വരം	100 KVA
13.	കോട്ടുകുന്നം	100 KVA
14.	ആലന്തറ	100 KVA
15.	പൂവണത്തുംമൂട്	100 KVA

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം ഒടുക്കുന്ന തുക - 6,823.00 രൂപ

8. ആകെ വൈദ്യുതി ലൈനിന്റെ നീളം

11KV - 10.75 Km

LT - 134.75 Km

9. പ്രതിവർഷം സ്ട്രീറ്റ് ലൈറ്റ് ചെലവ്

- 81,876.00 രൂപ(3.15%)

പ്രശ്നങ്ങൾ

1. എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തുന്നില്ല.

2. എല്ലാ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

3. ഇലക്ട്രിസിറ്റി അതികൃതരുടെ അനാസ്ഥമൂലം സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്താറില്ല.

4. OYEC സ്കീമിൽ പണം അടച്ചാലും ലൈൻ ലഭിക്കുവാൻ മാസങ്ങളോളം കാത്തിരിക്കണം.

5. പ്രാദേശികമായ വൈദ്യുതി ലൈനിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കാലതാമസം വരുന്നു.

6. ഹരിജൻ വെൽഫയർ ഫണ്ട് ഉപയോഗിച്ചും അൺ ട്രേഡ് ഫണ്ട് ഉപയോഗിച്ചും വയറിംഗ് നടത്തിയിട്ടുള്ള പല വീടുകളിലും കണക്ഷൻ ലഭിച്ചിട്ടില്ല.

7. ലോഡ്ഷെഡ്ഡിംഗും പവർകട്ടും മൂലം ജനങ്ങൾ പൊറുതിമുട്ടുന്നു.

8. വെഞ്ഞാറമൂട് മേജർ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം തൃപ്തികരമല്ല.

9. അശാസ്ത്രീയമായ മീറ്റർ റീഡിംഗ് മൂലം ബില്ലിൽ പലപ്പോഴും പിഴവുകൾ സംഭവിക്കുന്നു.

10. മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല.

11. പുകകുറഞ്ഞ അടുപ്പുകളെ കുറിച്ചുള്ള പ്രചാരം ഗ്രാമപ്രദേശങ്ങളിൽ എത്തിയിട്ടില്ല.

12. മരങ്ങൾ അധികമായി മുറിച്ചുമാറ്റുന്നതു മൂലം വിറകു ക്ഷാമം അനുഭവപ്പെടുന്നു.

13. സർക്കാർ മേഖലയിൽ ഗ്യാസ് വിതരണം ഇല്ലാത്തതുമൂലം ഗ്യാസ് ആവശ്യത്തിന് ലഭിക്കുന്നില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

1.പഞ്ചായത്തിൽ മൊത്തത്തിലുള്ള സപ്ലൈ ഇൻറെറപ്ഷൻ പരിഹരിക്കുന്നതിന് പോത്തൻകോട്, നെടുമങ്ങാട്, എന്നീ സബ്സ്റ്റേഷനുകളിൽ നിന്നും ഓരോ 11 KV ഫീഡറും ആറ്റിങ്ങൽ സബ്സ്റ്റേഷനിൽ നിന്നും ഒരു ഡ്യൂപ്ലിക്കേറ്റ് ഫീഡറും വെഞ്ഞാറമൂട്ടിലേക്ക് നൽകേണ്ടതാണ്.

2. മാണിക്കൽ, കല്ലറ, പുല്ലമ്പാറ എന്നീ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്, തുടങ്ങിവച്ച പുല്ലമ്പാറ സബ്സ്റ്റേഷന്റെ പണിപുന:രാരംഭിക്കുക.

3. പഞ്ചായത്ത് O.Y.E.C. സ്കീമിൽ പണം അടച്ച് ലൈൻ എക്സ്റ്റെൻഷൻ, സ്ട്രീറ്റ്ലൈറ്റ് തുടങ്ങിയ പണികൾക്ക് വരുന്ന കാലതാമസം ഒഴിവാക്കുക.

4. ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

5. അൺ-ടൈഡ് ഫണ്ട് ഉപയോഗിച്ച് വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

6. ഹരിജൻ വെൽഫെയർ ഫണ്ട് ഉപയോഗിച്ച് വയറിംഗ് നടത്തിയ വീടുകൾ, വികലാംഗരുടെ വീടുകൾ എന്നിവിടങ്ങളിൽ കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുക.

7. പ്രാദേശികമായി ഉണ്ടാകുന്ന ലൈൻതകരാറുകൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയും കാലതാമസവും മൂലം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ലോക്കൽ ട്രയിനർമാരെ പരിശീലിപ്പിച്ച് ചുമതലപ്പെടുത്തുക.

8. പ്രോപ്പർട്ടി – ക്രോസിംഗ് കൺസന്റ് വ്യവസ്ഥമൂലം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുക.

9. വെഞ്ഞാറമൂട് ഇലക്ട്രിക് മേജർ സെക്ഷൻ ഓഫീസിൽ ആവശ്യമായ മെറ്റീരിയൽസും മെയിന്റയിൻസ് സ്റ്റാഫും നൽകേണ്ടതാണ്.

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. മാണിക്കമംഗലം
2. തൈക്കാട് മൂന്നാറ്റ്മുക്ക്
3. വെട്ടുവിള
4. മൈലക്കുഴി
5. ഉല്ലാസ് നഗർ
6. പരപ്പാറമുകൾ
7. ഗാന്ധിനഗർ
8. പ്ലാപ്പട്ടി
9. മുക്കുന്നൂർ

സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. പൂവണത്തുംമൂട – ഗാന്ധിനഗർ – കോട്ടുകുന്നം റോഡ്.

2. പൂവണത്തുംമൂട്–ജംഗ്ഷൻ.(മെർക്കുറി ലാമ്പ്)

3. പൂവണത്തുംമൂട് – നെല്ലനാട് റോഡ്.

4 കീഴായിക്കോണം – പ്ലാപ്പട്ടി റോഡ്.

5. കീഴായിക്കോണം വാർഡ് പൂർണ്ണമായി. കീഴായിക്കോണം ജംഗ്ഷൻ(സോഡിയം വേപ്പർ)

6. ബ്ലോക്ക് ഓഫീസ് – ഭഗവതികോണം റോഡ്.
7. ബ്ലോക്ക് ഓഫീസ് (ട്യൂബ്)
8. മൃഗാശുപത്രി (ട്യൂബ്)
9. പഴയപോലീസ് സ്റ്റേഷൻ റോഡ്.
10.ആലന്തറക്ഷേത്രം –UPS റോഡ്
11.രംഗപ്രഭാത് – കോട്ടുകുന്നം റോഡ്
12.ത്രിവേണി – മുരുർകോണം റോഡ്
13.തണ്ടാംപൊയ്ക – അയിലൂർകോണം റോഡ്
14.പോലീസ് സ്റ്റേഷൻ – കൊക്കാലമുക്ക്
15.മണലിമുക്ക് – വേടക്കാല
16.വയ്യേറ്റ് – ഊളൻവിള
17.കോട്ടറകോണം ചിറ – (ട്യൂബ്)
18.ദീപാനഗർ..മുരുർകോണം റോഡ്
19. മണ്ഡപകുന്ന്ജംഗ്ഷൻ (ട്യൂബ്)
20.വയ്യേറ്റ് – കിണറ്റുമുക്ക് (ട്യൂബ്)
21.പോലീസ്സ്റ്റേഷൻ (സോഡിയം വേപ്പർ)
22.മാണിക്കോട് – കോക്കോട്ടുകോണം
23.ആലുന്തറ – അംഗൻവാടി
24.കുന്നിൽക്ഷേത്രം
25.ദീപാനഗർ – ആലുന്തറ മണ്ഡപം റോഡ്
26. പഞ്ചായത്ത് ഓഫീസ് – കോട്ടറവീട് – കോക്കോട്ടുകോണം – പാലാംകോണം
27. കാവറഅക്കരവിളാകം – ശാസ്താംനടവഴി – നീർച്ചാൽ – മുക്കുന്നൂർതടം.

28. കീഴായിക്കോണം വട്ടവിള ഉല്ലാസ്നഗർ
29. കീഴായിക്കോണം വട്ടവിള ആനപ്പാറ
30. കീഴായിക്കോണം ആനപ്പാറ

<u>വൈദ്യുതി എത്താത്ത പ്രദേശങ്ങൾ</u>

അഴിക്കോട്ട് കോണം പാണർ കോളനി, അക്കരവിള, കൊച്ച്കുന്ന്, പന്താവ്വിള, പുലിച്ചാണിൽ, കുന്നിൽ, കൈതറക്കുഴി, തോട്ടുംപുറം, പട്ടാഴി, ഭൂതമടക്കി, വെളുത്തപാറ, ഈശാനു കോണം, ഇടമല, ഇടപ്പണ, കടമ്പറക്കോണം, കാരിഞ്ചിക്കുഴി, കാട്ടുവിളാകം, ചെറുകോട്ടുകോണം, മാടത്തറ, പരമേശ്വരം ഹരിജൻകോളനി, ഇടവം പറമ്പ് കോളനി, കുറ്റിച്ചൽ ചേരിയൽകോളനി, ആനപ്പാറ. കീഴായിക്കോണം എറിപാറ കോളനി.

മാർക്കറ്റ്

നെല്ലനാട് പഞ്ചായത്തിൽ രണ്ട് പബ്ലിക്കു് മാർക്കറ്റുകളാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ നിലവിലുള്ള വെഞ്ഞാറമൂട്, കീഴായിക്കോണം മാർക്കറ്റുകളിൽ കീഴായിക്കോണം മാർക്കറ്റ് പ്രവർത്തനക്ഷമമല്ല. മാർക്കറ്റുകളിൽ നിയമാനുസ്രണം ഉള്ള അറവുശാലകളോ, വണ്ടിത്താവളങ്ങളോ ഇല്ല. തിരുവന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ ഒന്നാണ് വെഞ്ഞാറമൂട്. നെടുമങ്ങാട് താലൂക്കിലെ അറിയപ്പെടുന്ന മാർക്കറ്റുകളിൽ ഒന്നായ വെഞ്ഞാറമൂട് മാർക്കറ്റിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേർ വ്യാപാരത്തിനായി എത്തുന്നു. നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ പ്രധാന ധനാഗമ മാർഗ്ഗങ്ങളിലൊന്നായ വെഞ്ഞാറമൂട് മാർക്കറ്റിൽ നിന്നും പ്രതിവർഷം 2,05,000 രൂപ വരുമാനം ലഭിക്കുന്നു.

കീഴായിക്കോണം മാർക്കറ്റിൽ പ്രത്യേകിച്ച് വരുമാനങ്ങളൊന്നും തന്നെ ഇല്ല. ദിവസവും ധാരാളം വാഹനങ്ങളും കച്ചവടക്കാരും ഉപഭോക്താക്കളും വന്നുപോകുന്നതുകൊണ്ടും വേണ്ടത്ര ഡ്രയിനേജ് സൗകര്യം ഇല്ലാത്തതുകൊണ്ടും മത്സ്യത്തിന്റെ മൊത്തവ്യാപാരം നടക്കുന്നതുകൊണ്ടും വെഞ്ഞാറമൂട് മാർക്കറ്റ് മലിനീകരിക്കപ്പെട്ടിരിക്കുന്നു. നെല്ലനാട് പഞ്ചായത്തിന് പുറമേ, പുല്ലമ്പാറ, മാണിക്കൽ, മുദാക്കൽ, എന്നീ പഞ്ചായത്തുകളിലെ

കാർഷികോല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രവും വെഞ്ഞാറമൂട് മാർക്കറ്റ് ആണ്. കൂടുതൽ കൂടുതൽ കർഷകരേയും വ്യാപാരികളെയും ആകർഷിപ്പിക്ക ത്തക്കവണ്ണം വെഞ്ഞാറമൂട് മാർക്കറ്റ് ആധുനീ കരിക്കേണ്ടതുണ്ട്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. മാർക്കറ്റ് ആധുനികവൽകരിക്കുക.
2. സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന വെഞ്ഞാറമൂട് ജംഗ്ഷനിൽ നിന്നും മാർക്കറ്റ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
3. മത്സ്യത്തിന്റെ മൊത്ത വ്യാപാരം വെഞ്ഞാറമൂട് മാർക്കറ്റിൽ നിന്നും മാറ്റുകയും അനുയോജ്യമായ തുറസ്സായ സ്ഥലം കണ്ടെത്തുകയും ചെയ്യുക.
4. പഞ്ചായത്ത് തലത്തിൽ കാർഷികോല്പന്നങ്ങളുടെ സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുക.
5. മത്സ്യഫെഡിന്റെ വാഹനം വെഞ്ഞാറമൂട് വരെ വന്നുപോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
6. നിയമാനുസരണം സ്ലാട്ടർ ഹൗസ് സ്ഥാപിച്ച് ഇന്നുള്ള അവസ്ഥയ്ക്ക് പരിഹാരം കാണുക.
7. ദീപാനഗർ, വലിയകട്ടയ്ക്കാൽ, പൂവണത്തുംമൂട്, കോട്ടുകുന്നം, ഗണപതിയാംകാട്, നെല്ലനാട്, (തിങ്കൾ, വ്യാഴം ദിവസങ്ങളിൽ) എന്നിവടങ്ങളിൽ പുതുതായി ചന്ത തുടങ്ങുക.



പാർപ്പിടവും സാമൂഹ്യക്ഷേമവും





ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് ഭരണഘടനയിൽ സാമൂഹിക സാമ്പത്തിക സാംസ്കാരികരംഗത്തെ പിന്നോക്കാവസ്ഥ ഉള്ളവർക്കായി 10 വർഷത്തേക്ക് സംവരണം വ്യവസ്ഥ ചെയ്തത്. കാലാവധിക്കകം പ്രസ്തുത വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ മെച്ചപ്പെടുത്താൻ കഴിയാത്തതിനാൽ ഭരണഘടനയിൽ ഭേദഗതി വരുത്തിക്കൊണ്ട് സംവരണം തുടർന്നും നിലനിർത്തേണ്ടതായി വന്നു.

സാമൂഹ്യക്ഷേമപദ്ധതികൾക്കായി പഞ്ചവത്സര പദ്ധതികളിൽ കൂടി നിരവധി ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടും, ദുർബല വിഭാഗങ്ങളിൽ ഭൂരിപക്ഷത്തിനും പ്രസ്തുത സഹായങ്ങൾ ലഭ്യമായിട്ടില്ല എന്നതാണ് യഥാർത്ഥ്യം, മാത്രമല്ല ലക്ഷ്യം പൂർത്തിയാക്കാൻ ഇനിയും വളരെയേറെ നടപടികൾ സ്വീകരിക്കേണ്ടതായിട്ടാണിരിക്കുന്നത്. ജനകീയാസൂത്രണ പദ്ധതി എന്ന പുതിയ പരീക്ഷണത്തിൽ കൂടിയെങ്കിലും ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞെങ്കിൽ എന്നാശിക്കുകയാണ്.

കഴിഞ്ഞ അൻപതുവർഷക്കാലമായി നടത്തിവരുന്ന സാമൂഹ്യക്ഷേമപദ്ധതികളുടെ ഫലമായി സാധാരണക്കാരുംപാവപ്പെട്ടവരുമായ ജനവിഭാഗങ്ങളിൽ പാർപ്പിടരംഗത്തും സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലും ആരോഗ്യം, തൊഴിൽ എന്നീമേഖലകളിലും നേട്ടങ്ങളും പുരോഗതിയും ഉണ്ടായിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളിൽ കൂടി നടത്തുന്ന ധനവിനിയോഗം പ്രത്യുല്പാദനപരമല്ല എന്ന അഭിപ്രായം ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധി ഉയർത്തിക്കൊണ്ടും ആവശ്യമായ പദ്ധതിവിഹിതം അനുവദിച്ചുകൊണ്ടും സമഗ്രവും പരിപൂർണ്ണവുമായ

പുരോഗതികൈവരിക്കേണ്ടതിന് സാമൂഹ്യ ക്ഷേമപദ്ധതികൾ തുടർന്നും ആവശ്യമാണ്.

പരിഹരിക്കപ്പെടേണ്ട മറ്റൊരു സാമൂഹ്യവിപത്താണ് അന്യസംസ്ഥാനങ്ങളിൽ നിന്നും അഭയാർഥികൾ എന്ന വ്യാജേന കൂട്ടം കൂട്ടമായി കടന്നുവന്നു മോഷണം പിടിച്ചുപറി കൊള്ള തുടങ്ങിയ സാമൂഹ്യവിരുദ്ധപ്രവർത്തനം നടത്തുന്ന സംഘങ്ങൾ. അതാതു സംസ്ഥാനങ്ങളിൽ തന്നെ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടത് അടിയന്തിര പ്രശ്നം തന്നെയാണ്.

പാർപ്പിടം

സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ മുന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നെല്ലനാട്. കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, പാറപ്പണിക്കാർ, മറ്റു വിവിധതരം തൊഴിൽ ചെയ്യുന്ന കൂലി വേലക്കർ എന്നിവരാണ് ഈ പഞ്ചായത്തിൽ ഭൂരിപക്ഷം. നല്ലൊരു ശതമാനം ചെറുകിട കച്ചവടക്കാരുമുണ്ട്. താമസയോഗ്യമല്ലാത്ത ചെറ്റപ്പുരകളും മൺകൂരകളും ഇടത്തരം വീടുകളും കൂടുതലുമായിട്ടുള്ളത്.

പഞ്ചായത്തിലെ 8859 വീടുകളിൽ 2047 വീടുകൾ കോൺക്രീറ്റുകെട്ടിടങ്ങളും ബാക്കിയുള്ളവ ഇടത്തരം ചെറിയ കെട്ടിടങ്ങളും ഓലമേഞ്ഞ കുടിലുകളുമാണ്. ഇതിൽ 1500 ഓളം വീടുകളിൽ മൊസേക്ക്, മാർബിൾ, സിറാമിക്, ടൈൽസ് എന്നിവ ഉപയോഗിച്ചുണ്ട്. മൺഭിത്തി, മൺകട്ട, ഇഷ്ടിക തുടങ്ങിയവയാണ് സാധാരണ വീടുകളിൽ കൂടുതലും ഉപയോഗിച്ചിട്ടുള്ളത്. കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്നതിനാണ് പൊതുവേ താൽപര്യം. കരിങ്കല്ല്, മെറ്റൽ, ഇഷ്ടിക തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ മറ്റ് പ്രദേശങ്ങളിലേക്ക് ധാരാളമായി ഇവിടെനിന്നും കൊണ്ടുപോകാറുണ്ട്. ശാസ്ത്ര സാങ്കേതിക വിദഗ്ധരും നിർമ്മാണ തൊഴിലാളികളും ധാരാളം ഉണ്ട്. വിവിധ വകുപ്പുകൾ വഴി സൗജന്യമായി ഏകദേശം എഴുപതോളം വീടുകളും, ഏകദേശം എൺപതോളം കോൺക്രീറ്റ് വീടുകളും പ്രതിവർഷം ഈ പഞ്ചായത്തിൽ നിർമ്മിച്ചു വരുന്നു. പുരുഷ തൊഴിളാലികളെക്കാൾ കുറഞ്ഞ കൂലിനിരക്കാണ് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്.

വെഞ്ഞാറമൂട് ഹൗസിംഗ് സൊസൈറ്റി, ജില്ലാ സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക്, മറ്റ് വിവിധ ബാങ്കുകൾ എന്നിവയിലൂടെയുള്ള വായ്പാസൗകര്യങ്ങൾ ജനങ്ങൾ ഭവന നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും വായ്പ യഥാസമയം ലഭിക്കാത്തതു സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടാവുന്നുണ്ട്. പ്രസ്തുത വായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ നൽകുക.

2. പലിശ നിരക്ക് 12% മായി നിജപ്പെടുത്തുക.

3. തവണ വ്യവസ്ഥയിൽ പേളാട്ട് അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചു നൽകുക.

ഈ പഞ്ചായത്തിലെ 3366 കുടുംബങ്ങൾക്ക്

സ്വന്തമായി വീട് ഇല്ല. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീട്ടിന്റെ എണ്ണം വളരെ കുറവാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. വീട് നിർമ്മാണത്തിനും, പുതുക്കി പണിയുന്നതിനും ദുർബ്ബലവിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും

സഹായങ്ങളോ വായ്പകളോ ആവശ്യാനുസരണം ലഭിക്കാറില്ല. ജനകീയ വായ്പകളിൽ പ്രധാനപ്പെട്ട ഭവനവായ്പാകൾ അടിയന്തിര പ്രാധാന്യത്തോടെ ലഭ്യമാക്കേണ്ടത് നാടിന്റെ പരമപ്രധാനമായ ആവശ്യമാണ്.

കെട്ടിടനിർമ്മാണ രംഗത്തെ കൂലിനിരക്കും അതിനേക്കാൾ സാധന സാമഗ്രികളുടെ വിലക്കയറ്റവും കണക്കിലെടുത്ത് സർക്കാർ വിവിധ പദ്ധതി പ്രകാരം വികസന ബ്ളോക്ക് വഴി നടപ്പിലാക്കി വരുന്ന RLGEP, NREP, IAY, JRY, MOS, എന്നീ പദ്ധതികളുടെ ഗ്രാന്റ് പരിധിയും, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. പ്രകൃതിക്ഷോഭം മൂലം ഭവനരഹിതരാകുന്നവർക്ക് പുനരധിവാസ പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം വർദ്ധിപ്പിക്കേണ്ടതും സമയബന്ധിതമായി പുനരധിവസിപ്പിക്കേണ്ടതും ആവശ്യമാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എൻജിനീയർ മുതൽ, ലേബർ വരെയുള്ളവരെ സംഘത്തിലൂടെ നൽകുക. സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സിവിൽ സപ്ലൈസ് വഴി ലഭ്യമാക്കുക (സിമെന്റ്, കമ്പി,മുതലായവ).
3. നിർമ്മാണ ചെലവ് 5 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന കെട്ടിടങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
4. വായ്പാ ലഭ്യതയ്ക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
5. ഭവനനിർമ്മാണ വായ്പാ അപേക്ഷ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.
6. ഭവനനിർമ്മാണ വായ്പാ സംബന്ധമായ അമിതമായ ഫീസുകൾ ഒഴിവാക്കുക. കാലതാമസം ഒഴിവാക്കുക.
7. സ്റ്റേറ്റ്ജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
8. സർക്കാർ ഏജൻസികൾ വഴി വിതരണംചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.
9. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
10. ഭവനനിർമ്മാണ വായ്പകളുടെയും ഗ്രാന്റിന്റെയും തുക വർദ്ധിപ്പിക്കുക.

(a). IAY, HWS, JRY, RLEGP, എന്നീ പദ്ധതികളിലൂടെ ലഭിക്കുന്ന തുക 30000/ രൂപയായി ഉയർത്തുക.

(b). രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുക 50000/ രൂപയായി ഉയർത്തുക.

(c). പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി 1500/ രൂപയിൽനിന്നും 25000/ രൂപയായി ഉയർത്തുക.

11. ഭൂരഹിത ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഭൂമി ലഭിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തിൽ ഭൂരഹിതരായി 30 ഓളം പേരുള്ളതായാണ് ഏകദേശം കണക്ക് കാണിക്കുന്നത്. അവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ വിവരം

1	2	3	4	5	6
1991-92ലെ കെട്ടിടങ്ങളുടെ എണ്ണം	92-93 ൽ നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം	93-94ൽ നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം	94-95 ൽ നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം	95-96ൽ നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം	മൊത്തം കെട്ടിടങ്ങളുടെ എണ്ണം
7577	620	34	110	518	8859

ലേലവരുമാനം സംബന്ധിച്ച തുകയും വിവരവും

ചന്ത	സ്റ്റാൾ	ചവറ്	പട്ടമരങ്ങൾ	ഫലവൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ് കടകൾ	മറ്റുള്ളവ	ആകെ
2,00,000	1,87,274	660	--	570	34,517	10,104	4,33,071

ഗ്രാന്റ് വിവരം

അടിസ്ഥാന നികുതി

VRM Rs.	MI Rs.	VTC Rs.	25% Rs.	75% Rs.
55,810	20,000	4,28,787	2,00,000	3,12,076

പഞ്ചായത്ത് അസസ്മെന്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം

വാർഡ് നമ്പർ	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽകൂരയുടെ സ്വഭാവം		
			കോൺക്രീറ്റ്	ഓട്	ഓല
I	1040	25	360	364	291
II	1009	45	134	340	490
III	1002	18	178	474	337
IV	1018	15	228	308	467
V	804	10	135	318	331
VI	752	20	184	304	254
VII	806	25	60	413	308
VIII	709	14	84	365	246
IX	1054	30	305	347	372
X	665	40	137	218	270
ആകെ	8859	242	1805	3451	3366

പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുകകൾ സംബന്ധിച്ച വിവരം

വകുപ്പ്	തുക		
	പദ്ധതിവിഹിതം	പദ്ധതിയേതരവിഹിതം	ആകെ
1	2	3	4
മൃഗസംരക്ഷണം	Rs. 1,175	----	1,175
ആരോഗ്യം	----	Rs.8,100	8,100
കൃഷി	Rs. 1,495	6,500	1,51,965
P.W.D	Rs.1,19,807	5,442	1,25,249
ഹരിജനക്ഷേമം	Rs.2,000	----	2,000
മൈനർ ഇറിഗേഷൻ	Rs.2,142 Rs.18,960	----	2,142 18,960
മറ്റുള്ളവ വിധവ, വാർദ്ധക്യകാല പെൻഷൻ	Rs.15,500	----	15,500
ആകെ	Rs. 3,29,045	20,042	3,25,091

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനങ്ങളുടെ എണ്ണം

വാർഡ്	വ്യവസായ വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	ആകെഫീസ്
1	2	3	4	5	6	7
I	58	2	40	26	124	4075
II	22	-	20	18	60	3570
III	6	-	5	-	11	195
IV	9	-	7	-	16	240
V	5	-	2	-	7	375
VI	2	-	4	3	9	150
VII	6	-	3	-	9	80
VIII	4	-	3	-	7	100
IX	128	5	19	4	158	6995
ആകെ	240	7	103	51	401	15780

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നതും, വാർഡ് തലത്തിൽ നടപ്പിലാക്കേണ്ടതുമായ നിർദ്ദേശങ്ങൾ.

1. ഒന്ന്, രണ്ട്, മൂന്ന്, നാല്, ആറ്, ഏഴ് എന്നീ വാർഡുകളിൽ ഓരോ അംഗൻവാടികൾ കൂടി സ്ഥാപിക്കണം.
2. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യ പരിപാലനം ലഭിക്കത്തക്ക വിധത്തിൽ PH സെന്ററിന്റേയും, സബ്സെന്ററിന്റെയും സൗകര്യം വദ്ധിപ്പിച്ചും കൂടുതൽ സബ്സെന്ററുകൾ സ്ഥാപിച്ചും കാര്യക്ഷമമാക്കുക.
3. സ്ത്രീകൾക്ക് തൊഴിലവസരം കൂടുതൽ സൃഷ്ടിക്കുന്നതിന് വേണ്ടി, പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മെറ്റൽ നിർമ്മാണ ഗ്രൂപ്പുകളും തയ്യൽ, കൈത്തറി, ഫ്രൂട്ട് പ്രിസർവേഷൻ, കറിപൗഡർ നിർമ്മാണം എന്നീ ഗ്രൂപ്പ് ആക്ടിവിറ്റീസ് നടപ്പിലാക്കുക.
4. സ്ത്രീകൾക്കും, പുരുഷൻമാർക്കും കൂടുതൽ തൊഴിൽ സാധ്യതയുള്ള ഇഷ്ടികനിർമ്മാണ ശാലയും, വയർകട്ടിംഗ് നിർമ്മാണശാലയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
5. വയ്യേറ്റ് ഒരു ഓഫ്സെറ്റ് പ്രസ്സും, നോട്ടുബുക്ക് നിർമ്മാണ കേന്ദ്രവും ഗ്രൂപ്പ്ആക്ടിവിറ്റീസ് അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുകയും ചെയ്യണം.
6. നിർദ്ധനരും അഗതികളുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.
7. റബ്ബർ ഉല്പന്നങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുക.
8. റേഷൻ കടകളിലെ ക്രമക്കേടുകളും, അഴിമതിയും അവസാനിപ്പിക്കുന്നതിനുവേണ്ടി ജനകീയ സ്ക്വാഡുകൾ രൂപീകരിക്കുക.
9. സ്ത്രീധനം കൊടുക്കാൻ നിവർത്തിയില്ലാത്തതിനാൽ മംഗല്യഭാഗ്യം ലഭിക്കാതെ യാതന അനുഭവിക്കുന്ന പ്രായാധിക്യം ബാധിച്ച നിർധനർക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലുക്കുക.
10. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ പേരിൽ ദുരിതാശ്വാസഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
11. പഞ്ചായത്തിൽ ആകെയുള്ള ലക്ഷംവീട് കോളനിയായ വയ്യേറ്റ് ലക്ഷംവീട് കോളനി അടിയന്തിരമായി പുനരുദ്ധരിക്കുക.

പഞ്ചായത്തിൽനിന്നും വർഷംതോറും 200 നിർദ്ധനകുടുംബങ്ങൾക്ക് പുര ഓല മേയുന്നതിനുള്ള ധനസഹായവും, 150 നിർദ്ധനവിദ്യാർത്ഥികൾക്ക് യൂണിഫാറവും സൗജന്യമായി നൽകുന്നു. കൂടാതെ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നവർക്ക് ധനസഹായവും നൽകി വരുന്നുണ്ട്.

ബ്ലോക്കുകൾ, മൃഗസംരക്ഷണവകുപ്പ്, പട്ടികജാതി ക്ഷേമ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും നിർദ്ധന വിഭാഗങ്ങൾക്ക് ആട്, കോഴി, ഫലവൃക്ഷതൈകൾ എന്നിവയും ലഭിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

നെല്ലനാട്ഗ്രാമപഞ്ചായത്തിലെ 1996-97 ബഡ്ജറ്റ്		
ആകെ തുക	–	16354230.05
ബഡ്ജറ്റ്	–	15500000.00

JRY പദ്ധതിപ്രകാരം പഞ്ചായത്തിലെ സ്ഥിതിവിവരം

വർഷം	വരവ്	ചെലവ്	ബാലൻസ്
1989-90	451835.00	420966.00	30869.00
90-91	409779.80	379178.00	30601.80
91-92	481397.80	480618.00	779.80
92-93	457001.80	457000.00	1.80
93-94	448957.80	415227.00	33730.80
94-95	347339.80	202994.00	144345.80
95-96	354650.80	124300.00	230350.80

പഞ്ചായത്ത് തലസ്ഥാനമായ വെഞ്ഞാറമൂട്ടിൽ ഒരു ആംബുലൻസും, വാനും, ചവറ് നീക്കം ചെയ്യുന്നതിനുള്ള ഒരു വാഹനവും. ഒരു ഇലക്ട്രിക്കൽ മെറ്റീരിയൽ നിർമ്മാണ ഫാക്ടറിയും, മജിസ്ട്രേട്ട് കോടതിയും, മുൻസിഫ് കോടതിയും, സബ്ട്രഷറിയും ഒരു സ്റ്റേഡിയവും, മുൻഗണന നൽകി സ്ഥാപിക്കണമെന്ന ആവശ്യം പത്ത് ഗ്രാമസഭകളിൽ നിന്നും ഏകകണഠമായി ഉയർന്നുവന്നിട്ടുണ്ട്.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, തൊഴിലാളി, തൊഴിലുടമ സഹായത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്ന പദ്ധതികളുമായി ഇതിനെ രണ്ടായി തിരിക്കാം.

ഇതിന് പുറമേ, പട്ടികജാതി-വർഗ്ഗത്തിന്റെ ഉന്നമനത്തിന് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. നാമമാത്രമായി മറ്റു വിവിധ ക്ഷേമ പദ്ധതികളും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുവരുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവരെ തെരെഞ്ഞടുക്കുന്നതിലുള്ള അപാകത, ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക കുരുക്കുകൾ എന്നിവപരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ മുഖേനെയുള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ. കെട്ടിടനിർമ്മാണത്തൊഴിലാളികൾ, പാറപ്പണിത്തൊഴിലാളികൾ, മത്സ്യവിപണനത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, തയ്യൽത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ മറ്റു വിവിധ മേഖലകളിലായി പണിയെടുക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളിലുള്ള എല്ലാത്തൊഴിലാളികളും ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും, വനിതാ വികസന കോർപ്പറേഷൻ വഴിയുമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതിനെക്കുറിച്ചുള്ള അറിവ് ഇല്ലായ്മ കാരണം അവയിൽ നിന്ന് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പഞ്ചായത്തിലെ കണക്കുകൾ കാണിക്കുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് വികസന ബ്ലോക്കിന്റെ കീഴിലുള്ള V.E.O സർക്കിളുകൾ വഴിയാണ്.

IRDP സഹായപദ്ധതി

ഇക്കഴിഞ്ഞ I R D P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 2325 പേരെ കണ്ടെത്തുകയുണ്ടായി. വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ചവരുടേതായ കണക്കുകൾ വ്യക്തമാക്കുന്നതു ആകെ 173 പേർക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത് എന്നാണ്.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ് ദാരിദ്ര്യരേഖയുടെ വരുമാനപരിധി 25000 രൂപയെങ്കിലും ആക്കേണ്ടതാണ്.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പാ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കുവാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടികൾ എടുക്കണം. ഗുണഭോക്താക്കളെ സഹായിക്കുവാൻ വർഷം തോറും സർവ്വേ നടത്തണം. പ്രതിവർഷം വാർഡൊന്നിന് നാലോ അഞ്ചോ പേർക്കു വീതം സഹായധനം നൽകുന്ന ഇന്നത്തെ സംവിധാനം ഒഴിവാക്കുകയും ഓരോ വാർഡിലും സർവ്വേ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രയോർട്ടി നൽകി ഈ പദ്ധതി കാലഘട്ടത്തിൽ തന്നെ അർഹതപ്പെട്ട എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

(I R D P സർവ്വേ സഹായ ലഭ്യതാക്കണക്ക് സംബന്ധിക്കുന്ന ചാർട്ട് അടുത്ത പേജിൽ.)

	IRDP സ്ഥിതിവിവരം					ഹൗസിംഗ് സ്ഥിതിവിവരം					കക്കൂസ് സ്ഥിതിവിവരം IRDP				DWCRA യൂണിറ്റ്		DWCRA ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണപദ്ധതി	
വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	സഹായം ലഭിച്ച SC/ST	സഹായം ലഭിച്ച് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	വീട് ആവശ്യമുള്ള കുടുംബങ്ങൾ	വിവിധ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ	പൂർത്തിയാക്കിയ വീടുകൾ	പൂർത്തിയാക്കാത്ത വീടുകൾ	അനുവദിക്കേണ്ട വീടുകളുടെ എണ്ണം	കക്കൂസ് ഇല്ലാത്തവരുടെ എണ്ണം	വിവിധ പദ്ധതി പ്രകാരം അനുവദിച്ച കക്കൂസുകളുടെ എണ്ണം	കക്കൂസുവേണ്ടവരുടെ എണ്ണം	പൂർത്തിയാക്കിയത്	കോറി യൂണിറ്റ്	ടെയിലറിംഗ് യൂണിറ്റ്	ടൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
I	192	35	20	10	18	150	50	45	5	100	150	12	138	12	-	-	2	2
II	342	76	17	8	15	210	60	52	8	150	160	12	168	12	-	-	1	1
III	304	97	18	9	10	220	60	60	-	160	150	14	136	14	-	-	1	1
IV	196	58	19	10	15	100	40	40	-	60	125	12	113	12	1	-	-	-
V	216	42	17	9	17	125	50	45	5	75	165	13	152	13	-	-	2	2
VI	256	27	18	9	15	260	60	55	5	200	170	12	158	12	-	-	1	1
VII	306	111	18	12	16	225	40	40	-	185	150	11	139	10	-	-	3	3
VIII	221	44	24	12	19	150	35	35	-	115	160	12	148	12	1	1	1	1
IX	192	20	22	11	20	120	40	36	4	80	120	10	110	9	-	-	2	2
ആകെ	2325	510	173	90	145	1560	435	408	27	1125	1350	108	1262	106	2	1	13	13

ഗ്രാമസഭകളിൽ നിന്നും വാർഡ്തലത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

വാർഡ്	ആകെ വീടുകൾ	വാസയോഗ്യമായ വീട് ഇല്ലാത്തവർ	പുനരുദ്ധരിക്കേണ്ട വീടുകൾ	ലോൺ ലഭിച്ചാൽ വീട് വയ്ക്കാൻ കഴിയാത്തവർ	യോഗ്യമായ കക്കൂസ് ഇല്ലാത്തവർ	ഭൂരഹിതർ	വിധവാ പെൻഷനുകൾ ലഭിക്കുവാൻ അർഹതയുള്ളവർ	ഹരിജനങ്ങൾ
I	700	90	50	15	100	30	90	3
II	650	150	95	10	100	30	95	3
III	640	50	15	15	40	15	10	3
IV	660	90	20	12	60	10	30	4
V	700	140	65	25	125	15	30	2
VI	650	250	75	15	200	30	95	3
VII	630	120	42	40	100	60	50	2
VIII	660	300	80	10	100	30	110	3
IX	660	95	45	15	100	30	100	2
X	670	65	85	25	100	30	50	-
ആകെ	6620	1350	582	182	1025	300	600	27

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	5 വയസ്സുള്ളവർ		5-നും 10-നും		10-13		18-25		25-45		45-60		80 ന്മേൽ		ആകെ	
	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
I	2	5	-	-	2	3	1	-	6	6	5	6	-	1	16	21
II	1	1	-	1	3	3	1	-	8	2	7	2	-	-	20	9
III	-	-	1	2	1	1	-	2	8	6	1	1	1	-	12	12
IV	-	-	2	1	8	3	1	-	13	10	20	18	-	-	44	32
V	1	1	1	-	1	3	1	3	4	5	3	3	1	1	12	16
VI	-	2	-	-	3	1	-	-	5	3	1	1	-	-	9	7
VII	-	-	1	1	6	6	2	-	12	6	5	4	-	2	26	19
VIII	3	-	-	1	3	1	1	2	9	9	7	7	-	-	23	20
IX	-	-	-	-	1	-	-	1	2	1	2	1	-	-	5	3
X	-	-	-	-	-	1	-	-	1	1	2	1	-	-	4	2
ആകെ	7	9	5	6	28	22	7	8	68	49	53	44	2	4	171	141

DWCRA സഹായപദ്ധതി

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. പ്രസ്തുത പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നാമമാത്രമായി മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ.

ട്രൈസം പദ്ധതി

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക്സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി. 92 മുതൽ 13 പേർക്കാണ് തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളത്. ഇവർക്ക് സ്വയം തൊഴിൽ ചെയ്യുവാനുള്ള ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ പത്തു പേർക്കാണ് തൊഴിൽ പരിശിലനം നൽകി വരുന്നത്. അതുകൊണ്ട് ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശിലനം ലഭ്യമായവർക്ക് വായ്പാ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതുവഴി പരിശിലനം ലഭിക്കുന്നവർക്ക് തുടർന്നും യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലാ എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന

സ്റ്റൈഫൻഡ് തുക വർദ്ധിപ്പിക്കുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി ഉദ്യോഗസ്ഥരിലും ഉണ്ട്. അത് പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവൽക്കരിക്കാൻ യുവജന സംഘടനകൾക്ക് തീർച്ചയായും സാദ്ധ്യമാക്കും.

ടൂൾകിറ്റ് വിതരണം

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

പ്രസ്തുത പദ്ധതി പ്രകാരം വളരെ ക്കുറച്ച് പേർക്ക് മാത്രമേ ഈ സഹായം ലഭിച്ചുട്ടുള്ളൂ. അർഹതപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി പരക്കെയുണ്ട്. അപേക്ഷിച്ചിട്ടുള്ളവരും അനുവദിക്കപ്പെട്ടിട്ടുള്ള വരുമായവർക്ക് തന്നെ സാങ്കേതിക കാരണം പറഞ്ഞ് ധനസഹായം ലഭിക്കാത്തവർ നിരവധിയുള്ളതായി പരാതിക്കാരിൽ നിന്നും അറിയാൻ കഴിയുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കണ്ടെത്തി അനുവദിച്ച ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കണം.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളയവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C R S P . 92 മുതൽ 108 കക്കൂസുകൾക്കാണ് ധനസഹായം ഈ പദ്ധതിപ്രകാരം ലഭിച്ചിട്ടുള്ളത് വളരെ ചുരുക്കം പേർക്കും മാത്രമേ വർഷം തോറും ധനസഹായം നൽകുന്നുള്ളൂ കൂടുതൽ ആളുകൾക്ക് കക്കൂസ് ലഭിക്കുന്നതിന് സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യണം.

ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവികളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ് പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ല എന്നതും അനർഹരായ കുറെ പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ ക്കുറിച്ച് വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടും. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന പദ്ധതികൾ കൃത്യമായി കിട്ടുന്നില്ല എന്നത് ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. വില്ലേജ് ഓഫീസുകളിൽ നിന്നും ഇവർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നത്.

പെൻഷനുകളെസംബന്ധിച്ച്

വിധവാപെൻഷൻ പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടങ്കിൽ ലഭിക്കുകയില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾക്ക് ബുദ്ധിമുട്ടുകയാണ് മെഡിക്കൽ ബോർഡിൽ എത്തിപ്പെടാനുള്ള വിഷമവും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും. വളരെയധികം പ്രയാസമുണ്ടാക്കാറുണ്ട്. വികലാംഗ എന്നതു കൊണ്ടു തന്നെ, ദൂരെയാത്രയും ഒഴിവാക്കേണ്ടതാണ്. ഇതിന് വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് നൽകുവാനുള്ള

അനുവാദം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം.

കർഷകതൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.അർ ഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല അർഹരായവരെ തെരെഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം അർഹരായ വരെ തെരെഞ്ഞെടുത്ത ലിസ്റ്റ്പ്രസിദ്ധപ്പെടുത്തണം.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ ഉണ്ടെന്നും മനസിലാക്കാൻ കഴിയുന്നു. ഇതിന്റെ അപാകതകൾ പരിഹരിച്ച് അർഹരായ മുഴുവൻ പേർക്കും വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകണം.

അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിലെ പത്തു വാർഡുകളിലായി 21 എണ്ണം പ്രവർത്തിച്ചുവരുന്നു. കീഴായിക്കോണം എട്ടാം വാർഡിൽ പുതുതായി രണ്ട് അംഗനവാടികൾ കൂടി അനുവദിച്ച്കഴിഞ്ഞതായി അറിയുവാൻ കഴിഞ്ഞു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ICDS ന്റെ ലക്ഷ്യം. എങ്കിലും പഞ്ചായത്ത് അത് പൂർണ്ണമായും നിറവേറ്റപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമായി കാണുന്നില്ല. പുത്തൻ വിദ്യാഭ്യാസ സാംസ്കാരത്തിന്റെ കടന്നു കയറ്റം ഈ പഞ്ചായത്തിലും കാണാൻ കഴിയും. നിലവിലുള്ള ചില അംഗനവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാർക്ക് പ്രയാസകരവും, കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പഠന സൗകര്യങ്ങളുടെ ഇല്ലായ്മ കളിപ്പാട്ടങ്ങളുടെ കുറവ്, കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുക, സ്വന്തമായി കെട്ടിടം ഇല്ലായ്മ, പ്രാഥമിക സൗകര്യം ലഭിക്കായ്ക, കുടിവെള്ള പ്രശ്നം എന്നീ അസൗകര്യങ്ങൾ അംഗനവാടികളിലെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.

വരും തലമുറയിലെ നല്ലപൗരൻമാരെ വാർത്തെടുക്കുന്ന കളരിയായി നാം കാണുന്ന അംഗനവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും വളരെ ദയനീയമാണ്. വർക്കർ, ഹെൽപ്പർ തസ്തികകളാണ് ഇവിടെയുള്ളത്. 9 മണി മുതൽ 3 മണി വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഭവന സന്ദർശനവും നടത്തേണ്ടതായി വരുന്നുണ്ട്. പ്രയാസങ്ങൾ സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്നവർക്ക് വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ട തായിരിക്കുന്നു.

21. അംഗനവാടികളിലായി 1718 കുട്ടികളും, 137 ഗർഭിണികളും, 156 പാലൂട്ടുന്ന അമ്മമാരുമാണ് ഉള്ളത് എന്നും ഈ പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകളിൽ കാണുന്നു.

നിർദ്ദേശങ്ങൾ

1. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് അടിയന്തിരമായി കെട്ടിടങ്ങൾ പണിയുകയും. ഭൂമി ലഭിക്കാത്ത അംഗനവാടികൾക്കും ഭൂമിയും, കെട്ടിടവും ഉണ്ടാക്കുകയും വേണം.

2. ആവശ്യമായ കളി ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ ഇല്ലാത്ത അംഗനവാടികൾക്ക് ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് അടിയന്തിരമായി അവയ്ക്ക് പരിഹാരം ഉണ്ടാക്കുക.

3. അനർട്ട് അടുപ്പുകൾ അംഗനവാടികൾക്ക് നിർബന്ധ മാക്കുകയും ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മലിനവസ്തുക്കളും പാഴ് വസ്തുക്കളും നിക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

4. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

കെട്ടിടനിർമ്മാണ രംഗത്ത്തൊഴിൽ ചെയ്യുന്ന മുഴുവൻ പേർക്കും ക്ഷേമനിധി അംഗത്വം ലഭ്യമാക്കുക. കഠിനാദ്ധ്വാനം ചെയ്യുന്ന ഈ വിഭാഗത്തിന് പെൻഷൻ പ്രായം 55 വയസ്സാക്കി വ്യവസ്ഥ ചെയ്യുക. തൊഴിൽ ചെയ്യുന്ന മുഴുവൻ പേർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും.

അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുകയും, പെൻഷൻ അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കുന്നതിനും വ്യവസ്ഥ ഉണ്ടാകുകയും ചെയ്യണം. 5. പഞ്ചായത്തിൽ മത്സ്യ വിപണമേഖലയിൽ ധാരാളം പേർ തെഴിൽ ചെയ്യുന്നു. ഇവരിൽ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കമാണ്. ലക്ഷംവീട് കോളനികളിലും കുടിലുകളിലും താമസിക്കുന്ന ഇവർക്ക് വേണ്ടി നാളിതുവരെ യാതൊരു ക്ഷേമപദ്ധതികളും നിലവിൽ വന്നിട്ടില്ല. "മത്സ്യത്തൊഴിലാളിയുടെ നിർവചനത്തിൽ വിപണന മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ കൂടി ഉൾപ്പെടാത്തി ക്ഷേമനിധിയും പെൻഷനും ഇവർക്കുകൂടി ലഭിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസം

„സമ്പത്ത് നമ്മെ തേടി വന്നേക്കും
എന്നാൽ ജ്ഞാനം വേണമെങ്കിൽ
നാം അന്വേഷിക്കുക തന്നെ വേണം"
.. യങ്ങ്..

" ജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ
സഹായിക്കാത്ത ഒരു വിദ്യാഭ്യാസ
പദ്ധതിപാടിക്കും
സമൂഹത്തെ മുന്നോട്ടു നയിക്കാനാവില്ല.
ആവശ്യങ്ങൾ കൂട്ടലല്ല ആവശ്യങ്ങളെ
ബുദ്ധിപൂർവ്വം
നിയന്ത്രിക്കലാണ് വിദ്യാഭ്യാസം"
ഗാന്ധിജി...

"ഓരോ മനസ്സിലുമുണ്ട് അറിവും ശക്തിയും
അവയെ പുറത്തെടുത്ത് പുതുക്കലാണ്
ശരിയായ വിദ്യാഭ്യാസം"
സ്വാമി വിവേകാനന്ദൻ

നമ്മുടെ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് വ്യാപകമായ വിമർശനങ്ങളാണ് നിലവിലുള്ളത്. പൊതുവിദ്യാലയങ്ങളുടെ നിലവാരത്തകർച്ച, ഭൗതിക സൗകര്യങ്ങളുടെ കുറവ്, സ്ഥലപരിമിതി, പഠനോപകരണങ്ങളുടെ അഭാവം, ഉച്ചക്കഞ്ഞി വിതരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ,... തുടങ്ങി വളരെ കാര്യങ്ങൾ വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്നു.

മരങ്ങളും ചെടികളും നിറഞ്ഞ മനോഹരമായ പരിസരം, കാറ്റും വെളിച്ചവും യഥേഷ്ടം ലഭിക്കുന്ന വിശാലമായ ക്ലാസുമുറികൾ, സൗകര്യപ്രദമായി ഇരിക്കുന്നതിന് പ്രായത്തിനനുയോജ്യമായ ചാരുബഞ്ചുകളും, ഡസ്കുകളും, വലുപ്പമുള്ള നല്ല ബ്ലാക്ക് ബോർഡ് പലവർണ്ണങ്ങളിലെ ചോക്കുകഷണങ്ങൾ, ചുവരുകളിൽ പക്ഷിമൃഗാദികളുടെയും, ശാസ്ത്രജ്ഞൻമാരുടെയും, മഹാൻമാരുടെയും ചിത്രങ്ങൾ, കുട്ടികളിൽ ഒരാളായി അവരോടൊപ്പം നിൽക്കുന്ന അവരെ പഠിക്കാൻ പഠിപ്പിക്കുന്ന അദ്ധ്യാപകർ, ചൂരൽക്കോലും ശകാരവചനങ്ങളുമില്ലാത്ത, മാനസിക സംഘർഷവും ഭീതിയുമൊഴിഞ്ഞ ആഹ്ലാദകരമായ വിദ്യാലയ അന്തരീക്ഷം, ആവശ്യത്തിനു ശുദ്ധജലം, പ്രാഥമിക ആവശ്യം നിർവഹിക്കാനുള്ള സൗകര്യങ്ങൾ, കളിസ്ഥലവും, ലൈബ്രറിയും ലബോറട്ടറിയും, ഉച്ചഭക്ഷണ സൗകര്യങ്ങൾ, ഇവ സ്വപ്നം കാണുക

സുഖമുള്ള കാര്യമാണ്. സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാനുള്ള ഇച്ഛാശക്തിയാണ് നാടിനിന്നാവശ്യം. വിദ്യാഭ്യാസരംഗത്ത് ഇത്തരമൊരു പരിവർത്തനം വരുത്തുന്നതിന് ജനകീയ അഭിപ്രായം വളർത്തിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്.

വാമനപുരം വികസനബോക്കിൽ വിസ്തൃതി കുറഞ്ഞതും ജനസാന്ദ്രതയേറിയതുമായ പഞ്ചായത്താണ് നെല്ലനാട് . ദേശീയ സമരങ്ങളിൽ ചരിത്രപരമായ ചുമതലകൾ നിർവഹിക്കുന്നതിന് ഇവിടെ തുടങ്ങിയിട്ടുള്ള സംഘടനകളുടേയും, സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ അപഗ്രഥിച്ചതിൽ നിന്ന് സംപുഷ്ടമായ ഒരു സാംസ്കാരിക വിദാഭ്യാസ പൈതൃകമാണ് നമുക്കുള്ളത് എന്നുവ്യക്തമായിട്ടുണ്ട്.

വെഞ്ഞാറമൂട്ടിൽ ചെവിളയിൽ രാമൻപിള്ള ആരംഭിച്ച കുടിപ്പള്ളിക്കൂടമാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ എഴുത്തുകാരും, സാംസ്കാരിക പ്രവർത്തകരും, സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടെ ഒട്ടേറെ പ്രഗത്ഭരും പ്രശസ്തരുമായവർ നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസം ചെയ്തവരാണ്. പഞ്ചായത്തിലെ രണ്ട് കിലോമീറ്റർ ചുറ്റളവിനുള്ളിൽ പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ കേന്ദ്ര ഭാഗത്ത് സ്ഥിതി ചെയ്യുന്ന വെഞ്ഞാറമൂട് ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ഒരേയൊരു ഹൈസ്ക്കൂൾ.

ഉന്നതവിദ്യാഭ്യാസമേഖല

1966ൽ കോളേജിന് വേണ്ടി വെഞ്ഞാറമൂട്ടിൽ വലിയൊരു പ്രക്ഷോഭം തുടങ്ങിയെങ്കിലും ഇന്നും അതൊരു സ്വപ്നമായി അവശേഷിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സ്ഥാപനങ്ങൾ ഒന്നുംതന്നെ നെല്ലനാട് പഞ്ചായത്തിൽ ഇല്ല. 27 കി. മീറ്റർ ദൂരെ തിരുവനന്തപുരം പട്ടണത്തിലും 15 കി. മീറ്റർ ദൂരെ ആറ്റിങ്ങലിലും, നിലമേലും ഉള്ള കോളേജുകളേയും, സാങ്കേതിക സ്ഥാപനങ്ങളേയും ആശ്രയിച്ചാണ് കുട്ടികളുടെ തുടർ വിദ്യാഭ്യാസം നടക്കുന്നത്.

പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ വകുപ്പിന്റെ 23 അംഗൻവാടികളും പഞ്ചായത്തിന്റെ ഒരു നഴ്സറി സ്ക്കുളും, മൂന്നു സ്വകാര്യ സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ ആവശ്യകത പൊതുവേ രക്ഷിതാക്കൾ അംഗീകരിക്കുന്നുണ്ട്. പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റം വരുത്തുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

1990ൽ അക്ഷരകേരളം പരിപാടിയുടെ ഭാഗമായി നെല്ലനാട് പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ സാമൂഹ്യ ചലനം സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച പഞ്ചായത്താണ് ഇത്. പഞ്ചായത്ത് പ്രസിഡന്റ് ഇ. ഷംസുദ്ദീന്റേയും APO K. തുളസീധരൻ പിള്ളയുടേയും ജ്യോ. കൺവീനർ എ. എം. റൈസിന്റേയും നേതൃത്വത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടന്ന പ്രവർത്തനങ്ങളിലൂടെ 1802ലേറെ പേരെ സാക്ഷരതാ ക്ലാസ്സുകളിൽ എത്തിക്കാൻ കഴിഞ്ഞു.

വനിതകളെ സന്നദ്ധ പ്രവർത്തന രംഗത്തേക്ക് കൊണ്ടുവരാനും കഴിഞ്ഞതും, അനുബന്ധ പ്രവർത്തനങ്ങൾ വഴി എല്ലാ പ്രസ്ഥാനങ്ങളേയും കൂട്ടിയോജിപ്പിക്കാനും കഴിഞ്ഞത് സഹായകരമായി. പഞ്ചായത്തിലെ സാക്ഷരതാ ശതമാനം 95.57. തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം നവ സാക്ഷരരെ നിരക്ഷരതയിലേക്ക് എത്തിച്ചിട്ടുണ്ട്.

സാക്ഷരതാ പ്രവർത്തന അവലോകനം

വാർഡ്	1	2	3	4	5	6	7	8	9	ആകെ
ആകെ പഠിതാക്കൾ	344	153	148	239	205	150	374	128	61	1202
മൂല്യനിർണയത്തിൽപങ്കെടുത്തവർ	301	141	118	197	184	129	340	120	23	1553
വിജയികൾ	240	113	98	191	183	115	338	101	23	1402
സാക്ഷരതാ ശതമാനം	92.6%	98.83	96.58	96.5	97.2	96.1	96.78	90.1	96.86	95.57
ആകെ ക്ലാസ്സുകൾ	41	19	24	28	28	23	48	25	3	239

5 വയസ്സിനുമേൽ പ്രായമുള്ളവർ	19784
നിരക്ഷരർ	2278
പഞ്ചായത്തിലെ ആകെ ജനസംഖ്യ	21982
നവസാക്ഷരർ	1402
സാക്ഷരതാ ശതമാനം	95.57%

വിദ്യാഭ്യാസം - പൊതുവിവരങ്ങൾ

സ്ക്കൂളിന്റെ പേര്	മെരിറ്റ് സ്കേളർഷിപ്പ്	ലംസം ഗ്രാന്റ്	മുസ്ലീം സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	തോറ്റ് പഠിക്കുന്നവർ	കൊഴിഞ്ഞു പോകുന്നവർ	30%താഴെ മാർക്ക്ലഭിച്ചവർ
LPSപൂവണത്തുംമൂട്	1	17	3	2	5		25%
LPSശാലിനിഭവൻ					1		10%
LPSവെഞ്ഞാറമൂട്		102		6	10	13	20%
UPSആലന്തറ	2	132	4	4			20%
ഗവ: HS.വെഞ്ഞാറമൂട്	9	412	50	14	125	82	28%
LPSപരമേശ്വരം		68			6	6	24%
ഗവ: UPSനെല്ലനാട്	2	76	7	3	18	6	27%
ആകെ	14	807	64	29	165	107	

പേര്	ഉടമസ്ഥത	കുട്ടികളുടെ എണ്ണം	എസ്.സി കുട്ടികൾ	കളി സ്ഥലം	ആകെ വസ്തു	കക്കൂസ് വിവരം	മൂത്രപ്പുര	അദ്ധ്യാപകർ	വൈദ്യുതി	മാതൃസംഗമം
HS.വെഞ്ഞാറമൂട്	സർക്കാർ	2275	385	ഇല്ല	90സെ	ഉണ്ട്	ഉണ്ട്	73	ഉണ്ട്	ഉണ്ട്
UPS.ആലന്തറ	"	521	68	ഇല്ല	1ഏക്കർ	ഇല്ല	"	13	ഉണ്ട്	ഉണ്ട്
UPS.നെല്ലനാട്	"	418	75	ഇല്ല	50സെ	ഉണ്ട്	"	12	ഇല്ല	ഉണ്ട്
LPS.പൂവണത്തുംമൂട്	"	128	17	20സെ	50സെ	ഇല്ല	"	5	ഇല്ല	ഇല്ല
LPSവെഞ്ഞാറമൂട്	"	609	13	15സെ	50സെ	ഉണ്ട്	"	15	ഉണ്ട്	ഉണ്ട്
LPSപരമേശ്വരം	"	273	68	50സെ	1ഏക്കർ	ഇല്ല	"	9	ഉണ്ട്	ഉണ്ട്
ശാലിനിഭവൻLPS	സ്വകാര്യം	299	1	50സെ	1.5ഏക്കർ	ഉണ്ട്	"	17	ഉണ്ട്	ഇല്ല
ഓമനത്തിങ്കൾ	"	150	0	20സെ	50സെ	ഇല്ല	"	10	ഇല്ല	ഇല്ല
ജയഭാരത്	"	51	0	ഇല്ല	വാടക	ഉണ്ട്	"	4	ഉണ്ട്	ഉണ്ട്

പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ നിലവാരം വളരെ മെച്ചപ്പെടേണ്ടതുണ്ട്. സ്ക്കൂളിലെ നിരക്ഷരത (അക്ഷരബോധമുറയ്ക്ക്) 20 30% വരുമെന്ന് പഠനം നടത്തിയ ചില സംഘടനകളുടെ കണക്കുകൾ സൂചിപ്പിക്കുന്നു. 30%ത്തിൽ കുറച്ച് മാർക്ക് വാങ്ങുന്നവരുടെ എണ്ണം ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുന്തോറും കൂടി വരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യേന ഇല്ലാതായി വരുന്നു. SSLC വിജയ ശതമാനം വർദ്ധിപ്പിക്കാൻ പരിപാടികൾ അലോചിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി നിരവധി പരിപാടികൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ അക്ഷരവേദി, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം, ഇപ്പോൾ ജില്ലാ പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള വിദ്യാജ്യോതി, D.P.E.P പ്രോഗ്രാം, തുടങ്ങിയവ ഉദാഹരണങ്ങളാണ്.

എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക രക്ഷകർതൃ സമിതികൾ പ്രവർത്തിച്ചു വരുന്നു. വെഞ്ഞാറമൂട് H.S, നെല്ലനാട് U.P.S, ആലന്തറ U.P.S, വെഞ്ഞാറമൂട് L.P.S, പരമേശ്വരം L.P.S എന്നിടവിങ്ങളിലെ PTA സജീവമാണ്. കെട്ടിടം നിർമ്മിച്ചുനൽകുക, എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുക, ഉച്ചക്കഞ്ഞി വിതരണം, വാട്ടർ ടാങ്ക്, നിർമ്മിക്കുക, പൈപ്പ്സംവിധാനം ഉണ്ടാക്കുക തുടങ്ങി വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ PTA പ്രവർത്തിച്ചിട്ടുണ്ട്. അടുത്തകാലത്തായി രൂപീകരിക്കപ്പെട്ട മാതൃസംഗമം സജീവമായതോടെ വിദ്യാഭ്യാസ നിലവാരത്തെ ഗുണപരമായി സ്വാധീനിച്ച് തുടങ്ങിയിട്ടുണ്ട്. സർക്കാർ സ്ക്കൂളുകളിലെ നിലവാര തകർച്ചയുടേയും സൗകര്യക്കുറവുകളുടെയും പേരിൽ ഇരുന്നൂറോളം കുട്ടികളുള്ള ഈ പഞ്ചായത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് രക്ഷകർത്താക്കൾ അയക്കുന്നു.

chart next page

പഞ്ചായത്തിലെ പ്രധാന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പേര്	സ്കൂൾ വിദ്യാർത്ഥികൾ	കോളേജ് വിദ്യാർത്ഥികൾ	ടൈപ്പ് വിദ്യാർത്ഥികൾ	കംപ്യൂട്ടർ വിദ്യാർത്ഥികൾ	ജീവനക്കാർ
1. സീനിയർ കോളേജ്		314			36
2. എസ്ബീസ് കോളേജ്		374			38
3. സ്റ്റുഡൻസ് അക്കാദമി	230	23			21
4. റിയൽ കോളേജ്	700				22
5. കോളേജ് ഓഫ് കോമേഴ്സ്	204	23			17
6. ഗുരുകുലം	5	20			2
7. സിൻസിയർ കോളേജ്	572				22
8. സാഗാ ടൈപ്പിംഗ് സ്ക്കൂൾ			50		1
9. ജയരാജ് ടൈപ്പിംഗ് സ്ക്കൂൾ			105		1
10. NICE കംപ്യൂട്ടർ				91	2
11. സെന്റർ ഫോർ കംപ്യൂട്ടർസ്റ്റഡീസ്				61	3
12. രാജു ഇൻസ്റ്റിറ്റ്യൂട്ട്			44		1
13. സിന്ധു ടൈപ്പിംഗ് സ്ക്കൂൾ			20		1
14. മോഡേൺ ടൈപ്പിംഗ്			55		3
15. ടെക്നോ പോയിന്റ്	സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം				

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്ക്കൂളുകളുടെ എണ്ണം																			സാങ്കേതിക വിദ്യാലയങ്ങൾ (എതെന്ന്ബ്രാക്കറ്റിൽ)			കോളേജുകൾ			പാരലൽ കോളേജ്		
	H.S					U.P.S							L.P.S			നഴ്സറി													
	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	മുസ്ലിം	ആകെ	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	മുസ്ലിം	ആകെ	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	മുസ്ലിം	ആകെ	സർക്കാർ	പ്രൈവറ്റ്	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	ആകെ	സ്ക്കൂൾ കുട്ടികൾ നടത്തുന്നവ	കോളേജ് കുട്ടികൾ നടത്തുന്നവ	സ്ക്കൂൾ കോളേജ് കുട്ടികളല്ലാതെ നടത്തുന്നവ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
I																2			2		3	3						
II	1	1			1	2	✓			1	1	✓			1	3		1	4	1	2	3				5	4	3
III																2			2	1								1
IV												1			1	2		1	3									
V																2			2									
VI											1	✓				2			2	2		2				2		
VII						1	✓				1	✓	1		2	2		1	3							1		
VIII																2												
IX											1	✓				2												
X													1		1	2	1	1	3		2					1		
ആകെ	1	✓	-	-	1	3	✓			1	4	1	2		5	21	4	4	25	4	7	8				9	4	4

പ്രശ്നങ്ങൾ

1. വെഞ്ഞാറമൂട് ജംഗ്ഷനിൽ പരിമിതമായ സ്ഥലലത്താണ് ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്നത്. റോഡിലെ വാഹനങ്ങളിൽനിന്നും ഉച്ചഭാഷിണികളിൽ നിന്നുമുള്ള ശബ്ദ മലിനീകരണം പഠനാന്തരീക്ഷത്തിന് യോജിച്ചതല്ല.

2. ഹൈസ്ക്കൂളിൽ അഡ്മിഷനുവരുന്ന 200 കുട്ടികളെയെങ്കിലും സ്ഥലപരിമിതികാരണം മടക്കി അയക്കേണ്ടിവരുന്നു.

3. ക്ലാസ്റൂം ഇല്ലാത്തതിനാൽ 6 ഡിവിഷനിലെ കുട്ടികളെ സംയോജിപ്പിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്.

4. ഒന്നും പത്തും വാർഡ് പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികളൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് തിരക്കേറിയ ഠൗൺ ഭാഗം കടന്ന് വെഞ്ഞാറമൂട് L.P.S. വരെ രണ്ട് കിലോമീറ്ററിലേറെ വരേണ്ടതുണ്ട്.

5. വെഞ്ഞാറമൂട് ചന്തയിലെ ദുർഗന്ധവും മാലിന്യവും ഹൈസ്ക്കുലലേയും, പഞ്ചായത്ത്നഴസറി സ്ക്കുളിലേയും കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

6. സ്ക്കൂൾ പാഠപുസ്തകങ്ങൾ സമയത്ത് ലഭിക്കുന്നില്ല.

7. അധ്യാപക നിയമനം സ്ക്കൂൾതുറക്കുന്ന സമയത്ത് നടക്കുന്നില്ല.

8. വെഞ്ഞാറമൂട് ജംഗ്ഷനിൽ വാഹനങ്ങളുടെ പാർക്കിംഗും യാത്രയും കുട്ടികളെ ബാധിക്കുന്നു.

9. ഉന്നത വിദ്യാഭ്യാസ സൗകര്യവും സാങ്കേതിക വിദ്യാഭ്യാസ സൗകര്യവും പഞ്ചായത്തിലില്ല.

10. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കുന്നവരുടെ എണ്ണം കൂടിവരുന്നു.

11. അംഗൻ വാടികളിൽ കളിക്കോപ്പുകൾ, കളിസ്ഥലം ശാസ്ത്രീയമായ പരിചരണം ഇവ ലഭിക്കുന്നില്ല.

12. വിദ്യാലയങ്ങളിലെ ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല.

13. സ്ക്കൂൾ വിദ്യാഭ്യാസത്തെക്കാളും പ്രാധാന്യം ട്യൂട്ടോറിയൽ വിദ്യാഭ്യാസത്തിന് വരുന്നു.

14. വിദ്യാലയങ്ങൾക്കകത്ത് വളർന്നുവരുന്ന അനാരേഗ്യകരമായ പ്രവണതകൾ.

നിർദ്ദേശങ്ങൾ _ സാധ്യതകൾ

1. വെഞ്ഞാറമൂട് HS നെ വിഭജിച്ച് HS/UPS അല്ലങ്കിൽ ബോയ്സ് / ഗേൾസ് ആക്കിമാറ്റുകയും HSS ആയി ഉയർത്തുകയും ചെയ്യുക.2. വെഞ്ഞാറമൂട് LPS കെട്ടിടംപണിതു UPS ആയി ഉയർത്തുക.

3. വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് ഗ്രൗണ്ട് ഉണ്ടാക്കുകയും പരിശീലനം കൊടുക്കുകയും ചെയ്യുക.

4. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക പരിശീലനം, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം എന്നിവ ആരംഭിക്കുക.

5. വയ്യേറ്റ്, കീഴായിക്കോണം, വലിയകട്ടക്കൽ എന്നിവിടങ്ങളിൽ LP സ്കൂളുകൾ തുടങ്ങുക.

6. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം 1:30 ആയി മാറ്റുക.

7. പഞ്ചായത്ത് നഴസറിസ്ക്കൂൾ വിശാലമായി സൗകര്യങ്ങൾ ഉള്ള സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുക.

8. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിലെ ട്രഷറി മാറ്റുകയും അവിടെ എല്ലാ പത്രങ്ങളും ആനുകാലികങ്ങളും ഉള്ള വായനാകേന്ദ്രം തുടങ്ങുകയും ചെയ്യുക.

9. പഞ്ചായത്ത് ലൈബ്രറികളുടെ ശോച്യാവസ്ഥ മാറ്റി കൂടുതൽ പുസ്തകങ്ങളും റഫറൻസ് ലൈബ്രറിയും ആക്കുക.

10. വായനശാല പ്രവർത്തനം 8 p.m വരെ ആക്കുക.

11. വിദ്യാഭ്യാസ AEO ഓഫീസ് വെഞ്ഞാറമൂട്ടിൽ തുടങ്ങുക.

12. വെഞ്ഞാറമൂട്ടിൽ ഒരു കോളേജ് സ്ഥാപിക്കുക.

13. ആലന്തറ UPS അപ്ഗ്രേഡ് ചെയ്ത് HS ആക്കി മാറ്റുക.

14. ആലന്തറ അൺഫിറ്റ് ആയ കെട്ടിടം പുതുക്കി പണിയുക.

15. അംഗൻ വാടികളെ പ്രീ_പ്രൈമറി സ്ക്കൂളുകളായി അംഗീകരിക്കുകയും, അംഗൻവാടികൾക്ക് കളിക്കോപ്പുകൾ, പഠനസൗകര്യങ്ങൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുക.

16. പരമേശ്വരം JMLPS അപ്ഗ്രേഡ് ചെയ്യ്താൽ വെഞ്ഞാറമൂട് HS ലെ തിരക്ക് നിയന്ത്രിക്കാം.

17. പൂണത്തുംമൂട് സ്ക്കൂളിൽ കുടിവെള്ള സൗകര്യം വേണം.

18. വെഞ്ഞാറമൂട് ഠൗണിലെ വാഹനങ്ങളുടെ പാർക്കിഗ് ശാസ്ത്രീയമായി പുനസ്ഥാപിച്ച് സ്ക്കൂളിന്റെ സൗകര്യം മെച്ചപ്പെടുത്തുക.

19. സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനം ആരംഭിക്കുക.

20. വെഞ്ഞാറമൂട് ഹൈസ്ക്കൂളിനെ HSS ആക്കി ഉയർത്തുകയും വെഞ്ഞാറമൂട് കേന്ദ്രമായി I.T.I, പോളി ടെക്നിക്ക്, കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയ തുടർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

21. ലഹരി വസ്തുക്കൾ സ്ക്കൂൾ പരിസരത്ത് വ്യാപകമാക്കുന്നത് തടയുന്നതിന് ബോധ വൽക്കരണവും നിയമ നടപടികളും ഉണ്ടാക്കുക.

22. വെഞ്ഞാറമൂട് മാർക്കറ്റിലെ മാലിന്യങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കുക.

23. സ്ക്കൂൾ സമയങ്ങളിൽ വെഞ്ഞാറമൂട് ജംഗ്ഷനിൽ ട്രാഫിക്ക് ഡ്യൂട്ടിക്ക് വേണ്ട സംവിധാനം ഉണ്ടാക്കുകയും വാഹനങ്ങളുടെ പാർക്കിഗ് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ ക്രമീകരിക്കുകയും ചെയ്യുക.

24. പാഠ്യേതര പ്രവർത്തനങ്ങൾ, ലൈബ്രറി പ്രവർത്തനം ഇവ സ്ക്കൂളുകളിൽ സജീവമാക്കുക.

25 PTA, മാതൃസംഗമം, സ്ക്കൂൾ സംരക്ഷണ സമിതികൾ ഇവ സജീവമാക്കുക.

26. സ്ക്കൂളുകളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പൊതു നിലവാരത്തിലെത്തിക്കാൻ പ്രത്യേക പഠനപരിപാടികൾ ആസൂത്രണം ചെയ്യുക.

27. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പാഠ്യരീതി ഏകീകരിക്കുക.

28. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോറം ഇവ സൗജന്യമായി നൽകുക.

29.ശാലിനിഭവൻ ഇംഗ്ളീഷ് മീഡിയം സ്കൂളിന്റെ പ്രവർത്തനങ്ങൾ സർക്കാർ സ്കൂളുകളായ പൂവണത്തുംമൂട് ,നെല്ലനാട് UPS കളിലെ ഡിവിഷൻ ഫാളിന് കാരണമാകുന്നത് പരിഹരിക്കുക.

30. പഞ്ചായത്തിലെ സർക്കാർ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പഞ്ചാത്ത് ഭരണസമിതി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യണം.

31. ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യ വിദ്യാഭ്യാസം സ്കൂൾ സിലബസിൽ ഉൾപ്പെടുത്തുക.

സംസ്ക്കാരം കായികം പരിസ്ഥിതി



സാംസ്കാരിക രംഗം

സമ്പന്നമായൊരു സാംസ്കാരിക പൈതൃകമാണ് നെല്ലനാട് പഞ്ചായത്തിനുള്ളത്. നല്ലനാട് നെല്ലനാട് ആയി മാറിയിട്ടും ജില്ലയിലെ പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിലൊന്നായി വളർന്നിട്ടും നന്മകളുടെ അംശം ചോർന്നു പോകാത്ത പ്രദേശമാണിവിടം. ഒരു പുതുലോകം തീർക്കാൻ പഴയ തലമുറ പടുത്തുയർത്തിയ സാംസ്കാരിക സ്ഥാപനങ്ങളെ തളർച്ചയിലും കാത്തുസംരക്ഷിച്ച് തലമുറകൾ കൈമാറിയ അനുഭവമാണ് നമുക്കുള്ളത്. വള്ളത്തോൾ ലൈബ്രറി പ്രകാശ് ലൈബ്രറിയായും ഇന്ന് പഞ്ചായത്ത് സാംസ്കാരിക നിലയമായും പ്രവർത്തിക്കുന്നു. കോട്ടുകുന്നം കമലാലയ ഗ്രന്ഥശാല ഗ്രാമീണ ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നു. കീഴായിക്കോണം ലളിത കലാസമിതി കലാലയ ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഏഴു ഗ്രന്ഥശാലകളാണ് ഉള്ളത്. TV മാധ്യമങ്ങളുടെ ഉപയോഗം വായനാശീലം കുറയുന്നതിനും വായനശാലകളിൽ ബഹുജന പങ്കാളിത്തം കുറയുന്നതിനും ജനങ്ങളുടെ സംഘശക്തി ദുർബ്ബലപ്പെടുത്താനും കാരണമായിട്ടുണ്ട്.

കീഴായിക്കോണം കലാലയ ലൈബ്രറി രണ്ട് സെന്റ് വസ്തുവിൽ ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കളർTV, റേഡിയോ എന്നിവയുണ്ട്. രഹസ്യബാലറ്റിലൂടെയുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് കലാലയയുടെ പ്രത്യേകതയാണ്. നാടകാവതരണം, മെഡിക്കൽ ക്യാമ്പ്, കർഷക സഹായം പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങളും ഗ്രന്ഥശാല പ്രവർത്തനങ്ങൾക്കൊപ്പം നടക്കുന്നു.

പൂവണത്തുംമൂട് ഗ്രന്ഥശാലയ്ക്ക് സ്വന്തമായി ആസ്ഥാനമില്ല. തുടങ്ങിയ കാലം മുതൽ ശ്രീ. പത്മനാഭപിള്ളയുടെ കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിക്കുന്നത്. വായനശാലയും TV പ്രദർശനവും സജീവമായി നടക്കുന്നു.

കോട്ടുകുന്നം ഗ്രാമീണ ഗ്രന്ഥശാല ജനവിദ്യാകേന്ദ്രം കൂടിയാണ്. സ്വന്തമായി കെട്ടിടമുണ്ട്. മെഡിക്കൽ ക്യാമ്പ്, ഓണാഘോഷം, ബോധവത്കരണ ക്യാമ്പുകൾ, ബാലവേദി തുടങ്ങിയ പ്രവർത്തനങ്ങളുണ്ട്.

കവിതാലൈബ്രറിക്ക് സ്വന്തമായി ആസ്ഥാനമില്ല. ശ്രീ. ജി. പരമേശ്വരൻ പിള്ളയുടെ കെട്ടിടത്തിലാണ് ഗ്രന്ഥശാല പ്രവർത്തിക്കുന്നത്. ജനവിദ്യാകേന്ദ്രമാണ്. ആർട്ട്സ് ക്ലബ്ബ് പ്രവർത്തനങ്ങൾ, ഓണാഘോഷ പരിപാടികൾ ഇവ നടത്തുന്നു.

വലിയകട്ടയ്ക്കാൽ അക്ഷരകേരള ഗ്രന്ഥശാലക്കും സ്വന്തമായി ആസ്ഥാനമില്ല. ഓണാഘോഷപരിപാടികൾ, വായനശാല പ്രവർത്തനങ്ങൾ ഇവ നടക്കുന്നു.

പഞ്ചായത്ത് ഓഫീസിനോടൊപ്പമുള്ള സാംസ്കാരികനിലയവും കോട്ടുകുന്നം സാംസ്കാരിക നിലയവും പഞ്ചായത്തിന്റെ രണ്ട് ലൈബ്രറികളാണ്. കോട്ടുകുന്നം സാംസ്കാരിക നിലയത്തിൽ TV പ്രവർത്തിക്കുന്നുണ്ട്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന് വെഞ്ഞാറമൂട് കോട്ടുകുന്നം പ്രദേശങ്ങളിൽ യൂണിറ്റുകളും വെഞ്ഞാറമൂട്ടിൽ സയൻസ് ഫോറവും പ്രവർത്തിക്കുന്നു.

നെഹ്റു യൂത്ത് സെന്ററിന്റെ പാരലൽ കലോൽസവം മുദ്രാ ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ മുദ്രാ ഫെസ്റ്റ്, വലിയ കട്ടയ്ക്കാൽ പൗരസമിതിയുടെ വ്യാജമദ്യവിരുദ്ധ പ്രവർത്തനങ്ങൾ, ദൃശ്യാ ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ ഫൈൻ ആർട്ട്സ് പരിപാടികൾ, യുവരശ്മി മഹിളാ സമാജം, പ്രിയദർശിനി കൾച്ചറൽ സെന്റർ, പുരോഗമന കലാ സാഹിത്യ സംഘം, AKG കൾച്ചറൽ സെന്റർ, ഫ്രണ്ട്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, സബർമതി, ഗാന്ധിനഗർ പൗരസമിതി, കാവറ പൗരസമിതി, ദീപ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, തീയറ്റർ ഇംഗ്ഷനിലെ "സംസ്കാര" എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ കൊണ്ട് സജീവമാണ് നെല്ലനാട് പഞ്ചായത്ത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രൊഫഷണൽ നാടക സമിതികൾ സംഘചേതനയും സൗപർണ്ണികയും വെഞ്ഞാറമൂടിന്റെ യശസ്സ് ഉയർത്തുന്നു.

രംഗപ്രഭാത്

ഇന്ത്യയിലെ ആദ്യത്തെ കുട്ടികളുടെ നാടകവേദി യശശരീരനായ പ്രൊഫ.ജി.ശങ്കരപിള്ള യാണ് സ്ഥാപിച്ചത്. ഒരു തപസ്യപോലെ കേരളത്തിനാകെ അഭിമാനമാകുന്ന തരത്തിൽ എല്ലാ ദിവ്യവും കുട്ടികളുടെ കൂടിച്ചേരലും പരിശീലനങ്ങളും, നാടൻ കലാനുഷ്ഠാനങ്ങളും ഇവിടെ പതിവാണ്. നാടകപ്രവർത്തകർ, സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യർത്ഥികൾ, നാടകാസ്വാദകർ, കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന പ്രമുഖർ തുടങ്ങിയവർ ഇവിടം സന്ദർശിക്കാറുണ്ട്. കഴിഞ്ഞ വർഷം രംഗപ്രഭാത് എല്ലാ ജില്ലകളിലും നടത്തിയ നാടകയാത്ര പുതുമയാർന്ന ഒരു പരിപാടിയായിരുന്നു. കേന്ദ്ര സർക്കാരിന്റെയും ഏജൻസികളുടേയും സഹായത്തോടെ വിവിധ നാടക പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു. മടവൂർ കൊച്ചുനാരായണപിള്ളയാണ് രംഗപ്രഭാതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

മണ്ണൂർ ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾ

1. കേരളശാസ്ത്ര സാഹിത്യപരിഷത്ത്
2. A.K.G. കൾച്ചറൽ സെന്റർ
3. നെഹ്റു യൂത്ത്സെന്റർ
4. യുവരശ്മി വലിയകട്ടയ്ക്കാൽ
5. മുദ്രാഫൈൻആർട്ട്സ് സൊസൈറ്റി
6. ദൃശ്യ ഫൈൻ ആർട്സ് സൊസൈറ്റി
7. ഫ്രണ്ട്സ് ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ്
8. പ്രിയദർശിനി കൾച്ചറൽ സെന്റർ
9. സബർമതി ചാരിറ്റബിൾ ട്രസ്റ്റ്
10. രംഗപ്രഭാത-കുട്ടികളുടെ നാടകവേദി
11. ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്
12. പൗരസമിതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്
13. ദീപ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
14. പൗരസമിതി, ഗാന്ധിനഗർ
15. പൗരസമിതി, വലിയകട്ടയ്ക്കാൽ
16. 'സംസ്കാര' തിയേറ്റർ ഇംഗ്ഷൻ

മണ്ണൂർ ഗ്രാമ പഞ്ചായത്തിലെ ലൈബ്രറികൾ

ലൈബ്രറിയുടെ പേര്	പുസ്തകസംഖ്യ	അംഗങ്ങൾ	വരിക്കാർ എണ്ണം ആൺ	വരിക്കാർ എണ്ണം പെൺ	ശരാശരി പുസ്തകവിതരണം	ഉടമസ്ഥത	95-96 പഞ്ചാ: നല്കിയ തുക
സാംസ്കാരിക നിലയം വെഞ്ഞാറമൂട്	1348	217	105	112	40-50	പഞ്ചായത്ത്	ഇല്ല
കലാലയാഗ്രന്ഥശാല കീഴായിക്കോണം	4095	1076	809	207	40-60	പൊതുവക	ഇല്ല
യുവജനസമാജം ഗ്രന്ഥശാല പുവണത്തുംമൂട്	4800	707			-15	പൊതുവക	ഇല്ല
ഗ്രാമീണഗ്രന്ഥശാല കോട്ടുകുന്നം	1386	286	197	89	10-20	പൊതുവക	ഇല്ല
അക്ഷരകേരള ഗ്രന്ഥശാല വലിയകട്ടയ്ക്കാൽ	1031	201	160	41	5-10	പൊതുവക	ഇല്ല
സാംസ്കാരിക നിലയം കോട്ടുകുന്നം	1300	150	-	-	10-20	പഞ്ചായത്ത്	ഇല്ല

സാംസ്കാരിക-കലാപ്രതിഭകളായി കഴിവു തെളിയിച്ച ഒട്ടേറെ പ്രമുഖർ ഈ പഞ്ചായത്തിലുണ്ട്. കഥകളി സംഗീതത്തിലൂടെ പ്രശസ്തനായ മുദാക്കൽ ഗോപിനാഥൻ നായർ. പ്രശസ്ത ചമയകാരൻ വയ്യേറ്റ് ജി. രാഘവൻപിള്ള സിനിമാ സംവിധായകൻ തുളസീദാസ്, നാടകകൃത്ത് ആലന്തറ ജി. കൃഷ്ണപിള്ള, നാടകസംവിധായകനും, നടനും ആയ വെഞ്ഞാറമൂട് രാമചന്ദ്രൻ, നാടകകൃത്തുക്കളായ അശോക്, ശശി, ഇരുപത്തിയഞ്ചുകൊല്ലമായി നാടകവേദിയിൽ പ്രവർത്തിക്കുന്ന പ്രശസ്തനടി പിരപ്പൻകോട് ശാന്ത, അമച്വർ നാടക അഭിനേതാവ് കീഴായിക്കോണം പ്രസന്നകുമാർ, കാക്കാരിശ്ശി പാട്ടുകാരൻ നെല്ലനാട് അപ്പു, സിനിമാ നാടക നടൻ കാവറ ശശാങ്കൻ, സതീശൻ തുടങ്ങിയവർ ഈ രംഗത്ത് മുൻനിരക്കരാണ്.

1971 മുതൽ നവരസം എന്ന പേരിൽ ഒരു മാസികയും വെഞ്ഞാറമൂട്ടിൽ നിന്ന് പ്രസിദ്ധപ്പെടുത്തിവരുന്നു.

പഞ്ചായത്തിലെ ആരാധനാലയങ്ങൾ

മതസൗഹർദ്ദത്തിന്റെയും മതസഹിഷ്ണുതയുടെയും നിതാന്ത സ്മാരകങ്ങളായി ഈ പഞ്ചായത്തിൽ നിരവധി ഹിന്ദു-മുസ്ലീം-കൃസ്ത്യൻ ആരാധനാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആരാധനാലയങ്ങളുടെ പ്രാർത്ഥനകളും ക്ഷേത്രച്ചടങ്ങുകളും കൂടാതെ മതപ്രഭാഷണങ്ങൾ. മതസൗഹാർദ റാലികൾ. ഉത്സവങ്ങൾ, ഘോഷയാത്രകൾ എന്നിവയാണ് മുഖ്യ പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ ആരാധനാലയങ്ങൾ

1. പുളിമൂട് നാഗരുകാവ്
2. ഇടയാവണത്ത് ദേവീക്ഷേത്രം
3. വലിയവീട്ടിൽ മാടൻ നട
4. കോട്ടറ വീട് ദേവീക്ഷേത്രം
6. കുന്നിൽദേവീ ക്ഷേത്രം
7. പരമേശ്വരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം
8. നെല്ലനാട് ഊരൂട്ടു മണ്ഡപം
9. മേലാംകോട് ദേവീക്ഷേത്രം
10. മുക്കുന്നൂർ ശാസ്താക്ഷേത്രം,
11. കാവറ ഭഗവതീക്ഷേത്രം
12. ഗണപതിയാം കാട് ക്ഷേത്രം
13. ചെറുകോട്ടുകോണം ദേവീക്ഷേത്രം
14. ആലന്തറ ശ്രീ ശാസ്താ ക്ഷേത്രം
15. ആലന്തറ മണ്ഡപം
16. മാണിക്കോട് ശിവക്ഷേത്രം
17. കോട്ടുകുന്നം ശിവക്ഷേത്രം
18. മണ്ഡപകുന്ന് നാഗരുകാവ്
19. കോട്ടുകുന്നം വയലിൽ മാടൻനട
20. വയലിൽ മാടൻകാവ് പൂവണത്തുംമൂട്
21. മുരുകൻ കോവിൽ വെളുത്തപാറ
22. ആനപ്പാറ ഗണപതിക്ഷേത്രം
23. അപ്പൂപ്പൻ നട മണ്ണൂർക്കോണം
24. പഞ്ഞിയൂർ ചാവരുകാവ്
25. പുളിയറക്കാവ് ദേവീക്ഷേത്രം
26. ആയിരവല്ലിപ്പാറ ക്ഷേത്രം
27. ചെറുകോട്ടുകാവ് ദേവീക്ഷേത്രം
28. ശാന്തിമഠം ശിവക്ഷേത്രം
29. തുണ്ടിൽ ദേവീക്ഷേത്രം
30. തുണ്ടിൽ ഗണപതിക്ഷേത്രം
31. മേലേകുറ്റിമൂട് ചാമുണ്ഡേശ്വരി ക്ഷേത്രം
32. പാറയിൽ തയ്ക്കാവ്
33. മുസ്ലിം ജുമാഅത്ത് വെഞ്ഞാറമൂട്
34. ക്രിസ്ത്യൻ ദേവാലയം പൂവണത്തും മൂട്
35. സി.എസ്.ഐ ചർച്ച് കീഴായിക്കോണം
36. പെന്തക്കോസ്ത് ചർച്ച് കീഴായിക്കോണം
37. ക്രിസ്ത്യൻ ദേവാലയം
38. പച്ചള്ളൂർ നാഗരുകാവ്

39. കോട്ടുകുന്നം നാഗരുകാവ്
40. വേറ്റൂർ മഹാവിഷ്ണു ക്ഷേത്രം
41. വലിയകട്ടയ്ക്കാൽ മാടൻനട
42. വലിയകട്ടയ്ക്കാൽ സർവ്വേശ്വരി ക്ഷേത്രം
43. മൂലയിൽ ചാവരുകാവ്
44. പറയരുകോണം മാടൻകാവ്
45. ചെങ്ങഴത്ത് ദേവീക്ഷേത്രം
46. ഇലന്കം ദേവീക്ഷേത്രം
47. പൂവണത്തും മൂട് തെരുവിൽ ക്ഷേത്രം
48. മാണിക്കമംഗലം ഏറത്തുകാവ്
49. പ്ലാപ്പട്ടിക്കാവ്
50. നെല്ലനാടു് ആയിരവല്ലി ക്ഷേത്രം

പ്രശ്നങ്ങൾ

1. പുസ്തകങ്ങളുടേയും ആനുകാലികങ്ങളുടേയും വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഗ്രാമീണ ഗ്രന്ഥശാലകൾക്ക് അവ വാങ്ങുന്നതിനും, വരുത്തുന്നതിനും പ്രയാസങ്ങൾ അനുഭവപ്പെടുന്നു.
2. മാധ്യമങ്ങളുടെയും തെറ്റായ സാമൂഹ്യ വീക്ഷണങ്ങളുടെയും ഫലമായി നാടൻകലകൾ, കളികൾ, ഒത്തുചേരലുകൾ ഇവ സാധിക്കാതെ വരുന്നു.
3. സാംസാകാരിക സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സർക്കാരിൽ നിന്നും ഗ്രാൻറ് നൽകുന്നില്ല.
4. വികസന ക്ഷേമപ്രവർത്തനങ്ങളിൽ സാംസാകാരിക സ്ഥാപനങ്ങൾക്ക് പങ്ക് കുറഞ്ഞുവരുന്നു.
5. വായനയും, പഠനവും ഒരു പൊതുകാര്യത്തിലുപരി വ്യക്തികളുടെ സ്വകാര്യമായിത്തീരുന്നു.
6. ലൈബ്രറികളിലും സാംസ്കാരിക സ്ഥാപനങ്ങളിലും പൊതുജനങ്ങളുടെ പന്കാളിത്തം കുറഞ്ഞുവരുന്നു.
7. ദൂരദർശൻ, കേബിൾ ടിവികൾ, വീഡിയേ കാസറ്റുകൾ എന്നിവയുടെ ദുരുപയോഗം സാംസ്കാരിക അപചയത്തിന് കാരണമാകുന്നു.
8. രാത്രികാല അനാശാസ്യ പ്രവർത്തനങ്ങളും വിദേശമദ്യഷാപ്പിലെ ചില്ലറ വിൽപ്പനയും ബാർ ലൈസൻസ് ഇല്ലാതെ സാധാരണ ഹോട്ടലുകളിലെ മദ്യവിൽപ്പനയും തടയുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് കാര്യമായ ശ്രമങ്ങൾ ഒന്നും ഉണ്ടാകുന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും.

1. പഞ്ചായത്തിലെ സാംസ്കാരികസ്ഥാപനങ്ങളെ സഹായിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ പൊതുവേദി ഉണ്ടാക്കുകയും പ്രവർത്തനങ്ങൾ സജീവമാകുന്നതിന് സഹായിക്കുകയും ചെയ്യുക.
2. വെഞ്ഞാറമൂട് കേന്ദ്രമായി ഒരു നാടക കലാപരിശീലന കേന്ദ്രം ആരംഭിക്കുക.
3. വെഞ്ഞാറമൂട് കേന്ദ്രമാക്കി പഞ്ചായത്തിന്റെ സാംസ്കാരിക നിലയം കൂടുതൽ വായനയ്ക്കും പഠനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും പ്രവർത്തനം രാത്രി 8 മണിവരെ ആക്കുകയും ചെയ്യുക.
4. പഞ്ചായത്തിലെ വ്യാജമദ്യവാറ്റ്, മറ്റുസ്ഥലങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന വ്യാജമദ്യം, മദ്യഷാപ്പുകളിലെയും ഹോട്ടലുകളിലേയും മദ്യചില്ലറ വിൽപ്പന ഇവ തടയുന്നതിന് ഫലപ്രദമായ ജനകീയ മുന്നേറ്റവും നിയമനടപടികളും ഉണ്ടാകണം.
5. വലിയകട്ടയ്ക്കാലിലും പരമേശ്വരത്തും സാംസ്കാരികനിലയം സ്ഥാപിക്കുക.
6. നിലവിലുള്ള റേഡിയോ കിയോസ്കുകളിൽ ടി.വി. കൂടി പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം

ഉണ്ടാക്കുക.

7. പഞ്ചായത്തിലെ സജീവമായി പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ടി.വി. അനുവദിക്കുക.

8. നാട്ടറിവുകൾ സമാഹരിക്കാനും നാടൻകലകളെ സംരക്ഷിക്കുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

9. പഞ്ചായത്തിന്റെ ഗ്രാമപ്രദേശങ്ങൾ, കാന്തലം കോണം, കരിഞ്ചാത്തി പോലുള്ള സ്ഥലങ്ങളിൽ റേഡിയോ,ടി.വി. കിയോസ്ക്കുകൾ ആരംഭിക്കുക.

10. രാത്രികാല അനാശാസ്യപ്രവൃത്തികളും വിദേശമദ്യഷാപ്പിലെ ചില്ലറ വിൽപ്പനയും സാധാരണ ഹോട്ടലുകളിലെ മദ്യവിൽപ്പനയും തടയുവാൻ കാര്യമായ ശ്രമം പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

കായിക രംഗം

വർത്തമാനകാലത്ത് കായിക പരിശീലനത്തിനും, കായിക രംഗത്തെ പ്രവർത്തനങ്ങൾക്കും അപാരമായ സാധ്യതകളാണുള്ളത്. മാണിക്കൽ പഞ്ചായത്തിലെ നീന്തൽ പരിശീലനവും തൊഴിൽ ലഭ്യതയും അമ്പരപ്പിക്കുന്നതാണ്. നെല്ലനാട് പഞ്ചായത്തിൽ കളിസ്ഥലങ്ങളുടെ അഭാവം ജലാശയങ്ങളുടെ വിസ്തൃതിയിലുള്ള കുറവ്,കായിക സംഘടനകളുടെ അഭാവം എന്നിവ കായിക രംഗത്തെ പ്രവർത്തനങ്ങൾക്കുള്ള പരിമിതിയാണ്.

സാധ്യതകളും നിർദ്ദേശങ്ങും

1. വെഞ്ഞാറമൂട് ടൗണിലുള്ള പഞ്ചായത്തിന്റെ കളിസ്ഥലം ആധുനിക കളിസ്ഥലമായി രൂപപ്പെടുത്തുക.

2. കായിക പരിശീലനസ്ഥാപനങ്ങൾക്ക് അർഹമായ ഗ്രാന്റ് ലഭ്യമാക്കുക.

3. ദേശീയ തലത്തിൽ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ആലന്തറ ശ്രീ ശാസ്താസിമ്മിംഗ് ക്ളബ്ബിനെ കൂടുതൽ കാര്യക്ഷമമാക്കുക.

4. വെഞ്ഞാറമൂട്ടിൽ ഒരു കായിക പരിശീലന കേന്ദ്രം ആരംഭിക്കുക.

5. സ്കൂളുകളിൽ കായിക പരിശീലനത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. ആലന്തറ ശ്രീ ശാസ്താംക്ഷേത്രക്കുളം, മുക്കുന്നൂർ ക്ഷേത്രക്കുളം, പരമേശ്വരം ക്ഷേത്രക്കുളം, കീഴായിക്കോണം ചിറ എന്നിവയിൽ നീന്തൽ പരിശീലനത്തിനുള്ള സൗകര്യങ്ങളുണ്ടാക്കുക.

7. ആലന്തറ സ്കൂളിനു വാങ്ങിയ 62 സെന്റ് പുരയിടം കളിസ്ഥലമാക്കി മാറ്റുക.

8. പറവിളക്കോണം ചിറ, കോട്ടറക്കുളം കുളം, കുരുനപ്പൻ കാവ് ചിറ, [illegible] കോണം ചിറ, പുതുക്കുളം,കണ്ണൻ കോട് ചിറ, എന്നീ ജലാശയങ്ങളും നീന്തൽ പരിശീലനത്തിന് സൗകര്യപ്പെടുത്താവുന്നതാണ്.

പരിസ്ഥിതി, പരിസരം

നമ്മുടെ ജീവിത പ്രക്രിയയിൽ മനുഷ്യൻ വരുത്തുന്ന നാശങ്ങളെ ഗൗരവപൂർവ്വം ഇന്ന് വിലയിരുത്താൻ തുടങ്ങിയിട്ടുണ്ട്. അനിവാര്യമായ നാശങ്ങളൊഴികെ ബാക്കിയുള്ളവയെ പ്രതിരോധിക്കാനും ലാഭത്തിനും ധൂർത്തിനുമായി നടത്തുന്ന പരിസ്ഥിതി കടന്നാക്രമങ്ങളെ അരുതെന്ന് പറയാനും സമൂഹത്തിന് ഉത്തരവാദിത്തമുണ്ട്. നെല്ലനാട് പഞ്ചായത്തിലെ പരിസ്ഥിതി, പരിസരപ്രശ്നങ്ങൾ സമഗ്രമായ വിലയിരുത്തലുകൾക്ക് ഗ്രാമസഭയിലൂടെ

ജനങ്ങൾ തയ്യാറായിട്ടുണ്ട്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. നെല്ലനാട് പഞ്ചായത്തിലെ അതിവേഗം വളർന്നുവരുന്ന പാറ വ്യവസായത്തിൽ ഉപയോഗിക്കുന്ന ക്രഷർ,ട്രില്ലറുകൾ, ജാക്ക്ഹാമർ തുടങ്ങിയ ഉപകരണങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം ചെറുതല്ല.

2. ആളുകൾ തിങ്ങിപ്പാർക്കുന്ന കോട്ടുകുന്നം വാർഡിലെ പലപ്രദേശങ്ങളിലും ക്രഷർ യൂണിറ്റുകൾ വഴിയുണ്ടാകുന്ന മലിനീകരണം വ്യാപകമായ പരാതികൾക്ക് കാരണമാകുന്നു.

3. പ്രകൃതി സന്തുലിതാവസ്ഥയെ ക്രമപ്പെടുത്തുന്ന കോട്ടുകുന്നം മലപോലെയുള്ള പ്രദേശങ്ങളിൽ സംരക്ഷിതമേഖലയാക്കണം.

4. വെഞ്ഞാറമൂട് ചന്ത ഉയർത്തുന്ന മലിനീകരണത്തെ തുടർന്ന് ചന്ത മാറ്റിസ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

5. വെഞ്ഞാറമൂട് ജംഗ്ഷനിലെ ചവറുകൂനകൾ യഥാസമയം മാറ്റുവാനും റോഡുകൾ യഥാസമയം ശുചീകരിക്കാനും ശ്രദ്ധിക്കണം.

6. വെഞ്ഞാറമൂട് ജംഗ്ഷനിലെ ഓടകൾ ശുചീകരിക്കാനും ഓടകൈയ്യേറ്റം നിയന്ത്രിക്കാനും ശ്രദ്ധിക്കണം.

7. പഞ്ചായത്തിലെ 55% നിലങ്ങളും നികത്തിയ പശ്ചാത്തലത്തിലും തോടുകൾ റോഡുകൾ ആയിക്കൊണ്ടിരിക്കുന്ന പുതിയ പ്രവണതയും പരിസ്ഥിതി പ്രശ്നങ്ങളാണ്.

8. നമ്മുടെ പുരയിടങ്ങളിലെ മരങ്ങൾ വൻതോതിൽ മുറിച്ചുമാറ്റിയതിൽ മണ്ണൊലിപ്പിന് കാരണമായിട്ടുണ്ട്

9. വെഞ്ഞാറമൂട് ജംഗ്ഷനിലെ വാഹനങ്ങളുടെ ശബ്ദമലിനീകരണം ഉച്ചഭാഷിണികളുടെ ഉപയോഗം എന്നിവ ശാസ്ത്രീയമായി പുനസംവിധാനം ചെയ്യേണ്ടതാണ്.

10.വീട്ടുവളപ്പിൽ നിന്ന് മലിനജലം പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കുന്നത് കർശനമായ നിയന്ത്രിക്കേണ്ടതാണ്.

11. പൊതുസ്ഥലങ്ങളിൽ വ്യാപകമായി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം.

12. പഞ്ചായത്തിലെ കൃഷി ഭൂമി സംരക്ഷിക്കാനും ഫലഭൂയിഷ്ഠമാക്കാനും ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തുക.

''സ്നേഹത്തിന്റെ ഭാഷ നമുക്കെവിടെയോ നഷ്ടമായി. നമ്മുടെ
ഹൃദയങ്ങളിലെ നൊമ്പരങ്ങളുടെയും പ്രതീക്ഷകളുടെയും
മൽസരങ്ങൾ ഒന്നാകട്ടെ.''

എം.ടി

പൊതുജനാരോഗ്യവും കുടിവെള്ളവും.

പൊതുജനാരോഗ്യം എന്നത് ഡോക്ടർ, ആശുപത്രി, മരുന്ന്, എന്ന സമവാക്യത്തിൽ നിന്ന് മാറി ശരിയായ ആരോഗ്യശീലങ്ങളും, ശുചിത്വവും ശുദ്ധജലവും, പോഷകാഹാരങ്ങളും എന്ന രീതിയിലേക്ക് മാറുന്നതിന് പുതിയ 'ജനകീയ ആരോഗ്യനയം' രൂപപ്പെടുത്തേണ്ടതുണ്ട്. ആരോഗ്യസൂചികകൾ കാണിക്കുന്നത് വികസിത രാജ്യങ്ങൾക്കൊപ്പം കേരളത്തിലെ ആരോഗ്യ നില വളർന്നിട്ടുണ്ട് എന്നതാണ്. എന്നാൽ രോഗാതുരത ഏറ്റവും കൂടതലുള്ള സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുന്നു. നാം ആട്ടിപ്പായിച്ച പല രോഗങ്ങളും പകർച്ച വ്യാധികളും വീണ്ടും നമ്മെ കടന്നാക്രമിക്കുന്നതും പരിസരമലിനീകരണം മൂലമുണ്ടാക്കുന്ന രോഗങ്ങൾ സാർവ്വത്രിക മാകുന്നതും നാം തിരിച്ചറിയേണ്ടതുണ്ട്. രോഗം വന്നശേഷം ചികിത്സ എന്നതിന് പകരം രോഗപ്രതിരോധത്തിലൂന്നിയുള്ള ആരോഗ്യനയം നാം സ്വീകരിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ ആരോഗ്യ മെന്നത് പരിസര ശുചിത്വത്തേയും ശുദ്ധജലത്തേയും ആഹാരത്തേയും ആശ്രയിച്ചിരിക്കുന്നു. മറ്റൊരു വിധത്തിൽ സൂചിപ്പിച്ചാൽ ജനങ്ങളുടെ തൊഴിലും സാമ്പത്തിക സ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു എന്നതാണ് സത്യം.

നെല്ലനാട് പഞ്ചായത്തിലെ ആരോഗ്യസ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് ഇതര പഞ്ചായത്തുകളേക്കാൾ ആരോഗ്യ നിലവാരത്തിൽ നാം മുന്നിലാണ് എന്നതാണ്. 1991 ലെ സെൻസസ് കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 21,768 ആണ്. പഞ്ചായത്തിലെ ജനനനിരക്ക് 8ഉം മരണനിരക്ക് 5 ഉം ആണ്. ഒരു വയസിനു താഴെ പ്രായമുള്ള 400 കുട്ടികളിൽ 380 പേർക്കും പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുണ്ട്. മാതൃമരണം ഇല്ല എന്നു തന്നെ പറയാം. പഞ്ചായത്തിലെ ഉയർന്ന വിദ്യാഭ്യാസ നിരക്ക്, സാക്ഷരത, സാമൂഹ്യപ്രസ്ഥാനങ്ങളുടെ ബോധ വൽകരണം തുടങ്ങി നിരവധി ഘടകങ്ങൾ ആരോഗ്യ

മേഖലയെ സ്വാധീനിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രം.

ബ്രിട്ടീഷുകാർ നാടുഭരിച്ചിരുന്ന കാലത്ത് ശ്രീമൂലം തിരുനാളിന്റെ മേൽനോട്ടത്തിൽ പണിതീർത്ത 'റെസ്റ്റ്ഹൗസിൽ' ആണ് പിൽക്കാലത്ത്1950 ൽ വാമനപുരം പ്രാഥമിക ആരോഗ്യകേന്ദ്രം ഉദ്ഘാടനം ചെയ്തത്. നെല്ലനാട് പഞ്ചായത്തിന്റെ അതിർത്തിയിൽ കോട്ടുകുന്നം വാർഡിലാണ് ആശുപത്രി സ്ഥിതി ചെയ്യുന്നത്. ഇന്നും പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യകേന്ദ്രം ഇതു മാത്രമാണ്. നാലു ഡോക്ടർമാർ ഉൾപ്പെടെ 58 സ്റ്റാഫുകളാണ് ആശുപത്രിയിലും സബസെന്ററുകളിലുമായി ഉള്ളത്. സ്പെഷ്യലയിസിഡ് ഡോക്ടർമാരുടേയും, പാരാമെഡിക്കൽ സ്റ്റാഫുകളുടേയും കുറവ്, മരുന്നുകളുടെ ദൗർലഭ്യം , തുടങ്ങിയ കാലം മുതൽക്കുള്ള പഴഞ്ചൻ കെട്ടിടങ്ങൾ, കിടക്കകളുടേയും മറ്റു ഭൗതീക സൗകര്യങ്ങളുടേയും കുറവ് തുടങ്ങിയ കാരണങ്ങളാൽ ജനങ്ങളിൽ വേണ്ടത്ര സുരക്ഷിതത്വബോധമുണ്ടാക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട സേവനത്തിനായി ജനങ്ങൾ മറ്റു കേന്ദ്രങ്ങൾ തേടിപ്പോകേണ്ട അവസ്ഥയുണ്ട്. ദിവസം ശരാശരി 500 രോഗികൾ ഇവിടെ വന്നു പോകുന്നു. പ്രസവമെടുക്കാനുള്ള സൗകര്യങ്ങളടക്കം ഈ ആശുപത്രിയിൽ മുൻപ് ഉണ്ടായിരുന്ന സൗകര്യങ്ങൾ ഇന്നില്ല. ഏകദേശം 5 ലക്ഷം രൂപ വിലവരുന്ന ഔഷധങ്ങൾ സൂക്ഷിക്കേണ്ടുന്ന ഔഷധകലവറയും, ഫാർമസിയും അപര്യാപ്തമായ നിലയിലാണ് സംരക്ഷിക്കുത്. ചികിത്സ കൂടാതെ ജനസംഖ്യാ നിയന്ത്രണം, മാതൃശിശുസംരക്ഷണം, രോഗ പ്രതിരോധ നടപടികൾ, പരിസരശുചീകരണം, ആരോഗ്യ ബോധവൽക്കരണം എന്നിവയാണ് പ്രധാന ചുമതലകൾ. ആശുപത്രി വികസന സമിതിയും, ാശുപത്രി സൗഹൃദ നിലവിലുണ്ട് എങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ആരോഗ്യ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് മഹിളാ സ്വസ്തിക് സംഘ് എന്ന സന്നദ്ധ സംഘടനയും പ്രവർത്തിക്കുന്നുണ്ട്.

വാമനപുരം പ്രാഥമിക ആരോഗ്യകേന്ദ്രം - പൊതുവിവരങ്ങൾ

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ - പ്രതിവർഷം					
			ത്വക്രോഗം	വാതരോഗം	പകർച്ചവ്യാധി	വിഷചികിത്സ	മറ്റ്രോഗങ്ങൾ	ആകെ
92_93	790	64310	8746	2236	3340	-	49980	64310
93_94	680	67417	9692	2312	2264	-	53149	67417
94_95	745	64438	8610	1427	2912	-	26129	39078
95_96	842	62263	11210	2164	3632	2 റഫർചെയ്തു	45257	66263
ആകെ	3060	237068	37842	8139	12148	2	178523	237068

കക്കൂസുകൾ

കുടിൽ : 200 ഇ.എസ്.പി : 4680

ആകെ : 4680 ഇല്ലാത്തവർ ;1460

തൊഴുത്ത് : 3832

സാധാരണ കിണറുകൾ : 4345

പൊതുശ്മശാനങ്ങൾ : ഇല്ല.

സാനിട്ടറി സെൽ : 840

ശുചീകരണത്തിനുള്ള ജീവനക്കാർ : 5

പൊതുടാപ്പുകൾ : 23

വീടുകൾക്ക് നൽകിയ ടാപ്പുകൾ : 42

അംഗവൈകല്യമുള്ളവർ

അന്ധർ :26

ബധിരർ ;31

മൂകർ:25

ചലന വൈകല്യം: 20

മന്ദബുദ്ധികൾ :0-5 വയസ് - 8

6-10. " - 16

11-15 " - 5

16 ന് മേൽ - 7

1996 നവംബർ

1 വയസ് പ്രായമുള്ള കുട്ടികൾ - 400

പ്രതിരോധ കുത്തി വയ്പ് നടത്തിയവർ - 380

ഗർഭിണികൾ - 43

	ജനന മരണ വിവരങ്ങൾ			ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
	ജനനം	മരണം	ചാപിള്ള				
93-94	231	68	8	345	693	160	868
94-95	232	84	-	496	780	138	945
95-96	186	97	5	269	594	89	1236

നെല്ലനാട് ഗ്രാമപഞ്ചായത്ത് കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1-ാംഗ്രേഡ്		2-ാംഗ്രേഡ്		3-ാംഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1വയസ്സിൽതാഴെ	155	117	54	46	13	14	-	-
1-3 വയസ്	224	202	90	95	29	33	-	-
3-6 വയസ്	269	215	101	110	39	26	-	-

1.ാം ഗ്രേഡ്..ലഘുവായ പോഷണ കുറവുള്ളവർ 2..ാം ഗ്രേഡ്..മിതമായ പോഷണ കുറവുള്ളവർ 3..ാം ഗ്രേഡ്.. ഗുരുതരമായ പോഷണ കുറവുള്ളവർ.

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി.				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽതാഴെ	399	327	297	268	-	327	297	268	-	-	-	-	-	153
1-3വയസ്	673	673	673	673	673	673	673	673	673	-	-	-	-	673
3-6വയസ്	760	760	760	759	760	760	760	759	760	6	6	-	-	760

ഇരുമ്പ്ഫോളിക്കാസിഡ്ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം144 ഇരുമ്പ്ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം784 വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം .. 794 (അംഗൻവാടികളിൽ നിന്ന് ശേഖരിച്ചത്)

ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ - 399

1-2 പ്രായമുള്ള കുട്ടികൾ - 331

2-3 വരെ പ്രായമുള്ള കുട്ടികൾ - 342

3-5 വരെ പ്രായമുള്ള കുട്ടികൾ - 760

ഗർഭിണികളുടെ എണ്ണം - 144

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം - 175
(6 മാസം വരെ പ്രായമുള്ള കുട്ടികളുള്ളവർ)

കഴിഞ്ഞ വർഷം ആകെ ജനനങ്ങൾ - 377

അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ - 850

അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ - 85

അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ - 93

2. ആയുർവേദ ഡിസ്പെൻസറി:

1959 ൽ R.പ്രകാശം MLA ആയിരുന്ന കാലത്താണ് ആയുർവേദ ആശുപത്രി സ്ഥാപിച്ചത്. മാമൂട് എന്ന സ്ഥലത്താണ് ആശുപത്രി സ്ഥിതി ചെയ്യുന്നത്. ഒരു മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റന്റർ, പി.റ്റി.എസ് എന്നീ തസ്തികകളിൽ ജീവനക്കാരുണ്ട്. ശരാശരി നൂറുരോഗികൾ പ്രതിദിനം എത്തുന്നുണ്ട്. മെഡിക്കൽ ക്യാമ്പുകൾ, താൽക്കാലിക ഡിസ്പെൻസറികൾ, ശിവഗിരി, ശബരിമല തുടങ്ങിയ സീസണുകളിൽ പ്രത്യേക ചികിത്സ എന്നിവ നടത്താറുണ്ട്.

ആയുർവേദ ആശുപത്രി - പൊതുവിവരങ്ങൾ

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	രോഗങ്ങൾ സംബന്ധിച്ച വിവരം			പ്രതിവർഷം - എണ്ണം)		
			ത്വക്ക് രോഗം	വാതരോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധി	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	ഇല്ല	19737	2307	12603	ഇല്ല	521	4308	19739
93-94	ഇല്ല	19926	2405	11057	ഇല്ല	707	5757	19926
94-95	ഇല്ല	12938	805	9083	ഇല്ല	529	2521	12938
95-96	ഇല്ല	19318	869	11683	ഇല്ല	601	6165	19318
ആകെ	ഇല്ല	71921	6386	44426	ഇല്ല	2358	18751	71921

മെഡിക്കൽ ഓഫീസർമാർ - 1

ഫാർമസിസ്റ്റ് - 1

അറ്റന്റർ - 1

സ്വീപ്പർ - 1

നെല്ലനാട് പഞ്ചായത്തിലെ അംഗൻവാടികൾ

പഞ്ചായത്ത്	വാർഡ്	കുട്ടികൾ	ഗർഭിണികൾ	അമ്മമാർ	സ്വന്തഭൂമി	കെട്ടിടം
127. വെഞ്ഞാറമൂട്	കാവറ I	104	5	15	✓	✓
128. വയ്യേറ്റ്	I	80	8	6	✓	പണി നടക്കുന്നു
129. വെട്ടുവിള	I	85	6	14	✓	✓
130. വലിയകട്ടയ്ക്കാൽ	III	100	9	9	✓	✓
131. ആലന്തറ	II	59	4	7	✓	✓
132. കാവറ	II	97	8	5	✓	✓
133. മൈലക്കുഴി	II	103	5	5	✓	പണി നടക്കുന്നു
134. കൃഷ്ണപുരം	IV	89	4	3	✓	✓
135. ദീപാനഗർ	V	65	6	7	✓	✓
136. ഇടവൻപാമ്പ്	IV	66	7	4	✓	✓
137. മുരുർക്കോണം	V	49	6	4	✓	✓
138. കീഴായിക്കോണം	VI	79	10	3	✓	✓
139. കോട്ടുകുന്നം	VI	89	8	6	✓	✓
140. നെല്ലനാട്	VII	73	5	4	✓	✓
141. പൂവണത്തുംമൂട്	VI	71	8	7	✓	✓
142. പഞ്ചിയൂർ	VIII	69	5	6	✓	✓
143. പ്ലാപ്പെട്ടി	VII	84	5	6	✓	പണി നടക്കുന്നു
144. പേരയത്തുംകുഴി	IX	104	7	10	✓	✓
145. ഭഗവതിക്കോണം	IX	94	5	9	✓	✓
146. കണ്ണങ്കോട്	X	58	5	5	ഇല്ല	ഇല്ല
147. കൊക്കോട്ടുകോണം	X	100	4	7	✓	പണി; നടക്കുന്നു

പഞ്ചായത്തിലെ ഇതര ആരോഗ്യസ്ഥാപനങ്ങൾ

1.ലീലാരവി ഹോസ്പിറ്റൽ, വെഞ്ഞാറമൂട് സ്വകാര്യം
2. S.J. ആശുപത്രി , വെഞ്ഞാറമൂട് "
3. അൻസി ആശുപത്രി, വെഞ്ഞാറമൂട് "
4. പ്രിയാ ആശുപത്രി, വെഞ്ഞാറമൂട് "
5.കോസ്മെറ്റിക്ക് ഡെന്റൽ ആശുപത്രി, വെഞ്ഞാറമൂട്
6. നാരായണ ഹോമിയോ ക്ളിനിക്ക് വെഞ്ഞാറമൂട്
7. കോട്ടയ്ക്കൽ ആര്യവൈദ്യശാല, വെഞ്ഞാറമൂട്
8. ഹോമിയോ ക്ളിനിക്ക്, ആറ്റിങ്ങൽ റോഡ്,
9. ആർഷ ആയുർവേദ ക്ളിനിക്ക്, വെഞ്ഞാറമൂട്
10.നാഗാർജ്ജുന ആയുർവേദ ക്ളിനിക്ക്, വെഞ്ഞാറമൂട്
11.സിതാര മെഡിക്കൽസ്, വെഞ്ഞാറമൂട്
12.നാരായണ മെഡിക്കൽസ്, വെഞ്ഞാറമൂട്
13.ചിത്തിരാ മെഡിക്കൽസ്, വെഞ്ഞാറമൂട്
14.ലാൽ മെഡിക്കൽസ്, വെഞ്ഞാറമൂട്
15.മിത്രാ മെഡിക്കൽസ്, വെഞ്ഞാറമൂട്
16.ശ്രീ മെഡിക്കൽസ്, വെഞ്ഞാറമൂട്
17.വിഷ്ണു മെഡിക്കൽസ്, വാമനപുരം
18.എൽബ ക്ളിനിക്കൽ ലാബ്, വെഞ്ഞാറമൂട്
19.വി.ജി.ക്ളിനിക്കൽ ലാബ്, വെഞ്ഞാറമൂട്
20.ചിഞ്ചൂസ് ക്ളിനിക്കൽ ലാബ്,വെഞ്ഞാറമൂട്
21.വി.ജി.ക്ളിനിക്കൽ ലാബ്, വാമനപുരം

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും അവശ്യമരുന്നുകളുടേയും അടിസ്ഥാനസൗകര്യങ്ങളുടേയും കുറവുണ്ട്.
2. PHCയിലെ വാർഡുകൾ പഴകിയതും കട്ടിലുകൾ നശിച്ചതുമാണ്. കുടിവെള്ള ക്ഷാമം, ഫാനിന്റെ അഭാവം, യാത്രാസൗകര്യങ്ങളുടെ കുറവ് ഇവയുണ്ട്.
3. ആയുർവേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല.
4. വെഞ്ഞാറമൂട് ചന്തയിലെ മാലിന്യവും, ദുർഗന്ധവും ടൗണിനെയാകെ ബാധിക്കുന്നു.
5. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കൃത്യമായി നടക്കുന്നില്ല.
6. വാമനപുരം PHC യിൽ ഓപ്പറേഷൻ തിയേറ്റർ ഉണ്ടാക്കിയെങ്കിലും, തിയേറ്റർ ഉപകരണങ്ങളും പ്രസവമെടുക്കാനുള്ള സൗകര്യങ്ങളും ഇല്ല.
7. വാമനപുരം PHC യിലേക്ക് വെഞ്ഞാറമൂട് ജംഗ്ഷനിൽ നിന്നും ദൂരം കൂടുതലാണ്.
8. പഞ്ചായത്ത് പ്രദേശങ്ങളിൽ വ്യാജവാറ്റ് വ്യാപകമാകുന്നുണ്ട്.
9. വാമനപുരം PHC യിലേക്ക് പ്രസവമെടുക്കാൻ സജ്ജീകരണങ്ങൾ വേണം.
10.PHC യിൽ എക്സാസ്റ്റ് ഫാൻ സൗകര്യം ഓപ്പറേഷൻ തിയേറ്ററിൽ ഫിറ്റ് ചെയ്യണം.

സാധ്യതകളും നിർദ്ദേശങ്ങളും.

1. വാമനപുരം PHC യെ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററായി ഉയർത്തുക.
2. വെഞ്ഞാറമൂട് ടൗണിൽ ഒരു PHC ആരംഭിക്കുക.
3. വയ്യേറ്റ്, കരിഞ്ചാന്തി, വലിയകട്ടയ്ക്കൽ, ആലന്തറ, പരമേശ്വരം തുടങ്ങിയ പ്രദേശങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക.
4. ശാസ്ത്രീയമായ മത്സ്യ..മാംസ മാർക്കറ്റ് സ്ഥാപിക്കുക.
5. വെഞ്ഞാറമൂട്ടിലെ പൊതുമാർക്കറ്റ് ടൗണിൽ നിന്ന് മാറ്റി സ്ഥാപിക്കുക.
6. ആയുർവേദ ആശുപത്രിക്ക് ആലന്തറ

M.സുകുമാരക്കുറുപ്പ് സംഭാവനയായി നൽകിയ സ്ഥലത്ത് കെട്ടിടം പണിത് ആശുപത്രി വിപുലമാക്കുക.

7. കൊതുക് ശല്യം പെരുകുന്നത് തടയാൻ കൊതുകു നിവാരണ പരിപാടി തയ്യാറാക്കണം.

8.വാമനപുരം ആശുപത്രിക്ക് പുതിയ വാർഡും കിടക്കകളും കക്കൂസും കുടിവെള്ളസൗകര്യങ്ങളും ഏർപ്പെടുത്തുക.

9. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടി ശാസ്ത്രീയമായി പരിഷ്കരിക്കുക.

10.പഞ്ചായത്തിൽ കക്കൂസില്ലാത്ത 3230 വീടുകൾക്ക് കക്കൂസുണ്ടാക്കുന്നതിനുള്ള സമയബന്ധിത പരിപാടികൾ ആസൂത്രണം ചെയ്യണം.

11.ചെലവു കുറഞ്ഞതും പുകശല്യമില്ലാത്തതുമായ അടുപ്പുകൾ പ്രചരിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുക.

12.വെഞ്ഞാറമൂട് ജംഗ്ഷനിലെ ഓടകൾ ശുചിയാക്കാനും പുതുക്കിനിർമ്മിക്കാനും മാലിന്യങ്ങൾ നീക്കം ചെയ്യാനുമുള്ള സംവിധാനങ്ങൾ ആസൂത്രണം ചെയ്യുക.

13.ആരോഗ്യബോധവൽക്കരണം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഇവ ഫലപ്രദമായി നടത്തുക.

14.ഹോട്ടലുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തുക.

15.പാവപ്പെട്ടവരെ സഹായിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ 'ചികിത്സാനിധി' ഉണ്ടാക്കുക.

16.ആശുപത്രി വികസന സമിതിയുടേയും, സൗഹൃദസമിതിയുടേയും പ്രവർത്തനങ്ങൾ സജീവമാക്കുക.

17.പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കണം.

18.വാമനപുരം PHC ക്ക് ചുറ്റുമതിൽ നിർമ്മിക്കുക. ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

19.വെഞ്ഞാറമൂട് ജംഗ്ഷനിൽ പബ്ളിക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കണം.

20.പ്രൈവറ്റ് ആശുപത്രികൾക്കും, ആരോഗ്യ സ്ഥാപനങ്ങൾക്കും ഗുണനിലവാരം ഉറപ്പുവരുത്താൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

21. 30 ബെഡുകളുള്ള നേത്രം, മർമം, വിഷം തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗമുള്ള ആശുപത്രിയായി ആയുർവേദ ഡിസ്പെൻസറിയെ ഉയർത്തുക.

22.പഞ്ചായത്തിൽ പൊതു ഉടമസ്ഥതയിൽ ഒരു ആംബുലൻസ് സർവ്വീസ് തുടങ്ങുക.

23.PHC യിൽ ഹൗസ് സർജൻമാരുടെ പരിശീലന കേന്ദ്രം ആരംഭിക്കുക.

24.പഞ്ചായത്തിൽ ഒരു ഹോമിയോ ക്ളിനിക്ക് ആരംഭിക്കുക.

25.വ്യവസായ സംരംഭങ്ങൾക്ക് ആരോഗ്യ പരിശോധന ലൈസൻസ് ഏർപ്പെടുത്തുക.

26.ഇലക്ട്രിസിറ്റി ചാർജ് കുടിശ്ശിക പലിശ ആശുപത്രി സ്ഥാപനങ്ങൾക്ക് ഒഴിവാക്കണം.

27.പ്രായമായവരെ സംരക്ഷിക്കുന്നതിന് വൃദ്ധസദനം ആരംഭിക്കുക.

28.പ്രൈവറ്റ് ആശുപത്രികളിൽ നിന്നും ചികിത്സ കഴിഞ്ഞ് പോകുന്ന രോഗികൾക്ക് ചികിത്സ സർട്ടിഫിക്കറ്റ് കൊടുക്കണം.

കുടിവെള്ളം

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പല പ്രദേശങ്ങളും നമ്മുടെ

പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിനുള്ള മുഖ്യ ആശ്രയം കിണറുകളാണ്. 8110 കുടംബങ്ങളുള്ളതിൽ 5185 വീടുകൾക്ക് മാത്രമാണ് സ്വന്തമായി കിണറുള്ളത്. ഇതിൽ തന്നെ 20..30% കിണറുകളും വരൾച്ചക്കാലത്ത് വറ്റുന്നവയാണ്. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പറ്റുന്ന കരിഞ്ചാത്തി വാട്ടർ സപ്ലൈ സ്കീം വേഗത്തിൽ പൂത്തിയാക്കുക എന്നത് ജനങ്ങളുടെ പ്രതീക്ഷയും പ്രത്യാശയുമാണ്. പഞ്ചായത്തിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ 42 കുടുംബങ്ങൾക്കും 23 പൊതുടാപ്പുകളുമാണ് കണക്ഷൻ നൽകിയിട്ടുള്ളത്.

ശുദ്ധജലക്ഷാമം

മാരിയം, വെട്ടുവിള, വെട്ടിയോട്, വയ്യേറ്റ്, വെഞ്ഞാറമൂട്ജംഗ്ഷൻ, കോട്ടറക്കോണം,ചെച്ചിട്ടവിള, ചൂരൂർകോണം,പരമേശ്വരം, അമ്പലം മുക്ക്, പാറപ്പാറമുകൾ, ആനപ്പാറ , കൊച്ചുകുന്ന്, മൺഡപകുന്ന്, ഉടയൻപാറ, കൈതറക്കുഴി, വണ്ടിപ്പുര, വെളുത്ത പാറ, പനയറം, അയിലൂർ കോണം, മക്കാംകോണം, പണിക്കരുകോണം, തണ്ട്രാംപൊയ്ക,കൊക്കോട്ടുകോണം തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. കീഴായിക്കോണം വാർഡിലെ എല്ലാഭാഗത്തും കുടിവെള്ളക്ഷാമമുണ്ട്. പൂവണത്തുംമൂട് LPS എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1. 1984 ൽ പണിതുടങ്ങി ലോകബാങ്ക് സഹായത്തോടെയുള്ള കരിഞ്ചാത്തി വാട്ടർ സപ്ലൈ സ്കീം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വീടുകൾക്ക് കണക്ഷൻ നൽകുക.

2. സാമ്പത്തികമായി പിന്നോക്കമുള്ളകുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

3.നിലവിലുള്ള പൊതുജലാശയങ്ങൾ വൃത്തിയാക്കാനും സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കണം.

4. പറവിളക്കോണം ചിറ ശുചികരിച്ച് പമ്പ്സെറ്റ് വച്ചാൽ ആപ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

5. കോട്ടറക്കോണം ചിറ കുഴിച്ച് ജലസമ്പുഷ്ടമാക്കണം.

6. കൊച്ചുകുളം കോരികെട്ടി ജലാശയം സംരക്ഷിക്കണം.

7. കുഴൽക്കിണറുകളിലെ ജലം മലീമസമാണ്, കുഴൽക്കിണർ നിർമ്മാണം പരിശോധിക്കണം.

8. പരമേശ്വരം ചിറ ശുചികരിച്ച് മിനിവാട്ടർ സപ്ലൈ സ്കീം ആരംഭിക്കുക.

9.സ്വകാര്യകിണറുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം.

10.കോട്ടുകുന്നം മലയും താഴ്വരയും വാട്ടർഷെഡ് പദ്ധതിയാക്കി സംരക്ഷിക്കണം.

11.വാമനപുരം ആശുപത്രിയിൽ ശുദ്ധജല സൗകര്യം പരിമിതമാണ്, കുഴൽക്കിണർ ജലം ശുദ്ധജലമല്ല. ശുദ്ധജലത്തിന് സ്കീം ആവശ്യമാണ്.

12.കീഴായിക്കോണം ചിറ മിനിവാട്ടർസപ്ലൈ സ്കീം ആക്കിമാറ്റി പ്രയോജനപ്പെടുത്തുക.

13.വാമനപുരം നദിയിൽ തോട്ടത്തിൽക്കടവ് വാട്ടർസപ്ലൈ സ്കിം പ്രദേശത്ത് കടവ് നിർമ്മിച്ച് ജലാശയം സംരക്ഷിക്കുക.

14.കീഴായിക്കോണം വാർഡിലുംനെല്ലനാട് വാർഡിലും ഭൂമിയ്ക്കടിയിൽ പാറവ്യാപകമായി കാണുന്നു. അവിടങ്ങളിൽ മൈനിംഗ് & ജിയോളജി

വകുപ്പിനെക്കൊണ്ട് സർവെനടത്തി ലഭ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുക.

15.വെള്ളുത്തപാറ, പഞ്ഞൂര്,കാന്തലം കോണം, നാലേക്കർ, കരിഞ്ചാത്തി എന്നിവിടങ്ങളിലെ പൊതുകിണർ ഉപയോഗ യോഗ്യമാക്കുക.

16.ഭഗവതി കോണം ചിറ നികത്താനുള്ള ശ്രമങ്ങൾ തടയുക.

17.പനയറത്ത് ഒരു പൊതുകിണർ സ്ഥാപിക്കുന്നതിന് സ്ഥലം സംഭാവനയായി ലഭിക്കും. കിണർ കുഴിക്കണം.

18.പൊതുജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നതും ദുരുപയോഗം ചെയ്യുന്നതും നിയന്ത്രിക്കുക.

പഞ്ചായത്തിലെ പൊതുകിണറുകൾ.

1.ലക്ഷംവിട്കോളനി,വയ്യേറ്റ് (2 എണ്ണം)
2. വൻപണ
3. കോട്ടറക്കോണം
4. പോലീസ് സ്റ്റേഷൻ
5. ദീപാനഗർ
6. മണ്ഡപക്കുന്ന്
7. മണ്ഡപക്കുന്ന് ഹരിജൻ കോളനി
8. നീർച്ചാലിൽ മിച്ച ഭൂമി കോളനി
9. കുഴിവിളകോളനി
10.പുതൂർ
11.ചെമ്പിട്ടവിള
12.പരമേശ്വരം
13.ഇടവൻപറമ്പ്
14.കോട്ടുകുന്നം മുളമൂട്
15.കോട്ടുകുന്നം ജംഗ്ഷൻ
16.കോട്ടുകുന്നം മേലെമുക്ക്
17.വട്ടവിളകോളനി
18.കരിഞ്ചാത്തി
19.കാന്തലം കോണം
20.കണ്ണംങ്കോട്
21.വെള്ളുത്തപാറ ..2
22.ഉല്ലാസ് നഗർ
23.വാഴ്വേലിക്കോണം
24.PHC ജംഗ്ഷൻ
25.കീഴായിക്കോണം അംഗൻവാടി
26.പറങ്കിമാംവിള
27.ഗണപതിയാം കാട്..2

കുഴൽക്കിണറുകൾ

1. വയ്യേറ്റ് ലക്ഷംവീട്
2. മുക്കുന്നൂർ
3. മുളമൂട്
4. ആലന്തറ UPS
5. വടക്കേവിള
6. മുരുർക്കോണം
7. ഇടവൻപറമ്പ്
8. കോട്ടുകുന്നം
9. അമ്പലം മുക്ക്
10.ചെമ്പിട്ടവിള
11.തൃവേണി മുക്ക്
12.കരിഞ്ചാത്തി
13.കീഴായിക്കോണം
14.പൂവണത്തുംമൂട്
15.പഞ്ഞൂര്
16.പുളിമൂട്
17.കണ്ണങ്കോട്
18.വണ്ടിപ്പുരമുക്ക്

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



ആമുഖം

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ട് പിന്നിടാൻ വെമ്പൽ കൊള്ളുന്ന ഇന്ത്യാ മഹാരാജ്യത്ത് രാഷ്ട്ര പിതാവ് മഹാത്മജി ദൈവപുത്രൻമാർ എന്ന് വാത്സല്യം ചൊരിഞ്ഞ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷവും സാമൂഹ്യ മുഖ്യധാരയിൽ നിന്നും വളരെ അകലെയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും ഒട്ടേറെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിയിട്ടുണ്ടെങ്കിലും, പരിമിതമായ പ്രയോജനം മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സാമൂഹിക പിന്നോക്കാവസ്ഥയാണ് ഇതിനു കാരണം. ഇടത്തട്ടുകാരുടെ സഹായമില്ലാതെ യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

1991ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗക്കാർ കുറവും പട്ടികജാതിക്കാർ കൂടുതലും ഉള്ള പ്രദേശമാണ് നെല്ലനാട്. കുറവ സമുദായ അംഗങ്ങളാണ് കൂടുതൽ പേർ. പുലയ, സാംബവ, തണ്ടാൻ, മണ്ണാൻ, പാണർ, തുടങ്ങിയ ഇതര SC വിഭാഗത്തിൽ വേടർ സമുദായാംഗങ്ങളുടെ 34 കുടുംബം കുടുംബങ്ങളും കഴിയുന്നുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. ആ രംഗത്ത് പണിയെടുക്കുന്നതോടൊപ്പം തന്നെ സാംബവ സമുദായത്തിൽപ്പെട്ടവർ തങ്ങളുടെ പരമ്പരാഗത തൊഴിലായ പായ്, കുട്ട, വട്ടി എന്നിവയുടെ നിർമ്മാണത്തിലൂടെയും വരുമാനം കണ്ടെത്തുന്നു. പാണർ സമുദായത്തിൽപ്പെട്ടവർ ഉണർത്ത് പാട്ട്, കൈതയ്യൽ, കുടകെട്ട് തുടങ്ങിയ തൊഴിലിലും ഏർപ്പെടുന്നുണ്ട്. കെട്ടിട നിർമ്മാണം, മരാമത്ത് പണികൾ, തുടങ്ങിയ പുതിയ തൊഴിൽമേഖലയിലേക്ക് ഇവർ കടന്നു വരുന്നുണ്ട്.ഇത് സാമ്പത്തിക ദ്രുതയ്ക്ക് ചെറിയതോതിൽ സഹായകരമായ അവസ്ഥയുണ്ടാക്കിയിട്ടുണ്ട്. സാമൂഹിക പിന്നോക്കാവസ്ഥയിൽ നിന്നും ഉയർന്നുവരുന്നതിൽ പട്ടിക ജാതി വർഗ്ഗവിഭാഗത്തിൽപ്പെട്ടവരെ കർഷകതൊഴിലാളി ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായാംഗങ്ങൾക്ക് പന്തിഭോ ജനം നിഷിദ്ധമായിരുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുവന്നത്. 1950..കളിൽ പട്ടികജാതിക്കാരുടെ സ്പർശം ശുചിയാക്കാത്തതിന്റെയും, ക്ഷൗരം ചെയ്യിക്കാ ത്തതിന്റെയും പേരിൽ പഞ്ചായത്തിൽ സംഘടിത മായ ചെറുത്തുനിൽപ്പ് ഉണ്ടായി. കല്യാണാദി ആ ഘോഷങ്ങൾക്കും ചടങ്ങുകൾക്കും പിന്നോക്കക്കാർ ക്ക് കുഴി കുത്തി അതിൽ ഇലയിട്ടാണ് കഞ്ഞികൊ ടുത്തിരുന്നത്. ഇവർക്ക് ചായക്കടകളിലും പ്രവേ ശനം ഇല്ലായിരുന്നു. ചായകൊടുത്തിരുന്നത് ചിരട്ട കളിൽ ആയിരുന്നു. ഇത്തരം ഉച്ചനീചത്വങ്ങൾക്കെ തിരെ വെഞ്ഞാറമൂട് വലിയക്കട്ടയ്ക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടായ പ്രക്ഷോഭങ്ങൾക്ക് മുൻനി രയിൽ നിന്ന ചിറയിൻകീഴ് കൃഷ്ണൻ, കവടിയാർ സുകുമാരൻ, നെടിയവിള നാണു, നെടിയവിളയിൽ ഗോപാലൻ, ഭക്തൻ ഗോപാലൻ എന്നിവരെ സ്മ രിക്കേണ്ടതുണ്ട്. ചിറയിൻകീഴ് കൃഷ്ണനും കവടിയാർ സുകുമാരനും അയിത്തോച്ചാടന സമരത്തിന്റെ ജി ല്ലാതല നേതാക്കൾ ആയിരുന്നു. വർത്തമാനകാല ത്തിലും അയിത്തത്തിന്റെ ദുഷ്ടകരങ്ങൾ നിലനിൽ ക്കുന്നു എന്ന് ഗൗരവമായി കാണണം. ജാതിപ്പേരു വിളിച്ചാക്ഷേപിക്കുന്ന പ്രവണതയും നിലനിൽക്കുന്നു ണ്ട്.

ഞാറുനടീൽ, വിളവെടുപ്പ്, ഉത്സവം തുടങ്ങിയ വേളകളിൽ ഈ വിഭാഗക്കാർ ആഘോഷങ്ങൾ നട ത്തിവരാറുണ്ട്. കാക്കാരുകളി, കോൽകളി, കതിരു കളി, തേരുവിളക്ക്, കുതിരകളി, ചെണ്ടമേളം എന്നി വയിൽ പ്രാഗത്ഭ്യം നേടിയ കലാകാരന്മാർ ഇത്തരം വേളകളെ ധന്യമാക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗക്കാരുടെ ജന സംഖ്യ പട്ടികയിൽ നോക്കുക.

വർഷം	വിഭാഗം	പുരുഷന്മാർ	സ്ത്രീകൾ
1991	പട്ടികജാതി	1521	1715
	പട്ടികവർഗ്ഗം	5	4

(അവലംബം സെൻസസ് റിപ്പോർട്ട്)

JRY ആക്ഷൻ പ്ലാൻ 1996 97

(സാമ്പത്തിക സഹായം രൂപ അടിസ്ഥാനത്തിൽ)

ജനറൽ	34,000.00
SC/ST	23,100.00
ആകെ	57,100.00

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ

ഇനം	ആകെ	പട്ടിക ജാതി
പഞ്ചായത്തിലെ കുടുംബാംഗങ്ങളുടെഎണ്ണം	4657	809
ദാരദ്യരേഖയ്ക്ക് താഴെ ഉള്ളവരുടെഎണ്ണം	2325	510
നാളിതുവരെ സമ്പത്തിക സഹായംലഭിച്ച കുടുംബം	173	90

(അവലംബം IRDP സർവ്വേ)

ഒന്നുമുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠി ക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ അവലോകനം ചെയ്യുന്നതിൽ നിന്നും കൊഴിഞ്ഞുപോക്ക് തുലോം കുറവാണ് എന്ന് മനസ്സിലാവുന്നത്. എന്നാൽ പഠി ക്കുന്ന ക്ലാസിൽ തോൽവി അറിയുന്നവരുടെ എണ്ണം ഉയർന്ന സ്റ്റാന്റേർഡുകളിൽ എത്തുമ്പോൾ വർദ്ധി ക്കുന്നത് പരിശോധന വിധേയമാക്കണം. തങ്ങളു ടെ കുട്ടികളെ വിദ്യാസമ്പന്നരാക്കുവാൻ ആത്മാർ ത്ഥമായ ശ്രമം രക്ഷിതാക്കൾ കാട്ടുന്നുണ്ട്. ശാലിനി ഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒന്നാം ക്ലാസിൽ പഠിക്കുന്ന ഏക പട്ടികജാതി വിദ്യാർത്ഥിയാണ് പഞ്ചാ യത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഏക പട്ടി കജാതി വർഗ വിദ്യാർത്ഥി.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള

ഒരു പ്രീ മെട്രിക് ഹോസ്റ്റൽ വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വെഞ്ഞാറമൂട്ടിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വെഞ്ഞാറമൂട് ഹൈസ്കൂളിൽ പഠിക്കുന്ന 5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിലെ 30 വിദ്യാർത്ഥികൾക്കാണ് ഇവിടെ പ്രവേശനം ലഭിക്കുക. പത്രപരസ്യത്തിലൂടെയാണ് ഇവരുടെ തിരെഞ്ഞെടുപ്പ്. ഒരു വിദ്യാർത്ഥിക്ക് ശരാശരി 10 രൂപാ നിരക്കിൽ ആഹാരത്തിന് ലഭിക്കുന്നു. 300 രൂപ കൊണ്ട് 30 വിദ്യാർത്ഥികളുടെ ആഹാരം ഒരു ദിവസം തയ്യാറാക്കുക പ്രയാസകരമാണ്. ഒരു കട്ടിൽ, സ്റ്റൂൾ, മേശ, മെത്ത, തലയിണ, കൊതുകുവല, പുതപ്പ് തുടങ്ങിയവയ്ക്കായി പണം നീക്കിവച്ചിട്ടുണ്ടെങ്കിലും ഇവിടെ അടിസ്ഥാനസൗകര്യങ്ങൾ കുറവാണ്. കുടിവെള്ളം വേനൽക്കാലത്ത് പ്രശ്നമാണ്. സ്പെഷ്യൽ ട്യൂഷന് പ്രത്യേകം അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് 35 രൂപ പോക്കറ്റ് മണിയും ലഭ്യമാണ്. രക്ഷിതാക്കൾ യഥാസമയങ്ങളിൽ സ്കൂളിലും ഹോസ്റ്റലിലും സന്ദർശിക്കുന്നുണ്ട്. ഹോസ്റ്റൽ അന്തേവാസികൾ പലരും സാമ്പത്തികപരാധീനതകളുള്ള പശ്ചാത്തലത്തിൽ നിന്നും വരുന്നവരാണ്. സ്നേഹമസൃണമായ സമീപനവും ശിക്ഷണവും ലഭിച്ചാൽ ഇവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ കഴിയും. എന്നാൽ ഗുണഭോക്താക്കൾക്ക് ഇത്തരം ഹോസ്റ്റലിന്റെ പ്രയോജനം അറിയില്ലാ എന്ന പോരായ്മ ചൂണ്ടിക്കാട്ടുന്നു. അനുവദിക്കുന്ന തുക ലാപ്സാകാതെ നോക്കാൻ ബ്ലോക്ക് സമിതിയും ഡിപ്പാർട്ടുമെന്റും ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസമേഖല : sc/st വിദ്യാർഥികളുടെ വിവരം

സ്റ്റാൻ-ഡേർഡ്	പഠിച്ചുകൊണ്ടിരിക്കുന്നവർ		തോറ്റുപഠിക്കുന്നവർ		പഠനം നിർത്തിയവർ	
	ആൺകുട്ടി	പെൺകുട്ടി	ആൺകുട്ടി	പെൺകുട്ടി	ആൺകുട്ടി	പെൺകുട്ടി
1	22	16	-	-	1	-
2	35	26	2	2	1	-
3	28	22	5	4	3	-
4	37	36	7	4	-	-
5	36	37	8	6	1	2
6	41	27	5	4	1	-
7	30	31	7	6	1	1
8	57	48	10	9	1	-
9	34	50	15	13	2	2
10	20	24	24	21	-	-
ആകെ	340	317	83	69	11	5

പ്രീ-മെട്രിക് ഹോസ്റ്റൽ, വെഞ്ഞാറമൂട്

ഹോസ്റ്റൽ വിദ്യാർത്ഥികളും പഠിക്കുന്ന ക്ലാസ്സും

ക്ലാസ്	കുട്ടികൾ
5	3
6	11
7	5

ക്ലാസ്	കുട്ടികൾ
8	6
9	4
10	-

ആകെ 29 വിദ്യാർത്ഥികൾ

<u>ന്യൂ പീപ്പിൾസ് ഡ്രൈവിംഗ് സ്കൂൾ</u>

പട്ടികജാതി വികസന ഡിപ്പാർട്ട്മെന്റിന്റെ തന്നെ സഹായത്തോടെ മോട്ടോർ ഡ്രൈവിംഗ് പരിശിലിപ്പിക്കുന്ന കേന്ദ്രം വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നു മാസം ദൈർഘ്യമുള്ള കോഴ്സിൽ 6 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുക. അങ്ങനെ വർഷത്തിൽ 24 വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടും. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഇത്തരം മൂന്നു മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളിൽ ഒന്നാണ് വെഞ്ഞാറമൂട്ടിലെ ന്യൂ പിപ്പിൾസ് ഡ്രൈവിംഗ് സ്കൂൾ. ഉദ്ദേശ്യം 200 ഓളം വിദ്യാർത്ഥികൾ ഇവിടുത്തെ പരിശീലനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലംപ്സംഗ്രാന്റ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് 500 രൂപ സ്റ്റൈഫന്റും, ഇൻസ്റ്റിറ്റ്യൂട്ടിന് 700 രൂപയും പട്ടികജാതി വികസനവകുപ്പു നൽകും. ഇവിടെ പഠിക്കാൻ വരുന്നവർ നെല്ലനാട് പഞ്ചായത്ത് പ്രദേശത്തുള്ളവർ മാത്രമല്ല.പ്രശ്നങ്ങൾ

1.ലക്ഷം വീട് കോളനികളിൽ ഒരു നിശ്ചിത പ്രദേശം ശവ സംസ്കാരത്തിനും മറ്റുമായി നീക്കിവച്ചിട്ടുണ്ട്. അഞ്ചു സെന്റിന് താഴെ ഭൂമിയുള്ള പട്ടികജാതി കോളനിവാസികൾക്ക് ഇത്തരം ചടങ്ങുകൾക്ക് സ്ഥലപരിമിതി ഒരു പ്രധാന പ്രശ്നമാണ്.

2. ബഹുഭൂരിപക്ഷം കോളനികളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

3. വൈദ്യുതി എത്തിനോക്കാത്ത കോളനികളും തെരുവ് വിളക്കുകൾ കാണാത്ത പ്രദേശവും പഞ്ചായത്തിലുണ്ട്. വയറിംഗ് പൂർത്തിയായ ഭവനങ്ങൾക്ക് വൈദ്യുതി നൽകിയിട്ടില്ല.

4. പരമ്പരാഗത തൊഴിൽ (പായ് , കുട്ട , വട്ടിനിർമ്മാണം) ചെയ്യുന്നവർക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഉണ്ട്.

5. ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. അവർക്ക് ഭൂമിയോ വീടോ ലഭ്യമായിട്ടില്ല.

6. സ്ഥലം ലഭ്യമായവർക്ക് പട്ടയമോ ഭൂമിയുടെ ഉടമ സ്ഥാവകാശത്തിന് യാതൊരു രേഖകളോ നൽകിയിട്ടില്ല.

7. വിവിധ സഹായപദ്ധതികളെയും ആനുകൂല്യങ്ങളെയും പറ്റി യഥാ സമയം വിവരങ്ങൾ ലഭിക്കാത്തതു മൂലം അർഹമായതു നഷ്ടപ്പെടുന്നുണ്ട്.

8. ഏറെ വർഷത്തെ പഴക്കമുള്ളതും 20 ലേറെ കുടുംബങ്ങൾ താമസിക്കുന്നതുമായ കോളനികളിൽ കാവറ കോളനിയെ മാത്രമേ IHDP കോളനിയായി

അംഗീകരിച്ചിട്ടുള്ളൂ.

9. പട്ടികജാതിക്കാർ കൂട്ടായി താമസിക്കുന്ന പല സ്ഥലങ്ങളെയും കോളനിയായി അംഗീകരിച്ചിട്ടില്ല.

10. കോളനികൾക്ക് സമീപമുള്ള ചിറകൾ, മറ്റ് ജലാശയങ്ങൾ എന്നിവ മലിനമാണ് (ഉദാഹരണം വട്ടവിള).

11. കാലപ്പഴക്കം വന്ന് നിലം പൊത്താറായ കെട്ടിടങ്ങൾ യാതൊന്നും തന്നെ പുതുക്കി പണിഞ്ഞിട്ടില്ല.

12. കോളനികളെയും സമീപത്തെ പ്രധാന കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന നടപ്പാതകളോ റോഡുകളോ ഇല്ലാത്തതു വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ഉദാഹരണങ്ങൾ

i. പഞ്ഞിയൂർ കോളനിയ്ക്ക് സമീപമുള്ള തോടിൽ പാലം നിർമ്മിച്ച് റോഡുമായി ബന്ധിപ്പിക്കണം.

ii. പൂവണത്തുംമൂട്..ആഴിയോട്ടുകോണം കോളനി റോഡു പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കണം.

iii. ഭഗവതികോണം.ബ്ലോക്ക് ഓഫീസ് റോഡുകൾ വീതികൂട്ടി വാഹനഗതയോഗ്യമാക്കണം. ഭഗവതികോണം – വില്ലേജ് ഓഫീസ്.

13. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച നിരവധി പേർ തൊഴിൽ രഹിതരാണ്.

14. സാംസ്കാരിക മേഖലകളിൽ ഗുണപരമായ മാറ്റത്തിന് സഹായം നൽകുന്ന വാർത്താമാധ്യമ സംരംഭങ്ങളുടെ അഭാവം.

15. SC/ST വിഭാഗങ്ങളിൽ നിന്നും ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരെ കണ്ടെത്തുന്ന രീതിയിലെ അപാകത.

ഉദാ; 5 സെന്റ് ഭൂമിയുള്ള ആളിന് എല്ലാവർഷവും തെങ്ങിൻ തൈസൗജന്യമായി നൽകിയാൽ നടുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടന്നു മാത്രമല്ല, ഇടനിലക്കാർ കുറഞ്ഞ വില നൽകി ഇവ കൈക്കലാക്കുകയും ചെയ്യും.

16. കീഴായ്ക്കോണം, എറിപാറ, കാന്തലംകോണം, കാവറ,ആലന്തറ,കോട്ടുകുന്നം പ്രദേശങ്ങളിൽ വേടർ സമുദായാംഗങ്ങൾ തിങ്ങി പാർക്കുന്നു. ഇവരിപ്പോഴും പഴയ ആചാരാനുഷ്ഠാനങ്ങൾ മുറുകെ പിടിച്ചാണ്ജീവിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് ഇതര ഹരിജൻ വിഭാഗങ്ങളെ അപേക്ഷിച്ച് ഇവർ പിന്നിലാണ്. സ്വന്തമായി ഭൂമിയോ പട്ടയമോ ഇല്ലാത്തതിനാൽ പല ആനുകൂല്യങ്ങളും ഇവർക്ക് ഇന്നും അന്യമാണ്. വീട്, കക്കൂസ്, വൈദ്യുതി തുടങ്ങിയ എല്ലാ പ്രാഥമിക സൗകര്യങ്ങളും നൽകി പ്രത്യേക പ്രാധാന്യത്തോടെ ഈ സമുദായത്തെ ഉയർത്തിക്കൊണ്ട് വരേണ്ടിയിരിക്കുന്നു.

17. നിർമ്മാണ സാമഗ്രികളുടെയും മറ്റും ക്രമാതീതമായ വിലയും സർക്കാർ അനുവദിക്കുന്ന ഗ്രാന്റുംവായ്പയും തമ്മിൽ യാതൊരു പൊരുത്തവും ഇല്ല.

18. പട്ടികജാതി കോളനിയായി പ്രഖ്യാപിക്കാൻ നിശ്ചയിച്ചിട്ടുള്ള വീടുകളുടെ ക്ലിപ്തപ്പെടുത്തിയ എണ്ണം അശാസ്ത്രീയമാണ്.

19. പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ ഏജൻസികൾവഴി നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി ക്രോഡീകരിച്ച വിവിരം (DATAS) ലഭിക്കാൻ ബുദ്ധമുട്ടാണ്.

20. സാധന സാമഗ്രികളായോ പണമായോ ലഭിക്കുന്ന ഗ്രാന്റോ വായ്പയോ കുറച്ചുപേരെങ്കിലും ദുരുപയോഗപ്പെടുത്തുന്നുണ്ട്.

21. സംവരണ പ്രകാരം ലഭിക്കുന്ന പല ആനുകൂല്യങ്ങളും പട്ടികജാതിക്കരെ ബിനാമിയായി നിർത്തി സാമ്പത്തിക അടിത്തറ ഉള്ളവരാണ് കൈക്കലാക്കുന്നത്.

22. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ദിവസങ്ങളോളം താലൂക്ക് ഓഫീസിൽ കയറി ഇറങ്ങേണ്ട ഗതികേടാണുള്ളത്. കൂലിവേലക്കാർ പണിയും വരുമാനവും ഉപേക്ഷിച്ച് ആഫീസുകളുടെ പടിവാതിൽക്കൽ നിൽക്കുന്ന അവസ്ഥ മാറണം.

23. ശാസ്ത്ര സാങ്കേതിക രംഗത്തും ജീവിത നിലവാരത്തിലും ലോകം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഹരിജന വിഭാഗങ്ങൾ ഈ വേളയിലും കോളനികളിൽത്തന്നെ തളക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുമായി ഇടപഴകാൻ കഴിയുംവിധം ഭൂരഹിത പട്ടികജാതി വർഗ്ഗ വിഭാഗക്കാർക്ക് വ്യത്യസ്ത സ്ഥലങ്ങളിൽ വസ്തുവകകൾ കണ്ടെത്താൻ തീവ്രമായ ശ്രമം 9 ാം പദ്ധതിയിൽ ആരംഭിക്കേണ്ടിഇരിക്കുന്നു.

24. കക്കൂസില്ലാത്ത പട്ടികജാതിവർഗ്ഗ കുടുംബങ്ങൾ ധാരാളം ഉണ്ട്.

സാദ്ധ്യതകൾ ഒരെത്തിനോട്ടം

1. പഞ്ചായത്ത് വകയായി പൊതുസ്മശാനം നിർമ്മിക്കണം.

2. കരിഞ്ചാത്തി വാട്ടർസപ്ലൈ സ്കീമിന് പ്രാധാന്യം നൽകി പണിപൂർത്തിയാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

3. കോളനികളിൽ വയറിംഗ് പൂർത്തിയാക്കിയ മുഴുവൻ വീടുകൾക്കും പ്രയോറിറ്റിനൽകി കണക്ഷൻ നൽകണം. പഞ്ചായത്തിൽ പണമടച്ച തെരുവു വിളക്കുൾക്ക് കണക്ഷൻ വേഗം ലഭ്യമാക്കണം.

4. ബാംബൂ കോർപ്പറേഷന്റെ ഈറ്റസംഭരണ വിതരണ ഡിപ്പോവെഞ്ഞാറമൂട്ടിൽ തുറക്കുക.

5. ഒരു വീട്ടിൽത്തന്നെ ഒന്നിലധികം കുടുംബങ്ങൾ കഴിയുന്നുണ്ട്. സർവ്വേ നടത്തി ഇവരിൽ അർഹതപ്പെട്ടവർക്ക് ഭൂമിയും പട്ടയവും മുൻഗണനാ ക്രമത്തിൽ നൽകണം. കൂടാതെ കൈവശാവകാശ രേഖ ലഭിക്കാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് പരിഹാരം കാണണം.

6. IHDP കോളനി ആയി അംഗീകരിച്ച കാവറയിൽ പരിമിതികൾ ഏറെയുണ്ട്. (റിപ്പോർട്ട് ശ്രദ്ധിക്കുക) താഴെപ്പറയുന്ന കോളനികളെക്കൂടി IHDP ആയി പ്രഖ്യാപിക്കണം.

കോളനിയുടെ പേര്	വാർഡ്
വെട്ടുവിള	I
പരമേശ്വരം	IV
പഞ്ഞിയൂർ	VII
മുരുർകോണം കുഴിവിള കോളനി	III

കോളനിയുടെ പേര്	വാർഡ്
കാന്തലംകോണം+ തോട്ടുംപുറം	VII
ചേരിയിൽ	VI
ഭഗവതിക്കോണം	IX

7. പട്ടികജാതിക്കാർ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളെ കോളനി ആയി അംഗീകരിക്കണം. നഗരവൽകരണത്തിന്റെ ഫലമായി പട്ടികജാതി – വർഗ്ഗക്കാർ ഇന്മിമാരുടെ കീഴിൽ പണിയെടുത്ത് കൂട്ടമായി താമസിക്കുന്ന പ്രവണതയ്ക്ക് വ്യതിയാനം വന്നിട്ടുണ്ട്. പലരും പുതിയ തൊഴിൽ മേഖലയുടെ സമീപ

പ്രദേശങ്ങളിലേക്ക് താമസ മാറ്റുകയും തൽഫലമായി കൂട്ടായി താമസിക്കുന്ന ആകെ എണ്ണത്തിൽ കുറവുവരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ കോളനി ആയി പ്രഖ്യാപിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന കുടുംബങ്ങളുടെ ക്ലിപ്തപ്പെടുത്തിയ എണ്ണം പുന;പരിശോധിക്കണം.

8. വാടകയ്ക്ക് പ്രവർത്തിക്കുന്ന പ്രീ മെട്രിക്ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് നടപടിയെടുക്കണം. ഭഗവതികോണത്ത് 25 സെന്റ് ഭൂമിനൽകാൻ പഞ്ചായത്ത് സന്നദ്ധമാണ്.

9. ഓരോ ക്ലാസിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഓരോ ഹരിജൻ ആൺകുട്ടിക്കും പെൺകുട്ടിക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നത് നല്ലതായിരിക്കും.

10. ജലാശയങ്ങൾ, ചിറ, കുളങ്ങൾ എന്നിവ കാലാകാലങ്ങളിൽ വൃത്തിയാക്കി സംരക്ഷിക്കണം. കക്കൂസുകളുടെ കുഴലുകളിൽ സൗജന്യമായി നെറ്റ് സ്ഥാപിക്കണം.

11. ആനുകൂല്യങ്ങൾ നൽകിയാൽ അവയുടെ തുടർ പരിശോധന കർക്കശമാക്കുകയും ദുരുപയോഗപ്പെടുത്തുന്നവരുടെ പേരിൽ ശിക്ഷണ നടപടി കൈകൊള്ളുകയും വേണം.

12. ഹരിജൻ ഗിരിജൻ ആളുകളുടെ പേരിൽ സ്ഥാപനങ്ങൾ കൈയടക്കിയ ഇതര വിഭാഗത്തിൽപെട്ടവരെ സംബന്ധിച്ച് സമഗ്രമായി അന്വേഷിച്ച് അർഹതയുള്ളവർക്ക് അവ നൽകാൻ സംസ്ഥാന തലത്തിൽ നീക്കമുണ്ടാകണം.

13. SC/ST വിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ഏജൻസികളുടെ സഹായങ്ങളെയും അതിന്റെ ഗുണഭോക്താക്കളെയും സംബന്ധിച്ച് താലൂക്കടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിവര ശേഖരണത്തിന് സംവിധാനമൊരുക്കണം.

14. താലൂക്ക് ആഫീസുകളിൽ ജാതി സർറ്റിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം. ആയതിനായി താലൂക്കിലെ മുഴുവൻ SC/ST കുടുംബങ്ങളുടെ രജിസ്റ്ററും ജാതിയും വേർതിരിച്ച് സൂക്ഷിക്കാനും അപേക്ഷ നൽകാനും കഴിയണം. സർക്കാർ അർദ്ധ സർക്കാർ സർവ്വീസിൽ ജോലിയുള്ളവർ സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ താമസമാക്കാൻ വിധിക്കപ്പെട്ടാൽ അത്തരക്കാരുടെ ജാതി വിഭാഗം ടി താലൂക്കിൽ ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് കൊടുക്കാൻ തടസ്സമുന്നയിക്കുന്നതിന് മാറ്റമുണ്ടാവണം.ഗസറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ജാതി മത അംഗങ്ങൾക്ക് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റും SSLC ബുക്കും ആധികാരിക രേഖയാക്കി ജാതി സർട്ടിഫിക്കറ്റ് നൽകാനുള്ള സംവിധാനം താലൂക്ക് ആഫീസുകളിൽ ഉണ്ടാവണം. അതല്ലായെങ്കിൽ ജാതി സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾ വഴി നൽകണം.

15. ടി. വി. പത്ര മാധ്യമങ്ങൾ ഇവ അടങ്ങുന്ന സാംസ്കാരിക കേന്ദ്രങ്ങൾ കോളനികളിൽ ആരംഭിക്കാൻ പണം നീക്കി വയ്ക്കണം.

16. സാങ്കേതിക പരിജ്ഞാനമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ ദായക സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാൻ പഞ്ചായത്തുതല ഉപദേശക സമിതി രൂപീകരിക്കണം.

17. പഞ്ചായത്ത് പ്രദേശത്തെ 9 സഹകരണ സ്ഥാപനങ്ങളിൽ (സർവ്വീസ് ബാങ്ക്, റബ്ബർ, ക്ഷീരം) ഉദ്ദേശ്യം 50 ജീവനക്കാർ പണിയെടുക്കുന്നതിൽ പട്ടിക ജാതി വർഗ്ഗത്തിൽപ്പെട്ട രണ്ടു പേർക്കേ ജോലി ലഭിച്ചിട്ടുള്ളു. പട്ടികജാതി – വർഗ്ഗ വിഭാഗങ്ങൾക്ക് ന്യായമായ സംവരണം ഈ സ്ഥാപനങ്ങളിൽ ഉറപ്പാക്കണം.

18. ഒരു വീടിന് ഒരു കക്കൂസ് എന്ന പരിപാടി പ്രഖ്യാപിച്ച് കോളനികളിലെ മുഴുവൻ വീടകൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുക.

19.നിർമ്മാണ ചെലവ് കണക്കിലെടുത്ത് ആവശ്യമായ തുക വായ്പ്പയായി ലഭ്യമാക്കുക.

20. സങ്കേതിക പരിജ്ഞാനം ഉള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരെ കണ്ടെത്തി തൊഴിൽ സംരംഭങ്ങളിലേർപ്പെടാൻ സാമ്പത്തികസഹായം അനുവദിക്കുക.

21. പഞ്ഞൂർ കോളനിയ്ക്ക് സമീപം തോട്ടിൻ പാലം നിർമ്മിച്ച് റോഡുമായി ബന്ധിപ്പിക്കുക.

22. പൂവണത്തുമൂട് അഴിക്കോട്ടുകോണം കോളനി റോഡ് പൂർത്തികരിക്കുക.

23. ഭഗവതികോണം ബ്ലോക്ക് ഓഫീസ്, ഭഗവതികോണം വില്ലേജ് ഓഫീസ് എന്നീ റോഡുകൾ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

24. ഓരോ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവരിൽ വീടില്ലാത്താവർക്ക് വീട് വയ്ക്കുവാൻ സ്ഥലവും പണവും നൽകുക.

കോളനികൾ: ഏകദേശ വിവരണം

ഗ്രാമസഭായോഗത്തിൽ നിന്നും ശേഖരിച്ചത്

വാർഡ്	കോളനിയുടെ പേര്	അംഗീകൃതം	ആകെ കുടുംബങ്ങൾ	വീട്			കക്കൂസ്			വൈദ്യുതി			അവലോകനം
				ആകെ വീടുകൾ	സർക്കാർ നിർമ്മിതം	അല്ലാത്തത്/ കുടിലുകൾ	ഉള്ളത്	ഇല്ലാത്തത്	ഉപയോഗശൂന്യം	ഉള്ളത്	ഇല്ലാത്തത്	വയറിംഗ് ചെയ്തത്	
I മാണിക്കമംഗലം	വയ്യേറ്റ് ലക്ഷം വീട്	✓	30	25	17	8	20	-	15	25	-	-	വയ്യേറ്റ് ലക്ഷം വീട് കോളനിയിലെ കെട്ടിടങ്ങൾ പഴക്കംചെന്ന് അപകടാവസ്ഥയിലും കക്കൂസ് പൂർണ്ണമായി ഉപയോഗശൂന്യമാണ്. വെട്ടുവിളയിൽ 11 വർഷമായി വയറിംഗ് നടത്തി വൈദ്യുതിക്കായി കാത്തിരിക്കുന്നു. മുക്കുന്നൂർകോളനികളിലും കുടിവെള്ളം മുഖ്യ പ്രശ്നമാണ്. മാരൃത്തെ കുഴൽകിണർ പ്രവർത്തനരഹിതമാണ്. രണ്ട് അംഗൻവാടികളിൽ ഒന്നിന് കെട്ടിടം പണിയണം.
	വെട്ടുവിള	✓	33	29	14	15	8	21	-	3	15	11	
	മരിയം	✓	15	15	10	5	-	15	-	8	7	-	
II കാവറ	നീർച്ചാലിൽ	✓											പഞ്ചായത്തിലെ ഒരേ ഒരു IHDP കോളനിയാണ് കാവറ. വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം പ്രശ്നമായി അവശേഷിക്കുന്നു. കോടറക്കോണത്ത് അംഗൻവാടി ആവശ്യമാണ്. മഠത്തിൽ വിളാകത്തെ നീരുറവ കുടിവെള്ളത്തിന് ഉപയോഗപ്രദമാക്കണം. പട്ടയം കിട്ടാത്തവർക്ക് അത് നൽകണം.
	കാവറ IHDP മുണ്ടുക്കോണം കോട്ടറക്കോണം	✓	75	60	10	50	15	45	-	18	42	-	
III വലിയകട്ടയ്ക്കാൽ	ചെമ്പിട്ടവിള	✓	18	16	9	7	14	2	-	6	3	7	മിക്ക വീടുകളിലും ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. പ്രാഥമിക ആവശത്തിന് മതിയായ സൗകര്യമില്ല. കുഴിവിളയിൽ വൈദ്യുതി എത്തിയിട്ടേയില്ല. മുക്കുകോളനികളിലും കുടിവെള്ളം ലഭ്യമല്ല.പഞ്ചായത്ത് കിണറുകളുടെ ആഴം കൂട്ടണം. പറങ്കിയാൻ വള കോളനിയിലെ വഴിവീതികൂട്ടി യാത്രാസൗകര്യമൊരുക്കണം. ഇലക്ട്രിക്ക്പോസ്റ്റിൽ വഴിവിളക്ക് വേണം.
	കുഴിവിള	✓	31	31	5	26	23	-	8	-	7	24	
	പറങ്കിമാംവിള	✓	16	10	-	10	4	-	-	8	2	2	
IV പരമേശ്വരം	പരമേശ്വരം ലക്ഷംവീട്	✓	22	21	15	6	10	4	7	10	11	11	ലക്ഷംവീട് കോളനിയിലെ വീടുകളും കക്കൂസുകളും തകർന്ന് ഉപയോഗശൂന്യമാണ്. ഇടവം പറമ്പിൽ വീടുകൾ വൈദ്യുതി തുടങ്ങിയവയ്ക്ക് പരിഗണന നൽകണം. പരമേശ്വരം കോളനിയിൽ ആകെ മൂന്നു വീടുകൾക്കാണ് സർക്കാർ സഹായം ലഭിച്ചത്. പരമേശ്വരൻ കോളനിയിൽ ആകെ മൂന്നുവീടുകൾക്കാണ് സർക്കാർ സഹായം ലഭിച്ചത്. പരമേശ്വരം പഞ്ചായത്ത് കിണർ തന്റെ ആഴം കൂട്ടണം
	ഇടവംപറമ്പ്ലക്ഷംവീട്	✓	45	42	10	32	10	32	-	-	32	10	
	പരമേശ്വരം	X	35	30	3	27	15	15	-	20	10	-	
	ഗണപതിയാം കാട്	✓	20	16	-	16	-	16	-	-	16	-	
V ആലന്തറ	മണ്ഡപകുന്ന്	✓	38	38	2	36	-	38	-	-	38	-	
	നീർച്ചാലിൽ	✓	21	21	3	18	-	21	-	-	21	-	

വാർഡ്	കോളനിയുടെ പേര്	അംഗീകൃതം	ആകെ കുടുംബങ്ങൾ	വീട്			കക്കൂസ്			വൈദ്യുതി			അവലോകനം
				ആകെ വീടുകൾ	സർക്കാർ നിർമ്മിതം	അല്ലാത്തത്/ കുടിലുകൾ	ഉള്ളത്	ഇല്ലാത്തത്	ഉപയോഗ ശൂന്യം	ഉള്ളത്	ഇല്ലാത്തത്	വയറിംഗ് ചെയ്തത്	
V ആലന്തറ	മുരുർക്കോണം	✓	24	22	3	19	4	18	-	-	22	-	കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. മുരുർക്കോണം ഉല്ലാസ്നഗർ കോളനികളിൽ കുടിവെള്ളക്ഷാമമുണ്ട്. തച്ചുരുകുന്നുകോളനിയിലേക്കുള്ള പൊതു വഴി ദുർഘടമാണ്. കക്കൂസുകളുടെ അഭാവം നിലവിലുണ്ട്.
	ഉല്ലാസ് നഗർ	✓	17	17	2	15	4	13	-	-	17	-	
	തച്ചുർകുന്ന്	✓	14	14	-	14	-	14	-	-	14	-	
VI കോട്ടുകുന്നം	ചേരിയിൽ	✓	15	15	7	8	7	8	-	-	15	-	ചേരിയിൽ കോളനിയിൽ സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ പണി സ്തംഭനത്തിലാണ്. കോട്ടുകുന്നം ഏലായിൽനിന്നും കോളനിയിലേയ്ക്കുള്ള വഴി സുഗമമാക്കണം. തികച്ചും പ്രാകൃതാവസ്ഥയിലാണ് ചേരിയിൽ കോളനി, വീട് കക്കൂസ് വൈദ്യുതി ഒന്നും തന്നെ ലഭിച്ചിട്ടില്ല. എല്ലാ കോളനികളിലും കുടിവെള്ളം ആവശ്യത്തിനു മതിയാകുന്നില്ല. പുവണത്തുംമുട് അഴിക്കോട്ടുകോണം റോഡ് ഗതാഗത യോഗ്യമാക്കണം. വട്ടവിള കോളനി ആയി അംഗീകരിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്യണം. വട്ടവിള ചിറ ശുചിയാക്കി സംരക്ഷിക്കണം. ഈറ്റ തൊഴിലിനു വേണ്ട സംവിധാനമൊരുക്കണം. പുവണത്തുംമുട് ഗാന്ധിനഗർ കോട്ടുകുന്നം റോഡ് ടാർ ചെയ്യണം.
	പരപ്പാറമുകൾ	✓	17	12	-	12	-	12	-	-	12	-	
	അഴിക്കോണം	✓	16	16	2	14	2	14	-	1	15	-	
	വട്ടവിള	X	19	15	1	14	-	15	-	-	15	-	
VII നെല്ലനാട്	ഉടയൻപാറ	✓	26	26	13	13	13	13	-	-	13	13	42 പ്ലോട്ടുകളിൽ വാക്കി ഭൂരഹിതർക്ക് ഉടൻ പട്ടയവും സ്ഥലവും നൽകണം. വൈദ്യുതി എത്തിക്കാൻ നടപടി വേണം. കുടിവെള്ളക്ഷാമം പരിഹരിക്കണം.
VIII കീഴായിക്കോണം	പഞ്ചിയൂർ കുന്നത്തുവിള മുളവെട്ടാംപാമ്പ്	✓	79	79	20	59	20	59	-	12	67	67	പഞ്ചായത്തിൽ വികസനം എത്തി നോക്കാത്ത മേഖലയാണിത്. കുടിവെള്ളം എറ്റവും രൂക്ഷമാണ്. കുളം നിർമ്മിക്കാൻ രണ്ട് സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി തന്നിട്ടത്ത് അതിനുള്ള നടപടിയെടുക്കണം. യാത്രാ ഗതാഗതത്തിന് പറ്റിയ വഴികളില്ല. കരിഞ്ചൊത്തി വേങ്കേരി മുളവെട്ടുപാമ്പ് റോഡ് മാമൂട് ചാവരുകാവ് ക്ഷേത്രം റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം. പ്ലാപ്പുട്ടി തോട്ടുംപുറം, കാന്തലംകോണം കടമ്പാക്കോണം വള്ളിക്കാട് കുറ്റിമൂട് വഴികൾ ഗതാഗത യോഗ്യമാക്കണം. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സംവിധാനത്തിന് മുന്തിയ പരിഗണന നൽകണം. വേടർ സമുദായാംഗങ്ങൾക്ക് കൂട്ടായി ഇവിടെ താമസിക്കുന്നുണ്ട്.
	കാന്തലംകോണം തോട്ടുംപുറം	✓	77	77	14	63	10	-	67	12	65	-	
	വെളുത്തപാറ	X	8	8	1	7	-	8	-	-	8	-	
IX മൈലയ്ക്കൽ	ഭഗവതിക്കോണം	✓	45	40	16	24	16	24	-	6	28	6	സംസ്ഥാനത്തെ വളരെ പഴക്കം ചെന്ന കോളനികളിൽ ഒന്നാണ് ഭഗവതിക്കോണം. സർക്കാർ നിർമ്മിച്ചു നൽകിയ മിക്ക വീടുകളും അപകടാവസ്ഥയിലാണ്. 430 ൽ പരം കുടുംബങ്ങൾ താമസിക്കുന്ന ഇവിടെ പ്രാഥമിക സൗകര്യങ്ങൾ വേണ്ട വിധമില്ല. കാരിഞ്ചി, ഭഗവതിക്കോണം കോളനികളിൽ പട്ടയം കിട്ടേണ്ട ആളുകൾ നിരവധിയാണ്. അംഗൻവാടി കെട്ടിടം പുതുക്കി പണിയണം.
	കാരിഞ്ചി	X	15	15	7	8	-	15	-	-	15	-	
X വെഞ്ഞാറമൂട്	കോളനി ഇല്ല	X	17	14	2	12	3	1	-	1	13	-	ഹരിജനങ്ങളുടെ 14 കുടുംബങ്ങൾ താമസം ഈ വാർഡിൽ കോളനി ഇല്ല. ചിലർക്കും സ്വന്തമായി നല്ല വീടുകളോ കക്കൂസോ ഇല്ല. വേനൽക്കാലത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം.

വനിതാക്ഷേമം





1996 - ലെ കണക്കനുസരിച്ച് നെല്ലനാട് ഗ്രാമപഞ്ചായത്തിൽ 54% സ്ത്രീകളാണുള്ളത്. ആകെജനസംഖ്യ 23,560. അതിൽ 12,630 സ്ത്രീകളാണ്. 1000 പുരുഷന് 1166 സ്ത്രീകൾ. സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ഇത്. ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ ഇന്ന് സമൂഹത്തിന്റെ പൊതു ധാരയിൽ എത്തിയിട്ടുണ്ട് എങ്കിലും സാമൂഹികസാംസ്ക്കാരിക രംഗങ്ങളിൽ അവരുടെ സ്ഥാനം വളരെ പിന്നിലാണ്. ദശാബ്ദങ്ങളായി നിലനിന്നിരുന്ന ആചാരങ്ങളും വിശ്വാസങ്ങളും പൊതുവേ നമ്മുടെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരാൻ തടസ്സമായി നിന്നിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. മലബാറിലും മധ്യകേരളത്തിലും ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അലയടികൾ സ്ത്രീമനസ്സുകളെ ഉദ്ബുദ്ധരാക്കിയെങ്കിലും ഇന്ന് തിരുവിതാംകൂറിൽ സാംസ്കാരിക രാഷ്ട്രീയ നവോത്ഥാന രംഗത്ത് ഉണർന്നു വരാൻ അവർക്ക് അവസരങ്ങളോ പശ്ചാത്തലമോ ലഭിച്ചില്ല എന്നതാണ് സത്യം. ആ അവസ്ഥ അടുത്ത കാലം വരെ നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്നു. ഇവിടെ രൂപം കൊണ്ട സന്നദ്ധ പ്രവർത്തനങ്ങളുടെ ഫലമായ ഉടലെടുത്ത മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതാനും വനിതകൾ അടുത്ത കാലത്തായി സാമൂഹിക സാംസ്കാരിയ രാഷ്ട്രീയ രംഗത്ത് കടന്നു വരികയുണ്ടായി. പലപ്പോഴായി ഈ മേഖലകളിൽ പലരും കടന്നു വന്നെങ്കിലും കൂടുതൽ പേരും ഉൾവലിയുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ചുരുക്കം ചിലർ തങ്ങളുടേതായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസപരമായുള്ള മുന്നോക്കം പുരഷൻമാരേക്കാൾ സ്ത്രീകൾക്കാണ് എങ്കിലും. പൊതുപ്രവർത്തനരംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിന് കൂടുതൽ പരിശ്രമങ്ങൾ ആവശ്യമായിരിക്കുന്നു. 1990 ൽ സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്ത്രീകളെ കൂടുതൽ പങ്കാളികളാവാൻ ഇവിടത്തെ സന്നദ്ധ സംഘടനകൾ വളരെയധികം സഹായകരമായിട്ടുണ്ട്. കേരള ശാസ്ത്ര

സാഹിത്യ പരിക്ഷത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ വനിതകൾ മുന്നോട്ടു വരുന്നത് ആശാവഹമാണ്. പഞ്ചായത്തിൽ നിലവിലുള്ള വനിതാസംഘടനകൾ സ്ത്രീകളെ സാമൂഹികമായി ചിന്തിക്കാൻ വളരെയധികം പ്രാപ്തരാക്കിയിട്ടുണ്ട് എന്നതാണ് സത്യം.

ജനാധിപത്യ ഭരണസമ്പ്രദായത്തിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തികൊണ്ട് നിലവിൽ വന്ന ജില്ലാകൗൺസിൽ നിയമവും പിന്നീട് പ്രാബല്യത്തിൽ വന്ന പഞ്ചായത്ത് സംവിധാനവും സ്ത്രീകളെ കൂട്ടത്തോടെ അധികാര സോപാനങ്ങളിലേക്ക് നയിക്കാൻ സഹായകമായി എങ്കിലും, പ്രതീക്ഷിച്ച മാറ്റം ഉണ്ടായിട്ടില്ല എന്നു വേണം കരുതാൻ. വർഷങ്ങളായി അടിച്ചമർത്തപ്പെട്ട് ജാതിമതാചാരങ്ങളുടേയും മറ്റനവധി പരാധീനകളുടേയും ചട്ടക്കൂട്ടിനുളളിൽ ഒതുങ്ങിക്കൂടേണ്ടി വന്ന ഈ വിഭാഗത്തെ സമൂഹത്തിന്റെ നാനാ വിധമായ വികസനത്തിനായി മുഖ്യധാരയിലേക്ക് നയിക്കാനും രാഷ്ട്രീയപരമായ ഇച്ഛാശക്തി വളർത്തിയെടുക്കാനും തയ്യാറാകേണ്ടതുണ്ട്. അത്തരം ശ്രമങ്ങൾക്ക് സമൂഹത്തിലെ മുഴുവൻ പേരും സന്നദ്ധരാകേണ്ടതുമുണ്ട്.

ആരോഗ്യം

ആരോഗ്യ രംഗത്ത് കേരളം ഭാരതീയ ശരാശരിയേക്കാൾ മുന്നിലാണ്. ശിശുമരണ നിരക്കും, മാതൃമരണ നിരക്കും ഭാരതീയ ശരാശരിയേക്കാൾ കുറവാണ് ഇവിടെ. എങ്കിലും രോഗാതുരത കേരളത്തിൽ തുലോം കൂടുതലായി കണക്കാക്കപ്പെടുന്നു. നെല്ലനാട് പഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യനിലയും ഇതേ അവസ്ഥയിൽ തന്നെയാണ്. സ്ത്രീകളെ ബാധിച്ചിരിക്കുന്ന പല രോഗങ്ങളും രേഖപ്പെടുത്തി കാണുന്നില്ല എന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾക്ക് കൂടുതൽ വിധേയരാകുന്നതും പുകയുള്ള അടുപ്പുകളും സ്ത്രീകൾക്ക് ഇടയിലെ അനാരോഗ്യത്തിന്റെ മുഖ്യകാരണങ്ങളാണ്.

സ്ത്രീകൾക്കിടയിൽ നിന്നുള്ള സാക്ഷരതയും വർദ്ധിച്ചുവരുന്ന സാമൂഹ്യബോധവും ആരോഗ്യപരമായി അവരെ ബോധവതികളാക്കാൻ പര്യാപ്തമാണ്. പുരുഷൻമാരേക്കാൾ അധികം കുടുംബഭാരം ചുമക്കേണ്ടിവരുന്നതും കുടുംബനാഥൻമാരുടെ മദ്യപാന ശീലം മൂലമുണ്ടാകുന്ന മാനസികവും ശാരീരികവും ആയ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നതും പഞ്ചായത്തിലെ ഒട്ടുമിക്ക സ്ത്രീകളേയും ആരോഗ്യപരമായി ബാധിക്കുന്നുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുന്നതോടെ ഈ അവസ്ഥക്ക് ഒരു പരിധിവരെ മാറ്റമുണ്ടായേക്കാം. ആരോഗ്യരംഗത്ത് ഇവിടെ ഉണ്ടായിരിക്കുന്ന മുന്നേറ്റത്തിന് കാരണം അംഗൻവാടികളുടേയും വനിതാ സമാജങ്ങളുടേയും സജീവപ്രവർത്തനം തന്നെയാണ്.

വിദ്യാഭ്യാസം

പഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് വിദ്യാഭ്യാസരംഗത്ത് സ്ത്രീപുരുഷ അനുപാതം ഒപ്പത്തിനൊപ്പം ആണ് എന്നുകാണാം. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളും വളരെ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ അടുക്കളപ്പണികളുമായി ഒതുങ്ങിക്കഴിയുകയോ തൊഴിൽ മേഖലയിൽ ചേക്കേറുകയോ ചെയ്യുന്ന പെൺകുട്ടികളാണ് അധികവും. പഞ്ചായത്തിലെ അഞ്ചു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഭൂരിഭാഗവും പെൺകുട്ടികളാണ് ഉള്ളത്.(ചാർട്ട് നോക്കുക).

പഞ്ചായത്തിലെ വനിതാ സംഘടനകളെക്കുറിച്ചുള്ള വിവരം

	സ്ഥാപനം	സ്ഥാപിതം	അംഗങ്ങൾ	കെട്ടിടം	സാമൂഹ്യസേവനപ്രവർത്തനങ്ങൾ
1.	വെഞ്ഞാറമൂട് മഹിളാ സമാജം	1964	140	സ്വന്തം	ആരോഗ്യ ശിശുക്ഷേമരംഗം, കലാസാംസ്ക്കാരിക വനിത ക്ഷേമ പ്രവർത്തനങ്ങൾ
2.	യുവരശ്മി മഹിളാസമാജം ആലന്തറ	1975	326	സ്വന്തം	ആരോഗ്യ, ശിശുക്ഷേമ പ്രവർത്തനം ദേശീസമ്പാദ്യം, വനിതാ ബോധവൽക്കരണം, ദുർബല വിഭാഗങ്ങൾക്ക് സാമ്പത്തികസഹായം, കലാ-സാംസ്കാരിക പ്രവർത്തനം, മറ്റ് ക്ഷേമ-വികസന പ്രവർത്തനങ്ങൾ
3.	ഗ്രാമപോഷിണി മഹിളാസമാജം	1979	148	സ്വന്തം	ആരോഗ്യ-ശിശുക്ഷേമ_ വനിതാ ക്ഷേമപ്രവർത്തനങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ
4.	കലാലയാ വനിതാ രംഗം	1976	75	സ്വന്തം	വനിതാ ക്ഷേമപ്രവർത്തനങ്ങൾ വായനശാലാ പ്രവർത്തനം
5.	നെല്ലനാട് ചൈതന്യ	1978	80	-	വനിതാ ക്ഷേമപ്രവർത്തനങ്ങൾ
6.	കവിത വയ്യേറ്റ്	1979	165	സ്വന്തം	വനിതാ ക്ഷേമപ്രവർത്തനങ്ങൾ വായനശാലാ പ്രവർത്തനങ്ങൾ
7.	നവദർശിനി കോട്ടുകുന്നം	1977	138	-	വനിതാക്ഷേമപ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തനങ്ങൾ

ടൈപ്പ്റൈറ്റിംഗ്			കമ്പ്യൂട്ടർ		
സ്ഥാപനം	ആൺ	പെൺ	സ്ഥാപനം	ആൺ	പെൺ
1. രാജു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	02	46	1. സെന്റർ ഫോർ കമ്പ്യൂട്ടർ സ്റ്റഡീസ്	20	04
2. സിന്ധു ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	06	18	2. L.B.S ലോക്കൽ സെന്റർ	11	15
3. മോഡൽ ഇൻസ്റ്റിറ്റ്യൂട്ട്	15	30			
4. ജയരാജ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	33	59	3. ഹാർഡ് & സോഫ്റ്റ് കമ്പ്യൂട്ടർ സെന്റർ	04	03
5. സാഗാ ഇൻസ്റ്റിറ്റ്യൂട്ട്	10	40			
6. സുഗന്യ ഇൻസ്റ്റിറ്റ്യൂട്ട്	03	25			

സംഘടനകൾ

മറ്റുപ്രദേശങ്ങളിൽ എന്ന പോലെ സാമൂഹിക സന്നദ്ധ രാഷ്ട്രീയ സംഘടനകളിലെ സ്ത്രീപങ്കാളിത്തം ഈ പഞ്ചായത്തിലും വളരെ കുറവാണ്. 32 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച വെഞ്ഞാറമൂട് മഹിളാ സമാജവും 22 വർഷങ്ങൾക്ക് മുമ്പ് ശ്രീ.പ്രേംനസീർ ഉത്ഘാടനം ചെയ്ത യുവരശ്മി മഹിളാ സമാജവും പഞ്ചായത്തിൽ അറിയപ്പെടുന്ന മഹിളാ സംഘടനകളാണ്. ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ കപ്പാർട്ട് തുടങ്ങിയ വിവിധ ഏജൻസികളിൽ നിന്നും സ്വരൂപിച്ച് കുടുംബിനികളുടെ കൈകളിലെത്തിക്കാൻ യുവരശ്മി മഹിളാസമാജത്തിന് കഴിഞ്ഞിട്ടുണ്ട്. വനിതകളുടെ ഇടയിൽ ഐക്യവും സാമൂഹ്യബോധവും വളർത്തുന്നതിന് സഹായിക്കുമാറ് ഈ സംഘടനകളെ കൂടാതെ ആലന്തറ ഗ്രാമപോഷിണി, വയ്യേറ്റ് കവിത, കൊട്ടുക്കുന്നം നവദർശിനി, നെല്ലനാട് ചൈതന്യ, കലാലയ വനിതാ രംഗം തുടങ്ങിയ സംഘടനകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ വേരോട്ടമുള്ള രാഷ്ട്രീയസംഘടനകളിൽ, സ്ത്രീകളുടെ അംഗസംഖ്യ വളരെ കുറവാണ്. സ്ത്രീകളിൽ സാമൂഹ്യബോധം വളർത്തുന്നതിന് ഉതകുന്ന സാമൂഹിക ബോധവൽക്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കൂടുതൽ സജീവമാക്കേണ്ടതുണ്ട്.

വനിതാസംരംഭങ്ങൾ

നെല്ലനാട് പഞ്ചായത്തിലെ വനിതാ സംരംഭങ്ങളിൽ DWCRA യുടെ സഹായത്തോടെ ആരംഭിച്ച കാറി യൂണിറ്റ് എടുത്തുപറയത്തക്കതാണ്. ഇതിൽ ദുർബല വിഭാഗത്തിൽപ്പെട്ട പത്തോളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. വലിയകട്ടയ്ക്കാലിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘവും, ഗവൺമെന്റ് അധീനതയിലുള്ള ഒരു തയ്യൽ പരിശീലന കേന്ദ്രവും, ബീഡി തെറുപ്പുയൂണിറ്റും, എടുത്തു പറയത്തക്ക വനിതാ സംരംഭങ്ങളാണ്. FPAI യുടെ പരിശീലന കേന്ദ്രത്തൽ പ്രതിവർഷം 80 ഓളം പെൺകുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്നണ്ട്. ക്ഷീരസംഘങ്ങളുടെ കീഴിൽ വലിയകട്ടയ്ക്കാലിലും, കൊക്കോട്ടുകോണത്തുമുള്ള പാലുലപാദന യൂണിറ്റുകളിലും മുഖ്യപങ്കാളികൾ സ്ത്രീകൾ തന്നെയാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി നിരവധി പാറയൂണിറ്റുകളിലും, ഈറ വ്യവസായ യൂണിറ്റുകളിലും തറിയൂണിറ്റുകളിലും നിരവധി സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. പരമേശ്വരം വാർഡിൽ ഖാദിബോർഡിന്റെ നൂൽ നൂൽപ്പ് കേന്ദ്രം ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം ഇന്ന് മന്ദഗതിയിലാണ്.

ഗ്രന്ഥശാല

പഞ്ചായത്തിലെ ഗ്രന്ഥശാലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഏഴുഗ്രന്ഥശാലകൾ പഞ്ചായത്തൽ ഉണ്ടെങ്കിലും സർവ്വേ അനുസരിച്ച് 20% ൽ താഴെ സ്ത്രീകൾ മാത്രമാണ് ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തുന്നത്. ഗ്രാമീണ പുസ്തക വിതരണ പദ്ധതി സജീവമായി നടപ്പിലാക്കി സ്ത്രീകളെ കൂടുതൽ വായനയുടെ മേഖലയിലേയ്ക്ക് നയിക്കാൻ പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് കഴിയേണ്ടതുണ്ട്.

തൊഴിൽ

നെല്ലനാട് പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളും പാറപ്പണി തൊഴിലാക്കി സ്വീകരിച്ചിട്ടുണ്ട്. കൃഷി, കെട്ടിട

നിർമ്മാണം, ടാപ്പിംഗ്, കരിങ്കൽ, ചെങ്കൽ വ്യവസായം, ബീഡിതെറുപ്പ്, തയ്യൽ, നെയ്ത്ത് മേഖലകളിൽ പഞ്ചായത്തിലെ സ്ത്രീകൾ തൊഴിൽ നോക്കുന്നുണ്ട്. ഒരു ചെറിയ വിഭാഗം വിദേശത്ത് ജോലിചെയ്യുന്നുമുണ്ട്. സെയിൽസ്ഗേളുകൾ ആയി ജോലി നോക്കുന്നവരും പഞ്ചായത്തിലുണ്ട്. മാർക്കറ്റിൽ ചെറുകിട കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നവരും കുറവല്ല. നല്ലൊരുപങ്ക് ഉദ്യോഗസ്ഥകളും പഞ്ചായത്തിലുണ്ട്.

കൃഷിമേഖലയിൽ പുതിയ തലമുറയിലെ വനിതകൾക്ക് ആഭിമുഖ്യം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാമൂഹ്യ പദവിയെക്കുറിച്ചുള്ള വികലമായ ധാരണയാണ് ഇതിനു കാരണം. ഉദ്യോഗസ്ഥ തലത്തിലുള്ള സ്ത്രീകളിൽ 70%വും അധ്യാപകരാണ്. തൊഴിൽ പങ്കാളിത്തത്തിൽ നമ്മുടെ സ്ത്രീകൾ ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. സാമൂഹ്യ സാമ്പത്തികത സുരക്ഷിതത്വത്തിന് ഇന്ന് പുരുഷനെ ആശ്രയിക്കേണ്ട നിലയിലാണ് ഭൂരിഭാഗം സ്ത്രീകളും.

ചെയ്യുന്ന തൊഴിലിനോട് വിധേയത്വം പുലർത്താനുള്ള മനസ്സും, തൊഴിൽ മേഖലകളിൽ സമത്വവും സ്ത്രീകളെ തൊഴിൽ മേഖലയിൽ കൂടുതലായി പിടിച്ചുനിർത്താനുതകുന്നവയാണ്.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ കൂട്ടായ്മയിലുള്ള തൊഴിൽ സംരംഭങ്ങൾ ഇന്നില്ല.
2. സ്ത്രീകളിൽ സാമൂഹ്യബോധവും കാര്യശേഷിയും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും കുറവാണ്.
3. അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച ധാരണയില്ല.
4. സാങ്കേതിക രംഗത്ത് വനിതകൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ കുറവാണ്.
5. വാമനപുരം PHC യിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട ആവശ്യ സൗകര്യങ്ങൾ പോലും സുഗമമായി ലഭിക്കുന്നില്ല.
6. പാറമേഖലയിലും മറ്റും തൊഴിൽ ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് ആവശ്യമായ ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ ഇല്ല.
7. സ്ത്രീധന സമ്പ്രദായം വ്യാപകമാണ്. ഇതിനെതിരെയുള്ള ബോധവൽക്കരണം ഊർജ്ജിതമല്ല.
8. പുരുഷൻമാരുടെ മദ്യപാനം കുടുംബജീവിതത്തിൽ ഉലച്ചിലുകൾ സൃഷ്ടിക്കുന്നു.
9. പഞ്ചായത്തിലെ പൊതുവായ മലിനീകരണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
10. വനിതകൾക്കു വേണ്ടി പഞ്ചായത്തു തലത്തിൽ വായനശാലകൾ ഇല്ല.

സാധ്യതകൾ

1. മഹിളാ സമാജങ്ങൾക്ക് ഗ്രാന്റ് ഏർപ്പെടുത്തണം. മികച്ച പ്രവർത്തനത്തിന് അവാർഡ് ഏർപ്പെടുത്തണം.
2. സാങ്കേതിക വനിതാ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കണം.
3. മദ്യനിരോധനം പൂർണ്ണമാക്കണം.
4. സ്ത്രീപീഢനം , സ്ത്രീധന സമ്പ്രദായം ഇവയ്ക്കെതിരെ ഊർജിത നിയമനടപടികൾ ഉണ്ടാകണം.
5. ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾക്കും പെൻഷൻ നൽകാനുള്ള നടപടികൾ ഉണ്ടാകണം.
6. സ്ത്രീകളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പരസ്യങ്ങളും ബോർഡുകളും കർശനമായും നിരോധിക്കണം.
7. അശരണരായ വൃദ്ധജനങ്ങൾക്കായി അഭയകേന്ദ്രം ആരംഭിക്കണം.
8. സ്ത്രീ സാക്ഷരതാ നിരക്ക് ഉയർത്താൻ

ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കണം.

9. നിർദ്ധന കുടുംബത്തിലെ യുവതികളെ പഞ്ചായത്ത് തലത്തിൽ സമൂഹവിവാഹം സംഘടിപ്പിച്ച് മംഗല്യവതികളാക്കുണം.

10. വികലാംഗർക്കും മന്ദബുദ്ധികൾക്കും വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

11. ആലന്തറ UPS അപ്ഗ്രേഡ് ചെയ്ത് ഗേൾസ് ഹൈസ്കൂളാക്കണം.

12. തുല്യവേതന സമ്പ്രദായം നടപ്പിലാക്കണം.

13. സാംസ്കാരിക സംഘടനകളിൽ ഭരണ രംഗത്ത് വനിതാ പ്രാതിനിധ്യം നിർബന്ധിതമാക്കണം.

14. വനിതാ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കണം.

15. കുടിൽ വ്യവസായ രംഗത്ത് സ്ത്രീകളെ കൂടുതലായി സഹായിക്കണം.

16. "ഒരു വീട്ടിൽ ഒരു വനിതയ്ക്കെങ്കിലും തൊഴിൽ" പദ്ധതി നടപ്പിലാക്കണം.

17. വാമനപുരം PHC യിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വിഭാഗം ആരംഭിക്കണം.

18.വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു കോളേജ് സ്ഥാപിക്കണം.

19. നിലവിലുള്ള പാലുല്പന്ന യൂണിറ്റുകൾ ആധുനിക വൽക്കരിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.

20. വെഞ്ഞാറമൂട്ടിൽ ഡേ...കെയർ യൂണിറ്റ് ആരംഭിക്കണം.

21. ദേശീയ സമ്പാദ്യ പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം ഉണ്ടാകണം.

22. വെഞ്ഞാറമൂട് ഹൈസ്കൂളിൽ കമ്പ്യൂട്ടർ പരിശീലനം ഏർപ്പെടുത്തണം.

23. "ഒരു വീട്ടിൽ ഒരു അടുക്കള തോട്ടം" പദ്ധതി ഏർപ്പെടുത്തണം.

24. വനിതാ സമിതിയെ പഞ്ചായത്ത് തലത്തിൽ നിയമിക്കണം.

25. വനിതാ കൺസ്യൂമർ സ്റ്റോർ, ഡ്രൈവിംഗ് സ്കൂൾ, വനിതകൾക്കുള്ള കളിസ്ഥലം തുടങ്ങിയവ ആരംഭിക്കണം.

26. പ്രാദേശിക ഉൽപന്നങ്ങൾ വാർഡുതലത്തിൽ യൂണിറ്റുകൾ സ്ഥാപിച്ച് സംഭരിക്കുകയും പഞ്ചായത്തുതലയൂണിറ്റുമായി അവ സംയോജിപ്പിക്കുകയും വേണം.

27. പഴവർഗ്ഗ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കണം.

28. വെഞ്ഞാറമൂട് മാർക്കറ്റിൽ കച്ചവടവുമായി ബന്ധപ്പെട്ടുള്ള സ്ത്രീകളുടെ ക്ഷേമത്തിനായി ക്ഷേമനടപടികൾ ആരംഭിക്കണം.

29. വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ സ്ഥിരം വനിതാ പോലീസ് സേവനം ലഭ്യമാക്കണം.

30. കൈത്തറി മേഖലയിൽ നൂതന സമ്പ്രദായങ്ങൾ നടപ്പിലാക്കി പരിശീലനവും ഉല്പാദനവും വിപുലമാക്കണം.



സഹകരണം



പഞ്ചായത്തിലെ സഹകരണ പ്രസ്ഥാന ചരിത്രം 1944 ൽ ആരംഭിക്കുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി വെഞ്ഞാറമൂട്ടിൽ രൂപപ്പെട്ടുവന്ന നവ സാമൂഹ്യബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളിലൊന്നായിട്ടാണ് കൊല്ലവർഷം 1119 ഇടവ മാസം 18 ാം നു വില്ലേജ് ക്രെഡിറ്റ് സൊസൈറ്റി എന്ന 2419 ാം നമ്പർ സഹകരണസംഘം സ്ഥാപിക്കപ്പെട്ടത്. മാനേജർ പരമേശ്വരൻ പിള്ള, പുതുകുളങ്ങര ഇബ്രാഹീം വൈദ്യർ, രാഘവൻപിള്ള എന്നിവരായിരുന്നു സംഘാടകരിൽ പ്രമുഖർ. പിന്നീട് വിവധോദ്ദേശ സഹകരണ സംഘം എന്ന പേരിലും അതിനു ശേഷം വെഞ്ഞാറമൂട് സർവ്വീസ് സഹകരണ സംഘം എന്ന പേരിലും പ്രവർത്തിച്ച ഈ ബാങ്ക് ഇപ്പോൾ വെഞ്ഞാറമൂട് സർവീസ് സഹകരണബാങ്ക് ലിമിറ്റഡ് നമ്പർ 2419 എന്നപേരിൽ പ്രവർത്തിച്ചു വരുന്നു. 11063 അംഗങ്ങളുള്ള ഈ സ്ഥാപനത്തെസംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

അംഗീകൃത ഓഹരി മൂലധനം.	15,00,000 രൂ
പിരിഞ്ഞുകിട്ടിയ മൂലധനം	8,25,695
സർക്കാർ ഓഹരി	1,10,000
പരമാവധി വായ്പ്പയെടുക്കാവുന്ന തുക	3,29,92,050

ഈ കണക്കുകളിൽ നിന്നും പഞ്ചായത്തിലെ സഹകരണ കാർഷിക സംരംഭങ്ങളിൽ ഈ സ്ഥാപനത്തിന്റെ മുഖ്യപങ്കിന്നാധാരമായ സാമ്പത്തിക ഭദ്രത വ്യക്തമാകും. പൊതു ജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി 1,25,29,674 രൂപയും ഹൃസ്വകാലനിക്ഷേപമായി 34,53,048 രൂപയും ബാങ്ക് സമാഹരിച്ചിട്ടുണ്ട്.

ഈ സ്ഥാപനം നലകിയിട്ടുള്ള കാർഷിക വായ്പകൾ 65,11,957 രൂപയും മറ്റുവായ്പകൾ 1,21,460 രൂപയും പ്രത്യേക വായ്പകൾ 4,93,117 രൂപയും ആണ്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 61,93,552 രൂപ വിവിധ ഇനങ്ങൾക്കായി വായ്പയായി സ്വീകരിച്ചിട്ടുള്ളതായും ഈ സ്ഥാപനത്തിൽ നിന്നുമുള്ള കണക്കുകളിൽ കാണുന്നു. കാലാവധി

കഴിഞ്ഞ 41,75,122 രൂപയുടെ വായ്പാതുക തിരിച്ചു കിട്ടാനുണ്ട്. ഭരണ ചെലവുകൾക്കായി 5,90,073 രൂപയും മറ്റത്യാവശ്യ ചെലവുകൾക്കായി 377499 രൂപയും 1995...96 വർഷത്തിൽ വിനിയോഗിച്ച ഈ സഹകരണബാങ്കിൽ 25 സ്ഥിരം ജീവനക്കാരുണ്ട്. കാർഷിക വായ്പകൾക്കു പുറമെ തൊഴിലു പകരണങ്ങൾ വാങ്ങുന്നതിനും വീട് ഓടുമേയുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും കറവമാടുകളെ വാങ്ങുന്നതിനും സഹകാരികൾക്ക് വായ്പ നൽകുന്നുണ്ട്. ഇവ കൂടാതെ സ്വർണ്ണപ്പണയത്തിൻ മേൽ വായ്പ, ഹയർപർച്ചേസ്, മൈനർ സേവിംഗ്സ്, ചിട്ടി എന്നീ പദ്ധതികളും നിലവിലുണ്ട്. പൊതുവിതരണ രംഗത്ത് ശ്രദ്ധേയമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം റേഷൻകടകൾ(5 എണ്ണം) , മാവേലിസ്റ്റോർ, റബ്ബർ വ്യാപാരം, ഓണച്ചന്തകൾ, രാസവളവ്യാപാരം എന്നിവയും നടത്തിവരുന്നു.

1966 ൽ പ്രവർത്തനം ആരംഭിച്ചവെഞ്ഞാറമൂട് റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം നമ്പർ 299 ആണ്. രണ്ടാമതു നിലവിൽ വന്ന സഹകരണ സ്ഥാപനം റബ്ബർ കർഷകരെ വിപണിയിൽ സഹായിക്കുക എന്ന ഉദ്ദേശത്തോടെ ജില്ലാതലത്തിൽ (നെയ്യാറ്റിൻകര താലൂക്ക് ഒഴിച്ച്) ആണ് ഇതിന്റെ പ്രവർത്തനം.

ഈ സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അംഗീകൃത ഓഹരി മൂലധനം	രൂപ	5000000
പിരിഞ്ഞുകിട്ടിയ മൂലധനം	രൂപ	189625
സർക്കാർ ഓഹരി	രൂപ	140000
പരമാവധി കടം എടുക്കാവുന്നത്	രൂപ	6000000

ഈ സ്ഥാപനം പൊതുജനങ്ങളിൽ നിന്നും 6,15,500 രൂപയുടെ സ്ഥിര നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 12 സ്ഥിരം ജീവനക്കാരുള്ള സ്ഥാപനത്തിന്റെ വാർഷിക ടേൺഓവർ ഏഴു കോടി രൂപയാണ്. റബ്ബർ വിപണനരംഗത്തുള്ള സഹകരണ സ്ഥാപനങ്ങളിൽ വച്ച് കേരളത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിലെ സഹകരണ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി നിലകൊള്ളുന്നു.

വെഞ്ഞാറമൂട് ഹൗസിംഗ് സഹകരണസംഘം രൂപീകരിക്കപ്പെട്ടത് 1980ൽ ആണ്. 450 അംഗങ്ങളുള്ള ഈ സ്ഥാപനത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അംഗീകൃത ഓഹരി മൂലധനം	രൂ	3850000
പിരിഞ്ഞുകിട്ടിയ മൂലധനം	രൂ	485365
സർക്കാർ ഓഹരിവിഹിതം	രൂ	323000
പരമാവധി കടം എടുക്കാവുന്നത്	രൂ	5000000

ആകെ 75,79,900 രൂപയുടെ വായ്പ നൽകിയിട്ടുള്ള ഈ സ്ഥാപനം ഹൗസിംഗ് ഫെഡറേഷനിൽ നിന്നും ഭവന നിർമ്മാണ വായ്പകൾക്കായി 4,66,96,556 രൂപ കടം എടുത്തിട്ടുണ്ട്. കാലാവധി കഴിഞ്ഞ 5,03,018 രൂപയുടെ വായ്പ കുടിശ്ശിക ഈ സ്ഥാപനത്തിന് പിരിഞ്ഞു കിട്ടാനുണ്ട്. നെല്ലനാട് പഞ്ചായത്തിന് പുറമേ പുല്ലംപാറ, മാണിക്കൽ, വെമ്പായം എന്നീ പഞ്ചായത്തുകളുടെ കൂടെ പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനത്തിൽ നിന്നും നെല്ലനാട് പഞ്ചായത്തിലെ 60 പേർക്കായി 58 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.

1987 ൽ സ്ഥാപിച്ച വെഞ്ഞാറമൂട് വനിതാ സഹകരണസംഘത്തിൽ 216 അംഗങ്ങളും, 1968 ൽ സ്ഥാപിതമായ വെഞ്ഞാറമൂട് ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ 686 അംഗങ്ങളും 1976 ൽ സ്ഥാപിതമായ വെഞ്ഞാറമൂട് H.S വക സംഘത്തിൽ

169 A ക്ളാസ് അംഗങ്ങളും 1994 ൽ ആരംഭിച്ച കണ്ണൻകോട് ക്ഷീരോൽപാദക സഹകരണ സംഘത്തിൽ (APCOS) 73 അംഗങ്ങളും 1993 ൽ ആരംഭിച്ച പാലത്തറ ക്ഷീരോൽപാദക സഹകരണ സംഘ (APCOS) ത്തിൽ 144 അംഗങ്ങളും 1994 ൽ തുടങ്ങിയ വട്ടവിള ക്ഷീരോൽപാദക സഹകരണ സംഘ (APCOS) ത്തിൽ 76 അംഗങ്ങളും അതേ വർഷത്തിൽ ആരംഭിച്ച നെല്ലനാട് ക്ഷീരോൽപാദക സഹകരണ സംഘ (APCOS) ത്തിൽ 108 അംഗങ്ങളും ഉണ്ട്. ഇവ കൂടാതെ ഈ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ച വെഞ്ഞാറമൂട് നെയ്ത്തു സഹകരണ സംഘവും ജില്ലാസഹകരണ ബാങ്കിന്റെ ഒരു ശാഖയും ഈ പഞ്ചായത്തിലുണ്ട്. ഈ പ്രദേശത്തെ സഹകരണ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഏകസംഘം 1987 ൽ ആരംഭിച്ച വനിതാ സഹകരണ സഹകരണ സംഘമാണ് ഇതിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിയേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. വളരെ സാദ്ധ്യതയുള്ള വനിതാ വ്യവസായ യൂണിറ്റുകളുടെ ശൃംഖലകൾ ആരംഭിച്ച്, ഗ്രാമസഭകളിൽ വനിതകൾ പ്രകടിപ്പിച്ച പ്രതീക്ഷകളോളം വളരുവാനുള്ള ശ്രമങ്ങൾക്ക് തുടക്കമിടേണ്ടതാണ്.

1968 ൽ ആരംഭിച്ച വെഞ്ഞാറമൂട് ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ലഘൂകരിക്കുകയും 1993..94 കാലഘട്ടത്തിൽ ആനന്ദ് മാതൃക ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ കണ്ണംകോട്, പാലത്തറ, വട്ടവിള, നെല്ലനാട് എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. ക്ഷീരകർഷകർക്ക് കൂടുതൽ സൗകര്യങ്ങൾ ഇതോടെ ലഭ്യമായിട്ടുണ്ട്. എങ്കിലും ഇത് പഞ്ചായത്തിലെ എല്ലാ സ്ഥലങ്ങളിലേയും ക്ഷീരകർഷകർക്ക് പര്യാപ്തമായ തോതിലുള്ള സംവിധാനങ്ങളായി വികസിച്ചിട്ടില്ല. കണ്ണൻകോട്, പാലത്തറ ക്ഷീരോൽപാദക സഹകരണ സംഘത്തോട് ചേർന്നു ആരംഭിച്ചിട്ടുള്ള ക്ഷീരോൽപാദക നിർമ്മാണ വനിതാ യൂണിറ്റുകൾ എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലും ആയിട്ടില്ല. ക്ഷീരകർഷകർക്ക് ചെലവിന് ആനുപാതികമായ തോതിൽ പാൽ വില നൽകുന്നതിനും സംഘങ്ങൾക്ക് കഴിയുന്നില്ല. ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ക്ഷീര സഹകരണ സംഘങ്ങൾ പാലുൽപാദന മേഖലയക്ക് ചെയ്തുകൊടുക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ 95..96 വർഷത്തിൽ ആകെ 3,27,000 ലിറ്റർ പാൽ ശേഖരിച്ചതായി കാണുന്നു. ഇതിൽ 1,49,150 ലിറ്റർ പാൽ ഈ പ്രദേശത്തുതന്നെ വിറ്റഴിയ്ക്കുകയും 1,77,850 ലിറ്റർ പാൽ പുറത്തേക്ക് അയക്കുകയും ചെയ്തിട്ടിണ്ട്. എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലുമായി 10 സ്ഥിരം ജീവനക്കാരുണ്ട്. ക്ഷീര സഹകരണ സംഘങ്ങളെല്ലാം ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ രാഷ്ട്രീയം കടന്നെത്തിയതിനാൽ വിവേചനപരമായ സമീപനങ്ങൾ വ്യാപകമായി പ്രത്യക്ഷപ്പെടുന്നുവെന്ന ആക്ഷേപം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. അംഗത്വ വിതരണത്തിൽ അർഹതപ്പെട്ടവരെ ഒഴിവാക്കുന്നില്ല എന്നുറപ്പു വരുത്തുവാൻ കഴിയണം. സഹകാരികളുടെ പ്രസ്ഥാനം ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിന്റേറയും സ്ഥാപനങ്ങളായി മാറാതെ ജനകീയ സ്വഭാവത്തോടെ സാമൂഹ്യവികസനത്തിന് മുഖ്യ പങ്കുവഹിക്കുവാൻ മുന്നോട്ട് വരേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ കുറിച്ചുള്ള വിശദ വിവരം

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ചവർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെഎണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ലാഭം നഷ്ടം	നിക്ഷേപം
വെഞ്ഞാറമൂട് സർവീസ് സഹകരണ ബാങ്ക്2419	1944	11063	25	825695	7086609	ലാഭം	10600000
വെഞ്ഞാറമൂട് റബ്ബർ മാർക്കറ്റിംഗ്സൊസൈറ്റി T.299	1966	1095	12	189625	70000000	’	-
വെഞ്ഞാറമൂട്ഹൗസിംഗ് സഹകരണ സംഘം T 760	1980	450	2	485365	-	"	-
വെഞ്ഞാറമൂട് ക്ഷീര വ്യവസായ സഹകരണ സംഘം T6(D)	1968	686	2	8990	835000	"	-
വെഞ്ഞാറമൂട് വനിത സംഘം T957	1987	216	2	10000	-	നഷ്ടം	18000
വെഞ്ഞാറമൂട് ഹൈസ്ക്കൂൾ സഹകരണ സംഘം 522	1976	A169 B9337	-	10182	25681	ലാഭം	-
കണ്ണംകോട് ക്ഷീരോൽപ്പാദന സഹകരണ സംഘം T243	1994	73	2	1510	1031414	"	-
വട്ടവിള ക്ഷീരോൽപ്പാദന സഹകരണ സംഘം T 244	1994	76	2	2040	738000	"	-
പാലത്തറക്ഷീരോൽപ്പാദന സഹകരണ സംഘംT238	1993	144	2	5000	743000	"	-
നെല്ലനാട് ക്ഷീരോൽപ്പാദനസഹകരണ സംഘം	1994	108	2	4000	732000	"	-
വെഞ്ഞാറമൂട് നെയ്ത്ത് സഹകരണ സംഘം	1996						

പ്രശ്നങ്ങൾ

1. കാർഷിക വായ്പാനയത്തിലെ അശാസ്ത്രീയ നിബന്ധനകൾ.
2. വ്യാവസായിക സംരംഭങ്ങൾ ഏറ്റെടുക്കുവാൻ സഹകരണ സംഘങ്ങൾ മുന്നോട്ട് വരുന്നില്ല.
3. നിലവിലുള്ള വനിതാ സഹകരണ സംഘം സാദ്ധ്യതകൾക്ക് അനുസരിച്ച് വിപുലീകരിക്കപ്പെട്ടിട്ടില്ല.
4. ക്ഷീരോൽപാദന രംഗത്ത് നിൽക്കുന്ന കർഷകർക്ക് ഗുണം ലഭിക്കത്തക്ക വിധത്തിൽ വിപുലമായ വിപണന ശൃംഖലകൾ ഇനിയും രൂപമെടുത്തിട്ടില്ല.
5. നാളികേര കർഷകനെ സഹായിക്കത്തക്ക സംരംഭങ്ങൾ നിലവിലില്ല.
6. പട്ടികജാതി..വർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേക സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.
7. എല്ലാ മേഖലകളുടെയും സാദ്ധ്യതകൾക്കനുസരിച്ച് പ്രവർത്തിക്കാവുന്ന സഹകരണ സംഘങ്ങളുടെ അഭാവം.
8. ചെറുകിട വ്യാവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സഹകരണ സ്ഥാപനങ്ങളുടെ വിമുഖത.
9. പഞ്ചായത്തിന്റെ വികസന പരിപാടികളിലും ജനക്ഷേമ വിദ്യാഭ്യാസ പരിപാടികളിലും സഹകരണ പ്രസ്ഥാനത്തിന്റെ പങ്കാളിത്തം ഉണ്ടാകുന്നില്ല.
10. ദരിദ്ര ജനങ്ങളുടെ ഉന്നമനത്തിനുതകുന്ന പദ്ധതികൾ വായ്പാസംഘങ്ങൾ ആവിഷ്കരിക്കുന്നില്ല.
11. ക്ഷീരോൽപാദകർക്ക് ന്യായ വില ലഭിക്കുന്നില്ല.
12. കോഴി വളർത്തൽ, മുട്ട ഉല്പാദനം, കോഴിക്കുഞ്ഞുങ്ങളുടെ വിതരണം എന്നീ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.
13. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുവാൻ കാർഷികോൽപന്ന വിപണിയും സഹകരണ സ്ഥാപനങ്ങൾ ഇടപെടുന്നില്ല.
14. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം, ആശുപത്രി എന്നിവയ്ക്ക് സഹകരണ സ്ഥാപനങ്ങൾ മുതൽ മുടക്കുന്നില്ല.
15. ലാഭ വിഹിതം സഹകാരികൾക്ക് പങ്കിടുന്നില്ല.
16. സഹകരണ രംഗത്തെ രാഷ്ട്രീയാധിപ്രസരം വിവേചനങ്ങൾക്കിട വരുത്തുന്നു.

നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. അർഹതയുള്ളവർക്ക് രാഷ്ട്രീയ വിവേചനം കൂടാതെ അംഗത്വം നൽകി സഹകരണ സ്ഥാപനത്തിന്റെ സേവനം വ്യാപിപ്പിക്കുക.
2. കാർഷിക വായ്പാ ഇനത്തിലെ അശാസ്ത്രീയമായ നിബന്ധനകൾ എടുത്തു കളയുവാൻ സർക്കാർ ശ്രമിക്കുക.
3. വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാകുക.
4. വനിത സഹകരണ സംഘം എല്ലാ മേഖലകളിലേയ്ക്കും പ്രവർത്തനം വിപുലമാക്കുക.
5. പൂവണത്തുംമുട്, കോട്ടുകുന്നം, വലിയക്കട്ടയ്ക്കാൽ, മുക്കുന്നൂർ, ആലന്തറ, തോട്ടുമ്പുറം, പനയറം, വയ്യേറ്റ്, കരിഞ്ചാന്തി, ഭൂതമടക്കി, എന്നീ സ്ഥലങ്ങളിൽ ക്ഷീര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
6. ക്ഷീര കർഷകർക്ക് കൂടുതൽ വില നൽകുക. പാൽ വിലയിലെ മാർജ്ജിൻ APCOS സംഘങ്ങൾ ഗണ്യമായി കുറക്കുക.
7. റബറധിഷ്ഠിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ സഹകരണ സ്ഥാപനം സ്ഥാപിക്കുക.
8. നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്ക്, റബർ

മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.

9. ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും കൂടുതൽ വായ്പ അനുവദിക്കുക. ജാമ്യ വ്യവസ്ഥ ഉദാരവൽക്കരിക്കുക.

10. കോഴിവളർത്തൽ സഹകരണ അടിസ്ഥാനത്തിൽ വിപുലമായി ആരംഭിക്കുക.

11. കാർഷികോല്പന്ന വിപണിയുടെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിന് കാർഷികോല്പന്നങ്ങൾ സംരംഭിച്ചു വിപണനം നടത്തുന്ന ഒരു മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കുക.

12. തയ്യൽ, നെയ്ത്ത്, പനമ്പുനെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകൾ അറിയാവുന്നവർക്ക് തൊഴിലും വരുമാനവും ഉണ്ടാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഇവരെ ഏകോപിപ്പിച്ചു ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുക.

13. അനേകം കരിങ്കൽ മടകളും പാറ പൊടിക്കുന്ന ചെറുകിട യൂണിറ്റുകളുമുള്ള ഈ പഞ്ചായത്തിൽ പാറ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള ഇടപെടൽ സാദ്ധ്യമാണോ എന്ന് പരിശോധിക്കുക.

14. കേര വികസന സമിതിയെ നാളികേരം ശേഖരിച്ച് സംസ്ക്കരിച്ച് എണ്ണയാക്കി വിപണനം നടത്തുന്ന കേര കർഷക സംഘമാക്കി മാറ്റുക.

15. ഗൾഫിൽ നിന്നും മടങ്ങുന്ന മലയാളികളുടെ പുനരിധിവാസത്തിന് ധനസമാഹരണം നടത്തി വ്യവസായങ്ങളിൽ ഏർപ്പെടുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കുക.

16. NRE പണമിടപാട് നടത്താനുള്ള സൗകര്യം വെഞ്ഞാറമൂട് സഹകരണ ബാങ്കിൽ ആരംഭിക്കുക.

17. സർക്കാർ അർദ്ധസർക്കാർ ജീവനക്കാരായിരുന്ന പെൻഷൻ പറ്റി പിരിഞ്ഞവരുടെ അനുഭവങ്ങൾ പ്രയോജനപ്പെടുത്തി അവരുടെ ക്ഷേമകാര്യങ്ങളിൽ ശ്രദ്ധിക്കുന്ന രീതിയിൽ ഒരു സഹകരണ സ്ഥാപനം കൂടെ ആകാവുന്നതാണ്.

18. വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ ഒരു വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

വിഭവസമാഹരണം



ആമുഖം

സർക്കാർ ഗ്രഡേഷൻ അനുസരിച്ചു നെല്ലനാടു ഗ്രാമപഞ്ചായത്ത് 1983 മുതൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. വിവിധ സാമ്പത്തിക മേഖലകളിൽ നിന്നുള്ള വരുമാനം വിലയിരുത്തുമ്പോൾ നെല്ലനാട് പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ് എന്നു പറയാവുന്നതാണ്. എങ്കിലും പഞ്ചായത്തിൽ കീഴായിക്കോണം കരിങ്കൽ പാറ മടകളിൽ നിന്നുള്ള വരുമാനവും തൊഴിൽ ദിനങ്ങളും ഇവിടുത്തെ സാമ്പത്തിക മേഖലകളിൽ വൻ സ്വാധീനം ചെലുത്തുന്നുണ്ട്. അടുത്ത കാലം വരെ സജീവമായിരുന്ന വൈഡൂര്യസംസ്കരണ വ്യാപാര രംഗത്ത് നിന്നു അളവറ്റ സമ്പത്ത് നേടുവാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. വൈഡൂര്യ ഖനന സംസ്കരണ വിപണന രംഗത്ത് ഇപ്പോൾ വന്നിട്ടുള്ള മാന്ദ്യം ഗ്രാമത്തിന്റെ സാമ്പത്തിക ആരോഗ്യത്തെ കാര്യമായി ബാധിച്ചുതുടങ്ങിയിട്ടുണ്ട്. ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന നൂറു കണക്കിനാളുകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഗൾഫ് മേഖലയിൽ നിന്ന് ഇവിടേയ്ക്ക് പ്രവഹിയ്ക്കുന്ന പണത്തിന്റെ സ്വാധീനവും സാമ്പത്തിക മേഖലയ്ക്ക് ചൈതന്യം നൽകുന്നുണ്ട്.

നികുതി വരുമാനം

1. കെട്ടിട നികുതി

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുഖ്യം കെട്ടിട നികുതി ഇനത്തിൽ വരുന്ന തുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച വരുമാനം കാണിക്കുന്ന ചിത്രമാണ് ചുവടെ കൊടുത്തിട്ടുള്ളത്.



ചിത്രം പരിശോധിയ്ക്കുമ്പോൾ 96-97 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ വരുന്ന വരുമാന വർദ്ധനവ് ശ്രദ്ധാർഹമാണ്. ഏകദേശം 30% വർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞു എന്നതിൽ നിന്ന് കെട്ടിട നികുതി കണക്കാക്കുന്നതിന് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന സംവിധാനം പഞ്ചായത്തിൽ നിലവിലുണ്ട് എന്ന് മനസ്സിലാക്കാം.



2. തൊഴിൽ നികുതി

വിപുലമായ തൊഴിൽ മേഖല നിലവിലുള്ള പഞ്ചായത്തിൽ തൊഴിൽ നികുതി ഇനത്തിൽ കാര്യമായ വരുമാനം ലഭിക്കുന്നുണ്ട്. ഇതിൽ മുഖ്യപന്ക് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ലഭിക്കുന്നവയാണ്. കച്ചവട സ്ഥാപനങ്ങളിൽ നിന്ന്ലഭിക്കുന്നതാണ് മറ്റൊരു വിഹിതം. 89-90 സാമ്പത്തിക വർഷം മുതൽ 96-97 വർഷം വരെ തൊഴിൽ നികുതി ഇനത്തിൽ കിട്ടുന്ന വരുമാനം വ്യക്തമാക്കുന്ന ചിത്രം മുൻപേജിൽ കാണിച്ചിട്ടുണ്ട്.

കണക്കുകൾ കാണിക്കുന്നതു പോലെ ആനുപാതികവർദ്ധനവ്തൊഴിൽനികുതിയിൽ വരുന്നുണ്ട്. 96-97-ൽ ചിത്രത്തിൽ കാണിച്ചിട്ടുള്ളതിനെക്കാൾ തൊഴിൽ നികുതി പിരിഞ്ഞു കിട്ടാൻ സാദ്ധ്യതയുണ്ട്. കെട്ടിടനികുതിയിലെന്നതു പോലെതൊഴിൽ നികുതിലും എല്ലാവർഷങ്ങളിലും വർദ്ധനവ് കാണുന്നത് നല്ല സൂചനയായി കണക്കാക്കാം.

3. വിനോദനികുതി

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സിനിമാശാലകളിൽ നിന്നാണ് വിനോദ നികുതിയിനത്തിൽ പ്രധാനമായും വരുമാനം ലഭിക്കുന്നത്. സർക്കാർ മാനദണ്ഡം അനുസരിച്ച് ശരിയായ വിഹിതം സിനിമാശാലകളിൽ നിന്നു വിനോദനികുതിയായി ലഭിക്കുന്നില്ല. കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്ന കാര്യക്ഷമമായ സംവിധാനം വിനോദനികുതി ഈടാക്കുന്നതിനും ഉണ്ടാകേണ്ടിയിരിക്കുന്നു. 1995-96 സാമ്പത്തിക വർഷം വിനോദനികുതിയിനത്തിൽ ആകെ 90019 രൂപ പിരിഞ്ഞുകിട്ടി.

4. ലൈസൻസ് ഫീസ്

പഞ്ചായത്തിൽ തൊഴിൽ ശാലകളുടെ എണ്ണം പരിമിതമാണ്.ലൈസൻസ് ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ ബഹുഭൂരിപക്ഷവും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതാണ്. 95-96 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസായി 15780 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടു.

5. ചന്തയിൽ നിന്നുള്ള വരുമാനം

പഞ്ചായത്തിൽ വെഞ്ഞാറമൂട് ചന്തയാണ് ഏറ്റവും വലുത്. ഈ ഇനത്തിലെ വരുമാനത്തിൽ ഭീമഭാഗവും ഈ ചന്തയിൽ നിന്നുമാണ് ലഭിക്കുന്നത്. കീഴായിക്കോണത്ത് അല്പകാലം മുമ്പ് തുടങ്ങിയ ചന്തയിൽ നിന്ന് നാമമാത്ര വരുമാനമാണ് ലഭിക്കുന്നത്. 1995-96 ൽ ചന്തലേലം വഴി 2,00,500 രൂപ വരുമാനം ലഭിച്ചു.

6. സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതങ്ങൾ

വസ്തു കൈമാറ്റ നികുതിയായി സംസ്ഥാന സർക്കാരിൽ നിന്ന് 75%, 25% എന്നീ വിഭാഗങ്ങളിൽ പഞ്ചായത്തിന് 1995..96 കാലഘട്ടത്തിൽ യഥാക്രമം 312076 രൂപയും 200000 രൂപയും ലഭിച്ചതായി കണക്കുകളിൽ കാണുന്നു.

95-96 വർഷത്തിലെ പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച പട്ടിക താഴെ കൊടുത്തിരിക്കുന്നു.

1.	കെട്ടിടനികുതി	310617 രൂപ
2.	തൊഴിൽ നികുതി	192840 രൂപ
3.	വിനോദ നികുതി	90019 രൂപ
4.	ചന്ത വരവ്	190300 രൂപ
5.	ലൈസൻസ് ഫീസ്	15780 രൂപ
6.	വസ്തു കൈമാറ്റ നികുതി	312076 രൂപ (75%)

7. വസ്തുകൈമാറ്റ നികുതി	200000 രൂപ(25%)
8. ഗ്രാന്റ് ഒഴികെയുള്ളവരവ്	373275 രൂപ
9. ഡെപ്പോസിറ്റ്	58040 രൂപ
10. മറ്റുള്ളവ	933420 രൂപ
ആകെ	2676367 രൂപ

ഉപാധിരഹിത ഫണ്ട്

1990-91 സാമ്പത്തികവർഷം മുതൽ വികസന പ്രവർത്തനങ്ങൾക്കായി ഉപാധികൾ കൂടാതെ സർക്കാർ പഞ്ചായത്തുകൾക്ക് ഈ ഫണ്ട് നൽകി വരുന്നു. അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കുമായി എല്ലാ വാർഡുകളിലും ധനലഭ്യതയ്ക്കാപ്പം ഈ തുക വിനിയോഗിച്ച് വരുന്നു. അനുവദിയ്ക്ക പ്പെടുന്ന തുകയുടെ 22.5% ൽ കുറയാത്ത വിഹിതം പട്ടിക ജാതി..വർഗ്ഗ മേഖലയുടെ വികസനത്തിനായി ചിലവിടേണ്ടതാണ് എന്ന ഒരൊറ്റ ഉപാധിയോടെയാണ് ഉപാധിരഹിത ഫണ്ട് വിനിയോഗിച്ച് വരുന്നത്. ഈ ഫണ്ട് ഉപയോഗിച്ചുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്ത് നേരിട്ടു ചെയ്യുകയാണ് പതിവ്.

1990-91 മുതൽ പഞ്ചായത്തിൽ വിനിയോഗിക്കപ്പെട്ടതും അനുവദിയ്ക്കപ്പെട്ടതുമായ ഉപാധിരഹിത ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു. 96-97 വർഷത്തേയ്ക്ക് 745900 രൂപ ഉപാധിരഹിത ഫണ്ടായി അനുവദിയ്ക്ക പ്പെട്ടിട്ടുണ്ട്. ഇത് ചെലവിടുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.



ഉപധിരഹിത ഫണ്ടിന്റെ വിനിയോഗം

ചെലവിടാതിരുന്നത്
പട്ടികജാതി - പട്ടികവർഗ്ഗ മേഖലയിൽ ചെലവിട്ടത്
ജനറൽ വിഭാഗത്തിൽ ചെലവിട്ടത്
അനുവദിച്ച ഫണ്ട്

JRY ഫണ്ട്

പാവപ്പെട്ട ഗ്രാമീണ ജനവിഭാഗത്തിന് തൊഴിൽ അവസരങ്ങൾ നൽകുന്നതിനായി 1989 ആഗസ്റ്റ് മുതൽ പഞ്ചായത്തിൽ ജവഹർ റോസ്ഗർ യോജന ഫണ്ട് ചെലവിട്ടുവരുന്നു. ഉപാധിരഹിത ഫണ്ട് പോലെ 22.5 ശതമാനമെന്കിലും പട്ടികജാതി-വർഗ്ഗ വിഭാഗ മേഖലയിലെ വികസനത്തിന് വേണ്ടി ചെലവിടേണ്ടതുണ്ട്. ഗ്രാമതലത്തിൽ ജനങ്ങളെ വിളിച്ചു കൂട്ടി കമ്മിറ്റി രൂപികരിച്ച് കമ്മിറ്റിയുടെ കൺവീനറുടെ നേതൃത്വത്തിൽ പണികൾ നടത്തുകയും തദ്ദേശ വാസികൾക്ക് തൊഴിൽ കൊടുക്കുകയും ചെയ്യുക എന്ന ആശയമാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. പണിയുടെ ഗുണമേന്മയ്ക്കും ഇത് ആവശ്യമാണ്. ഇതുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരിൽ നിന്നും സാമൂഹ്യ പ്രതിബദ്ധത പ്രകടമാകുന്ന പ്രവർത്തനങ്ങൾ ജനം പ്രതീക്ഷിക്കുന്നു. പണി പൂർത്തീകരിച്ചശേഷം കണക്കുകൾ ഗ്രാമസഭകളിൽ വച്ച് അംഗീകരിപ്പിച്ചെടുക്കുവാൻ കൺവീനറും ഉപഭോക്താക്കളുടെ കമ്മിറ്റിയും ബാദ്ധ്യസ്തരാകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്.

89-90 വർഷം മുതൽ JRY ഫണ്ടിന്റെ വരവും ചെലവും കാണിക്കുന്ന പട്ടിക യാണ് താഴെ കാണിച്ചിട്ടുള്ളത്.

വർഷം	മുൻബാക്കി	വരവ്(രൂപ)	ചിലവ്(രൂപ)	നീക്കിയിരിപ്പ്(രൂപ)
89-90		451935	420965.60	30869.40
90-91	30869.40	376149.40	376417	30601.81
91-92	30604.80	450796	480618	779.80
92-93	779.80	456222	457000	1.80
93-94	1.80	448956	415227	33730.80
95-96	144345	210305	124300	230350.80
96-97	230350.80	137500	136901	230949.80

ജവഹർ റോസ്ഗർ യോജനഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ

സർക്കാർ ഗ്രാൻറുകളും അവയുടെ വിനിയോഗവും

മൈനർ ഇറിഗേഷൻ, ഗ്രാമീണ റോഡ് പുനരുദ്ധാരണം, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ബേസിക് ടാക്സ് വിഹിതം, വസ്തു കൈമാറ്റ നികുതിയുടെ 75% വിഹിതം, 25% വിഹിതം എന്നിവയാണ് സർക്കാർ വക ധനസഹായം. വിവിധ ഇനങ്ങളിലായി കഴിഞ്ഞവർഷങ്ങളിൽ ലഭിച്ച ധനസഹായങ്ങളും ചെലവുകളും വെവ്വേറെ പട്ടികകളായി താഴെ കൊടുത്തിരിയ്ക്കുന്നു.

	1989-1990 (രൂപ)	90-91 (രൂപ)	91-92 (രൂപ)	92-93 (രൂപ)	93-94 (രൂപ)	94-95 (രൂപ)	95-96 (രൂപ)
വരവ് (മുൻബാക്കി സഹിതം)	20000	78776	90795	110795	110765	111536	77988
ചെലവ്		9981		20030	19229	53548	9816

മൈനർ ഇറിഗേഷൻ ഗ്രാന്റും ചെലവും

മൈനർ ഇറിഗേഷൻ ഗ്രാൻറായി വർഷം തോറും 20000 രൂപ മാത്രമാണ് പഞ്ചായത്തിന് ലഭിയ്ക്കുന്നത്. ജലസേചനപദ്ധതികൾക്കായി തുക ചെലവിടാൻ പഞ്ചായത്തിന് കഴിയുന്നില്ല എന്ന വസ്തുത പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ പുനരുദ്ധാരണം ആവശ്യമായ അനേകം തോടുകളും കുളങ്ങളും പുനസംവിധാനം ആവശ്യമായ ജലസേചന പദ്ധതികളും ഉണ്ടായിരുന്നപ്പോൾ വിനിയോഗിക്കുവാൻ കഴിയാതെ ഒരുഘട്ടത്തിൽ 90795 രൂപ പഞ്ചായത്തിൽ ശേഷിച്ചിരുന്നു. പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചുള്ള പണികൾ നടത്തുവാൻ കഴിയാതിരുന്ന വേളകളിൽ തന്നെ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറുവഴി നേരിട്ടുള്ള പണികൾ യഥേഷ്ടം നടക്കുന്നുമുണ്ട്. പണി നടത്തുവാനാവശ്യമായ സാങ്കേതിക മേൽനോട്ടം പഞ്ചായത്തിന് വേണ്ടി നടത്തേണ്ടതു മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് തന്നെയാണ്. എന്നിട്ടും ഡിപ്പാർട്ട്മെൻറു പണികളിൽ ആകൃഷ്ടരാകുന്ന കരാർ പണിക്കാർ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടക്കേണ്ട ജലസേചന പണികളിൽ നിന്നും വിട്ടുനിൽക്കുന്നത് വിരോധാഭാസമാണ്. കരാർ പണിക്കാർ അവഗണിക്കുന്ന പണികൾ ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന് നേരിട്ടു ചെയ്യുവാൻ കഴിയുന്നതിന് 5000 രൂപ പരിധി എടുത്തുമാറ്റുവാൻ സർക്കാർ തീരുമാനം ആവശ്യമാണ്. ജനപങ്കാളിത്തം എല്ലാ തലങ്ങളിലും ഉണ്ടാകുവാൻ സർക്കാർ ആലോചിക്കുന്ന ഈ ഘട്ടത്തിൽ ഇത്തരം തീരുമാനങ്ങൾ എടുക്കുവാൻ വൈകരുത്.

ഗ്രാമീണ റോഡ് പുനരുദ്ധാരണ ഫണ്ടിൻെറ വിനിയോഗവും കാര്യക്ഷമമല്ല. നിരവധി പദ്ധതികൾ പുനരുദ്ധാരണത്തിനും വികസനത്തിനും വേണ്ടി വഴിമുട്ടി നിൽക്കുന്ന പഞ്ചായത്തിൻെറ ഗ്രാമീണമേഖലകളിൽ വിനിയോഗിക്കുവാൻ കഴിയാത്ത തരത്തിൽ തടസ്സം നിൽക്കുന്ന ഭരണപരമായ

സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ ആലോചിക്കേണ്ടതുണ്ട്.

	1989-1990	90-91	91-92	92-93	93-94	94-95	95-96
വരവ് (മുൻബാക്കി സഹിതം)	36501	64354	48835	84756	141363	174318	133447
ചെലവ്	10859	69084	11902	10288	13828	96581	77698

ഗ്രാമീണ - റോഡ് പുനരുദ്ധാരണ ഗ്രാന്റിന്റെ വരവ് ചെലവുകൾ

സർക്കാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന VTC ഫണ്ടുകൾ റോഡുകളുടെ പുനരുദ്ധാരണം, വികസനം, ടാറിടൽ, റോഡിന്റെ ഓട നിർമ്മാണം എന്നിവയ്ക്കാണ് വിനിയോഗിച്ച് കൊണ്ടിരിക്കുന്നത്. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിലെ വരവും ചെലവുമാണ് താഴെ പട്ടികയിൽ.

	90-91	91-92	92-93	93-94	94-95	95-96
വരവ് (മുൻബാക്കി സഹിതം)	15188	46174	107485	130485	265249	464301
ചെലവ്				99977		

വി. റ്റി. സി. ഫണ്ടിന്റെ വരവും ചിലവും

പട്ടികയിൽ കാണിച്ചിട്ടുള്ള വരവുകൾക്ക് അനുസരിച്ച് അടങ്കൽ തയ്യാറാക്കിയ പണികൾ വിവിധ സ്ഥലങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നു. പണി പൂർത്തിയാകുന്ന മുറയ്ക്ക് തുക ചെലവിട്ടതായി കണക്കിൽ ചേർക്കുന്നതാണ്.

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ്
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	
I	58	2	40	26	124	4075
II	22		20	18	60	3570
III	6		5		11	195
IV	9		7		16	240
V	5		2		7	375
VI	2		4	3	9	150
VII	6		3		9	80
VIII	4		3		7	100
IX	128	5	19	4	158	6995
ആകെ	240	7	103	51	401	15780

ലൈസൻസ് ഫീസിനത്തിൽ 95-96 ൽ പഞ്ചായത്തിനുലഭിച്ച തുകയുടെ വിശദവിവരം

ചെലവിനങ്ങൾ

കഴിഞ്ഞ നാലു വർഷങ്ങളിൽ വന്ന പഞ്ചായത്തിലെ ഭരണ ചെലവുകളെ സംബന്ധിക്കുന്നചിത്രമാണ് ചുവടെ കാണിച്ചിട്ടുള്ളത്.-

കഴിഞ്ഞ നാലു വർഷങ്ങൾകൊണ്ട് പൊതുഭരണ ചെലവിലുണ്ടായ വർദ്ധനവ് 55 ശതമാനമായിരുന്നു എന്നു കണക്കാക്കാം.



പൊതുഭരണചെലവുകൾ

95-96 ലെ പഞ്ചായത്തിലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ താഴെ കൊടുത്തിരിയ്ക്കുന്ന പട്ടിക പരിശോധിയ്ക്കുക.

ഇനം	തുക രൂപ
ഭരണം	697891.50
പൊതുമരാമത്ത്	1423295
വിദ്യാഭ്യാസം	24772.50
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	75820
തെരുവുവിളക്കുകൾ കത്തിക്കുന്നത്	40635
മറ്റുള്ളവ	712696
ആകെ	2975110

ഷോപ്പിംഗ് കോംപ്ലക്സ്

വെഞ്ഞാറമൂട് ജംഗ്ഷനിൽ പണിതീർത്തിട്ടുള്ള ഷോപ്പിംഗ് കോംപളക്സ് കെട്ടിടത്തിൽ നിന്നും പഞ്ചായത്ത് സ്റ്റാളുകളിൽ നിന്നും, ബാങ്കുകളിൽ നിന്നും വാടകയിനത്തിൽ 95-96 വർഷത്തിൽ 654240 രൂപ പിരിഞ്ഞുകിട്ടി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് റൂറൽ ഡെവലപ്പ്മെൻറ് ബോർഡിൽ നിന്നും 28 ലക്ഷം രൂപ 1988-89 ൽ കടമെടുത്തിരുന്നു. ഇതിൻെറ തിരിച്ചടവിലേക്കായി പ്രതിവർഷം 4 ലക്ഷം രൂപ ചെലവിടുന്നു.

പഞ്ചായത്തുവക സ്ഥാവരസ്വത്തുക്കൾ

നെല്ലനാട് ഗ്രാമപഞ്ചായത്തിൻെറ ആസ്ഥാനമായ വെഞ്ഞാറമൂട് ജംഗഷനിലും മറ്റു സ്ഥലങ്ങളിലുമായി വിലപിടിപ്പുള്ള ഭൂമിയും കെട്ടിടങ്ങളും പഞ്ചായത്തിനു സ്വന്തമായിട്ടുണ്ട്. ഇവയുടെ പട്ടികയും ഏകദേശം മൂല്യവും താഴെ കാണിച്ചിരിക്കുന്നു.

	വിസ്തീർണ്ണം സെന്റ്	മതിപ്പുവില
വെഞ്ഞാറമൂട് ചന്ത	182	1,82,00000
സ്റ്റേഡിയം, വെഞ്ഞാറമൂട്	217	1,08,50000
സാംസ്കാരികനിലയം, കോട്ടുകുന്നം	5	3,00000
പരമേശ്വരം ചന്തക്കുള്ള സ്ഥലം	15	1,00000
ചന്ത, കീഴായിക്കോണം	25	6,25000
കളിസ്ഥലം, നെല്ലനാട്	50	1,50000
മാർക്കറ്റിംഗ് കോംപ്ലക്സ്, വെഞ്ഞാറമൂട്	40	1,40,00000
സാംസ്കാരികനിലയം, പനയറ	10	3,00000
പഞ്ചായത്ത് ബിൽഡിംഗ്	5	20,00000
സാംസ്കാരികനിലയം, വെഞ്ഞാറമൂട്	5	8,00000
ആലന്തറ ആയുർവേദ ആശുപത്രിക്കുള്ള സ്ഥലം	7	50000

ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ 2 ദേശസാൽകൃത ബാങ്കുകളും ജില്ലാബാങ്കിന്റെ ഒരു ശാഖയും ഒരു സഹകരണ സർവ്വീസ് ബാങ്കും, ഒരു ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സംഘവും KSFE യുടെ ഒരു ശാഖയും 10 ഓളം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖ പഞ്ചായത്തിന്റെ കിഴക്കൻ പകുതിയിലെ നെല്ലനാട്, കീഴായിക്കോണം മൈലയ്ക്കൽ, വെഞ്ഞാറമൂട് എന്നീ വാർഡുകളിൽ കേന്ദ്ര സംസ്ഥാന സർക്കാറിന്റ പദ്ധതി വായ്പാ സഹായവും നൽകി വരുന്നു. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ ശാഖ മാണിക്കമംഗലം, കാവറ, പരമേശ്വരം, വലിയക്കട്ടയ്ക്കൽ, ആലന്തറ, കോട്ടുകുന്നം വാർഡുകളിൽ പദ്ധതി വായ്പാ സഹായം വിതരണം ചെയ്യുന്നു. പ്രധാന ധനകാര്യ സ്ഥാപനങ്ങൾ 95-96 വർഷത്തിൽ നൽകിയ വായ്പകളുടെ വിവരമാണ് ചുവടെ കാണിച്ചിട്ടുള്ളത്.

ഗൾഫ്മേഖല

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഉള്ള ധാരാളം ആൾക്കാർ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നു. വളരെ വലിയ ധനസമ്പത്ത് ഈ മേഖലയിൽ നിന്ന് പഞ്ചായത്തിലേയ്ക്ക് ഒഴുകുന്നു. ഇങ്ങനെ വരുന്ന പണത്തിന്റെ അളവ് ശരിയായ വിധത്തിൽ ഇനിയും കണക്കാക്കപ്പെട്ടിട്ടില്ല. ഈ പണത്തിൽ വലിയ പങ്കും കെട്ടിടനിർമ്മാണരംഗത്ത് ചെലവിടുകയാണ്. ആഭരണ കമ്പോളത്തിലും വിവാഹ ആഢംബരങ്ങൾ, ആർഭാടങ്ങൾ എന്നിവയ്ക്കും ധാരാളം പണം ദുർവ്യയം ചെയ്യുന്നുണ്ട്. വസ്തുക്കൾ വാങ്ങുന്നതിന് ഈയിടെയായി താൽപര്യം കാട്ടിത്തുടങ്ങിയിട്ടുണ്ട്. ഉല്പാദന മേഖലയിൽ ഗൾഫ് പണം വിനിയോഗിക്കപ്പെടുന്നില്ല എന്നത് ഒരു ദു: ഖ സത്യമാണ്. പാഴായി പോകുന്ന ഈ സമ്പത്ത് ഉല്പാദന മേഖലയിലേയ്ക്ക് തിരിച്ചുവിടുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ പേര്	നൽകിയ വായ്പ
സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ	വിവരം ലഭ്യമല്ല
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ	62.75 ലക്ഷം
തിരു: ജില്ലാ സഹകരണബാങ്ക്	41.08 ലക്ഷം
വെഞ്ഞാറമൂട് സർവ്വീസ് സഹകരണ ബാങ്ക്	വിവരം ലഭ്യമല്ല
കെ.എസ്.എഫ്.ഇ	97.245 ലക്ഷം

സന്നദ്ധപ്രവർത്തനങ്ങൾ

പഞ്ചായത്തിലെ എണ്ണപ്പെടുന്ന വികസന പ്രവർത്തനങ്ങളിൽ എല്ലാം മുൻകാലങ്ങളിൽ സന്നദ്ധസംഘങ്ങളുടെയും സാംസ്കാരിക സംഘടനകളുടെയും സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തിയിരുന്നു. പുതിയ പഞ്ചായത്ത് രാജ് സംവിധാനം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും ജനകീയ ആസൂത്രണ പ്രക്രിയയുടെ പൂർണ്ണആവേശം ഉൾക്കൊള്ളുവാനും നിർമ്മാണ വികസന പ്രവർത്തനങ്ങളിൽ സേവന സന്നദ്ധരായ ബഹുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ നാം ആവിഷ്ക്കരിക്കേണ്ടതാണ്. പുതിയ ഒരു വികസന സംസ്കാരത്തിന്റെ തുടക്കമാകട്ടെ ഒമ്പതാം പഞ്ചവത്സരപദ്ധതി.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ കാര്യമാത്ര പ്രസക്തമായ വർദ്ധനവ് ഉണ്ടാകുന്നില്ല.
2. സർക്കാരിൽ നിന്നും യഥാ സമയങ്ങളിൽ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
3. സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം വികസന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.
4. സർക്കാർ നടപടി ക്രമങ്ങളിലെ പോരായ്മകൾ ഫണ്ട് വിനിയോഗത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.
5. ലൈസൻസ് ഫീസുകൾ നാമമാത്രമായതിനാൽ കാര്യമായ വരുമാനം അതിലൂടെ ലഭിക്കുന്നില്ല.
6. സിനിമാ ശാലകളിൽനിന്നും വിനോദനികുതി ഈടാക്കുവാനുള്ള ഇന്നത്തെ സംവിധാനം പ്രായോഗികമല്ല.
7. കെട്ടിട നിർമ്മാണ നിയന്ത്രണച്ചട്ടം നടപ്പാക്കിയിട്ടില്ലാത്തതിനാൽ ആ ഇനത്തിൽ കിട്ടുമായിരുന്ന ഫീസുകൾ ലഭിക്കുന്നില്ല.
8. സാമ്പത്തിക ശേഷിക്കുറവ് വികസനത്തിൽ തടസ്സം സൃഷ്ടിക്കുന്നു.
9. പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പാറമടകളിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല.
10. പഞ്ചായത്ത് പ്രദേശത്ത് കാണപ്പെടുന്ന രത്ന കല്ലുകൾ ഖനനം ചെയ്യുവാൻ ലൈസൻസ് ഏർപ്പെടുത്തി അനുവാദം നൽകുന്നതിന് സർക്കാർ ചട്ടം അനുവദിക്കുന്നില്ല.
11. ഇഷ്ടിക നിർമ്മാണച്ചൂളകളിൽ നിന്നും വരുമാനം ലഭിക്കുന്നില്ല.
12. മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഈടാക്കുവാൻ ചട്ടം അനുവദിക്കുന്നില്ല.
13. R.R. നോട്ടീസ് ഫീസും ഇതര നോട്ടീസ് ചാർജ്ജുകളും അവഗണനീയമായ തോതിൽ ചെറുതാണ്.
14 ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവർ വികസനമേഖലയിൽ പണം മുടക്കുന്നില്ല.
15. ധനസ്ഥാപനങ്ങൾ വികസന പദ്ധതികൾക്ക് ഫണ്ട് നൽകുന്നില്ല.
16. അനധികൃത സ്വകാര്യപണമിടപാടുകളിൽ (വട്ടിപ്പലിശ ഇടപാട്) ധാരാളം സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ വ്യാപാരികളും സാധാരണജനങ്ങളും സാമ്പത്തിക ബാധ്യതയുടെ അഴിയാക്കുരുക്കുകളിൽപെട്ട് നട്ടം തിരിയുന്നു. ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായകരമായ നിലപാട് യഥാസമയം ലഭിക്കാത്തത് ഈ ദുരവസ്ഥയുടെ മുഖ്യകാരണം.

നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ മാനദണ്ഡങ്ങൾക്കനുസരിച്ച് കൃത്യമായി തിട്ടപ്പെടുത്തി പിരിച്ചെടുക്കുക.

2. സർക്കാർ ധനസഹായം വേണ്ടത്ര തോതിൽ യഥാസമയങ്ങളിൽ പഞ്ചായത്തുകൾക്ക് നൽകുക.

3. മൈനർ ഇറിഗേഷൻ ഫണ്ട് വിനിയോഗിക്കുന്നതിന് പുതിയ നടപടി ച്ചട്ടങ്ങൾ ഉണ്ടാക്കുക.

4. സിനിമാശാലകളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിന് പുതിയ ചട്ടങ്ങൾ ഉണ്ടാക്കുക. സിനിമാശാലകളെ 5 ഇനങ്ങളായി തരംതിരിച്ച് സ്ളാബ് അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്ന സമ്പ്രദായം സർക്കാർ ആരംഭിക്കുക.

5. കെട്ടിട നിർമ്മാണ നിയന്ത്രണ ചട്ടം ഏർപ്പെടുത്തുക.

6. വെഞ്ഞാറമൂട് ചന്ത മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുകയുടെ പകുതിയെങ്കിലും ധനകാര്യ ഏജൻസികളിൽ നിന്ന് ലഭിക്കുന്നതിന് സർക്കാർ ശുപാർശ ചെയ്യുക.

7. പാറ മടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുക.

8. രത്നക്കല്ല് ഖനനം ചെയ്തെടുക്കുവാൻ അനുവാദം നൽകി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഏർപ്പെടുത്തുവാൻ കഴിയും വിധത്തിൽ നിയമം ഭേദഗതി ചെയ്യുവാൻ കേന്ദ്ര സംസ്ഥാന സർക്കാറുകൾ തയ്യാറാകുക.

9. അഞ്ചു ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള റബ്ബർ തോട്ട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

10. പഞ്ചായത്ത് പ്രദേശത്ത് പാർക്ക് ചെയ്യുന്ന വാടക വാഹനങ്ങളായ ടാക്സി, ടെംബോ, ലോറി എന്നിവകളിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കുക.

11. പരസ്യആവശ്യത്തിന് ഉച്ചര ഭാഷണികൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുക.

12. പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യബോർഡുകൾക്കും മറ്റു പരസ്യങ്ങൾക്കും നികുതി ഈടാക്കുക.

13. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റുകളിൽ നിന്നും ഈടാക്കാവുന്ന ലൈസൻസ് ഫീസ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർനിയമം ഭേദഗതി ചെയ്യുക.

14. പഞ്ചായത്തു പുറമ്പോക്കിൽ നിൽക്കുന്ന വൃക്ഷവിളകളിൽ നിന്ന് വിഭവസമാഹരണം നടത്തുക.

15. ഗൾഫിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്ന് ഫണ്ട് ശേഖരിച്ച് ഉല്പാദന വികസന മേഖലകളിൽ ചെലവിട്ട് തൊഴിൽ സാദ്ധ്യതയും വരുമാന വർദ്ധനവും ഉണ്ടാക്കുക.

16. കീഴായിക്കോണം ചന്തയിൽനിന്നും വരുമാനവർദ്ധനവ് ഉണ്ടാകുവാനും വാണിജ്യ വ്യാവസായ വികസനത്തിനും അത്യാവശ്യമായ കോട്ടുകുന്നം–കീഴായിക്കോണം, കോട്ടുകുന്നം–പൂവണത്തും മൂട് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ജനപങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുവാൻ ഫണ്ടനുവദിക്കുക.

17. പൊതുമരാമത്ത് പണികളിൽ നിന്നും കരാറുകാരെ ഒഴിവാക്കുക. ടെൻഡർ സമ്പ്രദായം അവസാനിപ്പിക്കുവാൻ യാഥാർത്ഥ്യബോധത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സന്നദ്ധ ക്ഷേമ സാംസ്കാരിക സംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ഉപഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് പണികൾ

നടത്തുക.

18. അൺഎയിഡഡ് സ്കൂളുകളുടെ വരുമാനത്തിനനുസരിച്ച് ഫീസ് ചുമത്തി പഞ്ചായത്തിലേക്ക് വിഭവസമാഹരണം ഉണ്ടാക്കുക.

19. വിവാഹ ആർഭാടങ്ങൾക്ക് ആർഭാടനികുതി എർപ്പെടുത്തുക.

20. കരാർ പണിക്കാരുടെ വരുമാനം അസസ്സ് ചെയ്ത് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

21. സിഗറ്റ്, ബീഡി, പുകയില, സുക്ക് എന്നിവ വ്യാപാരം നടത്തുന്ന കടകൾക്ക് ഇരട്ടി ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

22. മാനവശേഷി പ്രയോജനപ്പെടുത്തുവാൻ തൊഴിൽ സന്നദ്ധരായ യുവാക്കളെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കുക.

23. അഞ്ചു ലക്ഷം രൂപയ്ക്ക് മേൽ നിർമ്മാണചെലവ് വരുന്ന വീടുകൾക്ക് നിർമ്മാണാനുവാദം നൽകുന്നതിന് പ്രത്യേക ഫീസ് ചുമത്തുക.

24. അനധികൃത സ്വകാര്യ പണമിടപാട് (വട്ടിപ്പലിശ ഇടപാട്) അവസാനിപ്പിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുക. വ്യാപാരികളോടും സാധാരണക്കാരോടും ബാങ്കുകൾ ഉദാരനയം സ്വീകരിക്കുക.

ഉപസംഹാരം

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നത് എന്നും ഗ്രാമസ്വരാജിലൂടെ മാത്രമേ ഇൻഡ്യയ്ക്ക് പുരോഗതിയുള്ളൂ വെന്നും വിശ്വസിച്ച ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനുള്ള പരിശ്രമങ്ങൾ ഇന്ന് കേരളത്തിൽ മുന്നേറുകയാണ്. സ്വാതന്ത്ര്യത്തിന്റെ 50 ാം വാർഷികത്തിൽ കേരളജനത ഒരൊറ്റ മനസ്സായി നടത്തുന്ന ഈ പ്രവർത്തനങ്ങളെ ഇൻഡ്യയ്ക്ക് ആകെ മാതൃകയായി ത്തീരും എന്നതിൽ സംശയമില്ല. കക്ഷി രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം എല്ലാ ഭേദങ്ങളും മറന്ന് ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ തയ്യാറാക്കാനുള്ള ശ്രമങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ നേതൃത്വം നൽകുകയാണ്. അറിവും, സന്നദ്ധതയും കൈകോർത്ത അനശ്വരമുഹൂർത്തത്തിൽ പങ്കാളികളായവർക്ക് അഭിമാനിക്കാം. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്കു വേണ്ടി ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അവയെല്ലാം സ്കീമുകളാക്കാനും പഞ്ചായത്തിനെ ഐശ്വര്യ പൂർണ്ണമായി നാളുകളിലേയ്ക്ക് നയിക്കാനും പഞ്ചായത്തിലെ എല്ലാ ജനങ്ങളുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നേതൃത്വം നൽകാനും, വികസന റിപ്പോർട്ട് തയ്യാറാക്കാനും അക്ഷീണം യത്നിച്ച സുമനസ്സുകളോടുള്ള കടപ്പാട് അറിയിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ

കീഴായിക്കോണം സോമൻ

(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)

അധികാരം ജനങ്ങളിലേക്ക്

ഒന്നാം പദ്ധതി ജനകീയ പദ്ധതി